# സഭാപിതാക്കന്മാരുടെ
# വി. ഗ്രന്ഥ വ്യാഖ്യാനം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥ വ്യാഖ്യാനം

**Title:** Patristic Exegesis
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707

**Editorial Board:** Rev. Dr. Bincy Mathew SH (*Chief Editor*)
Rev. Dr. Philip Kaviyil
Rev. Fr. Deepu Karakkattu

**Published on:** 2019 December 25 (*Christmas*)
**Office Assistance:** Br. Amal Chempakassery
Mr. Nidhin Reji
Mrs. Jeshitha Vijesh
Mrs. Vimmi N.K
**Design & Layout:** Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. വി. ഗ്രന്ഥവ്യാഖ്യാനവും ആദിമസഭയും ..........05
2. സഭാപിതാക്കന്മാരുടെ വി.ഗ്രന്ഥ വ്യാഖ്യാനവും അവയുടെ അടിത്തറയും ... 17
3. ബൈബിളിന്റെ രൂപീകരണവും മൂലകൃതികളും തർജ്ജമകളും ............... 26
4. സഭാപിതാക്കന്മാരും ബൈബിൾ വ്യാഖ്യാനവും .......... 44
5. അപ്പസ്തോലികപിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും .......... 53
6. വിശ്വാസസമർത്ഥകരും വി. ഗ്രന്ഥ വ്യാഖ്യാനവും ..........64
7. സീറോ പാലസ്തീനിയൻ സഭാപിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും ...... 89
8. അലക്സാണ്ഡ്രിയായിലെ സഭാപിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും ...... 133
9. അന്തോക്യായിലെ സഭാപിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും ............... 149
10. ലത്തീൻ സഭാപിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും .......... 155

Published for the use of the students of Alpha Institute of Theology and Science

# 01

# വി. ഗ്രന്ഥവ്യാഖ്യാനവും ആദിമസഭയും

ക്രൈസ്തവമതം വെളിപാടിന്റെ മതമാകയാൽ വെളിപ്പെടുത്തപ്പെട്ട വസ്തുതകളുടെ സമാഹാരമായ എഴുത്തുകൾ ഇവയുടെ ജീവനാഡിയാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇവ പരിപാവനമായ ദൈവീകവെളിപാടുകളാണ്. ഈ വെളിപാടുകളെ ആധികാരികമായി വ്യാഖ്യാനിച്ച് വിശ്വാസിസമൂഹത്തിന് നൽകുക സമൂഹത്തെ നയിക്കുന്നവരുടെ ഉത്തരവാദിത്വമായിരുന്നു. വ്യാഖ്യാനത്തിനായി പലരീതികൾ അവിഷ്ക്കരിക്കപ്പെടുകയും ഒരേ മനോഭാവവും ആശയവുമുള്ളവർ കൂടിച്ചേർന്ന് വിവിധ സ്ക്കൂളുകൾ രൂപപ്പെടുത്തുകയും ചെയ്തു. എ.ഡി.170 ൽ സാർഡിസിലെ മെലിറ്റോയാണ്'പഴയനിയമം'എന്നൊരു പദം ഉപയാഗിച്ചു കാണുന്നത്. ഈ പദപ്രയോഗം 'പുതിയനിയമം' എന്നൊരാശയത്തെ വേർതിരിച്ചു കാണാനുള്ള ഒരു ശ്രമമായി കരുതാം. യഹൂദപാരമ്പര്യത്തിൽ അംഗീകരിക്കപ്പെട്ട വി.ഗ്രന്ഥത്തിന്റെ ഒരു കാനൻ ഉണ്ടായിരുന്നു. അതിനാൽ അത്തരത്തിലൊരു കാനൻ പുതിയനിയമത്തിലെ പുസ്തകങ്ങൾക്കും ആവശ്യമാ

യിരുന്നു. നിയതമായ ക്രൈസ്തവതത്വങ്ങളുടെ അടിസ്ഥാനങ്ങളിൻമേലാണ് ബൈബിൾ കാനൻ നിശ്ചയിച്ചിരുന്നത്. മൂന്ന് പ്രധാനതത്വങ്ങളാണ് ഒരു ഗ്രന്ഥം ദൈവനിവേശിതമാണ് എന്നു തീരുമാനിക്കാൻ കൈക്കൊണ്ടിരുന്നത്: 1) പാരമ്പര്യത്തോടുള്ള വിശ്വസ്തത. മാനുഷികമായ വാക്കുകളായി മാത്രമല്ല ദൈവീകമായ വാക്കുകളായും കരുതപ്പെട്ടിരുന്ന, വാചികമായോ, ലിഖിതമായോ, കൈമാറികിട്ടിയ പാരമ്പര്യങ്ങളുടെ (1 തെസ 2:13) സ്വീകരണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. 2) അപ്പസ്തോലിക ഉത്ഭവം. വിശുദ്ധലിഖിതം അപ്പസ്തോലന്മാരുടെയോ അവരുടെ തൊട്ടടുത്ത പിൻഗാമികളുടെയോ കാലഘട്ടത്തിൽ എഴുതപ്പെട്ടതാകണം. 3) സാർവത്രികമായ സ്വീകരണം. പരിഗണിക്കപ്പെടുന്ന വി.ഗ്രന്ഥ പുസ്തകം എല്ലാ സഭകളിലും ദൈവനിവേശിതമായും സഭാത്മകജീവിതത്തെ പരിപോഷിപ്പിക്കുന്നതുമായി സ്വീകരിക്കപ്പെടണം. വി.ഗ്രന്ഥ വ്യാഖ്യാനത്തിന് പൊതുവിൽ രണ്ടുരീതികളാണുണ്ടായിരുന്നത്: വാച്യാർത്ഥത്തിനു പ്രാധാന്യം കൊടുത്ത ഒരു രീതിയും, ആത്മീയാർത്ഥത്തിന് പ്രാധാന്യം കൊടുക്കുന്ന മറ്റൊരു രീതിയും (literal and spiritual).

**1. വാച്യാർത്ഥ വ്യാഖ്യാനം**

പ്രാചീന സാഹിത്യത്തിൽ അർത്ഥം ആശയത്തോടു ബന്ധപ്പെടുത്തി മനസ്സിലാക്കുക വിരളമായിരുന്നു. പൊയറ്റോവിയോയിലെ വിക്ടോറിനസ് (മൂന്നാം നൂറ്റാണ്ടിൽ) വെളിപാടിനെ വിശദീകരിക്കുവാൻ അർത്ഥത്തിന്റെ ഘടനാപരമായ സ്വഭാവം മനസ്സിലാക്കുക പ്രധാനപ്പെട്ടതാണ് എന്ന് അഭിപ്രായപ്പെടുന്നുണ്ട്. വാക്കുകൾ ക്രമാനുഗതമായി വ്യാഖ്യാനിക്കുക എന്നാൽ വായിക്കുന്ന പദങ്ങൾ ഏതു ക്രമത്തിൽ വന്നിരിക്കുന്നുവെന്നതല്ല അവയുടെ തനതായ ക്രമം ഏതുതരം വിശകലനവും യുക്തിയുമാണ് അവതരിപ്പിക്കുന്നത് എന്നതാണ് പ്രധാനം.

ഒരിജൻ ‘On First Principles’ എന്ന പുസ്തകത്തിൽ തന്റെ ലക്ഷ്യമായി പറയുന്നത് ക്രൈസ്തവപഠനങ്ങളുടെ ഒരു സമാഹാരം ലഭ്യമാക്കുക എന്നതാണ്. യോഹ 5:39 നെ പരാമർശിക്കുമ്പോൾ (‘വി. ഗ്രന്ഥം ശ്രദ്ധയോടെ പഠിക്കുക’) എവിടെയെല്ലാമാണ് ആത്മീയാർത്ഥം വേണ്ടത് എന്ന് മനസ്സിലാക്കുകയാണ് പ്രഥമ ലക്ഷ്യമായി കണക്കാക്കുന്നത്. ഈ ആത്മീയാർത്ഥത്തിലേക്ക് നാം കടന്നുപോകേണ്ടത് എപ്പോഴാണ് എന്ന ചോദ്യത്തിന് അദ്ദേഹം നൽകുന്ന മറുപടി എവിടെയെല്ലാമാണോ വാച്യാർത്ഥം അചിന്തനീയമാകുന്നത് അത്തരം സന്ദർഭങ്ങളിൽ ആത്മീയാഥാർത്ഥത്തിലേക്ക് നാം കടന്നുചെല്ലണം എന്നതാണ്. എഴുതപ്പെട്ട വി.ഗ്രന്ഥഭാഗങ്ങൾക്ക്





അതിന്റേതായ നിയതമായ ഒരർത്ഥം ഉണ്ടെന്ന അഭിപ്രായമാണ് ഒരിജനുള്ളത്.

മനുഷ്യവംശത്തോടുള്ള ദൈവത്തിന്റെ സന്ദേശം എന്ന നിലയിൽ ബൈബിളിന്റെ ഓരോ വാക്കിലും അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ ഓരോ കഥയിലും, ഓരോ ഉദ്ധരണത്തിലും അടങ്ങിയിരിക്കുന്ന വാച്യാർത്ഥം ശ്രദ്ധാപൂർവ്വകമായ പരിഗണന ആവശ്യപ്പെട്ടിരുന്നു. ഒറ്റനോട്ടത്തിൽ ഇത് വളരെ എളുപ്പമുള്ള ഒന്നായി തോന്നിയേക്കാം. കാരണം മനുഷ്യവ്യക്തികൾ അഥവാ വി.ഗ്രന്ഥ എഴുത്തുകാർ ദൈവം നൽകിയ വെളിപാടുകൾ വിശ്വസ്തതയോടെയായിരിക്കാം രേഖപ്പെടുത്തിയിരിക്കുക. അതിനാൽ ഉല്പത്തിയുടെ വിവരണങ്ങൾ, പൂർവ്വപിതാക്കളുടെ ഉത്ഭവചരിത്രം പ്രവാചകവചനങ്ങൾ, സങ്കീർത്തനങ്ങൾ, ജ്ഞാനസൂക്തികൾ എന്നിവയെല്ലാം ഏറെക്കുറെ വളരെ വ്യക്തമായി നൽകപ്പെട്ടതിനാൽ വാച്യാർത്ഥത്തിൽ മനസ്സിലാക്കാവുന്നതാണ്. മിലാനിലെ വി. അംബ്രോസ് ഇപ്രകാരം അഭിപ്രായപ്പെടുന്നുണ്ട്. ‘ഈ അർത്ഥം നാം വായിക്കുന്ന വാക്കുകളിൽ നിന്നുതന്നെ മനസ്സിലാക്കാം എന്നു കരുതപ്പെട്ടിരുന്നു. കാരണം സാഹിത്യകലകൾ കഥാതന്തുവിനെ മറച്ചുവയ്ക്കുന്നില്ല’ *(Ambros, Quaestiones 5.1).*

വചനത്തിന്റെ ദൈവീക സ്വഭാവത്തോടു ബന്ധപ്പെടുത്തിയാണ് വി.ഗ്രന്ഥ ഭാഗങ്ങളുടെ സുതാര്യതയെപ്പറ്റി ആദിമവ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരുന്നത്. വി. ഗ്രന്ഥഭാഗത്തിന്റെ വാച്യാർത്ഥം അതിന്റെ സാമാന്യാർത്ഥമായാണ് അഥവാ ഏവർക്കും ഒറ്റവായനയിൽ മനസ്സിലാകുന്ന അർത്ഥമായാണ് സഭാപിതാക്കന്മാർ മനസ്സിലാക്കുന്നത്. അലക്സാണ്ട്രിയായിലെ സിറിലിന്റെ അഭിപ്രായത്തിൽ വാച്യാർത്ഥം ബാധകമായിരുന്നത് പഞ്ചഭൂതങ്ങൾക്ക് അനുഭവവേദ്യമാവുന്ന – പ്രത്യേകം കാഴ്ചയ്ക്കും കേൾവിക്കും സാധ്യമാകുന്ന– വസ്തുതകൾക്ക് മാത്രമാണ്. പിതാക്കന്മാർ വി. ഗ്രന്ഥത്തെ ദൈവീകമായി ദർശിച്ചതിനാൽ അതിലെ ചിഹ്നങ്ങൾപോലും, ഏറ്റവും ചെറിയ വിശദാംശംപോലും, പ്രധാനമായി കരുതി.

ദൈവീക വെളിപാടുകൾ മനുഷ്യബുദ്ധിക്ക് ദുർഗ്രഹമാകയാൽ പല മഹത്കൃതികളുടെയും വ്യാഖ്യാനത്തിനായി ഹോമറിനെപ്പോലെയുള്ളവരുടെ കൃതികളുടെ വ്യാഖ്യാനപുസ്തകങ്ങൾ ഉപയോഗിച്ചിരുന്നു. എങ്കിലും വി.ഗ്രന്ഥവ്യാഖ്യാതാക്കൾ വി.ഗ്രന്ഥഭാഗങ്ങൾക്ക് വളരെ സവിശേഷമായ ശ്രദ്ധയാണ് നൽകിയിരുന്നത്. അതിനാൽ അത്തരത്തിലുള്ള വ്യാഖ്യാനപുസ്തകങ്ങളുടെ ആവശ്യമുണ്ടായിരുന്നില്ല. പിതാക്കന്മാരുടെ വചനവ്യാഖ്യാന രീതികളിൽ

അടങ്ങിയിരുന്ന തത്വങ്ങൾ തന്നെയാണ് ക്രൈസ്തവ വ്യാഖ്യാതാക്കളും പിന്തുടർന്നത്. ബൈബിൾ പ്രസ്താവനകൾക്ക് (Petou - littera - letter) ദൈവികമായ അടിസ്ഥാനത്തിൽ നിന്നും അതിസ്വാഭാവിക വഴിയിലൂടെ ഉത്ഭവിക്കുന്ന സ്വന്തമായ ഒരു പദവിയുണ്ട് എന്ന് പിതാക്കന്മാർ വിശ്വസിച്ചു. അതിനാൽ അനുയോജ്യമായ വിധത്തിലുള്ള മതപരമായ വിശ്വാസം കൂടാതെയുള്ള വ്യാഖ്യാനങ്ങളും, വായനകളും അവർ പ്രോത്സാഹിപ്പിച്ചിരുന്നില്ല. ആദിമസഭയിലെ വ്യാഖ്യാതാക്കൾക്ക് വി.ഗ്രന്ഥത്തിന്റെ ശരിയായ വ്യാഖ്യാനമെന്നത് ഒരു ആത്മീയ അഭ്യസനമായിരുന്നു. കാരണം എഴുതപ്പെട്ട വചനമെല്ലാം ദൈവിക രഹസ്യങ്ങളുടെ അനർഘസമ്പത്തായിട്ടാണ് അവർ കണക്കാക്കിയിരുന്നത്.

വി. ഗ്രന്ഥത്തിൽ ആലേഖനം ചെയ്തിരിക്കുന്ന ദൈവസന്ദേശം ഉത്ഭൂതമായത് യഹൂദമതത്തിന്റെ പുരാതന പാരമ്പര്യത്തിലാണ്. ആധുനിക കാഴ്ചപ്പാടുകളിലൂടെ നോക്കുന്ന അനുവാചകന് അതിനാൽ വ്യാഖ്യാനം ആവശ്യമാണ്. സഭാപിതാക്കന്മാർ ഇന്നത്തെ അനുവാചകരെപ്പോലെ ചരിത്രത്തെയും സംസ്ക്കാരത്തെയും ആധുനീകരിക്കപ്പെട്ട കണ്ണുകളോടെ നോക്കുന്നവരെപ്പോലെയല്ല. എങ്കിലും അവരുടെ കാലത്തെ സാഹിത്യവിഷയസംബന്ധമായ അലങ്കാര ശാസ്ത്രങ്ങളെ കൈകാര്യം ചെയ്യാനുള്ള പരിശീലനം അവർ നേടിയിരുന്നു. വ്യാകരണസംബന്ധമായും രീതിശാസ്ത്രപരമായും വി. ഗ്രന്ഥത്തെ അവർ അപഗ്രഥിച്ചിരുന്നു. വി.ഗ്രന്ഥത്തിന്റെ വ്യാഖ്യാനങ്ങൾക്ക് പുരാതനമായ ലാറ്റിൻ തത്വങ്ങൾ നൽകിയ ആഫ്രിക്കൻ ബൈബിൾ പണ്ഡിതനായ ടൈക്കോണിയസ് തന്റെ പുസ്തകമായ ബുക്ക് ഓഫ് റൂൾസിൽ (Book of Rules) ഈ മനോഭാവം വ്യക്തമാക്കുന്നുണ്ട്. ദൈവികസന്ദേശം മനുഷ്യഭാഷയുടെ സങ്കീർണ്ണതകളിൽക്കൂടിയാണ് തെളിവാകുന്നത്. അതിനാൽ വ്യാഖ്യാനശാസ്ത്രങ്ങളും വ്യാഖ്യാതാക്കളും അത്യന്താപേക്ഷിതമാണ്. ആദ്യനൂറ്റാണ്ടിൽ ഹെബ്രായ ബൈബിൾ ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടപ്പോൾ യവനസംസ്ക്കാരത്തിൽ ജീവിച്ച് യവനഭാഷയിലൂടെ ഹെബ്രായ സംസ്ക്കാരത്തെ നോക്കിക്കണ്ട സഭാപിതാക്കന്മാരായ വി.ഗ്രന്ഥ വ്യാഖ്യാതാക്കൾ മനസ്സിലാക്കുവാൻ ശ്രമിച്ചത് അവർക്ക് 'വൈദേശീകമായ' ഒരു സംസ്ക്കാരവും, പദങ്ങളും രീതികളുമായിരുന്നു. പലപ്പോഴും ഹെബ്രായ പദങ്ങളും പേരുകളും സ്ഥലങ്ങളുമെല്ലാം ഗ്രീക്കിലേക്ക് തർജ്ജമ ചെയ്യുകയാണുണ്ടായത്. ഹെബ്രായ വാക്യഘടനകളുടെ ഒരു തനിപ്പകർപ്പുപോലെ ഗ്രീക്കിൽ അവ എഴുതപ്പെട്ടു. സഭാപിതാക്കന്മാരുടെ കാലഘട്ടത്തിലെ വായനക്കാർക്ക് ഭാവി-ഭൂതകാലരൂപങ്ങളിലുള്ള ക്രിയാപദങ്ങളെ വേർതിരിച്ചറിയുന്നതിൽ ബുദ്ധിമുട്ടുകൾ നേരിട്ടു. ഒരു പ്രസ്താവനയിൽ നിന്ന് അടുത്തതിലേക്കുള്ള ആശയവിനിമയത്തിൽ ചിലയിടങ്ങളിലെല്ലാം യുക്തിക്കുറവ് അനുഭവപ്പെട്ടു. അലക്സാണ്ട്രിയായിലെ ഒരിജൻ തന്റെ *Homilies on Exodus* (Ex 12:37) ൽ വി.ഗ്രന്ഥ വ്യാഖ്യാനത്തെപ്പറ്റിയുള്ള പൗലോസ് ശ്ലീഹായുടെ ഒരു ഉത്കണ്ഠയെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. തോറാ ക്രിസ്ത്യാനികൾക്ക് വൈദേശികമായി തോന്നാമെന്നും ക്രൈസ്തവ വായനക്കാർക്ക് വ്യാഖ്യാനത്തിന്റെ നിയമങ്ങൾ അഗ്രാഹ്യമാകാമെന്നും അദ്ദേഹം കരുതുന്നുണ്ട്. ഇക്കാരണത്താൽ മറ്റു ബൈബിൾ ഭാഗങ്ങളുടെ വ്യാഖ്യാനത്തിൽ വ്യാഖ്യാതാക്കൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ വേണ്ടി പൗലോസ് ശ്ലീഹാ തന്നെ വ്യാഖ്യാനത്തിനുള്ള ചില ഉദാഹരണങ്ങൾ നൽകുന്നുണ്ട്. നിസ്സായിലെ ഗ്രിഗറിയും ഇപ്രകാരം തന്നെ ചെയ്യുന്നുണ്ട് (*Hom on the Song of Songs*). ചുരുക്കത്തിൽ അചഞ്ചലമായ ഒരു ശ്രദ്ധ വി.ഗ്രന്ഥ വ്യാഖ്യാനത്തിൽ ഉണ്ടാകണമെന്ന് സഭാപിതാക്കന്മാരുടെ വ്യാഖ്യാനം നമ്മെ ഓർമ്മപ്പെടുത്തുന്നു. കാരണം ദൈവികസന്ദേശം നൽകപ്പെട്ടത് വ്യത്യസ്തമായ സംസ്ക്കാരങ്ങളിലൂടെയാണ്. അതിനാൽ ഈ സന്ദേശങ്ങൾ വൈദേശിക പ്രസ്താവനകളായി തോന്നാമെന്നതിനാൽ അവയെ പുതിയ സംസ്ക്കാരങ്ങളിലേക്ക് അനുരൂപണം ചെയ്യുക ആവശ്യമാണ്.

ചില സന്ദർഭങ്ങളിൽ ചില വചനഭാഗങ്ങൾ അങ്ങേയറ്റം പരിശീലനം സിദ്ധിച്ചിരിക്കുന്ന വ്യാഖ്യാതാക്കളെപ്പോലും കുഴപ്പിക്കാറുണ്ട്. ചിലപ്പോഴെങ്കിലും അത്തരത്തിലുള്ള വചനഭാഗങ്ങൾ ഒരർത്ഥവും നൽകുന്നതായി തോന്നുന്നില്ല എന്നു പ്രഖ്യാപിക്കുകയും അവയെ നഷ്ടപ്പെട്ട വചനഭാഗമായി കണക്കാക്കുകയും ചെയ്യുന്നു. ഒരിജൻ അത്തരം സന്ദർഭങ്ങളെ രൂപകാത്മക (allegorical) വ്യാഖ്യാനത്തിനുള്ള അവസരമായിട്ടാണ് കണക്കാക്കുന്നത്. കണ്ണിനുപകരം കണ്ണ്; പല്ലിനുപകരം പല്ല്; എന്ന വി. ഗ്രന്ഥഭാഗത്തെ എങ്ങനെയാണ് വാച്യാർത്ഥത്തിൽ മനസ്സിലാക്കുന്നത്? പ്രത്യേകിച്ച് പല്ലില്ലാത്ത ഒരു കൊച്ചുകുഞ്ഞ് കൊല്ലപ്പെട്ടാൽ (പുറ 21:24). നിങ്ങൾ വഴിയിൽ ആരെയും അഭിവാദനം ചെയ്യരുത് എന്ന യേശുവചനം എപ്രകാരമാണ് മനസ്സിലാക്കുക (10:4)? സായംസന്ധ്യയിലെ മന്ദമാരുതനുമേറ്റ് ഏദനിൽക്കൂടി നടക്കാനിറങ്ങുന്ന മനുഷ്യപ്രകൃതിയുള്ള ഒരു ദൈവത്തെ നാം എങ്ങനെ മനസ്സിലാക്കും? ഒരിജനു ശേഷം അനേകവർഷങ്ങൾ കഴിഞ്ഞ് ജോൺ ക്രിസോസ്തോം അപ്രകാരമുള്ള ബൈബിൾ ഭാഗങ്ങളെ എങ്ങിനെ മനസ്സിലാക്കണമെന്ന് പഠിപ്പിക്കുന്നുണ്ട്. "ചില വാക്യങ്ങളെ വാചികമായി നാം വ്യാഖ്യാനിക്കുന്നു, മറ്റുചിലതിനെ വാചികമല്ലാത്ത മറ്റൊരർത്ഥ

ത്തിലും ഇനിയും മറ്റു ചിലതിനെ ഒരേ സമയം വാചികാർത്ഥത്തിലും ഭാവാത്മകമായും, ദൃഷ്ടാന്തപരമായും വ്യാഖ്യാനിക്കുന്നു" (Ps 9:4).

വളരെ വ്യക്തമായ ഒരർത്ഥമോ ആശയമോ ഒരു ഭാഗത്തുണ്ടെങ്കിലും, വാക്യങ്ങളിലെല്ലാം ഉപരിപ്ലവമായ അർത്ഥതലങ്ങൾക്കിടയിൽ ഒളിപ്പിക്കപ്പെട്ട മറ്റൊരർത്ഥം ഉണ്ട് എന്നാണ് പൊതുവെ കണക്കാക്കുന്നത്. ഈ മറയ്ക്കപ്പെട്ട അർത്ഥം പലപ്പോഴും വ്യാകരണ സംബന്ധമായതോ (grammatical) അലങ്കാരശാസ്ത്ര സംബന്ധമായതോ (rhetorical) ആകാം. അനുഭവപരിചയമുള്ള ഒരു വ്യാഖ്യാതാവിന് ഈ അർത്ഥം കണ്ടുപിടിക്കുക ബുദ്ധിമുട്ടുള്ള ഒന്നല്ല. വി. അഗസ്റ്റിന്റെ അഭിപ്രായത്തിൽ ഒരു ഭാഷയിൽ വേണ്ട പ്രാവീണ്യം ഇല്ലാത്തതാണ് പലപ്പോഴും ഈ നിഗൂഡാർത്ഥം കണ്ടെത്തുന്നതിൽ ഒരാളെ പരാജയപ്പെടുത്തുന്നത്. വ്യാഖ്യാനത്തിലെ മറ്റൊരു ബുദ്ധിമുട്ട് ഒരേ വാക്കിനുള്ള വ്യത്യസ്തമായ അർത്ഥമാണ്. അതീവ ശ്രദ്ധയുള്ള വ്യാഖ്യാതാവിനേ ഏതർത്ഥമാണ് ഉദ്ദേശിച്ചിരിക്കുക എന്ന് വിവേചിച്ചറിയുവാൻ കഴിയൂ. അതിനാൽ ഒരു വാക്കിനോ, പദാവലിക്കോ, ശൈലീപ്രയോഗത്തിനോ, ഒരേ അർത്ഥം രണ്ടിടങ്ങളിൽ ഉണ്ട് എന്ന് തീർപ്പു കൽപിക്കുക പ്രയാസമാണ്.

വി. ഗ്രന്ഥത്തിന്റെ നിഗൂഡാത്മകതയുടെ ഏറ്റവും പ്രധാനപ്പെട്ട കാരണം വചനത്തിന്റെ അതിസ്വാഭാവികമായ മാനം തന്നെയാണ്. ടൈക്കോണിയസിന്റെ ലീബർ റെഗുലാരും (*Liber Regularum*) എന്ന കൃതിയുടെ ആമുഖത്തിൽ എഴുതിയിരിക്കുന്നതുപോലെ (p.172). എല്ലാ നിയമങ്ങളുടെയും ഉള്ളറകളിൽ നിന്നുമാത്രം ലഭിക്കുന്ന ചില മിസ്റ്റിക് നിയമങ്ങളുണ്ട്. അവ ചില വ്യക്തികളിൽ നിന്നും സത്യത്തിന്റെ വിലപ്പെട്ട നിധികൾ മറച്ചുവയ്ക്കുന്നു.

വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ വി. ഗ്രന്ഥത്തിന്റെ അർത്ഥം സ്പഷ്ടമാണെന്ന് തോന്നുമെങ്കിലും സംസ്ക്കാരത്തിന്റെ വ്യത്യാസങ്ങൾ മൂലം വി.ഗ്രന്ഥ വ്യാഖ്യാതാക്കൾ വി.ഗ്രന്ഥത്തെ അവരുടേതായ വാക്കുകളിലേക്ക് കൊണ്ടുവരികയും വി. ഗ്രന്ഥത്തിലെ വിവരണങ്ങൾക്ക് വീണ്ടും വ്യാഖ്യാനം നൽകുകയും ചെയ്തു. വി.ഗ്രന്ഥത്തിലെ വ്യക്തിത്വങ്ങളുടെ മാനസികവ്യാപാരം, ഉദ്ദേശ്യലക്ഷ്യങ്ങൾ, സമാനമായ വ്യക്തികൾ, സാഹചര്യങ്ങൾ ഇവ വി.ഗ്രന്ഥത്തിലെ ഇതരയിടങ്ങളിലുണ്ടെങ്കിൽ അവ സൂചിപ്പിക്കുകയും ചെയ്തിരുന്നു.

വി.ഗ്രന്ഥഭാഗങ്ങളുടെ അർത്ഥത്തെ നിർവ്യാജമായും ആലങ്കാരികമായും കണ്ടെത്തുക എന്ന ലക്ഷ്യത്തിൽ പിതാക്കന്മാരുടെ വ്യാഖ്യാനം വി.ഗ്രന്ഥ വാക്യങ്ങളെ വീണ്ടും കണ്ടുപിടിച്ചു എന്നുപ





റയാം. അവരുടെ സംസ്ക്കാരത്തിന്റെ ചിന്താരീതികളിലേക്കും സാംസ്ക്കാരിക ഭാഷയിലേക്കും വി.ഗ്രന്ഥഭാഗങ്ങളെ സംയോജിപ്പിക്കുകയാണ് അവർ ചെയ്തത്. അങ്ങനെ വ്യാഖ്യാനത്തിലൂടെയും മാനസിക അവതരണങ്ങളിലൂടെയും വീണ്ടും എഴുതപ്പെട്ട ഈ വിവരണങ്ങളെ അവർ വി.ഗ്രന്ഥത്തിലേക്ക് ഉൾച്ചേർത്തു. ചുരുക്കത്തിൽ ആദിമസഭയിലെ വ്യാഖ്യാതാക്കൾ - യഹൂദരും, ക്രിസ്ത്യാനികളും - ഉൽപത്തി പുസ്തകത്തിലെ പൂർവ്വപിതാക്കളുടെ കഥകൾ അനുകരണാർഹമായ മൂല്യങ്ങളുടെയും പുണ്യപൂർണ്ണമായ ജീവിതം നയിക്കുന്നതിന്റേയും വിവരണമായി വ്യാഖ്യാനിച്ചു. വി.ഗ്രന്ഥത്തിലെ പ്രസ്താവനകൾക്ക് തനതായ ഒരർത്ഥവും കണ്ടുപിടിക്കപ്പെട്ട അർത്ഥവും ഉണ്ടെന്ന തിരിച്ചറിവ് വി. ഗ്രന്ഥത്തിന്റെ സാരാംശത്തെ പ്രാവർത്തികമാക്കാൻ അവരെ അനുവദിച്ചു. തോമസ് അക്വീനാസ് ഇപ്രകാരം പറയുന്നു. "ക്രൈസ്തവവ്യാഖ്യാനം ഒഴിവാക്കാനാവാത്ത വിധം നാടകീയമായ വായനയിൽ പ്രതിജ്ഞാബദ്ധമാണ് (dramatic reading). വിവരണത്തിനനുസൃതം നമ്മൾ ആരാണ്, നമ്മൾക്ക് ആരാകാം, നമ്മൾ ആരാകാൻ കഴിയും എന്ന് മനസ്സിലാക്കി വിവരണത്തിലേക്ക് നമ്മെതന്നെ ഉൾച്ചേർക്കാനുള്ള വിളിയാണത്. കഥയുടെ ഗതി, വിനിമയങ്ങൾ അവസ്ഥാന്തരങ്ങൾ നമ്മുടേതാകുന്നു. വിവരണത്തിൽ ഏതൊരു കാഴ്ചപ്പാടു സ്വീകരിക്കുന്നതിന്റെയും ഉത്തരവാദിത്വം നമുക്ക് തന്നെയായിരിക്കും."

## 2. ആത്മീയാർത്ഥ വ്യാഖ്യാനം

വാച്യാർത്ഥം എന്നുപറയുമ്പോൾ സ്പഷ്ടമായ ഒരു അർത്ഥമാണ് നാം പ്രതീക്ഷിക്കുന്നതെങ്കിൽത്തന്നെ അതിൽത്തന്നെ ഒരു ആന്തരാർത്ഥം കൂടിയുണ്ടാകാം. ഉദാഹരണമായി വചനം മാംസമായി എന്ന പ്രയോഗത്തിൽ (യോഹ1:14) 'ദൈവപുത്രൻ മനുഷ്യനായി' എന്നതാണ് സ്പഷ്ടമായ ഒരർത്ഥം. എന്നാൽ മാംസം എന്നത് മനുഷ്യാത്മാവിനെ സൂചിപ്പിക്കുന്നു. ഇത് ഈ പദത്തിൽ അന്തർലീനമായിരിക്കുന്ന വ്യംഗാർത്ഥത്തെ ദ്യോതിപ്പിക്കുന്നു. വാചികാർത്ഥം രണ്ടുകാര്യങ്ങൾ ഉൾക്കൊള്ളുന്നു. യുക്തമായ വാചികാർത്ഥവും (proper literal meaning) രൂപകാർത്ഥം അഥവാ ഭാവാർത്ഥവും (metaphorical or improper meaning). വാച്യാർത്ഥം ഇവ രണ്ടും തമ്മിലുള്ള വ്യത്യാസത്തേയും ഒരേസമയം സൂചിപ്പിക്കാറുണ്ട്. "ദൈവമേ എന്റെ പ്രാർത്ഥന കേൾക്കണമേ" (സങ്കീ 143:1) എന്നതിലെ വാച്യാർത്ഥം വളരെ സ്പഷ്ടമാണ് എന്നാൽ "എന്റെ അഭയശിലയായ ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു" എന്നതിൽ വാച്യാർത്ഥത്തിനുമപ്പുറം എന്താണ് പറയപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ അനുവാചകരുടെ സർഗ്ഗശക്തി കൂടി ആവശ്യ

മായിരിക്കുന്നു. രൂപകം എന്നുപറയുമ്പോൾ തന്നെ വാച്യാർത്ഥ ത്തിനപ്പുറം പോകുന്നൊരു യാഥാർത്ഥ്യമാണല്ലോ നാം മനസ്സിലാ ക്കുന്നത്. വി.ഗ്രന്ഥത്തെപ്പറ്റി പറയുമ്പോൾ അൽപം വ്യത്യാസം ഈ പദങ്ങളുടെ അർത്ഥങ്ങളിലുണ്ട്. വി.ഗ്രന്ഥത്തിലെ വിശുദ്ധരായ എഴു ത്തുകാരുടെ എഴുത്തിന്റെ ഉദ്ദേശം ആണ് വാച്യാർത്ഥമായി നാം കാണുന്നത്. വി. ഗ്രന്ഥത്തിന്റെ വാച്യാർത്ഥത്തിലുള്ള ആശയം ഒരേ സമയം വാചികാർത്ഥവും രൂപകാത്മകവുമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു. താർസുസിലെ തിയദോർ ഒന്നാം സങ്കീർത്തന ത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ഈ വ്യത്യാസം ഒന്നൊന്നായി നൽകുന്നുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു: ഹോഡോൺ (way) വഴി എന്ന പദം സ്വഭാവപ്രകൃതിയെ കു റിക്കുവാൻ (ജീവിതരീതിയെ) സങ്കീർത്തകൻ ഉപയോഗിക്കുന്നു. പതിര് (chaff) നീരാവി പോലെ മാഞ്ഞുപോകുന്ന യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നു.

സഭാപിതാക്കന്മാരുടെ പഠനങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അവ രിൽ ഏറ്റവും അഗ്രഗണ്യരായവർപോലും വി. ഗ്രന്ഥവാക്യങ്ങൾക്ക് അതിസ്വാഭാവികശക്തിയുണ്ടെന്ന് വിശ്വസിച്ചിരുന്നവരാണ്. ഉപയോ ഗശൂന്യമായതും പരിഗണനയിലെടുക്കേണ്ടതല്ലാത്തതുമായ ഒന്നും വിശുദ്ധഗ്രന്ഥത്തിലില്ല എന്നതാണ് അവരുടെ അഭിപ്രായം. പൊതുവെ പറഞ്ഞാൽ വി. ഗ്രന്ഥവാക്യങ്ങളിൽ, അവയുടെ വാചി കാർത്ഥവും ആത്മീയാർത്ഥവും തമ്മിൽ ഒരന്തരം സഭാപിതാക്ക ന്മാർ കാണുന്നില്ല.

**3. രക്ഷാകരചരിത്രസമീപനം**

ആദിമ വ്യാഖ്യാതാക്കൾക്ക് വി. ഗ്രന്ഥഭാഗത്തിന്റെ ഉത്ഭവപശ്ചാ ത്തലം പ്രാധാന്യമേറുന്ന ഒന്നായിരുന്നില്ല. മാത്രവുമല്ല, വി. ഗ്രന്ഥ വാക്യങ്ങളെ വിശദീകരിക്കുവാൻ മതപരമല്ലാത്ത ചരിത്രത്തെയോ, സാഹിത്യകൃതികളെയോ അവർ ആശ്രയിച്ചില്ല. അവരെ സംബ ന്ധിച്ചിടത്തോളം വി. ഗ്രന്ഥം അതിൽത്തന്നെ ആവശ്യമായതും മതി യായതുമായ പശ്ചാത്തലം നൽകുന്നുണ്ട്. ഈ കാഴ്ചപ്പാട് വി. ഗ്രന്ഥ ത്തിന് മുഴുവനായി ഒരർത്ഥം കണ്ടെത്തുവാൻ അവരെ സഹായി ച്ചു. ഈ തത്വത്തെ രക്ഷാകരചരിത്രസമീപനം എന്നു വിളിക്കാം.

ക്രൈസ്തവ ചരിത്രം വെളിപാടിന്റെയും രക്ഷയുടെയും ചരി ത്രമാണ്. സൃഷ്ടി മനുഷ്യാവതാരം, സഹനം, മരണം ഉയിർപ്പിലു ള്ള രക്ഷ എന്നിവയെല്ലാം ഈ ചരിത്രത്തിന്റെ ഭാഗമാണ്. ദൈവീ കമായ ഒരു പദ്ധതി വി. ഗ്രന്ഥത്തിലുള്ളതിനാൽ വെളിപാടുകളുടെ ഐക്യരൂപമുള്ള സ്വാഭാവികമായ വളർച്ച രക്ഷാകരചരിത്രത്തിൽ





ദർശിക്കാം. ജെ.സി.കെ.ഹോഫ്മാന്റെ അഭിപ്രായത്തിൽ ദൈവ ത്തിന്റെ സ്വയംദാനത്തിന്റെ പശ്ചാത്തലത്തിലാണ് ലോകചരിത്ര ത്തിന്റെ അർത്ഥം കണ്ടെത്തേണ്ടത്. രക്ഷാകരപ്രവർത്തനത്തിൽ പ്രധാനമായും രണ്ടു ഘടകങ്ങളാണുള്ളത്. ദൈവീകപദ്ധതിയും മനുഷ്യന്റെ ഇച്ഛാശക്തിയും (free will) അഥവാ സ്വതന്ത്രമനസ്സും. ദൈവിക പദ്ധതി നിത്യവും മാറ്റമില്ലാത്തതുമാണെങ്കിൽ മനുഷ്യന്റ ഇച്ഛാശക്തി ദൈവികദാനമാണ്. അതിനാൽ അത് ആരാലും - ദൈവത്താൽ പോലും - ഹനിക്കപ്പെടുവാൻ പാടില്ല. എങ്കിലും രക്ഷാകരചരിത്രത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ദൈവികദാ നവും മനുഷ്യസഹകരണവും തമ്മിലുള്ള അനുരഞ്ജനം ആവശ്യ മാണ്. മനുഷ്യർ ദൈവിക പദ്ധതിക്ക് ഉചിതമായ സമ്മതം നൽകു മ്പോഴാണ് ഈ അനുരഞ്ജനം സാധ്യമാകുന്നത്. ഈ അനുര ഞ്ജനം സാധ്യമാകുന്ന ദൈവികരീതിയാണ് വി. ഗ്രന്ഥത്താളുക ളിൽ ഇതൾ വിരിയുന്നത്. വി. ഗ്രന്ഥ വ്യാഖ്യാനത്തിലൂടെയും ശ്രദ്ധാ പൂർവ്വകമായ പഠനത്തിലൂടെയും ചരിത്രത്തിന്റെ ഓരോ ഗതിയിലും സംഭവ്യമാകുന്ന ഈ ദൈവിക ബോധശാസ്ത്രത്തെയാണ് വെളി വാക്കേണ്ടത്.

ദൈവികപദ്ധതിയെ ഹൃദയപൂർവ്വം സ്വീകരിക്കുന്ന, അതിനോട് പ്രതികരിക്കുന്ന, പ്രഘോഷിക്കുന്ന, അനേക വ്യക്തിത്വങ്ങൾ വി. ഗ്രന്ഥത്താളുകളിലുണ്ട്. വിശ്വാസികളുടെ പിതാവായ അബ്രാഹ ത്തിന്റെ പ്രതികരണത്തിൽ തുടങ്ങി പൂർവ്വപിതാക്കന്മാരും മോശയും പ്രവാചകരുമെല്ലാം ഇതിനുദാഹരണങ്ങളാണ്. മനുഷ്യരക്ഷയ്ക്കാ യുള്ള ദൈവത്തിന്റെ ബോധനപദ്ധതിയെ ഏറ്റവും സാമ്യക്കായി മനസ്സിലാക്കുകയും സ്വീകരിക്കുകയും ജീവിക്കുകയും ചെയ്ത ക്രിസ്തുവിൽ ഈ ചരിത്രം അതിന്റെ ഉച്ചകോടിയിലെത്തുന്നു. അപ്ര കാരം നോക്കുമ്പോൾ വി.ഗ്രന്ഥത്തിലൂടെ പ്രകടമാകുന്ന ഈ രക്ഷാ ചരിത്രത്തിന് വസ്തുനിഷ്ഠമായ (objective) ഒരു ഘടകവും വ്യക്തി നിഷ്ഠമായ ഒരു ഘടകവുമുണ്ട് (subjective). വ്യക്തിനിഷ്ഠമായ ഈ ഘടകത്തെ വിശ്വാസത്തിന്റെ തലം എന്നുവിളിക്കാം. രക്ഷാകരചരി ത്രത്തിന്റെ കണ്ണുകളിൽക്കൂടി വി. ഗ്രന്ഥത്തെ മനസ്സിലാക്കണമെ ങ്കിൽ വ്യാഖ്യാതാവിന്റെ വിശ്വാസത്തിന്റെ വിജ്ഞാനമണ്ഡലങ്ങൾ പ്രദീപ്തമാകണം. ഈ പ്രദീപ്തമാകൽ സാധ്യമാകുന്നത് പരിശു ദ്ധാത്മാവിന്റെ സഹായത്താലാണ്. വ്യാഖ്യാതാവ് എത്രമാത്രം വച നത്തെ സ്നേഹിക്കുന്നു, വിശ്വസിക്കുന്നുവെന്നതിനെ ആശ്രയിച്ച് വചനത്തിന്റെ ശക്തിയും പ്രവർത്തനരീതികളും തെളിവാകുന്നു. ഒരാളുടെ വിശ്വാസത്തിന്റെ ചക്രവാളം എന്നത് ആ വ്യക്തിയുടെ സാമൂഹിക സാംസ്ക്കാരിക വൈജ്ഞാനിക ചുറ്റുപാടുകളെ ആശ്ര

യിച്ചിരിക്കുന്നു. ക്രൈസ്തവസംസ്ക്കാരത്തിന്റെ ഊടും പാവും നെയ്തിരിക്കുന്നത് ഹെബ്രായ യവന-റോമൻ സംസ്ക്കാരങ്ങളിലും അവയോട് അനുബന്ധമായി വരുന്ന മറ്റു സംസ്ക്കാരങ്ങളിലുമാണ്.

## ക്രൈസ്തവവ്യാഖ്യാതാക്കളും വി. ഗ്രന്ഥവ്യാഖ്യാനവും

ക്രൈസ്തവ പാരമ്പര്യത്തിൽ വി.ഗ്രന്ഥഭാഗങ്ങളുടെ പദവിയിൽ കാര്യമാത്രപ്രസക്തമായ മാറ്റങ്ങൾ സംഭവിച്ചു. വി. ഗ്രന്ഥത്തിന്റെ ഉള്ളടക്കം വളരെ സ്പഷ്ടവും ഒരു വചനത്തെ മനസ്സിലാക്കാനുള്ള ഉപാധിയും എന്ന നിലയിൽ നിന്ന് ഒരൽപം പ്രാശ്നികവും താർക്കിക വിഷയവുമായി മാറി. പുതിയ ക്രൈസ്തവ പ്രവാസി സമൂഹങ്ങളിലേക്കുള്ള സെപ്ത്വജിന്തിന്റെ പ്രവേശനം പുതിയ മാറ്റങ്ങൾക്ക് വഴിതെളിച്ചു. പഴയനിയമത്തിൽ നിന്നുള്ള ഉദ്ദരണികൾ യഥേഷ്ടം പുതിയനിയമത്തിലേക്ക് സ്വീകരിക്കപ്പെട്ടു. അവ സുവിശേഷത്തിന്റെ പ്രഘോഷണത്തിന് സഹായമാകുമെന്ന് പുതിയനിയമ ഗ്രന്ഥകാരന്മാർ കരുതി.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലും വി.ഗ്രന്ഥത്തിലെ എഴുതപ്പെട്ട അടയാളങ്ങൾക്ക് (sign) വ്യാഖ്യാനം ആവശ്യമാണെന്ന് റബ്ബി അക്വീബാ അഭിപ്രായപ്പെടുന്നുണ്ട്. കാരണം എഴുതപ്പെട്ട വചനം ദൈവികവും, നിഗൂഢവുമാണ്. എന്നാൽ വി.ഗ്രന്ഥത്തിന്റെ വാക്യങ്ങളുടെ അങ്ങേയറ്റം വിശദാംശങ്ങളിലേക്ക് പോകേണ്ട കാര്യമില്ലെന്ന് റബ്ബി ഇഷ്മായേൽ അഭിപ്രായപ്പെടുന്നു. കാരണം തോറാ മനുഷ്യഭാഷയിലാണ് സംസാരിക്കുന്നത്. ക്രൈസ്തവ വ്യാഖ്യാതാക്കളെ സംബന്ധിച്ചിടത്തോളം പെഷാറോ, തർഗുമോ അല്ല പ്രധാനം മറിച്ച് കെരിഗ്മ അതായത് പ്രഘോഷണം ആയിരുന്നു.

ഈശോയുടെ പരസ്യജീവിതത്തിന്റെ ഒരു പ്രത്യേകതയായി സുവിശേഷകന്മാർ അവതരിപ്പിക്കുന്നത് ഉപമകൾ ഉപയോഗിച്ചുള്ള പഠനരീതിയാണ്. ഈ ഉപമകളെല്ലാം വരാനിരിക്കുന്ന രാജ്യത്തെക്കുറിച്ചുള്ള രക്ഷാകരരഹസ്യങ്ങളുടെ പ്രതീകാത്മകമായ അവതരണമാണ്. ഈശോയുടെ ജനനം, ജീവിതം, അത്ഭുതങ്ങൾ, അതീന്ദ്രിയ അനുഭവങ്ങൾ (താബോർ) മരണം, ഉത്ഥാനം ഇവയെല്ലാം പരസ്പരബന്ധിതമാക്കുകയും സെപ്ത്വജിന്തിലെ വിവരണങ്ങളോടു ബന്ധപ്പെടുത്തി പുതിയ ജീവിത സാഹചര്യങ്ങളിലേക്ക് ഉൾച്ചേർക്കുകയും ചെയ്തു. ഹെബ്രായർക്കുള്ള ലേഖനവും പുതുതായി രൂപംകൊണ്ട ക്രൈസ്തവ സമൂഹത്തെ പഴയ ഇസ്രായേലിന്റെ പുതിയ രൂപമായി പ്രകാശിപ്പിക്കുന്ന പത്രോസിന്റെ ഒന്നാം ലേഖനവും മറ്റൊരു ഉദാഹരണമാണ്. (1 പത്രോ 2:9). വി. ഗ്രന്ഥ





ത്തിലെ വാക്കുകൾക്ക് പ്രഥമപ്രാധാന്യം കൊടുത്തിരുന്ന ഫീലോയെപ്പോലുള്ള യഹൂദരെക്കാൾ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾകൊണ്ട് ചലനാത്മകമായ ഒരു സമൂഹത്തിൽ അംഗങ്ങളായിരിക്കുന്നതിൽ കൂടുതൽ പ്രാധാന്യം അവർ കണ്ടെത്തി. ഹെബ്രായ ബൈബിളിലെ ഏതൊരു വിവരണത്തിനും പുതിയ അർത്ഥതലങ്ങൾ നൽകപ്പെട്ടു. ഉൽപത്തി 16:21 ലെ സാറായുടെയും ഹാഗാറിന്റെയും വിവരണം വി. പൗലോസിന്റെ ലേഖനത്തിൽ രൂപാത്മകമായി വ്യാഖ്യാനിക്കപ്പെട്ടു. (ഗലാ 4:24). ചുരുക്കത്തിൽ ഹെബ്രായ ബൈബിൾ വിവരണങ്ങൾക്കു മാറ്റമില്ലാതെ നിന്നെങ്കിലും അതിന്റെ ഉള്ളടക്കം ബഹുവിധമായ പുതിയ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നതായി.

ആദിമസഭയിൽ ക്രൈസ്തവപണ്ഡിതരും യഹൂദറബ്ബിമാരും തമ്മിൽ ഒഴിവാക്കാനാവാത്ത തർക്കങ്ങൾ നിലനിന്നിരുന്നു. സുവിശേഷകന്മാർ ഈശോ എന്ന വ്യക്തിയെതന്നെ അവതരിപ്പിക്കുന്നതിൽ ഈ തർക്കങ്ങളുടെ പശ്ചാത്തലമുണ്ട്. ഇക്കാലയളവിൽ യഹൂദ വിദ്വേഷം ഉൾക്കൊള്ളുന്ന ഒരു സാഹിത്യരീതിതന്നെ ഉളവായി എന്നുപറയാം. ഗ്രീക്കു സെപ്ത്വജിന്തിൽ നിന്നും വിശദാംശങ്ങളോ സാഹചര്യങ്ങളോ നൽകാതെ തിരഞ്ഞെടുത്ത ഭാഗങ്ങൾ ഇതിനുദാഹരണമാണ്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട വചനഭാഗങ്ങൾ രണ്ടുകാര്യങ്ങളാണ് വെളിപ്പെടുത്തിയത്. ഒന്നാമതായി അവയെ മനസ്സിലാക്കുന്നതിൽ യഹൂദർ പരാജയപ്പെട്ടുവെന്നതാണെങ്കിൽ രണ്ടാമതായി അതിൽ സഭ വിജയിച്ചുവെന്നതുമാണ്. ടെസ്റ്റിമോണിയ (Testimonia, സാക്ഷ്യങ്ങൾ) എന്നറിയപ്പെടുന്ന സാഹിത്യരൂപമാണ് ഏറ്റവും പുരാതനവും സംഗതവുമായ (proper) ക്രൈസ്തവ സാഹിത്യരൂപം. പ്സ്യൂഡോ ബാർണബാസിന്റെ എഴുത്ത്, റോമിലെ ജസ്റ്റിൻ (2 AD), കാർത്തേജിലെ സിപ്രിയാൻ (3 AD), കോൺസ്റ്റയിന്റെ കാലത്ത് സഭാനേതാക്കന്മാരായ കേസറിയായിലെ എവുസേബിയൂസ്, അലക്സാണ്ട്രിയായിലെ അത്തനേഷ്യസ് എന്നിവരുടെ എഴുത്തുകൾ ഇതിനുദാഹരണങ്ങളാണ്. ഹെബ്രായ- ക്രൈസ്തവ ഗ്രന്ഥങ്ങളെ ഉപയോഗപ്പെടുത്തി യഹൂദമതത്തെ ഉപേക്ഷിക്കാനും നിരാകരിക്കാനും ലഭിച്ച സന്ദർഭങ്ങളെ സഭാപിതാക്കന്മാർ പാഴാക്കിയിരുന്നില്ല. എപ്പോഴെല്ലാം സെപ്ത്വജിന്ത് വിവർത്തനത്തിൽ പോരായ്മകൾ കണ്ടിരുന്നുവോ അപ്പോഴെല്ലാം അവ പരിഹരിക്കുവാൻ ഹെബ്രായ ബൈബിളും വ്യാഖ്യാനവും റബ്ബിമാരുടെ പഠനങ്ങളും ആവശ്യമായി വന്നു. അപ്രകാരം സഭാപിതാക്കന്മാരും റബ്ബിനിക്ക് പാരമ്പര്യവും തമ്മിലുള്ള സംഭാഷണം ഒരനിവാര്യതയായി.

വി. ഗ്രന്ഥഭാഗങ്ങൾ തർക്കവിഷയമായ മറ്റൊരു രംഗമാണ് 2-3

നൂറ്റാണ്ടിൽ ഉടലെടുത്ത ജ്ഞാനവാദികളും സഭാപിതാക്കന്മാരും തമ്മിലുള്ള സംഭാഷണങ്ങൾ. വി. ഗ്രന്ഥത്തിന്റെ പണ്ഡിതോചിതമായ വ്യാഖ്യാനം തുടങ്ങുന്നതുതന്നെ ജ്ഞാനവാദം പ്രചരിപ്പിച്ചിരുന്ന അലക്സാണ്ട്രിയായിലെ ഹെരാക്ലെയോൺ, മാർസിയോൺ തുടങ്ങിയവരിലൂടെയാണ്. വി. ഗ്രന്ഥഭാഗങ്ങൾ പാഷണ്ഡതകളിലൂടെയും തർക്കവിഷയമായി. പാഷണ്ഡതകൾ പ്രചരിപ്പിച്ചിരുന്നവരും അതിനെതിരെ എഴുതിയവരുമെല്ലാം തങ്ങളുടെ വാദഗതികൾക്കായി വി. ഗ്രന്ഥമാണ് ഉപയോഗിച്ചിരുന്നത്. എങ്കിലും ഇവയ്ക്കെല്ലാമുപരി വചനത്തോടുള്ള സ്നേഹത്താൽ പ്രേരിതമായ തർക്കവിഷയങ്ങളിൽ നിന്നും സ്വതന്ത്രമായിതന്നെ വളർന്നുവന്നു.



# 02

## സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥവ്യാഖ്യാനവും അവയുടെ അടിത്തറയും

'ഹെർമെനയുഅയിൻ' എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം 'വിശദീകരിക്കുക,' 'വ്യാഖ്യാനിക്കുക' എന്നതാണ്. ആദിമസഭയിൽ ഉത്ഭൂതമായിക്കൊണ്ടിരുന്ന വി. ഗ്രന്ഥത്തെ യഥാർത്ഥത്തിൽ മനസ്സിലാക്കുവാൻ ഉപയോഗിച്ചിരുന്ന അടിസ്ഥാനതത്വങ്ങളെയും നിയമങ്ങളെയുമാണ് സഭാപിതാക്കന്മാരുടെ വ്യാഖ്യാനശൈലികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുക. പല കാലഘട്ടങ്ങളിൽ പല വ്യക്തികളും സമൂഹങ്ങളും വി.ഗ്രന്ഥത്തെ ദൈവശാസ്ത്രത്തിന്റെ ഒരു ചട്ടക്കൂടിൽ ഒതുക്കി നിർത്തി വ്യാഖ്യാനിക്കുവാൻ ശ്രമിച്ചതിനെയാണ് അടിസ്ഥാനതത്വങ്ങൾ ദ്യോതിപ്പിക്കുന്നത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ യേശുക്രിസ്തുവിലൂടെ നൽകപ്പെട്ട വെളിപാട് കേന്ദ്രബിന്ദുവായി തങ്ങളുടെ വ്യാഖ്യാനത്തിൽ അവർ കണ്ടിരുന്നു. എങ്കിലും രക്ഷാകര ദൈവശാസ്ത്രം, നരവംശ ദൈവശാസ്ത്രം, ഇസ്രായേലും സഭയും, യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം, ധാർമ്മികത എന്നീ സുപ്രധാന ദൈവശാസ്ത്രശാഖകളിലെല്ലാം വ്യത്യസ്തമായ വായനകൾക്ക് അവർ അവ

സരം നൽകി. വി.ഗ്രന്ഥത്തിലെ വെളിപാടിന്റെ ഭാഷ എപ്രകാരമാണ് ഉപയോഗിച്ചിരിക്കുന്നതിന്റെ രീതിശാസ്ത്രമാണ് വ്യാഖ്യാനനിയമങ്ങൾ. ദൈവത്തിന്റെ രക്ഷാകരപദ്ധതിയെക്കുറിച്ചുള്ള ബോദ്ധ്യങ്ങളും അവയുടെ അനന്തരഫലങ്ങളും സമൂഹത്തിൽ ഫലമുള്ളതാകത്തക്കവിധത്തിൽ വി.ഗ്രന്ഥത്തിന്റെ ഭാഷ ഉപയോഗിച്ചിരിക്കുന്ന രീതിശാസ്ത്രത്തെയാണ് ഇത് വെളിവാക്കുന്നത്. ഈ രീതികൾ പലപ്പോഴും ചുറ്റുപാടുമുള്ള സംസ്ക്കാരങ്ങളിൽ നിന്ന് കടം കൊണ്ടതായിരിക്കാം. എങ്കിലും പിന്നീട് അവ നൂതനവും ക്രിയാത്മകവുമായ രീതികളിലേക്ക് വളർന്നുവന്നു. വ്യാഖ്യാനത്തിന്റെ അടിസ്ഥാന തത്വങ്ങളും നിയമങ്ങളും പരസ്പരം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു തരത്തിൽ പറഞ്ഞാൽ എപ്രകാരമാണ് ദൈവശാസ്ത്രത്തെ വി. ഗ്രന്ഥഭാഷ സ്വാധീനിച്ചത് എന്നും മറ്റൊരു തരത്തിൽ പറഞ്ഞാൽ ദൈവശാസ്ത്രപരമായ മുൻവിധികൾ എപ്രകാരമാണ് വി.ഗ്രന്ഥവായനയെ രൂപപ്പെടുത്തിയത് എന്നും വിശദീകരിക്കുന്നു. വി.ഗ്രന്ഥവും, പാരമ്പര്യവും, വ്യാഖ്യാനവും ഉൾക്കൊള്ളുന്ന വ്യാഖ്യാനത്തിന്റെ മണ്ഡലത്തിലാണ് ക്രൈസ്തവ ദൈവശാസ്ത്രം രൂപപ്പെട്ടത്. ഈ രൂപപ്പെടലിന്റെ പ്രക്രിയയിൽ ഏറ്റവും അടിസ്ഥാനമായി നിൽക്കുന്നത് യഹൂദ സംസ്ക്കാരമാണ്; വളരെ പ്രത്യേകം, യഹൂദകാനൻ, യഹൂദവ്യാഖ്യാനരീതി, യഹൂദറബ്ബിമാർ, ഖുമറാൻ സമൂഹം, യഹൂദപ്രവാസികൾ എന്നിവ.

### 1. യഹൂദ കാനൻ

യഹൂദരുടെ വി.ഗ്രന്ഥമാണ് തുടക്കത്തിൽ ക്രിസ്ത്യാനികൾ ഉപയോഗിച്ചത്. നിയമത്തിലും (Torah) പ്രവാചകന്മാരിലും (Nebiim) അടിസ്ഥാനമിട്ട ഈ യഹൂദ ആധികാരിക എഴുത്തുകൾ ഈശോ വിലമതിച്ചിരുന്നതുപോലെ ക്രൈസ്തവരും വിലമതിച്ചിരുന്നു. ലിഖിതങ്ങളിൽ കുറെയെണ്ണം, പ്രത്യേകം സങ്കീർത്തനങ്ങൾ, ആധികാരികമായി സ്വീകരിക്കപ്പെട്ടിരുന്നെങ്കിലും ഇവയുടെ ഉപയോഗവും സ്വീകാര്യതയും പല യഹൂദസമൂഹങ്ങളിലും വ്യത്യാസപ്പെട്ടിരുന്നു. ക്രൈസ്തവസംസ്ക്കാരത്തിന്റെ പ്രഥമഘട്ടത്തിൽ യഹൂദ വി.ഗ്രന്ഥത്തിന്റെ കാനൻ അന്തിമമായി സ്വീകരിക്കപ്പെട്ടിരുന്നില്ല. റോമൻ സാമ്രാജ്യശക്തികൾക്കെതിരെ യഹൂദർ എ.ഡി. 66/73 ൽ നടത്തിയ പ്രത്യാക്രമണത്തിന്റെ (Revolt) പശ്ചാത്തലത്തിലും യഹൂദജനതയുടെ ജീവിതത്തിന്റെ കേന്ദ്രം ജെറുസലേമിൽ നിന്ന് പിഴുതെറിയപ്പെട്ടതിന്റെയും പശ്ചാത്തലത്തിൽ വേണം വി. ഗ്രന്ഥത്തിലെ കാനോനിക പുസ്തകങ്ങളുടെ നിർണ്ണയം മനസ്സിലാക്കാൻ. ആദ്യ നൂറ്റാണ്ടിന്റെ അവസാനം പാലസ്തീനായുടെ തീരങ്ങളിൽ ചില പുസ്ത





കങ്ങളുടെ ആധികാരികതയെപ്പറ്റിയുള്ള ചർച്ചകൾ ഉയർന്നിരുന്നു എ.ഡി. 95/100 ൽ യഹൂദ ചരിത്രകാരനായ ജോസഫൂസ് യഹൂദ വി. ഗ്രന്ഥത്തിന്റെ അന്തിമമായ കാനനിൽ ഉൾപ്പെടുന്ന 39 പുസ്തകങ്ങളെപ്പറ്റിയുള്ള പരാമർശം നൽകുന്നുണ്ട്. തോറായും, പ്രവാചകന്മാരും 13 ലിഖിതങ്ങളും ഉൾപ്പെടുന്നവയാണത്. ഫരിസേയ സമൂഹത്തിന്റെ തീരുമാനങ്ങളോട് യോജിച്ച തീരുമാനം തന്നെയാണ് റബ്ബിമാരുടേതും. യഹൂദജനത ചിതറിക്കപ്പെട്ടപ്പോഴും, മതമർദ്ദനത്തിന് വിധേയമായപ്പോഴും ഹെബ്രായജനതയുടെ തനതാത്മകതയുടെ ഭാഗമായി ഈ വിശ്വാസം നിലനിന്നു.

നിയതമായ എണ്ണത്തിലേക്ക് വി. ഗ്രന്ഥപുസ്തകങ്ങളെ ഫരിസേയവിഭാഗം ചുരുക്കിയത് പിന്നീടുള്ള 3 നൂറ്റാണ്ടുകാലത്തെ പ്രവണതകളെ സാരമായി ബാധിച്ചു. സെലൂക്കസ് രാജാവായ അന്തിയോക്കസ് എപ്പിഫാനസ് നാലാമന്റെ ദുരിതപൂർണ്ണമായ കാലഘട്ടത്തിൽ പ്രവാചകപുസ്തകങ്ങൾക്കാണ് പ്രാധാന്യം ലഭിച്ചത്. തങ്ങൾ ജീവിക്കുന്ന കാലഘട്ടം അന്ത്യകാലഘട്ടമായും അവരുടെ സമൂഹങ്ങൾ യഥാർത്ഥ ഇസ്രായേലിന്റെ അവശിഷ്ടഭാഗമായും അവർ മനസ്സിലാക്കി. മക്കബായ കാലഘട്ടത്തിൽ അനേകം യുഗാന്ത്യോന്മുഖ പുസ്തകങ്ങൾ പ്രചാരത്തിൽ വരികയും സാധാരണ ജനങ്ങൾ അവ സ്വന്തമാക്കുകയും ചെയ്തു. പാലസ്തീനായിലെ എസ്സീൻ സമൂഹവും ഈ പുസ്തകങ്ങളെ സ്വാഗതം ചെയ്തിരുന്നു. അതിനാൽ ഈശോയുടെ കലഘട്ടത്തിൽ ഫരിസേയ കാനൻ മാനദണ്ഡമായി സ്വീകരിക്കാൻ മാത്രം പ്രചുരപ്രചാരത്തിലിരുന്ന ഒന്നായിരുന്നില്ല. സദുക്കായ സമൂഹം തോറായെ മാത്രം ആധികാരികമായി കണക്കാക്കിയപ്പോൾ ഖുമറാൻ സമൂഹവും സെപ്ത്വജിന്ത് സമൂഹവും മറ്റുപുസ്തകങ്ങളും പ്രത്യേകം അപ്പോകാലിപ്റ്റിക് എഴുത്തുകളും കൂടി കാനനിൽ ഉൾക്കൊള്ളിച്ചു. ഫരിസേയ കാനൻ ഇവയ്ക്കെല്ലാം ഇടയിലുള്ള ഒരു പാതയാണ് സ്വീകരിച്ചത്. യഹൂദർ ആധികാരികമായി കരുതിയിരുന്ന പുസ്തകങ്ങളിൽ ഒത്തിരി കുറവോ കൂടുതലോ ഇല്ലാത്ത ഒരു എണ്ണമാണ് അവർ സ്വീകരിച്ചത്. ചില വിഭാഗങ്ങൾ പ്രത്യേകിച്ച് ക്രൈസ്തവർ ഉൾപ്പെടെയുള്ളവർ ആധികാരികമായി കണ്ടിരുന്ന പുതിയ അപ്പൊകാലിപ്റ്റിക് പുസ്തകങ്ങളോടും പ്സ്യൂഡ്എപ്പിഗ്രാഫിക് സാഹിത്യരചനകളോടും മുൻവിധി പുലർത്തുന്ന മനോഭാവമായിരുന്നു ഫരിസേയരുടേത്.

### 2. യഹൂദ വ്യാഖ്യാനശൈലി

യഹൂദ വി.ഗ്രന്ഥത്തിന്റെ പുസ്തകങ്ങളുടെ ആധികാരികമായ എണ്ണം വളരെ വൈകിയാണ് തീരുമാനിക്കപ്പെട്ടതെങ്കിലും വി.ഗ്ര

ന്ഥത്തിന്റെ വ്യാഖ്യാനശൈലിക്ക് ദൈർഘ്യമേറിയതും വ്യത്യസ്ത വുമായ ചരിത്രമാണുള്ളത്. ദൈവശാസ്ത്ര ചട്ടക്കൂടും വിശുദ്ധഗ്ര ന്ഥത്തെ ആധികാരികമായി കണ്ടിരുന്ന വിശ്വാസ സമൂഹത്തിന്റെ ആവശ്യങ്ങളുമാണ് യഹൂദവ്യാഖ്യാനശൈലിയെ നിശ്ചയിച്ചിരുന്ന ത്. ഇപ്രകാരം വീക്ഷിച്ചാൽ മൂന്നു യഹൂദ വിഭാഗങ്ങൾ പ്രത്യേകം പരിഗണനയർഹിക്കുന്നു: റബ്ബിമാർ, ഖുമറാൻ സമൂഹം, പ്രവാസഗ ണങ്ങൾ.

**റബ്ബിമാർ**

റബ്ബീനിക് വ്യാഖ്യാനശാസ്ത്രം യഹൂദസംസ്ക്കാരത്തിലെ ഏറ്റവും പ്രാബല്യമേറിയ വ്യാഖ്യാനരീതിയായിരുന്നു. യഹൂദജന തയ്ക്കായുള്ള ദൈവഹിതം വെളിപ്പെടുത്തുന്ന വി.ഗ്രന്ഥം അവർക്ക് ലഭ്യമാക്കുക എന്നതായിരുന്നു റബ്ബീനിക്ക് വ്യാഖ്യാനത്തിന്റെ ലക്ഷ്യം. വിലപ്പെട്ട വാമൊഴി പാരമ്പര്യത്തെ ആധാരമാക്കി നിയ മത്തെ വ്യാഖ്യാനിച്ചതിനെ റബ്ബീനിക്ക് പാരമ്പര്യം വളരെയേറെ ആശ്രയിച്ചിട്ടുണ്ട്. അതായത്, എസ്രായ്ക്കുശേഷമുള്ള നിയമപണ്ഡി തരുടെയും മക്കബായൻ വിപ്ലവത്തിനുശേഷമുള്ള പണ്ഡിതരു ടെയും പഠനങ്ങൾ. പിന്നീട് ക്രൈസ്തവ കാലഘട്ടത്തിൽ മിഷ്ന, ഗെമാറ, തൽമൂദ് എന്നിവയിൽ ശേഖരിക്കപ്പെട്ട പാരമ്പര്യങ്ങളാ ണിവ. തുടക്കത്തിൽ വാചിക പാരമ്പര്യം എഴുതപ്പെട്ട തോറായോ ടൊപ്പം വളർന്നുവെങ്കിലും ഇവയുടെ ആധികാരികത ചോദ്യം ചെയ്യ പ്പെട്ടു. സദുക്കായ സമൂഹത്തിൽ നിയമവും, പാരമ്പര്യവും തമ്മിലും വരമൊഴിയും വാമൊഴിയും തമ്മിലുമുള്ള അടിസ്ഥാനപരമായ ഐക്യം പ്രഖ്യാപിക്കേണ്ടതായി വന്നു. റബ്ബീനിക്ക് പണ്ഡിതരെ സംബന്ധിച്ചിടത്തോളം സീനായ്മലയിൽ ദൈവം മോശയ്ക്കു നൽകിയ വെളിപാടിലേക്കാണ് രണ്ടും വിരൽ ചൂണ്ടുന്നത്. ഇപ്ര കാരമുള്ള അവരുടെ ആഭിപ്രായങ്ങളെ വി. ഗ്രന്ഥം കൊണ്ടുതന്നെ തെളിയിക്കേണ്ടിയിരുന്നു. പുസ്തകങ്ങളെയും, പാരമ്പര്യങ്ങളെയും സമകാലീന ലോകത്തിലേക്ക് ഏകോപിപ്പിക്കുവാനുമുള്ള രീതിക ളുടെ വികസനത്തിലേക്കാണ് ഈ വെല്ലുവിളി നയിച്ചത്.

ഈ ഏകോപനരീതികൾ വി. ഗ്രന്ഥവ്യാഖ്യാനത്തിനുള്ള പല റബ്ബീനിക്ക് നിയമങ്ങളുടെയും രൂപീകരണത്തിനു കാരണമായി (മി ദ്രോത്ത്) ഇവയുടെ രൂപീകരണത്തിന്റെ ഒരു യഥാർത്ഥ ചരിത്രം മനസ്സിലാക്കുക വളരെ ശ്രമകരമാണ്. മിഷ്ണപോലും അവയുടെ ആദ്യകാല ലിഖിതരൂപത്തിൽത്തന്നെ വളരെ വൈകിയാണ് എഴു തപ്പെട്ടത്. മാത്രമല്ല സാങ്കൽപ്പിക കെട്ടുകഥകളിൽ നിന്നും ആധി കാരികമായ സ്മരണകൾ വേർതിരിച്ചെടുക്കുവാനും പ്രയാസമാ





ണ്. സംഖ്യയുടെ പുസ്തകത്തിന്റെ റബ്ബീനിക്ക് വ്യാഖ്യാനമായ (മി ദ്രാഷ്) സിഫ്രാ (Sifra) (2CE) ആരംഭിക്കുന്നത് റബ്ബി ഇഷ്മായേലി ൽ ആരോപിച്ചിട്ടുള്ളതായ ഒരു പാരമ്പര്യം സൂചിപ്പിച്ചുകൊണ്ടാണ്. ഈ പാരമ്പര്യം 2 -ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റബ്ബി ഇഷ്മായേ ലിന്റെതാണോ അതോ അക്കാലയളവിൽ നിലവിലിരുന്ന നിയമ ങ്ങളുടെയെല്ലാം ഒരു സംക്ഷിപ്തരൂപമാണോ എന്നത് ഒരു തർക്ക വിഷയമാണ്. എന്തുതന്നെയായാലും ഈ നിയമങ്ങളെല്ലാം യഹൂ ദപാരമ്പര്യത്തിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു എന്ന് വ്യക്തമാ ണ്. സീനായ് മലയിൽ വച്ച് ദൈവം മോശയ്ക്കു വാമൊഴിയായി നൽകിയ നിയമത്തിന്റെ ഭാഗമായിട്ട് പിന്നീടുവന്ന നിയമങ്ങളായി ആധികാരിക വി. ഗ്രന്ഥ വ്യാഖ്യാതാക്കൾ ഇവയെ കണക്കാക്കിയി രുന്നു. ഇന്നും യഹൂദരുടെ പ്രഭാത പ്രാർത്ഥനയുടെ ഭാഗമാണീ 13 മിദ്രോത്തുകൾ. അനുദിന ജീവിത വ്യാപാരങ്ങളിൽ ഉയർന്നുവരാ വുന്ന നൈയാമിക ചോദ്യങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനുള്ള പരിശ്രമങ്ങളെ ത്വരിതപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി വി. ഗ്രന്ഥത്തിന്റെ ഘടനാപരമായ ചില ഘടകങ്ങളെയും ആലങ്കാരിക ഉപയോഗങ്ങളെയും ശ്രദ്ധിച്ച് യുക്തിപൂർവ്വകമായ നിഗമനങ്ങളിലെത്തിച്ചേരാനുള്ള ഒരു രീതി അവർ കണ്ടെത്തി. വാക്കുകളെ തമ്മിൽ കൂട്ടിയിണക്കുന്ന രീതിയാ ണിത്. ഉദാഹരണമായി, ഒരു പ്രത്യേക വചനഭാഗത്തിലെ ഒരു വാക്ക് അല്ലെങ്കിൽ പദസമുച്ചയം മറ്റെവിടെയാണ് പ്രത്യക്ഷപ്പെടുന്നത് എന്ന് കണ്ടെത്തി പരമ്പരാഗതമായ ഒരു പ്രത്യേക പരിഹാരം ആ പ്രശ്നത്തിനു നൽകുന്നു. വി. ഗ്രന്ഥത്തിലെ ഓരോ ഭാഗത്തിനും വളരെ ശക്തമായ ഒരു വെളിപാടുണ്ട് എന്നു വിശ്വസിക്കുന്ന റബ്ബി അക്വീബായ്ക്ക് എതിരായി റബ്ബി ഇഷ്മായേൽ രൂപകൽപന നൽകിയ തത്വം "നിയമം (Torah) മനുഷ്യന്റെ ഭാഷയിൽ സംസാ രിക്കുന്നു എന്നതാണ്." അദ്ദേഹത്തിന്റെ ഈ നിയമം വി. ഗ്രന്ഥ ത്തിന്റെ യുക്തിപൂർവ്വകമായ വിശകലനത്തിന്റെ സമചിത്തമായ ഒരു ദർശനം നല്കുന്നു. റബ്ബി ഹില്ലേലിന്റേതായി (ca 20 BC-AD 15) അറിയപ്പെടുന്ന ചെറുതും കുറേക്കൂടി പഴയതുമായ ഏഴ് മിദ്രോത്തു കൾ ഉണ്ട്. ഐതിഹ്യപ്രകാരം ഹില്ലേലിന്റെ പ്രശസ്തി വർദ്ധമാന മായത് സാബത്തിൽ പെസഹ ആഘോഷിക്കാമോ എന്നതിനെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്ക് അദ്ദേഹം സെൻഹദ്രീനിൽ തീർപ്പുകൽപ്പിച്ചതോടെയാണ്. ക്രിസ്തുവിന്റെ സമകാലികനാണ് റബ്ബി ഹില്ലേൽ. ഡി. ഡൗബേയുടെ അഭിപ്രായത്തിൽ ഈ നിയമ ങ്ങളെല്ലാം കൊയ്നേ ഗ്രീക്കിന്റെ വ്യാകരണത്തിന്റെയും വാദഗതി കളുടെയും തർക്കശാസ്ത്രവും ശൈലികളുമാണ് പ്രകടമാക്കുന്ന ത്. നൈയാമിക പഠനങ്ങൾ (halakh) മാത്രമല്ല ഈ വിശുദ്ധഗ്രന്ഥ

പഠനത്തിന്റെ ഫലമായുണ്ടായത്. മിദ്രോത്തിൽ പിന്നീടുണ്ടായ വർദ്ധനവ്, റബ്ബി ഇഷ്മായേലിന്റെ നിയമങ്ങൾ, റബ്ബി ഏലിയാസർ ബെൻ യോസഫിന്റെ പേരിൽ ആരോപിച്ചിരിക്കുന്ന 32 മിദ്രോത്തുകൾ എന്നിവ വി. ഗ്രന്ഥത്താളുകളിൽ പ്രബോധനപരമായ വസ്തുതകളും അവർ തേടിയിരുന്നുവെന്ന് സാക്ഷിക്കുന്നു. വാക്കുകളുടെ അഭ്യാസവും (Paranomasia) വാക്കുകളിലെ അക്ഷരങ്ങളുടെ മൂല്യങ്ങൾക്കനുസരിച്ചുള്ള വ്യാഖ്യാനവും (ജെമാത്രിയ Gematriya) ഒരു പദത്തെ തന്നെ രണ്ടോ മൂന്നോ ആയി വിഭജിച്ചുകൊണ്ടുള്ള വ്യാഖ്യാനവും (നോട്രിക്കോൺ, Notrikon) വി. ഗ്രന്ഥത്തിലെ ഓരോ വാക്കിനുമിടയിൽ ആഴമുള്ള അർത്ഥങ്ങൾ മറഞ്ഞിരിക്കുന്നുവെന്ന ബോധ്യത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്.

## 2. ഖുമറാൻ സമൂഹം

യഹൂദ വ്യാഖ്യാനരീതിയുടെ രണ്ടാമത്തെ ശൈലിയെന്ന് പറയുന്നത് ഖുമറാൻ സമൂഹത്തിലൂടെ പരക്കെ അറിയപ്പെട്ട വ്യാഖ്യാനരീതിയാണ്. എസ്സീൻ സമൂഹത്തിന്റെ ഖുമറാനിലെ ലൈബ്രറി മക്കബായൻ കാലഘട്ടത്തിനുശേഷം വളർന്നതും റോമൻ യുദ്ധത്തിൽ നശിപ്പിക്കപ്പെടുകയും ചെയ്തതാണ്. ഖുമറാൻ സമൂഹത്തിൽ ലോകാന്ത്യത്തെപ്പറ്റിയുള്ള ചിന്തകൾ വളരെ പ്രബലമായിരുന്നു. ജറുസലേമിലെ ദൈവാലയ കേന്ദ്രീകൃത ജീവിതവും, അതിന്റെ പുരോഹിത സംരക്ഷകരെയുമൊക്കെ നിരാകരിച്ച ഈ സമൂഹം തങ്ങളെ ഇസ്രായേലിന്റെ അവശിഷ്ടഭാഗമായി കരുതിയിരുന്നു. കാലാന്ത്യത്തിലുള്ള ദൈവത്തിന്റെ വെളിപ്പെടുത്തലിനായി കാത്തിരിക്കുന്ന ഈ സമൂഹത്തിന് ബൈബിൾ വ്യാഖ്യാനമെന്നാൽ കാലത്തിന്റെ ചുവരെഴുത്തുകളെ മനസ്സിലാക്കി അതിനനുസരണം ജീവിക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകുക എന്നതായിരുന്നു. ഈ വ്യാഖ്യാനശൈലിയുടെ പ്രധാനപ്പെട്ട സവിശേഷത പെഷെർ (Pesher) വ്യാഖ്യാനമാണ്. പെഷർ എന്ന അറമായ പദത്തിന് 'വ്യാഖ്യാനിക്കുക' എന്നാണർത്ഥം. സമൂഹത്തിന്റെ അവസ്ഥകൾക്കും വർത്തമാനകാല ബുദ്ധിമുട്ടുകൾക്കും വേണ്ടി വി.ഗ്രന്ഥ പുസ്തകങ്ങൾക്ക് പ്രത്യേകം പ്രവാചക ഗ്രന്ഥങ്ങൾക്ക് നൽകുന്ന വ്യാഖ്യാനമാണിത്. വി.ഗ്രന്ഥ പുസ്തകങ്ങളിൽ മറഞ്ഞിരിക്കുന്ന ഈ രഹസ്യങ്ങൾക്ക് നൽകുന്ന വ്യാഖ്യാനങ്ങളുടെ ആധികാരികത നീതിയുടെ അദ്ധ്യാപകൻ അഥവാ Teacher of Righteonsnessൽ നിക്ഷിപ്തമായിരുന്നു. സമൂഹത്തിന്റെ ഈ നേതാവ് മോശയെപ്പോലെയോ എസ്രായെപ്പോലെയോ ദൈവിക വെളിപാടിന്റെ മദ്ധ്യസ്ഥനായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. വ്യാഖ്യാനശ്രമങ്ങളുടെ ഉദ്ദേശ്യം നിയമത്തെ (Torah) പ്രായോഗികതലത്തിലേക്ക് കൊണ്ടുവരിക എന്നതായിരുന്നുവെങ്കിലും യുഗാന്ത്യത്തിലെ നിയമങ്ങളായിരുന്നു അവരുടെ ശ്രദ്ധാവിഷയം. ഇത്തരത്തിലുള്ള യുഗാന്ത്യോന്മുഖ ചിന്തകൾ തോറായിൽ നിന്നും പ്രവാചകന്മാരിലേക്ക് തിരിയാനും, Teacher of Righteonsness ന്റെ വെളിപാടിന്റെ ആധികാരികതയിലേക്കു തിരിയാനും പ്രേരകമായി.





## 3. പ്രവാസത്തിലെ യഹൂദ ജീവിതസംസ്ക്കാരം

ഈജ്പ്തിലെ അലക്സാണ്ട്രിയായിൽ ജീവിച്ചിരുന്ന പ്രവാസികളായ യഹൂദർക്കിടയിലാണ് മൂന്നാമത്തെ വ്യാഖ്യാനശൈലി കാണാനാകുന്നത്. ഈ ശൈലിയെ പ്രചുരപ്രചാരത്തിലേക്കെത്തിച്ചത് അലക്സാണ്ട്രിയായിലെ ഫീലോയുടെ എണ്ണമറ്റ എഴുത്തുകളും വ്യാഖ്യാനങ്ങളുമാണ് (Ca 20 BC -AD 50). ഹില്ലേലിനെപ്പോലെ തന്നെ യേശുവിന്റെ സമകാലികനാണ് ഫീലോ. അദ്ദേഹത്തിന്റെ എഴുത്തുകളിൽ മിക്കവയും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പുരാതനകൃതികളോട് യവനർ പുലർത്തിയിരുന്ന താൽപര്യവും പുരാതനകൃതികളുടെ പഠനത്തിനായി സ്ഥാപിക്കപ്പെട്ട പ്രശസ്തമായ അലക്സാണ്ട്രിയൻ സ്ക്കൂളിന്റെയും അന്തരീക്ഷത്തിൽ തങ്ങളുടെ പരമ്പരാഗതമായ ആദർശങ്ങളെ ജീവിക്കുവാൻ മാത്രമല്ല, യവന ആത്മീയ മനസ്സിന് താൽപര്യം തോന്നുന്ന വിധത്തിൽ നിയമത്തെ വ്യാഖ്യാനിക്കുവാനും അവർക്കു സാധിച്ചു. മോശയുടെയും, പ്രവാചകന്മാരുടെയും പുരാതന ജ്ഞാനത്തെയാണ് ഗ്രീക്കുജ്ഞാനികൾ തങ്ങളുടെ ആത്മീയചിന്തകൾക്കായി ആശ്രയിച്ചിരിക്കുന്നത് എന്നുപോലും ഈജിപ്തിലെ ധൈര്യശാലികളായ യഹൂദ വിശ്വാസസംരക്ഷകർ വാദിച്ചു.

അലക്സാണ്ട്രിയായിലെ യഹൂദകാനൻ സെപ്ത്വജിന്തായിരുന്നു. അവയുടെ അടിസ്ഥാനം തോറായും പ്രവാചകന്മാരും സങ്കീർത്തനങ്ങളുമായിരുന്നു. ഇവ ഫരിസേയ കാനനുമായി യോജിപ്പിക്കപ്പെട്ടുവെങ്കിലും ഹഗിയോഗ്രഫിക്ക് പുസ്തകങ്ങളായ യൂദിത്ത്, തോബിത്ത്, 1,2 എസ്ദ്രോസ്, പ്രഭാഷകൻ (Ecclesiasticus) എന്നിവമാത്രം സ്വീകരിക്കുകയും ചെയ്തു. പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ ഇവയെ അപ്പോക്രിഫൽ ഗ്രന്ഥങ്ങളായി കരുതുന്നു. റോമൻ കത്തോലിക്കാസഭ ഇവയെ ഡ്യൂട്രോകാനോനിക്കൽ പുസ്തകങ്ങളായാണ് കരുതുന്നത്. കാരണം ലാറ്റിൻ, വുൾഗാത്ത, സെപ്ത്വജിന്തിനെയാണ് ആശ്രയിച്ചിരിക്കുന്നത്. ഗ്രീക്കുവിവർത്തനത്തെ വിലമതിക്കുന്നവരിൽ റബ്ബീനിക്ക് വിഭാഗം വാമൊഴി – വരമൊഴി തോറാ മോശയ്ക്കു ദൈവം സീനാമലയിൽ വച്ചുനൽകിയ വെളിപാടായി മനസ്സിലാക്കുന്നു. യവന ആശയമായ ദൈവനിവേശനത്തെ ആസ്പദമാക്കി

ഈ മനസ്സിലാക്കലിനെ അവർ കൂടുതൽ കൃത്യമായി വ്യാഖ്യാനിച്ചു. യവനചിന്താഗതിയിൽ പരിശുദ്ധമായ പുസ്തകങ്ങളുടെ രചനയിൽ ഗ്രന്ഥകർത്താവിന് ദൈവം വാക്കുകളോരോന്നും നേരിട്ടു പറഞ്ഞുകൊടുക്കുന്നതായോ, അതീന്ദ്രമായ ഒരവസ്ഥയിലേക്കുയർത്തി എഴുതേണ്ടുന്നവ നൽകുന്നതായോ ആണ് വിശ്വസിക്കുന്നത്. ഫീലോ On Special Laws 1:65; IV 49) ഈ ആശയത്തിൽ നിന്നാണ് മാനുഷിക വാക്കുകൾക്ക് ആത്മീയമായൊരു അർത്ഥതലമുണ്ടെന്നും (hyponia) വ്യാഖ്യാതാവ് പ്രതിരൂപാത്മക വ്യാഖ്യാനത്തിലൂടെ വാക്കുകളെ അതിന്റെ ഭൗതീക യാഥാർത്ഥ്യത്തിനപ്പുറത്ത് വെളിവാക്കേണ്ടത് എന്നും യവനപണ്ഡിത സമൂഹം കണക്കാക്കിയിരുന്നത്. അങ്ങിനെ പ്രാചീനകാല എഴുത്തുകാരായ ഹോമറും ഹെസിയോദുമെല്ലാം ദൈവപ്രേരിതമായാണ് എഴുതിയതെന്ന് വിശ്വസിച്ച അവർ അവരുടെ ഐതിഹാസിക കൃതികളിൽ നിന്നെല്ലാം ആന്തരികവും, ധാർമ്മികവും, ആത്മീയവുമായ അർത്ഥതലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തി. യഥാർത്ഥത്തിൽ, ഈ കൃതികളുടെ ദൈവനിവേശിത സ്വഭാവം അവയ്ക്കെല്ലാം ഒരു പ്രവചന സ്വഭാവം നൽകി. അതിനാൽ അവയെ പുതുതലമുറയ്ക്ക് വേണ്ടി പരിരക്ഷിക്കുവാനുള്ള താൽപര്യം ജനിപ്പിച്ചു. മാത്രമല്ല, ഇത് മാനുഷിക ചോദനകളെ ഉണർത്തുകയും അപ്രകാരമുള്ള കൃതികളുടെ രൂപീകരണത്തിലേക്കും രൂപകാത്മക പദ്യങ്ങളുടെ നിർമ്മിതിയിലേക്കും നയിച്ചു. അവയോടൊപ്പം തന്നെ പഴയ കൃതികളുടെ വ്യാഖ്യാനത്തിനും കാരണമായി. ഈയൊരു പശ്ചാത്തലത്തിൽ ഗ്രീക്ക് വിവർത്തനം നടത്തിയ അലക്സാണ്ട്രിയൻ യഹൂദസമൂഹത്തിലെ 70/72 പണ്ഡിതർ ദൈവത്താൽ പ്രത്യേകം നിവേശിതരായിരുന്നുവെന്ന ചിന്തയെ യഹൂദ വിശ്വാസസംരക്ഷകർ പിന്തുണച്ചു (Letter of Aristeas, ca 130 BC). ഫീലോ ഇപ്രകാരം വിവരിക്കുന്നു: ഓരോരുത്തരും ഓരോ സെല്ലിൽ തികഞ്ഞ ഏകാന്തതയിലാണ് എഴുതിയതെങ്കിലും, ശ്രേഷ്ഠന്മാരുടെ വാക്കുകളുടെയും പദസമൂഹങ്ങളുടെയും തിരഞ്ഞെടുപ്പ് അവർ കാണാതെ അവർക്ക് ശ്രേഷ്ഠനായ ഒരു ടീച്ചർ ഓരോന്നും പറഞ്ഞുകൊടുത്തതുപോലെ (Letter Of Moses 11:37) കാണപ്പെടുന്നു. അനേകനൂറ്റാണ്ടുകൾ പ്രവാസയഹൂദരുടെയിടയിൽ സെപ്ത്വജിന്തിന്റെ ആധികാരികത ഹെബ്രായ ബൈബിളിന്റെ ആധികാരികതയെക്കാൾ ഉയർന്നുനിന്നു. സെപ്ത്വജിന്തിന്റെ അത്ഭുതകരമായ ഉത്ഭവത്തെക്കുറിച്ചുള്ള കഥകൾ കൂടുതൽ മനോഹരമായി അവതരിപ്പിക്കപ്പെട്ടു. വി. ജെറോം ലാറ്റിൻ വിവർത്തനം ഹെബ്രായ ബൈബിളിൽ നിന്ന് നിർവഹിക്കാൻ ശ്രമിച്ചപ്പോൾ ഹിപ്പോയിലെ അഗസ്റ്റ്യൻ പോലും അതിനെ





എതിർത്തു. കാരണം സെപ്ത്വജിന്തിന്റെ ദൈവിക ഉത്ഭവം അതിന് ഹെബ്രായ ബൈബിളിനേക്കാൾ ഉയർന്ന സ്ഥാനം നൽകിയെന്നും അത് ക്രൈസ്തവരുടെ ഉപയോഗത്തിന് കൂടുതൽ അനുയോജ്യമാണെന്നും വിലയിരുത്തി (Epistle 28.2; 71:4; On Christian Doctrine II. XV22; City of God XVIII. 43). നിയപണ്ഡിതരുടെയും റബ്ബിമാരുടെയും ഹലാക്ക, ഹഗ്ഗാദ വ്യാഖ്യാനങ്ങളെക്കുറിച്ച് ഫീലോയ്ക്ക് അറിവുണ്ടായിരുന്നു. തോറായുടെ വാച്യാർത്ഥത്തോടുള്ള അനുകൂല സമീപനവും ഫീലോ പുലർത്തിയിരുന്നു (On the Migration of Abraham 89 -94). ദൈവനിവേശിത ഗ്രന്ഥത്തിലുള്ള സൂചനകളെ അതായത് വൈരുദ്ധ്യങ്ങളെയും സവിശേഷമായ പദപ്രയോഗങ്ങളെയും, വാക്കുകളുടെ ഉറവിടങ്ങളെയും ഗുപ്തമായ അക്കങ്ങളെയും അതീവശ്രദ്ധയോടെ മനസ്സിലാക്കി ദൈവം ഇതിലൂടെ യഥാർത്ഥത്തിൽ എന്താണ് വെളിപ്പെടുത്തുന്നത് എന്ന് മനസ്സിലാക്കുവാനാണ് വ്യാഖ്യാതാവ് ശ്രമിക്കേണ്ടത്. ഉൽപത്തി, പുറപ്പാട് ഗ്രന്ഥങ്ങളെക്കുറിച്ച് പലഭാഗങ്ങളുള്ള തന്റെ വ്യാഖ്യാനത്തിൽ വിമർശനാത്മകമായ ദർശനങ്ങളുടെയും, ഭാവനാത്മകമായ രൂപകാത്മക വ്യാഖ്യാനത്തിന്റെയും ഒരു ശേഖരം തന്നെ ഫീലോ നൽകുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സ്വർഗ്ഗീയവും (ഉല്പ 1:27) ഭൗതീകവുമായ (ഉല്പ 2:7) മനുഷ്യന്റെ രണ്ടു സ്വഭാവങ്ങളെയാണ് സൃഷ്ടിയെക്കുറിച്ചുള്ള രണ്ട് വിവരണങ്ങൾ നൽകുന്നത്. ഏദനിൽ ഒരു തോട്ടം നിർമ്മിക്കുന്നതിനെ മനുഷ്യവംശത്തിൽ മാനുഷിക പുണ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതായിട്ടാണ് ഫീലോ വ്യാഖ്യാനിക്കുന്നത്. ഏദനിൽ നിന്നും പുറപ്പെടുന്ന നദി നന്മയെയും അതിൽ നിന്നും നാലുകൈവഴികളായി തിരിയുന്ന നദികൾ വിവേകം, ന്യായം, മിതഭോഗം, ധൈര്യം, എന്നീ നാലു പുണ്യങ്ങളെയുമാണ് സൂചിപ്പിക്കുന്നത്. പീസോൺ വിവേകത്തെയും ഗീഹോൻ ധൈര്യത്തെയും, ടൈഗ്രിസ് മിതഭോഗത്തെയും യൂഫ്രട്ടീസ് നീതിയെയും സൂചിപ്പിക്കുന്നു. സാറായുടെയും അബ്രാഹത്തിന്റെയും കഥ മനസ്സും പുണ്യവും തമ്മിലുള്ള ബന്ധത്തെയാണ് കുറിക്കുന്നത്. തന്റെ യഹൂദ - യവന മുൻഗാമികളെപ്പോലെ Platonic Anthropological dichotomyയാണ് വ്യാഖ്യാനത്തിന്റെ മാതൃകയായി ഫീലോ തിരഞ്ഞെടുത്തത്. വാച്യാർത്ഥം വി. ഗ്രന്ഥത്തിന്റെ ശരീരമാണെങ്കിൽ ആഴമേറിയ ആത്മീയ- താത്ത്വിക അർത്ഥം അതിന്റെ അത്മാവുമാണ്. ഈ വ്യാഖ്യാനശൈലികളുടെയെല്ലാം പശ്ചാത്തലത്തിലാണ് സഭാപിതാക്കന്മാരുടെ ബൈബിൾ വ്യാഖ്യാനങ്ങളെയും നാം മനസ്സിലാക്കേണ്ടത്.

# 03

# ബൈബിളിന്റെ രൂപീകരണവും മൂലകൃതികളും തർജ്ജമകളും

വി. ഗ്രന്ഥത്തിന്റെ സന്ദേശം ദീർഘകാലം വാമൊഴിയിലൂടെ പ്രചരിച്ചതിനുശേഷമാണ് അവ എഴുതപ്പെടുന്നത്. ഈ സന്ദേശം എഴുതപ്പെടുന്നതിന് മുമ്പ് കഥകളിലൂടെയും കീർത്തനങ്ങളിലൂടെയും, കവിതകളിലൂടെയും മറ്റും തലമുറകൾ തോറും കൈമാറ്റം ചെയ്യപ്പെട്ടവയാണ്. ഇന്നു നമുക്ക് ലഭ്യമായ ബൈബിൾ എപ്രകാരമാണ് രൂപപ്പെട്ടത് എന്നുമനസ്സിലാക്കുന്നത് സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥവ്യാഖ്യാന സവിശേഷതകൾ മനസ്സിലാക്കുന്നതിന് സഹായകമാണ്.

**പഴയനിയമം**

പുരാതന ഇസ്രായേലിൽ, പൂർവ്വപിതാക്കന്മാർ, മോശ, ഇസ്രായേൽ ജനത്തിന്റെ ഈജിപ്തിൽനിന്നുള്ള പുറപ്പാട്, അവർക്ക് മരുഭൂമിയിൽ അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ, കാനാൻദേശത്തിന്റെ കയ്യടക്കൽ എന്നിവയെക്കുറിച്ച് വ്യത്യസ്തങ്ങളും മനോഹരങ്ങളുമായ കഥകളുണ്ടായിരുന്നു. ഈ കഥകൾ മാതാപിതാക്കന്മാരിൽ നിന്ന് സന്താനങ്ങളിലേക്കും (പുറ 12:26-27; 13:14-15; ജോഷ 4:6-7) പ്രഗത്ഭരായ കഥപറച്ചിലുകാരിൽ നിന്ന് ജനങ്ങളിലേക്കും പൊതുവായും കൈമാറ്റം ചെയ്യപ്പെട്ടു. പിൽക്കാലകഥകൾ ന്യായാധിപന്മാർ (ദബോറ, ഗിദയോൻ, സാംസൺ, തുടങ്ങി





യവർ) രാജാക്കന്മാർ (സാവൂൾ, ദാവീദ്, സോളമൻ, അവരുടെ പിൻഗാമികൾ) പ്രവാചകന്മാർ (സാമുവൽ, നാഥാൻ, ഏലിയ,ഏലീഷാ) എന്നിവരെക്കുറിച്ചുള്ളതായിരുന്നു. ഇവകൂടാതെ ഒത്തിരിയേറെ പാട്ടുകൾ (ഉദാ-: ഉല്പ 4, 23-24; പുറ. 15,1-18; സംഖ്യ 21,17-18, ന്യായാ 5) നിയമസംഹിതകൾ, പഴഞ്ചൊല്ലുകൾ, സങ്കീർത്തനങ്ങൾ, പ്രധാനപ്പെട്ട പ്രവാചകപ്രബോധനങ്ങൾ തുടങ്ങിയവയും വാമൊഴിയായി പ്രചാരത്തിലുണ്ടായിരുന്നു.

വാമൊഴിയായി പ്രചരിക്കുന്നതിനിടയിൽ ബൈബിളിന്റെ ഉള്ളടക്കത്തിന് ചില നിശ്ചിതരൂപങ്ങൾ കൈവന്നു. ഈ സാഹിത്യരൂപങ്ങളോട് ചിലത് കൂട്ടിച്ചേർക്കപ്പെട്ടു. ചിലത് വിട്ടുകളഞ്ഞു. പുതിയ വ്യാഖ്യാനങ്ങൾ നൽകപ്പെട്ടു. ഉള്ളടക്കത്തിലും ശൈലിയിലും ഒരേപോലെയുള്ള കാര്യങ്ങൾ ഒരുമിച്ച് ചേർക്കപ്പെട്ടു. ഉദാ: അബ്രാഹത്തെക്കുറിച്ചുള്ള കഥകൾ, നിയമസംഹിതകളുടെ ഒരു കൂട്ടം (പുറ 20,22-23,19); ഒരേ വിഷയത്തെക്കുറിച്ചുതന്നെയുള്ള പ്രവാചകപ്രബോധനങ്ങൾ (മിക്കാ 1-3:, 4-5). ഇങ്ങനെയുള്ളവ പിൽക്കാലത്ത് എഴുതപ്പെട്ട പഴയനിയമഭാഗങ്ങളുടെ പ്രധാന ഉറവിടങ്ങളായി വർത്തിച്ചിട്ടുണ്ട്. ഈ അനുമാനത്തോട് ചേർന്നുപോകുന്നതാണ് പഞ്ചഗ്രന്ഥരൂപീകരണത്തെ സംബന്ധിച്ച് ജൂലിയസ് മെൻ ഹൗസൽ അവതരിപ്പിക്കുന്ന രേഖാസിദ്ധാന്തം. ഈ സിദ്ധാന്തമനുസരിച്ച് ഇന്നത്തെ പഞ്ചഗ്രന്ഥിയുടെ മിക്കഭാഗങ്ങളും പ്രാചീന കാലത്ത് എഴുതപ്പെട്ട നാല് അടിസ്ഥാനരേഖകളുടെ സമാഹാരമാണ്. അവ യാഹ്വിസ്റ്റിക് (J), ഏലോഹിസ്റ്റിക് (E), ഡ്യൂറ്ററോണമിക് (D), പ്രീസ്റ്റലി (P) എന്നിവയാണ്. ഇതിൽ ഏറ്റവും പ്രാചീനമായത് സോളമന്റെ കാലത്ത് (ബി.സി. പത്താംനൂറ്റാണ്ടിന്റെ അവസാനപകുതിയിൽ) രചിക്കപ്പെട്ടുവെന്ന് കരുതുതപ്പെടുന്ന യാഹ്വിസ്റ്റ് പാരമ്പര്യമാണ്. ഉല്പ. 2,4ൽ ആരംഭിച്ച് ഉല്പത്തി പുറപ്പാട്, സംഖ്യ തുടങ്ങിയ പുസ്തകങ്ങളും ഉൾക്കൊള്ളുന്ന ഈ രേഖ എഴുതപ്പെട്ടത് വളരെ പുരാതനമായ വാചികപാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. പൂർവ്വപിതാക്കന്മാരെക്കുറിച്ചുള്ള കഥകളും പുറപ്പാടനുഭവത്തെക്കുറിച്ചുള്ള വിവരണങ്ങളും ഈ രേഖയിലുണ്ട്. ഈ ഉറവിടത്തിന്റെ ഏറ്റവും വലിയ സവിശേഷത 'യാഹ്വെ' എന്ന ദൈവനാമത്തിന്റെ ഉപയോഗമാണ്. ഇതിൽ നിന്നാണ് യാഹ്വിസ്റ്റ് (J) എന്ന പേരുണ്ടായത്. ഈ പാരമ്പര്യത്തിന് ഏതാണ്ട് ഒരു നൂറ്റാണ്ടിന് ശേഷം എഴുതപ്പെട്ട ഏലോഹിസ്റ്റ് പാരമ്പര്യത്തിൽ ദൈവത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന നാമം ഏലോഹിം എന്നതാണ്. ഈ രേഖയ്ക്ക് യാഹ്വിസ്റ്റു രേഖയുമായി ചിലഭാഗങ്ങളിൽ വളരെ വലിയ സാമ്യമുണ്ട്. ദൈവത്തെ പ്രകൃത്യാതീതനായ ഒരു വ്യക്തി

യായിട്ടാണ് ഈ രേഖ അവതരിപ്പിക്കുന്നത്. ബി.സി. ഏഴാം നൂറ്റാണ്ടിൽ എഴുതപ്പെട്ടുവെന്ന് കരുതപ്പെടുന്ന ഡ്യൂറ്ററോണമിക് (D) നിയമാവർത്തനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ബാലിനെ ആരാധിക്കുന്നതിനെ ഈ രേഖ ശക്തമായി എതിർക്കുകയും ബലികളെ ജറുസലെം ദൈവാലയത്തിൽ മാത്രമായി ഒതുക്കി നിർത്തുകയും ചെയ്യുന്നു. 'പ്രീസ്റ്റലി' എന്ന നാലാമത്തെ ഉറവിടം എഴുതപ്പെട്ടത് ബാബിലോണിയൻ പ്രവാസകാലത്താണ് (ബി.സി. 6നും 4നും ഇടയിൽ). സാബത്ത്, പരിഛേദനം, ഇസ്രായേലിന്റെ ചരിത്രത്തിൽ അഹറോന്റെയും പുരോഹിതവർഗ്ഗത്തിന്റെയും സ്ഥാനം, സീനായ് മലയിൽ വച്ച് നൽകപ്പെട്ട ദൈവാരാധനയെ സംബന്ധിച്ച വിവിധനിയമങ്ങൾ തുടങ്ങിയ മതവിശ്വാസത്തെ പരാമർശിക്കുന്ന വിവിധ കാര്യങ്ങളെ പരാമർശിക്കുന്നതാണ് ഉറവിടം.

ഇസ്രായേൽ ജനത്തിന്റെ പ്രവാസകാലം കഴിഞ്ഞതോടെ നിയമവും പ്രവാചകരും അടങ്ങുന്ന ഹീബ്രു ബൈബിളിന്റെ പ്രധാന ഭാഗം ലിഖിതരൂപത്തിലായി. ഈ ലിഖിതങ്ങൾ പൂർണ്ണരൂപത്തിൽ എഴുതപ്പെടാൻ ബി.സി. രണ്ടാംനൂറ്റാണ്ടുവരെ കാത്തിരിക്കേണ്ടിവന്നു. സഭ കാനോനികമായി അംഗീകരിച്ചിട്ടില്ലാത്ത അപ്പോക്രീഫ എന്ന വിഭാഗത്തിൽപ്പെടുന്ന പുസ്തകങ്ങൾ എഴുതപ്പെടുന്നത് ബി.സി. 200നും എ.ഡി. 100നും ഇടയ്ക്കാണ്.

### പുതിയനിയമം

പുതിയനിയമവും പഴയനിയമത്തെപ്പോലെ ഒത്തിരി സങ്കീർണ്ണമായ പരിണാമക്രിയയിലൂടെ കടന്നുപോയതിന് ശേഷമാണ് ഇന്നത്തെ രൂപത്തിലെത്തിയിരിക്കുന്നത്. ഈശോയുടെ മരണ ശേഷം ആദിമക്രൈസ്തവർ ഈശോയുടെ ജീവിതത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അവിടുത്തെ പീഡാനുഭവ- മരണ ഉത്ഥാനത്തെ യും കുറിച്ചുമുള്ള കാര്യങ്ങൾ വാമൊഴിയായി വരും തലമുറകൾക്ക് കൈമാറി. ഈ വാചിക പാരമ്പര്യത്തിൽ നിന്നാണ് പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടത്.

### മൂലഭാഷകളും എഴുത്തുരീതികളും

ഹീബ്രു, അറമായ, ഗ്രീക്ക് എന്നീ ഭാഷകളിലാണ് വി.ഗ്രന്ഥത്തിലെ വിവിധപുസ്തകങ്ങൾ എഴുതപ്പെട്ടത്. പഴയനിയമത്തിന്റെ സിംഹഭാഗവും ഹീബ്രുവിലാണ് എഴുതപ്പെട്ടത്. എന്നാൽ എസ്രാ 4,5-6, 18; 7,12-26: ദാനി 2, 46-7 28; ജറ 10,11 എന്നീ ഭാഗങ്ങൾ അറമായിക് ഭാഷയിലെഴുതപ്പെട്ടതാണ്. ദാനി. 3.5 3,7 3,10 3,15 എന്നീ വാക്യങ്ങളിൽ ഗ്രീക്കുഭാഷയുടെ അനുരണനങ്ങൾ കാണാം. പുതിയനിയമം മുഴുവനും സാധാരണ ഗ്രീക്കു ഭാഷയിൽ (Koine Greek) എഴുതപ്പെട്ടതാണ്. അറമായിക്, ലത്തീൻ ഭാഷകളിൽ നിന്നുള്ള പദങ്ങളും പുതിയ നിയമത്തിൽ കാണാം. മൃഗത്തോലിലും പപ്പിറസ് ചെടിയിൽ നിന്നുമുണ്ടാക്കിയ പപ്പിറസ്പേപ്പറുകളിലുമാണ് വി. ഗ്രന്ഥഭാഗങ്ങൾ എഴുതപ്പെട്ടത്. (ആട്ടിൻകുട്ടികളുടെയോ, മാൻകുട്ടികളുടെയോ തോലുകൊണ്ട് പാകപ്പെടുത്തിയെടുക്കുന്ന ഒരു പദാർത്ഥമാണ് പാർച്ചമെന്റ് അഥവാ വെല്ലം (Parchment or vellum). ഗ്രന്ഥകാരന്മാർ അതിനുവേണ്ടിയുപയോഗിച്ചത് മുളകൊണ്ടുള്ള പേനയും, കരിയും, പശയും ചേർന്ന മഷിയായിരുന്നു.

### പഴയനിയമത്തിന്റെ ഖുമ്റാൻ ചുരുളുകൾ

### മൂലകൃതികൾ

1947-നു ശേഷം ചാവുകടലിന്റെ വടക്കുപടിഞ്ഞാറെ തീരത്തുള്ള യൂദയായിലെ ഖുമ്റാൻ എന്ന മരുപ്രദേശത്തുനിന്നും കണ്ടെടുത്ത പഴയനിയമത്തിന്റെ കയ്യെഴുത്ത് പ്രതികളാണ് ചാവുകടൽ ചുരുളുകൾ. എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഖുമ്റാൻ ചുരുളുകൾ. ബി.സി. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ രൂപം പ്രാപിച്ച ഒരു 'സന്യാസ' സമൂഹമായ എസ്സിനികൾ (ദരിദ്രർ) ഖുമ്റാനിൽ അവരുടെ പിൻതലമുറയ്ക്ക് വേണ്ടി മൺകുടങ്ങളിൽ സൂക്ഷിച്ച അമൂല്യനിധിയാണ് ഈ രേഖകൾ. ഇവ എഴുതപ്പെട്ടിട്ടുള്ളത് തോലിലോ പപ്പിറസിലോ ആണ്. 11 ഗുഹകളിൽ നിന്നായി ഏകദേശം 180 ചുരുളുകൾ കണ്ടെത്തിയിട്ടുണ്ട്. അഹമ്മദ് എൽഹാമദ് എന്ന ആട്ടിടയൻ തന്റെ നഷ്ടപ്പെട്ട ആടിനെ അന്വേഷിക്കവെ തികച്ചും ആകസ്മികമായാണ് ഈ ചുരുളുകൾ ആദ്യമായി കണ്ടെത്തിയത്. ഹീബ്രു ബൈബിളിനേക്കാൾ വളരെ പഴക്കമുള്ള രേഖകളാണ് ഈ ചുരുളുകളിലുള്ളത്. തന്മൂലം വി.ഗ്രന്ഥത്തിന്റെ മൂലരൂപങ്ങൾ രൂപപ്പെട്ടതിന്റെ ചരിത്രം ഖുമ്റാൻ ചുരുളുകളിൽ നിന്നും മനസ്സിലാക്കാം. യഹൂദമതത്തെക്കുറിച്ചുള്ള വിശദമായ വിവരണങ്ങൾ ഈ ചുരുളുകളിൽ നിന്ന് വ്യക്തമാണ്.

ഖുമ്റാൻ രേഖകൾ കണ്ടെടുക്കുന്നതിന് ഹീബ്രു ബൈബിളിന്റെ ലഭ്യമായിരുന്ന പ്രധാനപ്പെട്ട കയ്യെഴുത്തുപ്രതികൾ താഴെപറയുന്നവയാണ്.

1. നാഷ്പപ്പിറസ് (ഈജിപ്ത്): ബി.സി. 150നോളം പഴക്കം. പത്തു കല്പനകൾ, നിയമാവർത്തനം എന്നിവ ഉൾപ്പെടുന്നു.
2. കെയ്റോ കോഡെക്സ് (എ.ഡി. 894): പ്രവാചകന്മാർ ഉൾക്കൊള്ളുന്നു.

3. ആലെപ്പോ കോഡെക്സ് - എ.ഡി. 930 (സിറിയ): പഴയനിയമം മുഴുവനും ഉൾക്കൊള്ളുന്നു.
4. ലെനിൻഗ്രാഡ് കോഡെക്സ് (റഷ്യ) - എ.ഡി. 1008
5. ബ്രിട്ടീഷ് മ്യൂസിയം കോഡെക്സ് - എ.ഡി. 1016: പഞ്ചഗ്രന്ഥി ഉൾക്കൊള്ളുന്നു.
6. ലെനിൻഗ്രാഡ് കോഡെക്സ്- എ.ഡി. 1016: പ്രവാചകന്മാർ
7. റ്യൂക്ലിൻ (Reuchlin) കോഡെക്സ് എ.ഡി. 1105: പ്രവാചകന്മാർ

**കോഡെക്സ്**

കോഡെക്സ് എന്ന വാക്കിന് നിയമസംഗ്രഹം, പുരാതന ലിഖിത പുസ്തകം, കയ്യെഴുത്തുപ്രതി എന്നൊക്കെ അർത്ഥമുണ്ട്. പുരാതന കൈയ്യെഴുത്തുപ്രതികൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന രണ്ടുരീതികളിൽ ഒന്നാണിത്. (മറ്റേരീതി കയ്യെഴുത്തുപ്രതികൾ ചുരുളുകളായി സൂക്ഷിക്കുക എന്നുള്ളതായിരുന്നു). പപ്പീറസ് ഷീറ്റുകളോ, പാർച്ച്മെന്റുകളോ ഒന്നിനുമുകളിൽ ഒന്നായിവച്ച് മധ്യത്തിൽ താഴോട്ടുമടക്കി ഉണ്ടാക്കിയെടുക്കുന്ന 24 പേജുകളുള്ള ഒരു ലഘുപുസ്തകമാണ് കോഡെക്സ്. സിനഗോഗുകളിൽ ഉപയോഗിച്ചിരുന്ന പഴയനിയമച്ചുരുളുകളിൽ നിന്ന് തങ്ങളുടെ വിശുദ്ധഗ്രന്ഥം വേർതിരിച്ചുകാണിക്കുന്നതിന് വേണ്ടിയാണ് ക്രിസ്ത്യാനികൾ യഹൂദരിൽ നിന്നും വ്യത്യസ്തമായ ഈ രീതി സ്വീകരിച്ചത്.

**ചുരുളുകൾ**

പ്രാചീനകാലത്ത് മനുഷ്യൻ എഴുതിയിരുന്നത് പപ്പിറസിലോ മൃഗത്തോലിന്റെ ചുരുളുകളിലോ ആയിരുന്നു. വി.ഗ്രന്ഥത്തിന്റെ ആദ്യ കയ്യെഴുത്തുപ്രതികളെല്ലാം ഇത്തരം ചുരുളുകളിലാണ് എഴുതപ്പെട്ടത്. പപ്പിറസ് ചെടിയുടെ കാതലിൽ നിന്നും എടുക്കുന്ന നീണ്ട കനംകുറഞ്ഞ തുണ്ടുകൾ (Stripes) അരികുകൾ ചേർത്ത് (ലംബമായും തിരശ്ചീനമായും) വച്ച് വെള്ളവും മർദ്ദവും ഉപയോഗിച്ച് ഒട്ടിച്ച് ഉണക്കിയെടുക്കുന്നവയാണ് പപ്പിറസ് ചുരുളുകൾ. ഉണക്കിയെടുത്തതിന് ശേഷം അവയെ കക്കയോ, കല്ലോ, ഉപയോഗിച്ച് ഉരച്ച് മിനുസപ്പെടുത്തിയിരുന്നു. കോലാടിന്റെയോ ചെമ്മരയാടിന്റെയോ, പശുവിന്റെയോ തോൽ രോമം കളഞ്ഞ് മിനുസപ്പെടുത്തി, കഴുകിയതിന്ശേഷം ഒരു ചട്ടക്കൂട്ടിൽ നിവർത്തിയിട്ട് ഉണക്കിയെടുക്കുന്നവയാണ് തുകൽ ചുരുളുകൾ. രോമമുണ്ടായിരുന്ന വശം കല്ലുപയോഗിച്ച് ഉരച്ച് മിനുസപ്പെടുത്തിയാണ് തുകൽച്ചുരുളുകൾ ഉണ്ടാ ക്കിയിരുന്നത്. ഇസ്രായേൽ ജനത്തിന്റെ പ്രവാസകാലത്തി





നുമുമ്പ് (ബി.സി. 586 നു മുമ്പ്) വി. ഗ്രന്ഥഭാഗങ്ങൾ എഴുതപ്പെട്ടത് പപ്പിറസ് ചുരുളുകളിലാണോ എന്ന കാര്യം ഒരു തർക്കവിഷയമാണ്. എന്നാൽ ബി.സി. 63-ന് ശേഷം തുകൽ ചുരുളുകളാണ് കൂടുതൽ ഉപയോഗിക്കപ്പെട്ടത്.

**പുതിയനിയമത്തിന്റെ കൈയെഴുത്തുപ്രതികൾ**

നമുക്കു ലഭ്യമായിട്ടുള്ള പുതിയ നിയമത്തിന്റെ ചില പകർപ്പുകൾ പപ്പിറസ് കയ്യെഴുത്ത് പ്രതികളാണ്. 3 -ാം നൂറ്റാണ്ടുമുതൽ പപ്പിറസിന്റെ സ്ഥാനത്ത് പാർച്ച്മെന്റ് ഉപയാഗിച്ചുതുടങ്ങി. പതിനഞ്ചാം നൂറ്റാണ്ടിൽ അച്ചടിവിദ്യ കണ്ടുപിടിക്കുന്നതുവരെ പാർച്ച്മെന്റിൽ ആയിരുന്നു വി.ഗ്രന്ഥരേഖകൾ എഴുതപ്പെട്ടത്. പുതിയനിയമപുസ്തകങ്ങൾ ആദ്യം ചുരുളുകളുടെ രൂപത്തിലായിരുന്നു. കോളങ്ങളായി തിരിച്ചിട്ടുള്ള നീണ്ടചുരുളുകളിൽ നിന്ന് ഒരു പ്രത്യേകഭാഗം കണ്ടെടുക്കുവാൻ ബുദ്ധിമുട്ടായിരുന്നു. ഈ സാഹചര്യത്തിലാണ് 'കോഡെക്സ്' എന്നറിയപ്പെടുന്ന ലഘുപുസ്തകങ്ങൾ നിലവിൽ വന്നത്.

**പാലിംപ്സെസ്റ്റ് (Palimpsest):** പാർച്ച്മെന്റ് വളരെ വിലയുള്ളതായിരുന്നതിനാൽ ഒരുപ്രാവശ്യം ഉപയോഗിച്ചതിന് ശേഷം കഴുകിവൃത്തിയാക്കി വീണ്ടും മിനുസപ്പെടുത്തി അതിനുമുകളിൽ വീണ്ടും എഴുതാൻ ഉപയോഗിച്ചിരുന്നു. ഇത്തരം പാർച്ചുമെന്റുകളെയാണ് പാംലിപ്സെസ്റ്റ് എന്നുവിളിച്ചിരുന്നത്. വീണ്ടും മിനുക്കിയത് എന്നർത്ഥം വരുന്ന രണ്ട് ഗ്രീക്കുപദങ്ങളിൽ നിന്നുമാണ് ഈ പേരുണ്ടായത്. പുതിയനിയമത്തിന്റെ ഏകദേശം 52-ഓളം പാലിംപ്സെസ്റ്റുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

ഏകദേശം അയ്യായിരത്തോളം പൂർണ്ണമോ, അപൂർണ്ണമോ ആയ പുതിയനിയമ കയ്യെഴുത്തുപ്രതികൾ നമുക്ക് ലഭ്യമായിട്ടുണ്ട്. പുതിയനിയമത്തിന്റെ പ്രധാനകയ്യെഴുത്തുപ്രതികൾ താഴെപറയുന്നവയാണ്;

**സിനയിറ്റിക് കോഡ് (Codex, S, 4-ാം നൂറ്റാണ്ട്):** 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സീനായ്മലയിലെ വി. കാതറിന്റെ ആശ്രമത്തിൽ നിന്ന് ജർമ്മൻകാരനായ കോൺസ്റ്റന്റയിൻ ഫോൺ നിഷൻഡോർഫ് കണ്ടെടുത്തതാണിത്. ഇതിപ്പോൾ സൂക്ഷിക്കപ്പെടുന്നത് ബ്രിട്ടീഷ് മ്യൂസിയത്തിലാണ്. ഇത് ഗ്രീക്കിൽ എഴുതപ്പെട്ട പഴയനിയമവും പുതിയനിയമവും ഉൾക്കൊള്ളുന്നു. പുതിയനിയമത്തിലെ 27 പുസ്തകങ്ങൾ കൂടാതെ രണ്ട് ആദ്യകാലക്രൈസ്തവ കൃതികളും ഇതിലുണ്ട്. അവ "ഹെർമാസിസിന്റെ ഇടയൻ" "ബർണബാസിന്റെ ലേഖനം" എന്നിവയാണ്.

**അലക്സാണ്ട്രിയൻ കോഡ് (Codex A, 5-ാം നൂറ്റാണ്ട്):** ഈ കയ്യെഴുത്ത്പ്രതി രൂപപ്പെട്ടത് അലക്സാണ്ട്രിയയിലാണെങ്കിലും ഇത് കോൺസ്റ്റാന്റിനോപ്പിളിലേക്കും പിന്നീട് 1627ൽ ഇംഗ്ലണ്ടിലേക്കും മാറ്റപ്പെട്ടു. ഇപ്പോൾ ഇത് ബ്രിട്ടീഷ് മ്യൂസിയത്തിൽ സിനയിറ്റിക് കോഡിന്റെ തൊട്ടടുത്തായി സൂക്ഷിച്ചിരിക്കുന്നു. ഗ്രീക്കിലെഴുതപ്പെട്ട പഴയനിയവും പുതിയനിയമവും കൂടാതെ ക്ലമന്റിന്റെ ഒന്നും രണ്ടും ലേഖനങ്ങൾ, സോളമന്റെ സങ്കീർത്തനങ്ങൾ എന്നിവ ഈ കോഡിലുണ്ട്, പക്ഷേ മത്തായിയുടെ സുവിശേഷത്തിന്റെ ഭൂരിഭാഗവും ഇതിൽ കാണാനില്ല (നഷ്ടപ്പെട്ടിരിക്കുന്നു). അലക്സാണ്ട്രിയൻ കോഡ് എഴുതപ്പെട്ടത് ഓരോ പേജിലും രണ്ട് കോളങ്ങൾ വീതമുളള ഒരു പാർച്ച്മെന്റിലാണ്. കറുത്തമഷിയാണ് ആ കോഡ് എഴുതാനുപയോഗിച്ചിരിക്കുന്നത്.

**വത്തിക്കാൻ കോഡ് (Codex B, 4-ാം നൂറ്റാണ്ട്):** ഈ കോഡ് കണ്ടെടുക്കപ്പെടുമ്പോൾ ബൈബിളിലെ എല്ലാപുസ്തകങ്ങളും ഇതുൾക്കൊണ്ടിരുന്നു. പക്ഷേ ഇന്ന് ചില പുതിയനിയമഭാഗങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നതായി കാണാം. അവ ഹെബ്രായർക്കുള്ള ലേഖനം 9,14 മുതലുള്ള ഭാഗങ്ങളാണ്. (കത്തോലിക ലേഖനങ്ങളുൾപ്പെ ടെ). പാർച്ചമെന്റിൽ എഴുതപ്പെട്ട ഈ കയ്യെഴുത്തുപ്രതിയുടെ ഓരോ പേജിനും 3 കോളങ്ങൾ വീതമുണ്ട്. ഇത് ഇപ്പോൾ സൂക്ഷിക്കപ്പെട്ടിരിക്കുന്നത് വത്തിക്കാൻ ലൈബ്രറിയിലാണ്.

**എഫ്രായിം കോഡ് (5-ാം നൂറ്റാണ്ട്):** എഫ്രായിം കോഡ് ഒരുപാലിംഫ്സെസ്റ്റാണ്. 12-ാം നൂറ്റാണ്ടിൽ ആരോ ഇതിലെഴുതപ്പെട്ട പുതിയനിയമം മായ്ച്ചുകളഞ്ഞതിനുശേഷം തൽസ്ഥാനത്ത് സുറിയാനി സഭാപിതാവായ എഫ്രായിമിന്റെ പ്രബോധനങ്ങളെഴുതി (Sermons). തിമൽഡോർഫ് ഈ പ്രബോധനങ്ങളുടെ പുറകിൽ എഴുതപ്പെട്ട ബൈബിൾ വചനങ്ങളെ തിരിച്ചറിഞ്ഞു വ്യാഖ്യാനിച്ച് 1845 ൽ പ്രസിദ്ധീകരിച്ചു. പഴയനിയമത്തിന്റെ എഴുതപ്പെട്ട 64 താളുകൾ കണ്ടെടുക്കപ്പെട്ടു. പൗലോസ് ശ്ലീഹാ തെസലോനിക്കക്കാർക്കെഴുതിയ രണ്ടാം ലേഖനം യോഹന്നാന്റെ രണ്ടാം ലേഖനം എന്നിവയൊഴിച്ചുള്ള പുതിയനിയമപുസ്തകങ്ങളുടെ ഭാഗങ്ങൾ 145 താളുകളിലായി ഈ കോഡിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഈ കോഡിന്റെ ഒരു പേജിൽ ഒരു കോളം മാത്രമേയുള്ളൂ. ഇപ്പോൾ ഇത് പാരീസിലെ നാഷനൽ ലൈബ്രറിയിൽ സൂക്ഷിക്കപ്പെടുന്നു.

**ബെത്സേ കോഡ് ( Bezae, 5-ാം നൂറ്റാണ്ട്):** ഇത് രണ്ടുഭാഷകളിൽ എഴുതപ്പെട്ട കയ്യെഴുത്തുപ്രതിയാണ്. ഇതിന്റെ ഇടതുപേജ് ഗ്രീക്കിലും വലതുപേജ് ലത്തീനിലുമാണ് എഴുതപ്പെട്ടിരിക്കുന്നത്. ഇതിന്റെ ഉളളടക്കം സുവിശേഷങ്ങളും (മത്തായി, യോഹന്നാൻ, ലൂക്കാ, മർക്കോ





സ് എന്ന ക്രമത്തിൽ) ശ്ലീഹന്മാരുടെ നടപടിപുസ്തകവുമാണ്. ഓരോ പുസ്തകത്തിന്റെയും ആദ്യത്തെ മൂന്നുവരികൾ ചുവന്ന മഷിയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ഈ കോഡ് ക്രേം ബ്രിഡ്ജ് യൂണിവേഴ്സിറ്റിക് സമ്മാനിച്ചത് ജനീവയിലെ ജോൺ കാൽവിന്റെ പിൻഗാമിയായ തിയഡോർ ബെത്സേയാണ്. ഇതിന് കാന്റബ്രിജിയെൻസിസ് കോഡ്(Codex Cantabrigionsis) എന്നുകൂടി പേരുണ്ട്.

**പപ്പിറസ്:** മുകളിൽ പ്രതിപാദിച്ച കയ്യെഴുത്തു പ്രതികളെല്ലാം തന്നെ പാർച്ച്മെന്റിൽ എഴുതപ്പെട്ടവയാണ്. പുതിയനിയമത്തിന്റെ പ്രധാനപ്പെട്ട പപ്പിറസ് കയ്യെഴുത്തുപ്രതികൾ താഴെപറയുന്നവയാണ്. പപ്പിറസ് കയ്യെഴുത്തുകളെ സൂചിപ്പിക്കുവാൻ P എന്ന അക്ഷരവും അതിനു വലതുവശത്തായി ഒരു സംഖ്യയും ഉപയോഗിക്കുന്നു.

a) 45: 1931-ൽ ചെസ്റ്റർ ബീറ്റി (Chester Beatty) എന്ന അമേരിക്കകാരൻ ഈജ്പ്തിലെ ശ്മശാനഭൂമിയിൽ നിന്ന് കണ്ടെടുത്ത പപ്പിറസ് കയ്യെഴുത്തുപ്രതികളിൽ 12 എണ്ണത്തോളം വിലകൊടുത്തു സ്വന്തമാക്കി. അതിനുശേഷം ഈ കയ്യെഴുത്തുപ്രതികൾ 'ചെസ്റ്റർ ബീറ്റി പപ്പീരി' എന്നപേരിൽ അറിയപ്പെട്ടു. എ.ഡി. 200നും 225നും ഇടയ്ക്കുള്ള ഈ കയ്യെഴുത്തുപ്രതികളാണ് ലഭ്യമായിട്ടുള്ള ഏറ്റവും പുരാതനമായ പുതിയനിയമ കയ്യെഴുത്തുപ്രതികൾ. P 45 എന്നറിയപ്പെടുന്ന കയ്യെഴുത്തുപ്രതി ഇതിലൊന്നാണ്. യഥാർത്ഥത്തിൽ 220 താളുകളിലാക്കി 4 സുവിശേഷങ്ങളും ശ്ലീഹന്മാരുടെ നടപടിപുസ്തകവും ഉൾപ്പെട്ടിരുന്ന ഈ കയ്യെഴുത്തുപ്രതിയുടെ 30-ഓളം താളുകൾ മാത്രമേ നമുക്ക് ലഭ്യമായിട്ടുള്ളൂ.

b) p 46: p 46 വി. പൗലോസിന്റെ ലേഖനങ്ങളുൾക്കൊള്ളുന്ന 86 താളുകളുടെ സമാഹാരമാണ്. പക്ഷെ, പല ലേഖനങ്ങളുടെയും വിവിധഭാഗങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. കാതോലിക ലേഖനങ്ങൾ ഇതിൽ കാണപ്പെടുന്നില്ല.

c) p 47: ഇത് വെളിപാട് പുസ്തകത്തിന്റെ പത്തുതാളുകൾ ഉൾക്കൊള്ളുന്നു. ചെസ്റ്റർ ബീറ്റി പപ്പീരിയുടെ കാലംവരെ പപ്പിറസ് കൈയ്യെഴുത്തുപ്രതികളുടെ ഏറ്റവും പ്രധാനപ്പെട്ട ശേഖരണം എം. മാർട്ടിൻ ബോഡ്മർ എന്ന ജനീവക്കാരന്റേതായിരുന്നു. അവയിൽ പ്രധാനപ്പെട്ടവയാണ് താഴെപറയുന്നവ.

a) p 66: A.D. 200നോടടുത്ത് എഴുതപ്പെട്ട ഒരു കയ്യെഴുത്തുപ്രതി 1956-ൽ ബോഡ്മർ കണ്ടെടുത്തതായി പ്രഖ്യാപനം ചെയ്യപ്പെട്ടു. p 66 (ബോഡ്മർ II) എന്നറിയപ്പെടുന്ന ഈ കയ്യെഴുത്തുപ്രതി യോഹന്നാന്റെ സുവിശേഷത്തിന്റെ ഭൂരിഭാഗവും ഉൾക്കൊള്ളുന്നു.

b) p 72: 1959 ൽ പ്രസിദ്ധികരിക്കപ്പെട്ട ഈ കയ്യെഴുത്തുപ്രതി യൂദാശ്ലീഹായുടെ ലേഖനത്തിന്റെയും വി. പത്രോസിന്റെ രണ്ട് ലേഖനങ്ങളുടെയും നമുക്ക് ലഭ്യമായിട്ടുള്ള എറ്റവും പഴയ രേഖയാണ്.

c) p 75: 175നും 225നും ഇടയ്ക്ക് എഴുതപ്പെട്ട ഈ കയ്യെഴുത്തുപ്രതി ലൂക്കായുടെയും യോഹന്നാന്റെയും സുവിശേഷങ്ങൾ ഉൾക്കൊള്ളുന്നു. ലൂക്കായുടെ സുവിശേഷത്തിന്റെ ഏറ്റവും പഴയ കയ്യെഴുത്തുപ്രതിയാണിത്.

### *പഴയനിയമത്തിന്റെ പ്രധാനപ്പെട്ട തർജ്ജമകൾ*

### സമരിറ്റൻ പഞ്ചഗ്രന്ഥി

സമരിറ്റൻ പഞ്ചഗ്രന്ഥി യഥാർത്ഥത്തിൽ ഒരു തർജ്ജമയല്ല. മറിച്ച് ഇതു ഹീബ്രു പഞ്ചഗ്രന്ഥി സമറായലിപിയിൽ എഴുതിയതാണ് (transliteration). ബി.സി. 5-ാം നൂറ്റാണ്ടിൽ യഹൂദരും സമരിയാക്കാരും തമ്മിലുണ്ടായ സംഘർഷത്തെതുടർന്നാണ് സമരിറ്റൻ പഞ്ചഗ്രന്ഥി രൂപം പ്രാപിച്ചത്. സമരിയാക്കാർ ആരാധനാ സ്ഥലമായി ഷേക്കേം (ഇന്നത്തെ നാബ്ലൂസ്) തിരഞ്ഞെടുക്കുകയും പഞ്ചഗ്രന്ഥി അവരുടെ വി. ഗ്രന്ഥമായി സ്വീകരിക്കുകയും ചെയ്തു. സമരിറ്റൻ പഞ്ചഗ്രന്ഥി സ്വരങ്ങൾ ചേർത്ത ഹീബ്രുബൈബിളി (Massoretic text*) നോട് ഏതാണ്ട് 6000ത്തോളം ഭാഗങ്ങളിൽ വ്യാകരണത്തിന്റെയും അക്ഷരവിന്യാസത്തിന്റെയും കാര്യത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലഭാഗങ്ങളിൽ ഇത് ചാവുകടൽ ചുരുളുകളോട് സാദൃശ്യം പുലർത്തുകയും ഏകദേശം 1600-ളം ഭാഗങ്ങളിൽ ഗ്രീക്ക് സപ്തതിയോട് യോജിച്ചുപോവുകയും ചെയ്യുന്നു. സമരിറ്റൻ പഞ്ചഗ്രന്ഥിയെപ്പറ്റി സഭാപിതാക്കന്മാർക്ക് അറിവുണ്ടായിരുന്നെങ്കിലും അതിന്റെ ഒരുപകർപ്പ് എ.ഡി. 1616വരെ നമുക്ക് ലഭ്യമായിരുന്നില്ല. ഇത് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത് 1632ൽ പാരീസ് പോളിഗ്ലോട്ട് ബൈബിളിലാണ്. സമരിറ്റൻ പഞ്ചഗ്രന്ഥിയുടെ ഏറ്റവും പ്രധാനപ്പെട്ട പകർപ്പ് സമരിയാക്കാരുടെ കൈവശമുള്ള നാബ്ലൂസ്ചുരുൾ ആണ്. ഇതിന് ക്രിസ്തുവർഷത്തിന്റെ ആദ്യശതകത്തോളം പഴക്കമുണ്ട്. സമരിറ്റൻ പഞ്ചഗ്രന്ഥിയുടെ ഒരു പരിഷ്ക്കരിച്ച പതിപ്പ് 1914 -18 കാലഘട്ടങ്ങളിൽ എ ഫോൺ ഗോൾ എന്ന വ്യക്തി ജർമ്മനിയിൽ പ്രസിദ്ധീകരിച്ചു. 1963-ൽ ബർലിനിൽ ഇത് വീണ്ടും അച്ചടിക്കപ്പെട്ടു. സമരിറ്റൻ പഞ്ചഗ്രന്ഥി ഹീബ്രുബൈബിളിനുള്ള ഉത്തമ സാക്ഷ്യമാണ്.

മസ്സോരെറ്റുകൾ: എ.ഡി. 6-ാം നൂറ്റാണ്ടുമുതൽ മാത്രമാണ് ഹീബ്രുബൈബിളിൽ സ്വരചിഹ്നങ്ങൾ (vowels) ചേർത്തെഴുതാൻ തുടങ്ങിയത്. കാലം കടന്നുപോകുന്തോറും ദൈവവചനത്തിന്റെ ഉച്ചാരണശുദ്ധി കാത്തുസൂക്ഷിക്കുകയായിരുന്നു ഇതിനു പിന്നിലെ ലക്ഷ്യം. ഇതിനു ശ്രമിച്ചവർ ആദ്യം സമ്മേളിച്ചത് 'മസ്സോറ' എന്ന സ്ഥലത്താണ്. ഈ സംരംഭത്തിനുപിന്നിൽ പ്രവർത്തിച്ചവരെ മസ്സോറെറ്റുകൾ (Massorets) അഥവാ പാരമ്പര്യ സംരക്ഷകർ എന്നുവിളിക്കുന്നു.





### അറമായിക് തർഗും

ബാബിലോൺ പ്രവാസത്തിനുശേഷം യഹൂദർ തിരിച്ചുവന്നപ്പോൾ (ബി.സി. 5-ാം നൂറ്റാണ്ട്) അവരുടെ പ്രധാന സംസാരഭാഷ ഹീബ്രു എന്നതിലുപരി പേർഷ്യയിലെ ഔദ്യോഗിക ഭാഷയായിരുന്ന 'അറമായ'യായി മാറിയിരുന്നു. പക്ഷേ അപ്പോഴും വി.ഗ്രന്ഥഭാഷ ഹീബ്രു തന്നെയായിരുന്നു. അതുകൊണ്ട് സിനഗോഗുകളിൽ സംബന്ധിച്ചിരുന്നവർക്ക് വേണ്ടി ദൈവവചനങ്ങൾ അറമായ ഭാഷയിലേക്ക് തർജ്ജമ ചെയ്തു കൊടുക്കേണ്ടത് ആവശ്യമായി വന്നു. ഇങ്ങനെ വിവർത്തനം ചെയ്തിരുന്നവരെ 'ഇർഗെമാൻ' (വിവർത്തകർ) എന്നുവിളിച്ചു. എന്നാൽ ഈ വിവർത്തനങ്ങൾ ഒന്നും തന്നെ എഴുതപ്പെട്ടിട്ടില്ല. വാമൊഴിയായിട്ടാണ് ഇവ ദീർഘകാലം നിലനിന്നത്. എന്നാൽ കാലക്രമത്തിൽ ഈ വാമൊഴികൾക്ക് ലിഖിതരൂപം ലഭിച്ചു. ഇങ്ങനെ അറമായ ഭാഷയിൽ എഴുതപ്പെട്ട ബൈബിൾ വിവർത്തനത്തിനാണ് തർഗും (targum) തർജ്ജമ എന്നുപറയുന്നത്.

തർഗുമുകളെ അവയുടെ ഉത്ഭവത്തെ അടിസ്ഥാനമാക്കി രണ്ടായിതിരിക്കാം. ബാബിലോണിയൻ എന്നും പാലസ്തീനിയൻ എന്നും. പഞ്ചഗ്രന്ഥത്തിന് പല തർഗുമുകൾ ഉണ്ടായിട്ടുണ്ട്. പഞ്ചഗ്രന്ഥിയുടെ ഔദ്യോഗിക ബാബിലോണിയൻ തർഗുമിനെ 'തർഗും ഒങ്കലോ' എന്നുവിളിക്കുന്നു. ഇത് രചിക്കപ്പെട്ടത് ഏ.ഡി. 2-3 നൂറ്റാണ്ടിനിടയ്ക്കാണ്. ബാബിലോണിയായിലെ ഒങ്കലോസ് എന്ന വ്യക്തിയുടേതായിരുന്നു. ഈ വിവർത്തനം. പാലസ്തീനിയൻ അറമായിക് തർഗുമുകളിൽ ഏറ്റവും പ്രസിദ്ധമായിട്ടുള്ളത് ജോനാഥാൻ (Jonathan) എന്നറിയപ്പെടുന്ന ഒരു വിവർത്തനമാണ്. പഞ്ചഗ്രന്ഥിയുടെ പഴയ പാലസ്തീനിയൻ തർഗുമിന്റെ ഒരു മുഴുവൻ പകർപ്പാണ് 1957 ൽ വത്തിക്കാൻ ലൈബ്രറിയിൽ നിന്നും കണ്ടെടുത്ത നെയോഫിത്തികോഡ് 1 (codex neofiti ) പ്രവാചകഗ്രന്ഥങ്ങളുടെ ഔദ്യോഗിക തർഗും ബാബിലോണിയൻ തർഗുമാണ്. "തർഗും ജോനാഥൻ ബർ ഉസ്സിയേൻ കെത്തുബീം" വിഭാഗത്തിൽപ്പെടുന്ന മറ്റുഗ്രന്ഥങ്ങൾക്ക് അറമായിക് തർജ്ജമകൾ ലഭിക്കാൻ വളരെ കാലമെടുത്തു. എ.ഡി. 5 -ാം ശതകത്തിനുശേഷമാണ് ഇവയ്ക്ക് അറമായിക്

വിവർത്തനങ്ങൾ ഉണ്ടായത്. എസ്രാ, നെഹമിയ, ദാനിയേൽ എന്നിവയൊഴിച്ചുള്ള (എസ്രായുടെയും ദാനിയേലിന്റെയും ചിലഭാഗങ്ങൾ അറമായ ഭാഷയിലാണ് എഴുതപ്പെട്ടത്) കെത്തുബീം വിഭാഗത്തിൽപ്പെടുന്ന പുസ്തകങ്ങളുടെ തർഗുമുകൾ നമുക്കിന്ന് ലഭ്യമാണ്.

ബൈബിളിന്റെ അറമായ വിവർത്തനങ്ങൾ 5-ാം നൂറ്റാണ്ടിൽ വാമൊഴിയായി ആരംഭിച്ചിരുന്നെങ്കിലും നമുക്ക് ലഭ്യമായിട്ടുള്ള അറമായിക് തർഗുമുകളിൽ ഏറ്റവും പഴക്കം ചെന്നത് എ.ഡി. രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതാണ്.

### ഗ്രീക്കുസപ്തതി

മഹാനായ അലക്സാണ്ടറിന്റെ പാലസ്തീനിയായിലെ യവനവത്ക്കരണത്തിന്റെയും തുടർന്നുവന്ന ജനറൽമാരുടെ (ഈജിപ്ഷ്യൻ, സിറിയൻ) ഭരണത്തിന്റെയും കാലത്ത് പാലസ്തീനായും ഈജിപ്തും തമ്മിൽ ബന്ധങ്ങളുണ്ടാവുകയും യഹൂദർ ഈജിപ്തിൽ പോയി വസിക്കുകയും ചെയ്തു. അവിടെ ജനിച്ചുവളർന്ന അവരുടെ കുട്ടികൾക്ക് ഹീബ്രു അറിയില്ലാത്തതിനാൽ ഗ്രീക്കുഭാഷയിലെഴുതപ്പെട്ട ഒരു വി.ഗ്രന്ഥം അവർക്ക് ആവശ്യമായി തോന്നി. അങ്ങനെ ജറുസലെമിനുപുറത്ത് താമസിച്ചിരുന്ന യഹൂദർക്ക് വേണ്ടിയാണ് ഹീബ്രു ബൈബിൾ ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. അരിസ്റ്റിയാസിന്റെ ലേഖനത്തിൽ പറയുന്നതനുസരിച്ച് ഈജിപ്തിലെ ഭരണാധികാരിയായിരുന്ന ടോളമി ഫിലാഡൽഫൂസ് (285 -246 ബി.സി.) ഹീബ്രു ബൈബിൾ ഗ്രീക്കിലേക്ക് തർജ്ജമചെയ്യാൻ കുറച്ചുപേരെ ഈജിപ്തിലേക്കയക്കണമെന്നാവശ്യപ്പെട്ട് ജറുസലെമിലെ പ്രധാനപുരോഹിതന്റെ അടുക്കലേക്ക് ഒരു പ്രതിനിധിസംഘത്തെ അയച്ചു. അതനുസരിച്ച് ഇസ്രായേലിലെ 12 ഗോത്രങ്ങളിൽ നിന്നും 6 പേർ വീണ്ടും ഒരു ഹീബ്രു തോറയോട് കൂടി അലക്സാണ്ട്രിയയിലേക്ക് അയയ്ക്കപ്പെട്ടു. ഇവർ ഹീബ്രു പഞ്ചഗ്രന്ഥി 72 ദിവസം കൊണ്ട് തർജ്ജമ ചെയ്തു. ഈ കഥയ്ക്ക് പല ഭാഷ്യങ്ങളുണ്ട്. എന്തായാലും ഈ തർജ്ജമയ്ക്ക് സെപ്ത്വജിന്ത് (എഴുപത്) എന്ന പേര് നൽകപ്പെട്ടു. ലത്തീൻ സംഖ്യാക്രമമനുസരിച്ചുള്ള പ്രതീകമാണ് LXX എന്നുള്ളത്. എഴുപത് എന്നർത്ഥം. പഞ്ചഗ്രന്ഥം ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത് ബി.സി. 275ൽ ആയിരുന്നുവെന്ന് കരുതപ്പെടുന്നു. തുടർന്ന് പ്രവാചകഗ്രന്ഥങ്ങളും ലിഖിത വിഭാഗത്തിൽപ്പെടുന്ന പുസ്തകങ്ങളും ഗ്രീക്കിലേക്ക് തർജ്ജുമചെയ്യപ്പെട്ടു. ഈശോ ബെൻസീറാക്കിന്റെ കാലത്തോടുകൂടി (ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനം) പഴയനിയമത്തിലെ എല്ലാ പുസ്തകങ്ങളും ഗ്രീക്കിലേക്ക് തർജ്ജുമ ചെയ്യപ്പെ





ട്ടു. ആരംഭത്തിൽ സപ്തതി എന്ന പേര് ഗ്രീക്ക് പഞ്ചഗ്രന്ഥിയെ സൂചിപ്പിക്കാനാണ് ഉപയോഗിച്ചതെങ്കിലും പിന്നീട് അത് ഗ്രീക്കിലെഴുതപ്പെട്ട പഴയനിയമത്തിനുമുഴുവൻ ബാധകമായി. ഗ്രീക്കുസപ്തതിയിൽ ഹീബ്രു ബൈബിളിലെ പുസ്തകങ്ങൾ കൂടാതെ അപ്രമാണിക ഗ്രന്ഥങ്ങൾ കൂടി ഉൾപ്പെടുത്തിയിരുന്നു. കൂടാതെ കുറേയെറെ ഭാഗങ്ങൾ ക്രമം തെറ്റിച്ച് എഴുതിയിരുന്നു (ഉദാ: സങ്കീർത്തനങ്ങൾ). ജോബിന്റെ പുസ്തകം ഹീബ്രു ബൈബിളിനെ അപേക്ഷിച്ച് ഗ്രീക്കു സപ്തതിയിൽ വളരെ ചെറുതായിരുന്നു.

### അക്വില

ആദിമക്രൈസ്തവരും യഹൂദർക്കൊപ്പം തന്നെ ഗ്രീക്കുസപ്തതി ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ അതിന് യഹൂദന്മാർക്കിടയിലുണ്ടായിരുന്ന മതിപ്പ് നഷ്ടപ്പെട്ടു. ക്രമേണ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ഹീബ്രു ബൈബിളിന്റെ ഗ്രീക്കിലുള്ള മറ്റു തർജ്ജമകൾ ഉടലെടുത്തത്. ഇങ്ങനെ സപ്തതിക്ക് ശേഷം ആദ്യമായി പഴയനിയമം ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തത് സീനോപ്പെയിലെ (ഏഷ്യാമൈനർ) അക്വില എന്നുപറയുന്നയാളാണ്. എ.ഡി 130നോടടുത്താണ് അക്വില ഹീബ്രു ബൈബിൾ വിവർത്തനം ചെയ്തത്. ഇതൊരു പദാനുപദ വിവർത്തനമായിരുന്നു. റബ്ബി അക്കിബ ആയിരുന്നു ഇതിനുമേൽനോട്ടം വഹിച്ചത്. ഇതിന്റെ വളരെ ചുരുക്കം ഭാഗങ്ങളേ നമുക്കിന്ന് ലഭ്യമായിട്ടുള്ളൂ.

### തെയോഡോഷ്യൻ

തെയോഡോഷ്യൻ എ.ഡി രണ്ടാം നൂറ്റാണ്ടിലാണ് ഹീബ്രു ബൈബിൾ ഗ്രീക്കിലേക്ക് തർജ്ജമ ചെയ്തത്. ഗ്രീക്കുസപ്തതിയെ ഒരു പുന:പരിശോധന നടത്തി വീണ്ടും പ്രസിദ്ധീകരിക്കുകയാണ് അദ്ദേഹം ചെയ്തത്. ഇത് വളരെയേറെ ജനപ്രീതിനേടി. ഒരേ പദങ്ങൾക്ക് എല്ലായിടത്തും അർത്ഥം നിജപ്പെടുത്തുന്നതിന് അദ്ദേഹം സവിശേഷ ശ്രദ്ധവച്ചു. ആവശ്യമെന്നുതോന്നിയ ഇടങ്ങളിൽ ഹീബ്രു മൂലപദങ്ങൾ അതേപടി ഗ്രീക്ക് അക്ഷരങ്ങളിൽ എഴുതിച്ചേർക്കുകയും ചെയ്തു. ഇതിന്റെ ഉത്ഭവം വ്യക്തമല്ല. പുതിയനിയമകർത്താക്കൾ പഴയനിയമത്തിന്റെ ഗ്രീക്കുവിവർത്തനം ഉദ്ധരിച്ചപ്പോൾ സപ്തതിയേക്കാളും കൂടുതലായി ഉപയോഗിച്ചത് തെയോഡേഷ്യൻ തർജ്ജമ ആയിരുന്നു. (ഉദാ: വെളിപാടിൽ ഉദ്ധരിച്ചിട്ടുള്ള ദാനിയേലിന്റെ പുസ്തകത്തിലെ വചനങ്ങൾ) ഇത് രണ്ടാം നൂററാണ്ടിന് മുമ്പുള്ള ഒരു തെയോഡേഷ്യൻ തർജ്ജമയിലേക്ക് വിരൽ ചൂണ്ടുന്നു. ഈ തർജ്ജമയായിരിക്കണം പിന്നീട് രണ്ടാം നൂറ്റാണ്ടിൽ തെയോഡേഷ്യന്റെ പേരിൽ ആരോപിക്കപ്പെട്ടത്. ഈ സാങ്കൽപിക

തെയോഡോഷ്യൻ തർജ്ജമയെ ഗ്രീക്കുസപ്തതിയിലെ പോരായ്മകൾ പരിഹരിക്കാനുള്ള ഒരു വാചിക പാരമ്പര്യമായി കണക്കാക്കുകയും രണ്ടാം നൂറ്റാണ്ടിൽ തെയോഡോഷ്യൻ ഇതിനെ ലിഖിത രൂപത്തിലാക്കുകയും ചെയ്തുവെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. ഒരിജൻ തന്റെ 'ഹെക്സപ്ല'യുടെ നിർമ്മാണത്തിൽ ഈ തർജ്ജമ വളരെയധികം ഉപയോഗിച്ചിട്ടുണ്ട്.

### സിമ്മാക്കൂസ് (എ.ഡി. 170)

എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പഴയ നിയമത്തിന്റെ മറ്റൊരു പരിഭാഷ രചിക്കപ്പെട്ടു. എവുസേബിയൂസും ജറോമും 'എബിയോണൈറ്റ്' എന്നു വിശേഷിപ്പിക്കുന്ന സിമ്മാക്കൂസ് ആയിരുന്നു ഇതിന്റെ കർത്താവ്. ഒരിജൻ തന്റെ ഹെക്സാപ്ലായിലെ നാലാമത്തെ കോളത്തിൽ ഈ വിവർത്തനം ഉപയോഗിക്കുന്നുണ്ട്. സിമ്മാക്കൂസ് തന്റെ തർജ്ജമയ്ക്ക് അക്വിലായുടെയും തെയോഡോഷ്യന്റെയും വിവർത്തനം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റേതായ ഒരു തനതുശൈലി ഇതിൽ കാണാം. കൂടുതൽ കൃത്യതയാർന്ന ഒരു തർജ്ജമയാണിതെന്നുപറയാം. വി. ഗ്രന്ഥം ലത്തീനിലേക്ക് തർജ്ജമ ചെയ്യാൻ വി.ജറോം സിമ്മാക്കൂസിന്റെ വിവർത്തനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സിമ്മാക്കൂസിന്റെ തർജ്ജമ ഇന്നു പൂർണ്ണരൂപത്തിൽ നമുക്ക് ലഭ്യമല്ല. എങ്കിൽ തന്നെയും നമുക്ക് ലഭ്യമായവ അദ്ദേഹത്തിന്റെ ലളിതവും മനോഹരവുമായ ഭാഷാശൈലിയുടെ ഉത്തമനിദർശനങ്ങളായി നിലകൊള്ളുന്നു.

### ഹെക്സപ്ലാ (Hexapla)

ബൈബിൾ തർജ്ജമകൾ നഷ്ടപ്പെടാതെ വരും തലമുറകൾക്ക്വേണ്ടി കാത്തുസൂക്ഷിക്കുവാൻ അലക്സാണ്ട്രിയായിലെ സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനും സഭാപിതാക്കന്മാരുടെ സമകാലികനുമായിരുന്ന ഒരിജൻ രചിച്ച ഒരു ബ്രഹത് ഗ്രന്ഥമാണ് "ഹെക്സപ്ല" (ആറുതരം). മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുതപ്പെടാൻ തുടങ്ങിയ ഈ കൃതി എ.ഡി. 245-ടു കൂടിയാണ് പൂർത്തിയായത്. ഹെക്സപ്ലാ സംവിധാനം ചെയ്തിരിക്കുന്നത് ഒരു പ്രത്യേക രീതിയിലാണ്. മുകളിൽ നിന്ന് താഴോട്ട് ഒരിജൻ ആറുകോളങ്ങൾ തിരിച്ചു. ആദ്യത്തെ കോളത്തിൽ പഴയനിയമത്തിന്റെ ഹീബ്രുമൂലം എഴുതി. അതുതന്നെ ഗ്രീക്കുലിപികളിൽ രണ്ടാം കോളത്തിലും എഴുതി. മൂന്ന്, നാല്, അഞ്ച് എന്നീ കോളങ്ങളിൽ യഥാക്രമം അക്വില, സിമ്മാക്കൂസ്, സപ്തതി എന്നിവ എഴുതി. ആറാമത്തെ കോളത്തിൽ തെയോഡോഷ്യന്റെ ഗ്രീക്കു തർജ്ജമയും എഴുതിച്ചേർത്തു. ഈ കൃതി





അതിന്റെ പൂർണ്ണരൂപത്തിൽ 7000 പേജിനോടടുത്ത് വരുമായിരുന്നു. ഹെക്സപ്ലായുടെ മൂലകയ്യെഴുത്തുപ്രതി എ.ഡി. 600 വരെ നിലവിലിരുന്നതായി കാണാമെങ്കിലും ഇന്ന് അതിന്റെ ചില ഭാഗങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളൂ. ഭാഗ്യമെന്നുപറയട്ടെ, ഹെക്സപ്ലായുടെ അഞ്ചാമത്തെ കോളം (സപ്തതി) പലപ്രാവശ്യം പലരാൽ പകർത്തിയെഴുതപ്പെട്ടിട്ടുണ്ട്. അങ്ങനെ നമുക്കിന്നത് ലഭ്യമാണ്, ഇതുകൂടാതെ ഏഴാം നൂറ്റാണ്ടിലെ മുസ്ലീം ആക്രമണത്തിൽ ഹെക്സപ്ലാ നല്കപ്പെടുന്നതിന് മുമ്പ് തന്നെ ഈ സപ്തതി സുറിയാനിയിലേക്ക് വിവർ ത്തനം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു.

### *പുതിയനിയമത്തിന്റെ പ്രധാനപ്പെട്ട തർജ്ജമകൾ*

### പൗരസ്ത്യ തർജ്ജമകൾ

### ദിയാത്തെസ്സറോൺ

ഗ്രീക്കിലെഴുതപ്പെട്ട സുവിശേഷങ്ങൾ സുറിയാനിയിലേക്ക് തർജ്ജമ ചെയ്യാൻ നടത്തപ്പെട്ട ആദ്യകാലശ്രമങ്ങളുടെ ഒരു ഫലമാണ് ദിയാത്തെസ്സറോൺ. നാലു സുവിശേഷങ്ങളുടെയും ഒരു സമന്വയമാണ് ദിയാത്തെസ്സറോൺ. ഈശോയുടെ ജീവചരിത്രവും പ്രബോധനങ്ങളും അനുക്രമമായി ഇതിൽ വിന്യസിച്ചിരിക്കുന്നു. രക്തസാക്ഷിയായ ജസ്റ്റിന്റെ ശിഷ്യനായ തസ്സിയാൻ (Tatian) ആണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. എ.ഡി. 170 ൽ ആണ് ഇത് നിർമ്മിക്കപ്പെട്ടതെന്ന് കരുതുന്നു. പൗരസ്ത്യദേശത്ത് ഇത് മിശ്രസുവിശേഷം (mixed gospel) എന്നറിയപ്പെട്ടു. മൂലകൃതി നഷ്ടപ്പെട്ടുപോയത് കൊണ്ട് തസ്സിയാൻ ആദ്യം രചന നടത്തിയത് ഗ്രീക്കിലാണോ, സുറിയാനിയിലാണോ എന്നുപറയുവാൻ വിഷമമാണ്. ഈ കൃതിയിൽ 55 അദ്ധ്യായങ്ങളുണ്ട്. ദിയാതെസ്സറോൺ സുറിയാനി സഭയുടെ ആരാധനാ ക്രമത്തിൽ ദീർഘകാലം ഔദ്യോഗികമായി ഉപയോഗിച്ചിരുന്നു. (5-ാം നൂറ്റാണ്ടുമുതൽ 4 കാനോനിക സുവിശേഷങ്ങൾ ഉപയോഗിക്കാൻ തുടങ്ങി). ഈ കൃതി വളരെയേറെ ജനപ്രീതിനേടിയതിന്റെ ഫലമായി പേർഷ്യൻ, അറബിക്, ലത്തീൻ, ഡച്ച്, ജർമ്മൻ (medieval)പഴയ ഇറ്റാലിയൻ ഇംഗ്ലീഷ് (middle age) എന്നീ ഭാഷകളിലേക്ക് ഇത് തർജ്ജമ ചെയ്യപ്പെട്ടു. 1933 ൽ ദിയാത്തെസ്സറോന്റെ ഗ്രീക്കിലെഴുതപ്പെട്ട ചെറിയ ഒരു ഭാഗം കണ്ടെടുത്തത് തെസ്സിയാൻ ആദ്യം ഗ്രീക്കിൽ ഈ കൃതി രചിച്ചതിന് ശേഷം പിന്നീട് സുറിയാനിയിലേക്ക് തർജ്ജമ ചെയ്തതാണോ അതോ സുറിയാനിയിലാണോ ആദ്യമെ തന്നെ രചന നടത്തിയത് എന്ന തർക്കത്തിനിടയാക്കി. വി. അപ്രേം നാലാം നൂറ്റാണ്ടിൽ ഈ ഗ്രന്ഥത്തിന് ഒരു വ്യാഖ്യാനം എഴുതി. ദിയാത്തെസ്സറോണിനെക്കുറിച്ച് അറിയാ

നുള്ള ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സാണിത്. ഇതിനുപുറമെ ഈ കൃതിയുടെ ആറാം നൂറ്റാണ്ടിലെ ഒരു അർമ്മേനിയൻ വിവർത്തനവും ലഭ്യമായിട്ടുണ്ട്.

## ക്യൂററ്റോണിയൻ സിറിയക്

ദിയാത്തെസ്സറോണിനോടൊപ്പം തന്നെ സുവിശേഷങ്ങളുടെ മറ്റു സുറിയാനി വിവർത്തനങ്ങളും പ്രചരിച്ചിരുന്നു. അവ പഴയ സുറിയാനി വിവർത്തനങ്ങൾ (old syriac versions) എന്നറിയപ്പെടുന്നു. അവയിലൊന്നാണ് ക്യൂററ്റോണിയൻ സിറിയക്. 1842 വരെ പഴയ സുറിയാനി വിവർത്തനങ്ങളെക്കുറിച്ച് നമുക്കുള്ള അറിവ് തുലോം പരിമിതമായിരുന്നു. എന്നാൽ 1842-ൽ അഞ്ചാം നൂറ്റാണ്ടിലെഴുതപ്പെട്ട സുവിശേഷങ്ങളുടെ ചെറിയ ഭാഗങ്ങളുടെ ഒരു പതിപ്പ് ഒരു കൂട്ടം സുറിയാനി കയ്യെഴുത്തുപ്രതികളോട് കൂടി ബ്രിട്ടീഷ് മ്യൂസിയത്തിന് ലഭിച്ചു. മ്യൂസിയത്തിലെ ഉദ്യോഗസ്ഥനായ ഡോ. ക്യൂർട്ടോൺ ഈ പതിപ്പ് ക്രമീകരിക്കുകയും സുവിശേഷത്തിന്റെ പഴയ ഒരു സുറിയാനി പരിഭാഷയാണിതെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിപ്പോൾ അറിയപ്പെടുന്നത് ക്യൂർട്ടോണിയൽ സിറിയക് (Curetonial Syriac) എന്നപേരിലാണ്.

## സിനായിറ്റിക് സിറിയക്

1892-ൽ നാലു സുവിശേഷങ്ങളുടെയും സുറിയാനിയിലുള്ള വിവർത്തനത്തിന്റെ ഒരു പാംലിപ്സെസ്റ്റ് കയ്യെഴുത്തുപ്രതി വി.കാതറിന്റെ ആശ്രമത്തിൽ നിന്ന് കണ്ടെടുക്കുകയുണ്ടായി. ഇത് സിനായിറ്റിക് സിറിയക് എന്ന പേരിൽ അറിയപ്പെടുന്നു. ഇത് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ, മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ എഴുതപ്പെട്ടതാണ്. പക്ഷെ ശ്ലീഹന്മാരുടെ നടപടിയുടെയും ലേഖനങ്ങളുടെയും പഴയസുറിയാനി വിവർത്തനങ്ങളിൽ ഒരെണ്ണം പോലും കണ്ടെടുക്കപ്പെട്ടില്ല. പക്ഷെ അവയിൽ നിന്നുള്ള ഉദ്ധരണികൾ സഭാപിതാക്കന്മാരുടെ രചനകളിൽ കാണാം. കാലക്രമത്തിൽ പഴയസുറിയാനി വിവർത്തനങ്ങൾ പ്ശീത്തയുടെ വരവോടെ അവഗണിക്കപ്പെട്ടു.

## പ്ശീത്ത (ലളിതം)

'പ്ശീത്ത' എന്ന സുറിയാനി പദത്തിന്റെ അർത്ഥം ലളിതം എന്നാണ്. വി.ഗ്രന്ഥത്തിന്റെ സുറിയാനി പരിഭാഷയാണ് പ്ശീത്ത. പ്ശീത്ത അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽതന്നെ സുറിയാനി സഭകളിൽ ഉപയോഗത്തിലുണ്ടായിരുന്നു. പ്ശീത്ത പഴയനിയമവും പുതിയനിയമവും ഉൾക്കൊണ്ടിരുന്നു. ഇതിലെ പഞ്ചഗ്രന്ഥി സുറിയാനി





യിലേക്ക് തർജ്ജമ ചെയ്യപ്പെട്ടത് എ.ഡി. മൂന്നാം നൂറ്റാണ്ടിലോ, നാലാം നൂറ്റാണ്ടിലോ ആയിരിക്കണം. സപ്തതിയിൽ നിന്നും വുൾഗാത്തയിൽ നിന്നും വ്യത്യസ്തമായി മൂലകയ്യെഴുത്തുപ്രതിയിൽ അപ്രമാണിക ഗ്രന്ഥങ്ങൾ ഉപേക്ഷിച്ചിരുന്നു. പിന്നീട് അവ പ്ശീത്തയോട് കൂട്ടിച്ചേർക്കുകയാണുണ്ടായത്. പ്ശീത്ത അതിന്റെ ഔദ്യോഗിക രൂപത്തിൽ പുതിയ നിയമത്തിലെ 22 പുസ്തകങ്ങൾ മാത്രമേ ഉൾക്കൊണ്ടിരുന്നുള്ളൂ. ഉപേക്ഷിക്കപ്പെട്ടിരുന്നവ, പത്രോസിന്റെ രണ്ടാംലേഖനം, യോഹന്നാന്റെ രണ്ടും,മൂന്നും ലേഖനങ്ങൾ യൂദായുടെ ലേഖനം വെളിപാട് എന്നിവയാണ്. പ്ശീത്തയുടെ പുതിയനിയമത്തിന്റെ 350 ൽ കൂടുതൽ കയ്യെഴുത്തുപ്രതികൾ ഇന്ന് ലഭ്യമാണ്. ഇന്നുനമുക്ക് ലഭ്യമായിട്ടുള്ള പ്ശീത്തയുടെ ഏറ്റവും പ്രാചീനരേഖ എ.ഡി. 442-ൽ എഴുതപ്പെട്ടതാണ്.

## കോപ്റ്റിക് തർജ്ജമകൾ (Coptic Versions)

ക്രിസ്തുവർഷത്തിന്റെ ആദ്യശതകങ്ങളിൽ ഈജിപ്തിൽ പല തരം ഭാഷാഭേദങ്ങൾ അല്ലെങ്കിൽ ഉപഭാഷകൾ നിലവിലുണ്ടായിരുന്നു. അലക്സാണ്ട്രിയായിലെ ഗ്രീക്കുസംസാരിക്കുന്ന ദേശങ്ങൾക്ക് പുറത്തുള്ള സാധാരണക്കാരുടെ ഭാഷ ബൊഹൈറിക് (Bohairic) ആയിരുന്നു. നൈലിന്റെ ഉത്ഭവസ്ഥാനങ്ങളിൽ താമസിച്ചിരുന്നവർ സംസാരിച്ച ഭാഷ സാഹിദിക് ആയിരുന്നു. ഇന്നും കോപ്റ്റിക് സഭയുടെ ആരാധനാ ക്രമത്തിൽ ഉപയോഗിക്കുന്ന ഭാഷ ബൊഹൈറിക് ആണ്. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പുതിയനിയമത്തിന്റെ ചിലഭാഗങ്ങൾ സാഹിദിക്കിലേക്ക് തർജ്ജമചെയ്യപ്പെട്ടു. ബൊഹൈറിക് തർജ്ജമകൾ വരുന്നത് ഇതിനുശേഷമാണ്. ഈ തർജ്ജമകളാണ് കോപ്റ്റിക് തർജ്ജമകൾ എന്നറിയപ്പെടുന്നത്.

## അർമ്മേനിയൻ തർജ്ജമ

തർജ്ജമകളിൽ വച്ചേറ്റവും മനോഹരവും കൃത്യവുമായ ഈ തർജ്ജമ അറിയപ്പെടുന്നത് "തർജ്ജമകളുടെ രാജ്ഞി" എന്നപേരിലാണ്. വുൾഗാത്തയെ ഒഴിച്ചുനിർത്തിയാൽ മറ്റു പല തർജ്ജമകളുടെയും കയ്യെഴുത്തുപ്രതികളെ അപേക്ഷിച്ച് അർമ്മേനിയൻ തർജ്ജമയുടെ ഭൂരിഭാഗം കയ്യെഴുത്തുപ്രതികളും നിലവിലുണ്ട്. ക്രിസ്തുമതം അർമ്മേനിയയിൽ എത്തിയത് 3-ാം നൂറ്റാണ്ടിലാണ്. താമസിയാതെ ക്രിസ്തുമതം അർമ്മേനിയയുടെ ഔദ്യോഗികമതമായിത്തീർന്നു. അഞ്ചാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മെസ്രോപ്പ് എന്ന വ്യക്തി അർമ്മേനിയൻ അക്ഷരമാലയ്ക്ക് രൂപം കൊടുത്തു. അതിനുശേഷമായിരിക്കണം ഈ തർജ്ജമ നിലവിൽ വന്നത്. ബൈബിൾ അർമ്മേനിയൻ ഭാഷയിലേക്ക് തർജ്ജമ ചെയ്തത് ഗ്രീക്കിൽ

നിന്നാണോ സുറിയാനിയിൽ നിന്നാണോ എന്നുള്ളത് ഒരു തർക്ക വിഷയമാണ്

**ജോർജ്ജിയൻ തർജ്ജമ**

ക്രിസ്തുമതം ജോർജിയയിൽ ആദ്യമായി പ്രഘോഷിക്കപ്പെടുന്നത് 4-ാം നൂറ്റാണ്ടിലാണ്. 5 -ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ സുവിശേഷങ്ങൾ ജോർജ്ജിയൻ ഭാഷയിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു. മിക്ക പണ്ഡിതരുടെയും അഭിപ്രായത്തിൽ അർമ്മേനിയൻ തർജ്ജമയിൽ നിന്നുമാണ് ഈ വിവർത്തനം നടന്നത് പിന്നീടതിന് വേണ്ട ഭേദഗതികൾ വരുത്തി ഗ്രീക്കുമൂലത്തോട് അനുരൂപപ്പെടുത്തി. ഈ തർജ്ജമയിലെ സുവിശേഷത്തിന്റെ ഏറ്റവും പഴയ കയ്യെഴുത്തുപ്രതി എ.ഡി. 897-ലേതെന്നു കരുതപ്പെടുന്ന ആദിഷ് രേഖയാണ്.

**എത്യോപ്യൻ തർജ്ജമ**

എത്യോപ്യൻ തർജ്ജമ രൂപംകൊണ്ടത് 4-ാം നൂറ്റാണ്ടിലാണെന്ന് ചില ബൈബിൾ പണ്ഡിതന്മാർ വാദിക്കുമ്പോൾ 6-ാം നൂറ്റാണ്ടിലെയോ, 7-ാം നൂറ്റാണ്ടിലെയോ ആണിതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഗെയ്ത്സ് എന്നറിയപ്പെടുന്ന പഴയ എത്യോപ്യൻ തർജ്ജമ ഗ്രീക്കിൽ നിന്നാണോ സുറിയാനിയിൽ നിന്നാണോ ഭാഷ്യാന്തരം ചെയ്തത് എന്ന കാര്യത്തിലും സംശയമുണ്ട്. പിന്നീട് ഈ വിവർത്തനം നവീകരിക്കപ്പെട്ടത് ഗ്രീക്കുമുലത്തിന്റെ വെളിച്ചത്തിലാണ്. ഇന്ന് ലഭ്യമായിരിക്കുന്ന എത്യോപ്യൻ തർജ്ജമയുടെ ഏറ്റവും പഴയ കയ്യെഴുത്തുപ്രതി 4 സുവിശേഷങ്ങൾ ഉൾക്കൊള്ളുന്ന 13-ാം നൂറ്റാണ്ടിലെ ഒരു കോഡെക്സാണ്.

**മറ്റു പൗരസ്ത്യ തർജ്ജമകൾ**

വി. ഗ്രന്ഥം മുകളിൽ പറഞ്ഞവ കൂടാതെ അറബിക്, പേർഷ്യൻ തുടങ്ങിയ പൗരസ്ത്യഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടു.

***പുരാതന പാശ്ചാത്യ തർജ്ജമകൾ***

**പഴയ ലത്തീൻ തർജ്ജമകൾ**

ലത്തീൻ പാശ്ചാത്യരുടെ പ്രധാന സംസാരഭാഷയായി മാറിയപ്പോൾ ലത്തീനിലുള്ള വി. ഗ്രന്ഥത്തിന്റെ ആവശ്യം ഉയർന്നുവന്നു. ബൈബിൾ ലത്തീനിലേക്ക് വിവർത്തനം ചെയ്യാനുള്ള ആദ്യശ്രമങ്ങൾ നടന്നത് ആഫ്രിക്കയിലെ റോമൻ പ്രവിശ്യയിലാണ്. അങ്ങനെ മൂന്നാം നൂറ്റാണ്ടായപ്പോഴേക്കും പല ലത്തീൻ തർജ്ജമകൾ ഉത്തര ആഫ്രിക്കയിലും യൂറോപ്പിലും പ്രചാരത്തിൽ വന്നു. പക്ഷെ ബൈബിൾ അതിന്റെ പൂർണ്ണരൂപത്തിൽ ഉള്ള ഒരു കോഡെക്സു പോലും ഇന്ന് നിലവിലില്ല. എങ്കിലും സുവിശേഷങ്ങളുടെയും അപ്പ





സ്തോലന്മാരുടെ പ്രവർത്തനങ്ങളുടെയും കയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്.

ആഫ്രിക്കൻ കുടുംബത്തിലെ പഴയ ലത്തീൻ തർജ്ജമകളുടെ പ്രധാനപ്പെട്ട കയ്യെഴുത്തുപ്രതികൾ പലാറ്റിനൂസ് കോഡ്, ബോബിലെൻസിസ് കോഡ് എന്നിവയാണ്. യൂറോപ്യൻ കുടുംബത്തിലെ പ്രധാനപ്പെട്ട കയ്യെഴുത്തുപ്രതികൾ വെർച്ചെല്ലെൻസിസ് കോഡ്, വേറോന്തേൻ സർവ്വീസ് കോഡ്, കോൾബട്ടീസൂസ് കോഡ്, 'ഗിഗാസ്' എന്നറിയപ്പെടുന്ന കയ്യെഴുത്തുപ്രതി, എന്നിവയാണ്.

**വുൾഗാത്ത**

എ.ഡി. നാലാം നൂറ്റാണ്ടായപ്പോഴേക്കും പഴയ ലത്തീൻ തർജ്ജുമയുടെ പലതരം രൂപങ്ങൾ പ്രചരിച്ചിരുന്നു. അതിനാൽ പഴയ ലത്തീൻ വിവർത്തനം പുന:പരിശോധിച്ച് മൂലഗ്രന്ഥത്തോട് വിശ്വസ്തത പുലർത്തുന്ന ഒരു നൂതന ലത്തീൻ പരിഭാഷയുണ്ടാക്കാൻ ഭാഗ്യസ്മരണാർഹനായ ഡമാസൂസ് മാർപ്പാപ്പ , സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായിരുന്ന വി. ജറോമിനെ ചുമതലപ്പെടുത്തി. മാർപ്പാപ്പ തന്നെയേൽപ്പിച്ച ജോലി ജറോം ആരംഭിച്ചത് (എ.ഡി. 383) റോമിൽ വച്ചായിരുന്നെങ്കിലും പിന്നീട് ബത്‌ലഹേമിലേക്ക് പോയി. ഒരു ഗുഹയിൽ എകദേശം 25 വർഷത്തോളം താമസിച്ചാണ് അദ്ദേഹം തന്റെ ജോലി പൂർത്തിയാക്കിയത്. എ.ഡി. 405 ൽ പുറത്തുവന്ന ലത്തീനിലുള്ള ഈ പുതിയ പരിഭാഷ വുൾഗാത്ത (സാധാരണ ജനകീയം) എന്നപേരിൽ അറിയപ്പെട്ടു. 1546 ൽ തെന്ത്രോസ് സുനഹദോസ് ഇതിനെ റോമൻ കത്തോലിക്കാസഭയുടെ ഔദ്യോഗിക ബൈബിളായി പ്രഖ്യാപിച്ചു. വുൾഗാത്തയുടെ ഏകദേശം 8000 - ഓളം കയ്യെഴുത്തുപ്രതികൾ നിലവിലുണ്ട്.

**ഗോഥിക് തർജ്ജമ**

നാലാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഡാന്യൂബ് താഴ്വരയിലെ ഗോഥുകളുടെ ഇടയിലെ ഒരു മിഷനറിയായിരുന്ന ഉൾഫിലാസ് ബൈബിൾ ഗ്രീക്കിൽ നിന്നും ഗോഥിക് ഭാഷയിലേക്ക് തർജ്ജമ ചെയ്തു.

**പഴയ സ്ലോവാനിക് തർജ്ജമ**

9-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ പൂർവ്വയൂറോപ്പിലെ മൊറാവിയൻ സാമ്രാജ്യ (Moravian) ത്തിലെ രാജാവായിരുന്ന റോസ്തിസ്ലാവി (Rostislav) ന്റെ അഭ്യർത്ഥനയെ തുടർന്ന് (863-ൽ രണ്ട് സ്ലൊവാനിക് പുരോഹിതർ കോൺസ്റ്റെൻന്റെൻ മെത്തോഡിയസ്) ഗ്രീക്കിൽ നിന്നും സ്ലൊവാണിക് ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തു.

# 04

# സഭാപിതാക്കന്മാരും ബൈബിൾ വ്യാഖ്യാനവും

അപ്പസ്തോലന്മാർ കഴിഞ്ഞാൽ ക്രിസ്തുവിന്റെ ജീവിതവും പഠനവുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരുന്നവരാണ് സഭാപിതാക്കന്മാർ. അവർ ഉപയുക്തമാക്കിയ വിവിധ ബൈബിൾ വ്യാഖ്യാനരീതികളെക്കുറിച്ചും ജീവിതോന്മുഖവും ബൈബിളധിഷ്ഠിതവുമായ ഒരു ആദ്ധ്യാത്മികത കരുപ്പിടിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ചും മനസ്സിലാക്കാം.

മനുഷ്യവചനങ്ങളിൽ എഴുതപ്പെട്ട ദൈവത്തിന്റെ വചനമായി വി.ഗ്രന്ഥം വിശേഷിപ്പിക്കപ്പെടാറുണ്ട്. ദൈവവചനം മനുഷ്യവചനങ്ങളിൽ നിന്ന് വേർതിരിക്കുകയും അങ്ങനെ ദൈവം നൽകുന്ന സന്ദേശം വായനക്കാർക്ക് മനസ്സിലാക്കി കൊടുക്കുകയുമാണ് ബൈബിൾ വ്യാഖ്യാനത്തിന്റെ ഉദ്ദേശ്യം. ഈ ശ്രമത്തിൽ വ്യാഖ്യാതാവ് മാനുഷിക പദങ്ങളും ഭാഷയും ഉപയുക്തമാക്കുകയും ചിലപ്പോഴെല്ലാം അവയ്ക്കതീതമായ അർത്ഥം തേടുകയും ചെയ്യുന്നു. തന്മൂലം വി. ഗ്രന്ഥ വ്യാഖ്യാനത്തിന് ഒരേസമയം അതിന്റേതായ പരിമിതികൾക്കും വിശകലനത്തിനും ആശയപുരോഗതിക്കുമുള്ള സാദ്ധ്യതകളും ഉണ്ട്.

വി.ഗ്രന്ഥം ശരിയായി മനസ്സിലാക്കുന്നതിന് നമ്മെ സഹായിക്കുന്ന ശ്രേഷ്ഠവ്യക്തികളാണ് സഭാപിതാക്ക





ന്മാർ. ഈശോയുടെയും, അപ്പസ്തോലന്മാരുടെയും ജീവിതകാലത്തോടും, പുതിയനിയമ സാഹചര്യങ്ങളോടും വളരെ അടുത്താണ് അവർ ജീവിച്ചിരുന്നത്. തന്മൂലം സവിശേഷ ചൈതന്യം വളരെ വേഗം സ്വായത്തമാക്കാനും അവികലമായ പാരമ്പര്യം കൈമുതലാക്കാനും അവർക്ക് കഴിഞ്ഞു. അവരിൽ ചിലരാകട്ടെ അപ്പസ്തോലന്മാരുടെ സമകാലികരും തൊട്ടടുത്ത പിൻഗാമികളുമായിരുന്നു. അവരുടെ കാലത്താണ് പുതിയനിയമത്തിലെ ചിലഗ്രന്ഥങ്ങൾ വിരചിതമായത്.

**സഭാപിതാക്കന്മാരും വി. ലിഖിതവും**

ബൈബിളിലെ - പഴയനിയമത്തിലെയും പുതിയനിയമത്തിലേയും എല്ലാ പുസ്തകങ്ങളും സഭാപിതാക്കന്മാർക്ക് സുപരിചിതമായിരുന്നു. അവരുടെ പ്രസംഗങ്ങളിലും സുവിശേഷ വിശകലനങ്ങളിലും തുടരെ തുടരെ പ്രത്യക്ഷപ്പെടുന്ന വേദോദ്ധരണികൾ അതിനുള്ള തെളിവാണ്. ബൈബിൾ വ്യാഖ്യാനം ഒരു ജീവിതസപര്യയായി സ്വീകരിച്ചവരാണ് സഭാപിതാക്കന്മാർ ബൈബിളിലെ വിവിധ പുസ്തകങ്ങൾക്കുള്ള വ്യാഖ്യാനമാണ് ദൈവശാസ്ത്രത്തിന് അവർ നൽകിയിട്ടുള്ള ഏറ്റം മഹത്തും ശ്രേഷ്ഠവുമായ സംഭാവന. അപ്പസ്തോലിക പാരമ്പര്യത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട് ബൈബിളധിഷ്ഠിതമായിട്ടാണ് അവർ വിശ്വാസ സത്യങ്ങൾ വ്യക്തതയോടും ബോദ്ധ്യത്തോടും കൂടി അവതരിപ്പിച്ചത്. അതുതന്നെയായിരുന്നുഅവരുടെ ഏറ്റം പ്രധാനമായ സവിശേഷതയും. വി. ഗ്രന്ഥമായിരുന്നു അവരുടെ ഏറ്റം വലിയ അദ്ധ്യാപകൻ. സഭാപ്രബോധന ത്തിന്റെ വാസ്തവികത ന്യായീകരിക്കാൻ വി.ഗ്രന്ഥം മാത്രമാണ് പര്യാപ്തമായിട്ടുള്ളതെന്നവർ വിശ്വസിച്ചു. ഒരിജനെക്കുറിച്ച് ജെ. ഡാനിയേലു (Danielou) പറഞ്ഞിട്ടുള്ള വാക്കുകൾ മിക്കപിതാക്കന്മാരെക്കുറിച്ചും അന്വർത്ഥമാണ്: അദ്ദേഹം വി. ഗ്രന്ഥത്തിന്റെ മനുഷ്യനായിരുന്നു. വി. ഗ്രന്ഥ പഠനത്തിനായി അദ്ദേഹം തന്റെ ജീവിതം ഉഴിഞ്ഞുവച്ചു. അദ്ദേഹം തത്ത്വശാസ്ത്രത്തെ ഉപയുക്തമാക്കിയിട്ടുണ്ടെങ്കിൽത്തന്നെ അത് വി. ഗ്രന്ഥം കൂടുതൽ വ്യക്തമായി വിശദീകരിക്കാനായിരുന്നു. ചുരുക്കത്തിൽ വി. ഗ്രന്ഥത്തിലൂടെ സംസാരിക്കുന്ന വചനമല്ലാതെ (Logos) മറ്റൊരു ഗുരു അദ്ദേഹത്തിനില്ലായിരുന്നു. ജോൺ ക്രിസോസ്റ്റോമിന്റെ വീക്ഷണത്തിൽ ഏറ്റവും നല്ല ഗുരു വി. ഗ്രന്ഥമാണ്. വി. ഗ്രന്ഥത്തിലുള്ള അജ്ഞതയെത്ര എല്ലാ തിന്മകളുടെയും മൂലം.

**2. പിതാക്കന്മാരും ബൈബിൾ വ്യാഖ്യാനവും**

രക്ഷാകര ചരിത്രത്തിൽ ദൈവവചന വ്യാഖ്യാനത്തിന് പരമപ്ര

ധാനമായ ഒരു സ്ഥാനമുണ്ട്. പ്രവാചകന്മാരും യഹൂദറബ്ബിമാരും ബൈബിൾ വ്യാഖ്യാനത്തെ അവരുടെ പ്രഥമവും പ്രധാനവുമായ കടമയായി കരുതിപ്പോന്നു. വി. ഗ്രന്ഥം വ്യാഖ്യാനിക്കുന്നതിൽ ഈശോയും ബദ്ധശ്രദ്ധനായിരുന്നു. അവിടുന്ന് പതിവായി സിനഗോഗിൽ പോവുകയും തിരുവചനങ്ങൾക്ക് വിശദീകരണം നൽകുകയും ചെയ്തിരുന്നു. (ലൂക്കാ 4:6-21). ഉത്ഥാനാന്തരം പോലും അവിടുന്ന് തന്റെ ശിഷ്യന്മാർക്ക് തിരുലിഖിതം വ്യാഖ്യാനിച്ചുകൊടുത്തു (ലൂക്കാ 26:25-27). അപ്പസ്തോലന്മാർ ഈ ദൗത്യം അവരുടെ പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും തുടർന്നു (Cf. അപ്പ 1,14f : 7,1f; 17,22f: 18,19f). പിതാക്കന്മാരും ഈ പ്രവാചക ദൗത്യം ഗൗരവബുദ്ധ്യാ നിർവ്വഹിച്ചു. ബൈബിൾ വ്യാഖ്യാനത്തിന്റെ ആദ്യഗുരുക്കന്മാരാണവർ. ദൈവവചനത്തിന് അവർ നൽകിയ വ്യാഖ്യാനം അവരുടെ ഭാഷ്യങ്ങളിൽ മാത്രമല്ല സുവിശേഷ പ്രസംഗങ്ങളിലും വിശ്വാസസമർത്ഥന ഗ്രന്ഥങ്ങളിലും പ്രമാണിക വിശ്വാസഗ്രന്ഥങ്ങളിലും കാണപ്പെടുന്നു.

**ജീവിതോന്മുഖ ഭാഷ്യം**

ബൈബിളിലധിഷ്ഠിതമായ ഒരു ദൈവശാസ്ത്രം പടുത്തുയർത്താനാണ് പിതാക്കന്മാർ ആഗ്രഹിച്ചത്. അവരുടെ ബൈബിൾ പഠനവും വ്യാഖ്യാനവും ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതായിരുന്നു. ഇത് എല്ലായ്പ്പോഴും ജീവിതോന്മുഖമായ ഒരു വ്യാഖ്യാനമായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ദൈവവചനം നിർജ്ജീവമായ ഒരു യാഥാർത്ഥ്യമല്ല. വിശ്വാസികളുടെ ജീവിതത്തിലൂടെ തെളിയിക്കപ്പെട്ട ചരിത്രസാക്ഷ്യമാണ്. ദൈവവചനം ചൈതന്യം തുടിക്കുന്നതും, ഫലദായകവും വചനം ഉൾക്കൊള്ളുന്നവരിൽ പ്രവർത്തനനിരതവുമത്രേ (ഹെബ്രാ 4:12). ദൈവവചനത്തിന്റെ ആന്തരികാർത്ഥം വെളിപ്പെടുത്താനും ഈ ആന്തരികാർത്ഥം വിശ്വാസികൾക്ക് തങ്ങളുടെ ജീവിതത്തിൽ പകർത്താൻ സഹായിക്കാനുമാണ് പിതാക്കന്മാർ ഭാഷ്യം രചിച്ചിട്ടുള്ളത്. സ്നാപകയോഹന്നാനെപ്പോലെ ക്രിസ്തുവിന് സാക്ഷികളായിക്കൊണ്ട് എല്ലാവരെയും ക്രിസ്തുവിലേക്ക് ആനയിക്കാനാണവർ അഭിലഷിച്ചത് (മത്താ 3:1 f, യോഹ,1: 19f).

**വിശ്വാസോന്മുഖ ഭാഷ്യം**

സഭയുടെ വിശ്വസ്തസന്താനങ്ങളായ പിതാക്കന്മാർ വി. ഗ്രന്ഥത്തെ അവരുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു. വി.ലിഖിത വാക്യങ്ങളുടെ സാഹിത്യമേന്മയിലും, അർത്ഥവ്യാപ്തിയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം തങ്ങളുടെ വിശ്വാസം





മറ്റുള്ളവർക്ക് പങ്കുവയ്ക്കാനാണ് അവർ ആഗ്രഹിച്ചത്. ഈ വി. ഗ്രന്ഥഭാഷ്യം പിതാക്കന്മാരുടെ ആഴമേറിയ വിശ്വാസത്തിന്റെ പ്രഖ്യാപനമായിരുന്നു. ഇതു നമുക്ക് ക്രിസ്തു അനുഭവത്തിന്റെ ആസ്വാദ്യത Sober Intoxication - (Sobria ebrietas) എന്താണെന്ന് മനസ്സിലാക്കിത്തരുന്നു. (നീസായിലെ ഗ്രിഗറി)

പിതാക്കന്മാരുടെ ഭാഷ്യം വിശ്വാസോന്മുഖമായിരുന്നതിനാൽ ആരാധനക്രമാധിഷ്ഠിതവുമായിരുന്നു. എല്ലാ ആരാധനാ ക്രമങ്ങളിലും പിതാക്കൻമാരുടെ ബൈബിൾ വ്യാഖ്യാനവും പ്രതീകാത്മക സ്വഭാവവും പ്രതിഫലിക്കുന്നുണ്ട്. എഫ്രേം അലക്സാണ്ഡ്രിയായിലെ ക്ലെമന്റ്, അംബ്രോസ്, തുടങ്ങിയ പിതാക്കന്മാർ ആരാധനാക്രമത്തിലെ ഉപയോഗത്തിനായി ബൈബിൾ ഗീതങ്ങൾ രചിച്ചു. വിശ്വാസവും, പ്രാർത്ഥനയും, പഠനവും വഴി മുന്നേറിക്കൊണ്ടിരുന്ന സഭയുടെ പ്രഥമവും ഏറ്റം ശ്രേഷ്ഠവുമായ മതാദ്ധ്യായന സഹായി പിതാക്കന്മാരുടെ ബൈബിൾ വിശകലനമായിരുന്നു. വി.ഗ്രന്ഥം വിശദീകരിക്കുമ്പോഴെല്ലാം പിതാക്കന്മാർക്ക് അജപാലനപരമായ ഒരു ആഭിമുഖ്യം ഉണ്ടായിരുന്നു. അഗാധമായ ആദ്ധ്യാത്മിക സത്യങ്ങൾ വി. ഗ്രന്ഥത്തിൽ നിന്നും ചികഞ്ഞെടുക്കുവാൻ ഇത് അവരെ സഹായിച്ചു.

സമകാലീന സംസ്ക്കാരവും തത്ത്വശാസ്ത്രവും മതങ്ങളും പിതാക്കന്മാരെ ബൈബിൾ വ്യാഖ്യാനത്തിൽ സ്വാധീനിച്ചിട്ടുണ്ട്. പിതാക്കന്മാരുടെ വ്യക്തിപരമായ വീക്ഷണത്തിലും ചിന്താഗതിയിലും മാത്രമല്ല അവരുടെ സഭയുടെ നിലപാടിലും ആശയങ്ങളിലും, സന്തോഷത്തിലും സന്താപത്തിലും വിജയത്തിലും പരാജയത്തിലുമെല്ലാം അവരുടെ വി.ഗ്രന്ഥഭാഷ്യവും ദൈവശാസ്ത്രവും പ്രതിഫലിക്കുന്നുണ്ട്. തന്മൂലം അവർ തങ്ങളുടെ സഭകളുടെ വക്താക്കളായി ഭവിക്കുകയും മാതൃസഭയുടെ ജീവനും ദൈവശാസ്ത്രത്തിനും സാ ക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

**3. പിതാക്കന്മാരുടെ വ്യാഖ്യാന രീതികൾ**

ക്രിസ്തുവാണ്-പഴയനിയമത്തിന്റെയും, പുതിയ നിയമത്തിന്റെയും- കേന്ദ്രബിന്ദു. വി.ഗ്രന്ഥത്തിലെ ക്രിസ്തുവിനെ കണ്ടെത്തുക എന്നതും വി.ഗ്രന്ഥത്തിലെ സംഭവങ്ങളുടെയും, വ്യക്തികളുടെയും ക്രൈസ്തവവും രക്ഷാകരവുമായ അർത്ഥം കണ്ടെത്തുക എന്നതുമായിരുന്നു പിതാക്കന്മാരുടെ വ്യാഖ്യാന ലക്ഷ്യം. ഈ യജ്ഞത്തിൽ പ്രധാനമായും മൂന്നുതരം വ്യാഖ്യാനരീതികളോണവർ ഉപയുക്തമാക്കിയത്.

**പ്രതിരൂപാത്മക വ്യാഖ്യാനം**

പഴയനിയമത്തിലെ ചില സംഭവങ്ങൾ, വ്യക്തികൾ, കാര്യങ്ങൾ ഇവയ്ക്ക് പുതിയനിയമത്തിലെ സദൃശമായ സംഭവങ്ങളും, വ്യക്തികളും കാര്യങ്ങളുമായുള്ള ചരിത്രപരമായ ബന്ധം സ്ഥാപിക്കലായി ടിപ്പോളജിയെ (Typology) അഥവാ, പ്രതിരൂപാത്മക വ്യാഖ്യാനരീതിയെ നിർവചിക്കാം. രക്ഷാകര ചരിത്രത്തെ ഒരു പ്രത്യേക വീക്ഷണകോണിലൂടെ നോക്കി കണ്ടിട്ട് ആ വീക്ഷണത്തെ അടിസ്ഥാനമാക്കിക്കൊണ്ട് മുന്നോട്ട് പോകുന്ന വ്യാഖ്യാനരീതിയാണിത്. ഈ വീക്ഷണം ഒരു മാതൃകയെ (Type typos) അല്ലെങ്കിൽ പ്രതിരൂപത്തെ ക്രിസ്തുവിൽ പ്രകാശിതമാവുകയും പൂർണ്ണമാവുകയും ചെയ്യുന്ന ദൈവത്തിന്റെ നിഗൂഢപദ്ധതിയായ ഒരു രഹസ്യമായി കാണാൻ ശ്രമിക്കുന്നു. പഴയനിയമത്തിലെ അവ്യക്തങ്ങളായ പ്രതിരൂപങ്ങളിൽ നിന്നും പുതിയനിയമത്തിലെ വ്യക്തമായ ആവിഷ്ക്കരണങ്ങളിലേക്കുള്ള മാതൃകകൾ കണ്ടെത്താനാണ് ടിപ്പോളജിസ്റ്റ് ശ്രമിക്കുന്നത്. പഴയനിയമത്തിലും പുതിയനിയമത്തിലും ഒരേ ദൈവം തന്നെ പ്രവർ ത്തിക്കുന്നു. പഴയനിയമം പുതിയനിയമത്തിനുള്ള ഒരുക്കവും പുതിയനിയമം പഴയനിയമത്തിന്റെ തുടർച്ചയുമാണ്. പഴയനിയമത്തിലെ മാതൃകകൾ (പ്രതിരൂപങ്ങൾ) പുതിയനിയമ യാഥാർത്ഥ്യങ്ങളുടെ മുന്നോടികളാണ്.

എല്ലാ മാതൃകകളും ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുകയും അവനിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു. ടിപ്പോളജിക്കൽ വ്യാഖ്യാനത്തിൽ വാഗ്ദാനവും, പൂർത്തീകരണവും മാതൃകയും വിരുദ്ധമാതൃകയും (Anti - type) ഛായയും യാഥാർത്ഥ്യവുമെല്ലാം വേർപ്പെടുത്താനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. രക്ഷാകരപദ്ധതിയുടെയും തിരുലിഖിതങ്ങളുടെയും ഐക്യവും അഭിവൃദ്ധ്യോന്മുഖമായ വാസ്തവീകരണവും നിഗൂഢമായി ശേഷിക്കുന്നു. അങ്ങനെ പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ടിപ്പോളജി വി. ഗ്രന്ഥത്തിലെ ഒരു പ്രധാനഘടകമാണ്. കാരണം ഇത് രക്ഷാകരപദ്ധതിയിൽ മനുഷ്യന് സ്ഥാനം കൊടുക്കുകയും രക്ഷകനായ ദൈവത്തിന്റെ പ്രവർത്തനത്തെ അവന് വെളിപ്പെടുത്തുകയും നിർണ്ണായകമായ ഒരു വിശ്വാസവാഗ്ദാനത്തോടുകൂടി പ്രത്യുത്തരം നൽകുവാൻ ക്ഷണിക്കുകയും ചെയ്യുന്നു.

ശരിയായി ഉപയോഗിച്ചാൽ ടിപ്പോളജി ദൈവശാസ്ത്രപരമായും ആദ്ധ്യാത്മികമായും വെളിച്ചം വീശാൻ കഴിവുറ്റ ഒരു വ്യാഖ്യാനരീതിയാണ്. പ്രവാചകന്മാരും പുതിയനിയമ കർത്താക്കളും, പ്രത്യേകിച്ച് പൗലോസും ഈ രീതിയാണ് അവലംബിച്ചത്. (cf. ഏശ 43,



സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥ വ്യാഖ്യാനം

15:44, 2:45,12-13) (മത്താ 2,18-23; യോഹ 6,14-15; റോമ 5,12-19; 1 കൊറി 15,45) ക്രിസ്തുവിന്റെയും അവിടുത്തെ പെസഹാ രഹസ്യത്തിന്റെയും, സഭയുടെയും കൂദാശകളുടെയും പ്രതീകങ്ങളും മാതൃകകളും പഴയനിയമത്തിൽ കണ്ടെത്താനുള്ള അസാധാരണമായ ഉൾക്കാഴ്ച പിതാക്കന്മാർക്കുണ്ടായിരുന്നു. വി.എഫ്രേമിനെപ്പോലെയുള്ള പിതാക്കന്മാർ വി.ഗ്രന്ഥത്തിൽ പ്രതീകങ്ങളുടെയും മാതൃകകളുടെയും ഒരു സമുദ്രം തന്നെ കണ്ടെത്തുന്നുണ്ട്. സൈറസിലെ തിയോഡറിന്റെ 10 വാക്കുകളിൽ ചെങ്കടൽ മാമ്മോദ്ദീസാ തൊട്ടിയുടെ പ്രതീകമാണെങ്കിൽ മേഘം പരിശുദ്ധാരൂപിയുടെയും മോശ രക്ഷകന്റെയും അദ്ദേഹത്തിന്റെ വടി കുരിശിന്റെയും ഫറവോ സാത്താന്റെയും ഈജിപ്റ്റുകാർ ദുഷ്ടാരൂപികളുടെയും മന്ന ദിവ്യകാരുണ്യത്തിന്റെയും പാറയിൽ നിന്ന് കുതിച്ചൊഴുകിയ ജലം ക്രിസ്തുവിന്റെ രക്ഷാകരമായ രക്തത്തിന്റെയും പ്രതീകങ്ങളാണ്.

**2. രൂപകാർത്ഥ വ്യാഖ്യാനം**

ദൈവവചനത്തിൽ പ്രഥമദൃഷ്ട്യാ വ്യക്തമാകുന്ന വാച്യാർത്ഥത്തിനടിയിലൊളിഞ്ഞു കിടക്കുന്ന ദിവ്യമായ അർത്ഥം ചൂണ്ടികാണിക്കുകയാണ് ഈ രീതിയുടെ ഉദ്ദേശ്യം. ഈ രീതിയിലുള്ള വ്യാഖ്യാനം ആദ്യമായി അവലംബിച്ചത് അലക്സാണ്ട്രിയായിലെ ഫീലോ (25 B. C.- 40 A.D) യാണ്. പുതിയനിയമ ഗ്രന്ഥകാരന്മാരും ഈ രീതി സ്വീകരിച്ചിട്ടുണ്ട്. (Cf. ഗലാ 4,21-23) റോമിലെ ക്ലമെന്റ്, രക്തസാക്ഷിയായ ജസ്റ്റിൻ, ഇരണേവൂസ്, ഒരിജൻ, തുടങ്ങിയ പിതാക്കന്മാർ വി.ഗ്രന്ഥം രൂപകാർത്ഥത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളവരാണ്. ഒരിജൻ ബൈബിളിൽ മൂന്നുതരത്തിലുള്ള അർത്ഥം കണ്ടെത്തുന്നുണ്ട്. വാച്യാർത്ഥം, ധാർമ്മികാർത്ഥം, ആദ്ധ്യാത്മികാർത്ഥം. ഈ ത്രിവിധ അർത്ഥങ്ങൾ മനുഷ്യന്റെ ശരീരം ആത്മാവ് അരൂപി ഇവയോടു സാദൃശ്യങ്ങളാണ്. ഒരിജന്റെ കാലത്ത് രൂപകാർത്ഥ വ്യാഖ്യാനം സഭയിൽ സർവ്വസാധാരണമായിത്തീർന്നു. അലക്സാണ്ട്രിയൻ സ്ക്കൂളിന്റെ ഒരു സവിശേഷതയായി പലരും ഈ വ്യാഖ്യാനരീതിയെ കണക്കാക്കുന്നു.

**3. അന്തർജ്ഞാന വ്യാഖ്യാനം**

ഈ രീതിയനുസരിച്ച് വ്യാഖ്യാതാവ് വാച്യാർത്ഥത്തിൽ നിന്നാരംഭിച്ച് ആദ്ധ്യാത്മികാർത്ഥത്തിൽ എത്തിനിൽക്കുന്നു. ദൈവവചനത്തിന്റെ സൈദ്ധാന്തിക സന്ദേശത്തിലേക്കുള്ള ഒരു ഉൾക്കാഴ്ചയാണിത്. അന്തിയോക്കിയൻ സ്ക്കൂളിന്റെ സ്ഥാപകനായ സാമോസറ്റായിലെ ലൂസിയൻ, ടാർസൂസിലെ ദിയൊഡോറസ്, മൊപ്സുവെസ്തിയായിലെ തിയൊദോർ, ജോൺ ക്രിസോസ്തോം എന്നി

വരാണ് ഈ രീതിയുടെ പ്രമുഖ പ്രണേതാക്കൾ. കപ്പദോച്ചിയൻ പിതാക്കന്മാരായ ബേസിലും, നിസായിലെ ഗ്രിഗറിയും ലത്തീൻ പിതാക്കന്മാരായ അംബ്രോസിനും ജെറോമിനും അഗസ്റ്റിനും രൂപ കാർത്ഥ വ്യാഖ്യാനത്തോട് വലിയ താൽപര്യവും അനുഭാവവും ഉണ്ടായിരുന്നു. അഗസ്റ്റ്യൻ തന്റെ മുൻഗാമികളായ പിതാക്കന്മാർ വ്യാഖ്യാനരംഗത്ത് നൽകിയ സംഭാവനകളുടെ ഒരു സങ്കലിതരൂപം തയ്യാറാക്കി. വി.ഗ്രന്ഥത്തിന്റെ വാച്യാർത്ഥവും ആദ്ധ്യാത്മികാർത്ഥ വും വേർതിരിച്ചുകാണുവാൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ബൈബിൾ മുഴുവനായും ആദ്ധ്യാത്മിക സന്ദേശം ഉൾ ക്കൊള്ളുന്നതും അതിൽത്തന്നെ പൂർണ്ണമായ ഒരു യാഥാർത്ഥ്യവു മാണ്. ബൈബിളിന്റെ ഉള്ളടക്കം ക്രിസ്തുവത്രേ. മോശ എഴുതിയ തെല്ലാം ക്രിസ്തുവിനെക്കുറിച്ചാണ്. പുതിയനിയമം പഴയനിയമ ത്തി ൽ ഗുപ്താവസ്ഥയിലായിരുന്നു. പഴയനിയമം പുതിയനിയമ ത്തിന്റെ വെളിച്ചത്തിൽ പ്രസ്പഷ്ടമായിത്തീരുന്നു.

### 4. വി. ഗ്രന്ഥവും വ്യാഖ്യാതാവും

വി. ഗ്രന്ഥപഠനത്തിന്റെ അതിവിശിഷ്ടമായ ഒരാമുഖമായി കണ ക്കാക്കാവുന്ന De Doctrina Christina യിൽ വി. അഗസ്റ്റ്യൻ ഒരു വ്യാഖ്യാതാവിന് ഉണ്ടായിരിക്കേണ്ട മൂന്ന് സവിശേഷതകൾ ചൂണ്ടി ക്കാണിക്കുന്നുണ്ട്. പരസ്പരസ്നേഹവും നിർമ്മല മനസ്സാക്ഷിയും ആത്മാർത്ഥമായ വിശ്വാസവും (1 തിമോ 1,5). അറിവ് അഹങ്കാര ത്തെ ജനിപ്പിക്കും എന്നാൽ സ്നേഹം പടുത്തുയർത്തുന്നു. (1 കൊറി 8.1). ഒരുവൻ വി.ഗ്രന്ഥം വ്യാഖ്യാനിക്കുന്നതിന് മുമ്പ് പ്രാർത്ഥിക്ക ണമെന്നാണ് അദ്ദേഹം പഠിപ്പിക്കുന്നത്. അതുപോലെ തന്നെ വ്യാ ഖ്യാതാവ് ബൈബിളിന്റെ പ്രാരംഭകാല ഭാഷകൾ പഠിക്കണം. അയാ ൾ നിരന്തരം ബൈബിൾ വായിക്കണം. ദൈവത്തെ അവഗണിക്കുന്ന ശാസ്ത്രങ്ങളെ പ്രത്യേകിച്ച് തർക്കശാസ്ത്രം തത്ത്വശാസ്ത്രം, സൗന്ദര്യശാസ്ത്രം എന്നിവയെ വളരെ ശ്രദ്ധയോടെ വ്യാഖ്യാതാവ് ഉപയുക്തമാക്കണം. ദൈവസ്നേഹത്തിലും, പരസ്നേഹത്തിലും വളരുകയെന്നതാവണം എല്ലാ വ്യാഖ്യാനത്തിന്റെയും ലക്ഷ്യം. ചുരു ക്കത്തിൽ ബൈബിൾ വ്യാഖ്യാനം വ്യക്തിയുടെ ജീവിതത്തെ മുന്നി ൽ കണ്ടിട്ടുള്ളതും വിശ്വാസിയെ ക്രിസ്തുവിലേക്ക് നയിക്കാൻ ഉത കുന്നതുമാകണം.

### ഉപസംഹാരം

ആധുനിക വ്യാഖ്യാനത്തിന്റെ തത്ത്വങ്ങളും രീതികളും പൂർണ്ണ മായും പിതാക്കന്മാർ അറിഞ്ഞിട്ടുണ്ടായിരുന്നില്ലെങ്കിലും അവരിൽ പലരും ഇന്നത്തെ ബൈബിൾ പണ്ഡിതരുടെ മുൻഗാമികളായിരു





ന്നു. പിതാക്കന്മാർ ബൈബിളിന്റെ പ്രാരംഭകാല ഭാഷകളിൽ അവ ഗാഹം നേടിയവരായിരുന്നില്ല എന്നതും ബൈബിൾ സംബന്ധ മായ എല്ലാ പ്രശ്നങ്ങൾക്കും അവർ പരിഹാരം നൽകിയിരുന്നില്ല എന്നതും സത്യമാണ്. എങ്കിൽപ്പോലും അവർ വി. ഗ്രന്ഥ വ്യാഖ്യാ നത്തിന് വളരെ വിലയേറിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പിതാക്കന്മാരുടെ വ്യാഖ്യാനാധികാരത്തോട് വിശ്വസ്തത പുലർത്തു മ്പോൾ വി.ഗ്രന്ഥത്തിലെ വിശ്വാസസംബന്ധമായ വിവക്ഷകളോട് തന്നെയാണ് വിശ്വസ്തത പുലർത്തുന്നത്. പാരമ്പര്യത്തിലൂടെ തനിക്ക് സിദ്ധിക്കുന്ന വിശ്വാസപൈതൃകം കണക്കിലെടുക്കുവാൻ ഒരു യഥാർത്ഥ വ്യാഖ്യാതാവ് ബാദ്ധ്യസ്ഥനാണ്. പിതാക്കന്മാരുടെ പ്രബോധനാധികാരത്തോടുള്ള ഈ വിശ്വസ്തത യാതൊരു വിധ ത്തിലും കത്തോലിക്കാ വ്യാഖ്യാനത്തിന്റെ സ്വാതന്ത്ര്യത്തെയോ ശാസ്ത്രീയ മേന്മയെയോ ബാധിക്കില്ല.

പ്രകൃതിയിലും വിശ്വാസത്തിന്റെയും അറിവിന്റെയും മറ്റുമണ്ഡ ലങ്ങളിലും വാസ്തവമായിട്ടുള്ള ഒരു അവശ്യതത്ത്വമാണ് തുടർച്ച (continuity). ആദിമസഭയുടെ അവികലമായ പാരമ്പര്യം പിതാക്ക ന്മാർ പിൻതലമുറകൾക്ക് കൈമാറുകയും വിശ്വാസസത്യങ്ങൾ വിശ്വ സ്തതയോടെ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ അവ രുടെ പ്രബോധനങ്ങളിൽ നിന്നും പൈതൃകത്തിൽ നിന്നും മാറി ഒരു നല്ല ദൈവശാസ്ത്രമോ, ബൈബിൾ വ്യാഖ്യാനമോ രൂപവൽക്ക രിക്കാനും യഥാർത്ഥമായ നവീകരണം ഉളവാക്കാനും നമുക്ക് കഴി യില്ല. ബൈബിൾ കമ്മീഷൻ 1964 ൽ നൽകിയ നിർദേശം ഇക്കാര്യ ത്തിൽ നല്ല മാർഗ്ഗദർശകമാണ്. കത്തോലിക്കനായ വ്യാഖ്യാതാവ് സഭയുടെ നിർദേശാനുസാരം സഭയിലെ ആദ്യകാല വ്യാഖ്യാതാ ക്കളിൽ നിന്നും പ്രത്യേകിച്ച് പരിശുദ്ധ പിതാക്കന്മാരിൽ നിന്നും പണ്ഡിതന്മാരിൽ നിന്നും പ്രയോജനമുൾക്കൊള്ളട്ടെ.

രക്ഷാകരപദ്ധതിയുടെയും ദൈവാവിഷ്ക്കരണത്തിന്റെയും ക്രിസ്തുകേന്ദ്രീകൃതമായ ഒരു വ്യാഖ്യാനമായിരുന്നു എക്കാലവും പിതാക്കന്മാരുടേത്. ബൈബിളിലെ ഐക്യം രക്ഷാകരപദ്ധതിയുടെ അഭിവൃദ്ധ്യോന്മുഖമായ ആവിഷ്ക്കരണം മാതൃകകളുടെയും വാഗ്ദാ നങ്ങളുടെയും ക്രിസ്തുവിലുള്ള പൂർത്തീകരണം, രക്ഷകന്റെ അന ന്യത തുടങ്ങിയവ പിതാക്കന്മാരുടെ വ്യാഖ്യാനത്തിൽ പ്രകാശിത മായിട്ടുള്ള ഏറ്റം പ്രധാന വസ്തുതകളിൽ ചിലതാണ്. പിതാക്ക ന്മാരുടെ ആഴമേറിയ വിശ്വാസവും വി. ഗ്രന്ഥത്തോടുള്ള അടുത്ത പരിചയവും അവരെ ബൈബിളിന്റെ ഉൽക്കൃഷ്ടവ്യാഖ്യാതാക്ക ളാക്കി മാറ്റി. അവരുടെ വ്യാഖ്യാനം കേവലമൊരു ബൗദ്ധിക വ്യാപാ രമോ ഔദ്യോഗിക ഗവേഷണമോ ആയിരുന്നില്ല. ഇത് എപ്പോഴും

ക്രിസ്തീയ ജീവിതത്തെയും നിത്യജീവിതത്തെയും ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു. ദൈവവചനം മനുഷ്യനായി അവതരിച്ചതിന്റെയും സമ്പൂർണ്ണരക്ഷാകരപദ്ധതിയുടെയും രക്ഷാകരസംഭവങ്ങളുടെയും ലക്ഷ്യം  ഇതുതന്നെയായിരുന്നു. ഈ ലക്ഷ്യം മുന്നിൽ കാണാത്ത ഏതൊരു വ്യാഖ്യാനവും കേവലം ബൗദ്ധിക ശാസ്ത്രത്തിന്റെയും ഔദ്യോഗിക ഗവേഷണത്തിന്റെയും മണ്ഡലത്തിൽ തന്നെ നിലകൊള്ളുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ ബൈബിൾ വ്യാഖ്യാനത്തിൽ ഭാഷാശാസ്ത്രവും പോപ്പോഗ്രഫിയും തർക്കശാസ്ത്രവും തത്ത്വശാസ്ത്രവും, സൗന്ദര്യശാസ്ത്രവും ഉപയുക്തമാകുമ്പോൾ വ്യാഖ്യാതാവ് ഒരിക്കലും മുകളിൽ സൂചിപ്പിച്ച ലക്ഷ്യം മറയ്ക്കരുത്. ഈ തത്ത്വം മുറുകെ പുണരുന്നുവെങ്കിൽ അയാൾ പിതാക്കന്മാരുടെ പൈതൃകത്തോട് വിശ്വസ്തനും വരും തലമുറകൾക്ക് ബൈബിൾ വ്യാഖ്യാനത്തിൽ ആരോഗ്യകരമായ മാർഗ്ഗനിർദേശം നൽകുന്നവനുമായിരിക്കും.



# 05

## അപ്പസ്തോലിക പിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും

ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും ജീവിച്ചിരുന്ന ക്രൈസ്തവ സാഹിത്യകാരന്മാരെയാണ് അപ്പസ്തോലിക പിതാക്കന്മാർ എന്നു വിളിക്കുക. ക്രിസ്തു ശിഷ്യന്മാരായിരുന്ന ശ്ലീഹന്മാരുടെ ബോധനരീതികളോട് അവരുടെ പഠനങ്ങൾക്കുണ്ടായിരുന്ന അടുപ്പം അവരെ ബഹുമാന്യരായി കണക്കാക്കുവാൻ ഇടയായി. അപ്പസ്തോലികപിതാക്കന്മാർ എന്ന പേര് സഭയുടെ ആരംഭകാലത്ത് നിലനിന്നിരുന്നില്ല. 17-ാം നൂറ്റാണ്ടിൽ 1672ൽ ജെ.ബി. കൊത്തെലിയർ ഈ സംജ്ഞയുടെ കീഴിൽ അഞ്ചു സഭാസാഹിത്യകാരന്മാരെ ഉൾപ്പെടുത്തി: ബർണബാസ്, റോമിലെ വി. ക്ലമെന്റ്, അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്, സ്മിർണായിലെ വി. പോളികാർപ്പ്, ഹെർമാസ്, പിന്നീട് ഹിയരാപ്പോളീസിലെ പപ്പിയാസ്, ഡയഗ്നേറ്റസിനുള്ള ലേഖനത്തിന്റെ കർത്താവ് എന്നീപേരുകളും വളരെ കാലത്തിനുശേഷം ഡിഡാക്കെയുടെ കർത്താവിനെയും ഇതിൽ ഉൾപ്പെടുത്തി. ഇവരെല്ലാം ഏതാണ്ട് ഒരേ കാലഘട്ടത്തിൽ ജിവിച്ചിരുന്നതിനാൽ ഒരേ സംജ്ഞയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അപ്പസ്തോലിക പിതാക്കന്മാരുടെ ചിന്തകളിലെ ചില സവിശേഷതകൾ താഴെപറയുന്നവയാണ്.

1) കർത്താവിന്റെ വരവ് ഉടനെ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ച് കാത്തിരുന്നതിനാൽ യുഗാന്ത്യചിന്ത അവരുടെ പ്രത്യേകതയാണ്. 2) ശ്ലീഹാന്മാരിൽ നിന്നും യേശുവിനെക്കുറിച്ച് നേരിട്ടുകേട്ട അവരിൽ കർത്താവിന്റെ സ്മരണയും യേശുവിനായുള്ള അടങ്ങാത്ത അന്തർദാഹവും ഉണ്ടായിരുന്നു. 3) ക്രിസ്തീയ വിശ്വാസത്തെ ശാസ്ത്രീയമായി വിശകലനം ചെയ്യാൻ അവർ ശ്രമിച്ചില്ല. എങ്കിലും തങ്ങളുടെ കൃതികളിൽ ക്രൈസ്തവ മാതൃക എന്തെന്ന് അവർ വ്യക്തമാക്കി. 4) തങ്ങളുടെ കൃതികളിലൂടെ ക്രിസ്തീയ സമൂഹങ്ങളുടെ അനുദിന പ്രശ്നങ്ങളിലേക്ക് അവർ വിരൽചൂണ്ടി. ധാർമ്മിക നിലവാരം ഉയർത്തുക. ഗ്രീക്കോ റോമൻ സാമ്രാജ്യത്തിൽ ചിന്നിച്ചിതറികിടക്കുന്ന ക്രിസ്തീയ സമൂഹങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കുക എന്നിവയായിരുന്നു അവരുടെ പ്രധാന ആവശ്യം. അവരിൽ ചിലർക്ക് റോമാക്കാരുടെ മതപീഡനവും ചിലർക്ക് യഹൂദരുടെ ശക്തമായ എതിർപ്പും നേരിടേണ്ടിവന്നു. 5) ക്രിസ്തീയ സ്നേഹം വ്യക്തിപരമായ ചുമതലാബോധം എന്നിവ അവരുടെ എഴുത്തുകളിൽ തെളിഞ്ഞുകാണാം.

അപ്പസ്തോലിക പിതാക്കന്മാർക്ക് പഴയനിയമം അവരുടെ ക്രിസ്തീയ ഗ്രന്ഥമായിരുന്നു. പഴയനിയമത്തിന് സവിശേഷമായ സ്ഥാനം അവർ അനുവദിച്ചുകൊടുത്തു. "ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു". "വി.ഗ്രന്ഥം സാക്ഷിക്കുന്നു" എന്നുപറഞ്ഞുകൊണ്ടാണ് അവർ പഴയനിയമ ഉദ്ധരണികൾ തുടങ്ങുക. അവരെ സംബന്ധിച്ച് ക്രിസ്തുവിന്റെ ജീവിതത്തിന്റെ വിശദാംശങ്ങൾ പോലും പ്രവാചക ഗ്രന്ഥങ്ങൾ നൽകുന്നു.

### റോമിലെ വി. ക്ലെമെന്റ്

റോമിലെ നാലാമത്തെ മെത്രാനായിരുന്നു വി. ക്ലെമെന്റ് പത്രോസ്, ലിനൂസ്, അനാക്ലെറ്റസ്, ക്ലെമെന്റ് എന്നുതുടങ്ങുന്നു റോമിലെ മെത്രാന്മാരുടെ പട്ടിക (ഐറേനിയസ്, പാഷ 3:3.3; എവു. സഭാ 3:15,34). വി. പൗലോസ് ഫിലിപ്യർക്കുള്ള ലേഖനത്തിൽ (4:3) പറയുന്ന ആയുസ്സിന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ക്ലിമ്മീസ് ഇദ്ദേഹമാണെന്ന് ഒരിജനും (+253) എവുസേബിയസും (+339) എപ്പിഫാനിയസും (+403) ജറോമും (+420) സാക്ഷിക്കുന്നു. പത്രോസിൽ നിന്ന് നേരിട്ടു ക്ലെമെന്റിന് കൈവെപ്പ് കിട്ടിയെന്ന് തെർത്തുല്യൻ പറയുന്നു. (ദെ പ്രെസ്ക്രിപ്സിയോണെ, 32). എപ്പിഫാനിയസിന്റെ അഭിപ്രായത്തിൽ ക്ലെമെന്റ് പത്രോസിൽ നിന്ന് കൈവെപ്പ് സ്വീകരിച്ചെങ്കിലും അനാക്ലെറ്റസിന്റെ മരണം വരെ കാത്തിരുന്നു. 92 മുതൽ 101 വരെ റോമിലെ മെത്രാനായിരുന്ന ക്ലെമെന്റിന്റെ ബാല്യകാലത്തെ സംബന്ധിച്ചു നമുക്ക് അറിവൊന്നുമില്ല.





വി. പത്രോസിനോടും പൗലോസിനോടും അദ്ദേഹം നേരിട്ട് ബന്ധപ്പെട്ടിരുന്നു.

### കോറിന്തോസുകാർക്കെഴുതിയ ലേഖനം

കോറിന്തോസിലെ സഭയ്ക്ക് 95നും 98നും ഇടയ്ക്ക് ക്ലെമെന്റ് ഒരു ലേഖനം അയച്ചു. വേദപുസ്തകത്തോടടുത്ത സ്ഥാനം ഈ ലേഖനത്തിന് ആദിമസഭ നൽകിവന്നു. ലേഖനകർത്താവിന്റെ പേരും സ്ഥാനവും കാലവും കൃത്യമായി അറിയാവുന്നതിനാൽ സബപ്പസ്തോലിക കാലത്തെ ഒരു പ്രധാനപ്പെട്ട രേഖയായി ഇതിനെ കണക്കാക്കാം. ഡൊമിഷ്യന്റെ ഭരണകാലത്ത് കൊറിന്ത്യൻ സഭയിലുണ്ടായ ഒരു തർക്കമാണ് ഈ ലേഖനമെഴുതാൻ ക്ലെമെന്റിനെ പ്രേരിപ്പിച്ചത്. വി. പൗലോസ് കൊറിന്ത്യൻ തർക്കങ്ങളെ നിശിതമായി വിമർശിച്ചുവെങ്കിലും അവ വീണ്ടും നാമ്പെടുത്തു. സഭാധികാരികൾക്കെതിരെ ചിലർ മല്ലയുദ്ധത്തിന് ഇറങ്ങി. ചില അധികാരികളെ അവർ സ്ഥാനങ്ങളിൽ നിന്നുമാറ്റി. ഒരു ചെറിയകൂട്ടം മാത്രം പ്രെസ്ബിറ്റർമാരോട് വിശ്വസ്തത കാട്ടി. അവരുടെയിടയിലെ കലഹം അവസാനിപ്പിച്ച് ഐക്യവും സമാധാനവും പുന:സ്ഥാപിക്കുക എന്നതായിരുന്നു ക്ലെമെന്റിന്റെ ഉദ്ദേശ്യം. കലഹത്തെപ്പറ്റിയുള്ള വാർത്ത റോമിൽ എത്തിച്ചതു കോറിന്തോസിൽ നിന്നു വന്ന റോമാക്കാരായിരിക്കാം.

ആമുഖം (1–3), രണ്ടു പ്രധാന ഭാഗങ്ങൾ (4–36:37–61), ഉപസംഹാരം (62–65) എന്നിങ്ങനെ ഈ ലേഖനത്തിന് നാലു ഭാഗങ്ങളുണ്ട്. കലഹത്തിനുമുമ്പുള്ള ശാന്തിനിറഞ്ഞ സഭാന്തരീക്ഷത്തെപ്പറ്റി ആമുഖം പ്രതിപാദിക്കുന്നു. അക്കാലത്തു നന്മ ചെയ്യാൻ സഭാംഗങ്ങൾ മുന്നിട്ടിരുന്നതിനാൽ സഭ പുഷ്ടി പ്രാപിച്ചിരുന്നു: ഐക്യം പാലിച്ചിരുന്നു. മൂന്നാം അദ്ധ്യായം ഇവയ്ക്കു കടകവിരുദ്ധമായ കലഹാന്തരീക്ഷം വിവരിക്കുന്നു. ഒന്നാമത്തെ പ്രധാന ഭാഗം പൊതുസ്വഭാവമുള്ളതാണ്. സ്പർദ്ധയും വഴക്കും കലഹവും നിന്ദാർഹവും വർജ്യവുമാണെന്ന് ഇവിടെ എടുത്തുകാട്ടുന്നു. പഴയനിയമത്തിൽ നിന്നും ക്രൈസ്തവ കാലത്തുനിന്നുമുള്ള നിരവധി ഉദാഹരണങ്ങളാൽ അതു വെളിവാക്കുന്നു (4–6). അനുതാപം, പ്രായശ്ചിത്തം, അതിഥിസത്ക്കാരം, ഭക്തി, എളിമ എന്നിവയ്ക്ക് അവരെ പ്രേരിപ്പിക്കുകയും അത്തരക്കാരുടെ മാതൃക ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ദൈവത്തിന്റെ നന്മ, സൃഷ്ടിയിൽ കാണുന്ന ഒത്തൊരുമ, ദൈവത്തിന്റെ സർവ്വശക്തി, ഉയിർപ്പ്, വിധി, താഴ്മ, മിതത്വം, വിശ്വാസം എന്നിവയെപ്പറ്റി ക്ലെമെന്റ് ചർച്ചചെയ്യുന്നു.

രണ്ടാമത്തെ പ്രധാനഭാഗം കോറിന്തോസുകാരുടെ ഇടയിലെ കലഹത്തെപ്പറ്റി പ്രതിപാദിക്കുന്നു. പ്രകൃതിയിലെ ക്രമത്തിന്റെ

സ്രഷ്ടാവ് സൃഷ്ടിയിൽ ക്രമവും വിധേയത്വവും പ്രതീക്ഷിക്കുന്നു. റോമൻ സൈന്യത്തിന്റെയും പഴയനിയമ ഹയരാർക്കിയുടെയും അനുസരണയും ചിട്ടയും മാതൃകയായി എടുത്തുകാട്ടുന്നു. അതുപോലെ ക്രിസ്തു അപ്പസ്തോലന്മാരെയും അവർ മെത്രാന്മാരെയും ഡീക്കന്മാരെയും നിയമിച്ചു. കലഹത്തിന്റെ സ്ഥാനത്തു സ്നേഹം ഉണ്ടാകണം. ക്ഷമിക്കാൻ സ്നേഹം നമ്മെ പ്രേരിപ്പിക്കണം. കലഹത്തിനു കാരണക്കാർ അനുതപിക്കണം. കോറിന്തോസിൽ സമാധാനം പുന:സ്ഥാപിക്കപ്പെട്ടു എന്ന സദ്വാർത്തയുമായി ദൂതന്മാർ എത്തട്ടെയെന്ന് കത്തു പ്രത്യാശ പ്രകടിപ്പിക്കുന്നു.

**ക്ലമന്റിന്റെ വി. ഗ്രന്ഥ വ്യാഖ്യാനരീതി**

താഴെപറയുന്ന സവിശേഷതകൾ ക്ലമന്റിന്റെ വ്യാഖ്യാനരീതികളിൽ കാണാം.

1. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള പാരസ്പര്യം: പഴയനിയമഭാഗങ്ങളെ തന്റെ ലേഖനത്തെ സമർത്ഥിക്കുവാനായി ക്ലമെന്റ് സുലഭമായി ഉപയോഗിക്കുന്നുണ്ട്. ഇവയെല്ലാം കോറിന്തിലെ സഭയുടെ പ്രത്യേക പരിതസ്ഥിതികളെ സൂചിപ്പിക്കുവാനും കൂടിയാണ്. വി. ക്ലമന്റിൽ പഴയനിയമത്തെ ക്രിസ്തു കേന്ദ്രീകൃതമായി വ്യാഖ്യാനിക്കുന്ന രീതിയുടെ ആരംഭം കണ്ടെത്താം. പ്രതിരൂപാത്മകം എന്നതിനേക്കാൾ പഴയനിയമഭാഗങ്ങൾ അതേപടി ആവർത്തിക്കുന്നതിലാണ് വി. ക്ലെമന്റ് ശ്രദ്ധിക്കുന്നത്. എങ്കിലും ചിലഭാഗങ്ങളും ഉപയോഗങ്ങളും രൂപകാർത്ഥത്തിലും പ്രയോഗിക്കുന്നുണ്ട്. ഉദാഹരണമായി 3:1 ൽ വി. ക്ലമന്റ് നിയമ 32:15 ഉദ്ധരിക്കുന്നുണ്ട്. കോറിന്തിലെ അവസ്ഥയെപ്പറ്റി പരാമർശിക്കുവാൻ അദ്ദേഹം ഉപയോഗിക്കുന്ന ആമുഖവചനം "റോമിൽ തീർത്ഥകയെപ്പോലെ കഴിയുന്ന ദൈവത്തിന്റെ സഭ കോറിന്തോസിലെ തീർത്ഥാടക സഭയ്ക്ക്: ദൈവകൃപയാൽ നമ്മുടെ കർത്താവായ ഈശോമിശിഹാവഴി വിളിക്കപ്പെടുകയും, വിശുദ്ധീകരിക്കപ്പെടുകയും ചെയ്ത നിങ്ങൾക്ക് ഈശോമിശിഹാവഴി സർവ്വശക്തനായ ദൈവത്തിൽ നിന്നുള്ള കൃപയും സമാധാനവും കൊണ്ട് നിങ്ങൾ നിറയപ്പെടട്ടെ" ഇസ്രായേലിനെ സൂചിപ്പിക്കുന്നുവെന്നത് അവിതർക്കമാണ്. 3:3-4ൽ ഏശയ്യ 3:5 ലേക്ക് വിരൽ ചൂണ്ടുന്നതായി കാണാം. ഏശയ്യ സൂചിപ്പിക്കുന്ന അതേ ചരിത്രസംഭവങ്ങൾക്ക് സമാനമായ അന്തരീക്ഷം കോറിന്തിൽ നിലനിൽക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. 43-ാം അദ്ധ്യായം സംഖ്യയുടെ പുസ്തകം 17 ലെ വിവരണത്തോടുസമാന്തരമായി കാണാം. കോറിന്ത്യൻ സമൂഹത്തിലെ സംഘർഷങ്ങൾക്ക് മറുപടിയായി സഭയിലെ ആത്മീയ നേതൃത്വത്തിന്റെ സ്ഥാപനത്തെ അവതരിപ്പിച്ചിരിക്കുന്നു. വിവരണങ്ങൾ





തമ്മിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുക എളുപ്പമല്ലെങ്കിൽക്കൂടി രൂപകാത്മക വ്യാഖ്യാനത്തോട് അടുത്ത സാധർമ്മ്യം പുലർത്തുന്നുണ്ട്.

ഇതേ നിരീക്ഷണം തന്നെ ക്ലമന്റിന്റെ പ്രതിരൂപാത്മക വ്യാഖ്യാന രീതിയുടെ ഉപയോഗത്തിലും കാണാം. പഴയനിയമത്തിന്റെ ഓരോ വിശദാംശത്തിലും അന്തർലീനമായ പ്രാധാന്യത്തെ കണ്ടെത്തുന്ന ക്ലമന്റിന്റെ കാഴ്ചപ്പാട് വി. ഗ്രന്ഥം ദൈവനിവേശിതമാണ് എന്ന വിശ്വാസത്തിലധിഷ്ഠിതമാണ്. രണ്ടുസന്ദർഭങ്ങളിൽ വി. ക്ലമെന്റ് പ്രതിരൂപാത്മക വ്യാഖ്യാനരീതി ഉപയോഗപ്പെടുത്തുന്നതായി കാണാം. ഒന്നാമതായി 12.7 ൽ റാഹാബ് ജനൽവഴി തൂക്കിയ ചുവന്ന നാട ക്രിസ്തുവിന്റെ രക്തത്തിലൂടെ സാധ്യമാകുന്ന രക്ഷയെ കുറിക്കുന്ന പ്രവചനമായി അദ്ദേഹം ദർശിക്കുന്നു. രണ്ടാമതായി 48:2 മുതലുള്ള ഭാഗത്ത് സങ്കീ 117:19ff. ഉദ്ധരിക്കുമ്പോൾ സങ്കീർത്തനത്തിലെ പ്രവേശന കവാടത്തെ ക്രൈസ്തവ ജീവിതത്തിന്റെ പ്രവേശന കവാടമായ ക്രിസ്തുവായി ക്ലമന്റ് ചിത്രീകരിക്കുന്നു. ഇവയെല്ലാം ഉദാഹരണങ്ങളായി കാണാമെങ്കിലും ക്ലമന്റിൽ പ്രതിരൂപാത്മക രീതി (allegorical) അതിന്റെ വളർച്ചയുടെ പ്രഥമഘട്ടത്തിലാണ് എന്ന് കരുതുകയാണ് കരണീയം. പഴയനിയമത്തിൽ നിന്നും ക്രിസ്തു സംസാരിക്കുന്നുവെന്നും പഴയനിയമം ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചും പഠിപ്പിക്കുന്നുണ്ടെന്നും ക്ലമന്റ് വിശ്വസിച്ചിരുന്നു. ക്ലമന്റിന്റെ വാച്യാർത്ഥ വ്യാഖ്യാനത്തിന്റെ കാരണം അദ്ദേഹത്തിന്റെ സമൂഹം നേരിട്ട പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് പ്രബോധനരീതിയിൽ തന്റെ ലേഖനം എഴുതിയത് കൊണ്ടാവാം.

**2. ബാർണബാസിന്റെ ലേഖനം**

ബാർണബാസിന്റെ ലേഖനം പ്രാചീനസഭയിലെ മൂന്നുപ്രധാന കൃതികളിൽ ഒന്നാണ്. പ്രാചീനത്വം കൊണ്ട് അപ്പസ്തോലിക പിതാക്കന്മാരുടെ കൃതികളോടുകൂടി ഇതും കണക്കാക്കപ്പെടുന്നു.

ബാർണബാസിന്റെ ലേഖനം എന്നറിയപ്പെടുന്ന ആദ്യകാല ക്രൈസ്തവ സാഹിത്യരചന ഒരു ദൈവശാസ്ത്ര കൃതിയാണ്. ലേഖനമല്ല; ലേഖനശൈലിയിൽ എഴുതിയതല്ല. വ്യക്തിപരമായി ഒന്നും അതിലില്ല. പരിപൂർണ്ണ ജ്ഞാനം (ഗ്നോസിസ്) പഠിപ്പിക്കാനുള്ള ഉദ്യമമാണിതിൽ. ഈ ലേഖനത്തിന് രണ്ടു ഭാഗങ്ങളുണ്ട: താത്വികം, ധാർമികം. താത്വികഭാഗം 1-17 വരെ അധ്യായങ്ങൾ ഉൾക്കൊള്ളുന്നു. 'നിങ്ങളുടെ വിശ്വാസത്തോടൊപ്പം നിങ്ങൾക്കു സമ്പൂർണ്ണ ജ്ഞാനം ഉണ്ടാകുവാൻ' വേണ്ടിയാണ് ഈ കൃതിയെന്ന് ആരംഭത്തിൽ തന്നെ ഗ്രന്ഥകർത്താവ് പറയുന്നു (1:5). ഒന്നാമതായി പഴ

യനിയമവെളിപാടിന്റെ സ്ഥാനവും മഹിമയും വ്യക്തമാക്കുന്നു. വാച്യാർത്ഥത്തിലെടുത്തതിനാൽ യഹൂദർ പഴയനിയമം പൂർണ്ണമായി തെറ്റിദ്ധരിച്ചു. പഴയനിയമത്തിന്റെ വാച്യാർത്ഥത്തിന് അപ്പുറത്തുള്ള ആന്തരികാർത്ഥം നൽകാൻ ലേഖനകർത്താവ് ശ്രമിക്കുന്നു. രക്തബലിയല്ല ഹൃദയാർപ്പണമത്രേ ദൈവം അഭിലക്ഷിക്കുന്നത്. ജഡത്തിന്റെ ഛേദനമല്ല. സത്യം സ്വീകരിക്കത്തക്കവിധം ഹൃദയത്തിന്റെ ഛേദനമാണാവശ്യം. അശുദ്ധ മൃഗങ്ങളെ ഭക്ഷക്കാതിരിക്കുകയല്ല ആ മൃഗങ്ങൾ സൂചിപ്പിക്കുന്ന തിന്മകൾ വർജിക്കുകയാണ് ദൈവാനുഗ്രഹം നേടാനുള്ള വഴി (9-10). യഹൂദർ പഴയനിയമത്തിന് യോഗ്യരല്ലാതായി. മോശ അതു പ്രാപിച്ചു. അവർ അതിന് അനർഹരായി. ആദിമുതലേ അത് ക്രിസ്ത്യാനികളെ ഉദ്ദേശിച്ചുള്ളതാണ്. 'നാം അത് എപ്രകാരം പ്രാപിച്ചെന്ന് നോക്കൂ. ദാസനായിരുന്നപ്പോൾ മോശയ്ക്കതുകിട്ടി. നമുക്കുവേണ്ടി പീഡസഹിച്ച് അവകാശമുള്ള ജനത്തിനെന്നവണ്ണം കർത്താവു നമുക്കതു നൽകി' (14:4). പഴയനിയമത്തിന്റെ യഹൂദവ്യാഖ്യാനങ്ങൾ ദൈവപ്രചോദിതങ്ങളല്ല. ഒരു ദുഷ്ടദൂതൻ അവരെ വഴിതെറ്റിച്ചുകൊണ്ടിരുന്നു (9:4). യഹൂദാ ആരാധനാരീതികൾ വിജാതീയ ആരാധനപോലെയാണ് (16:2). ക്രിസ്തുവിന്റെ 'മുൻസ്ഥിതി' (5:5; 5:10) സ്നാനം പ്രദാനം ചെയ്യുന്ന (16:2) ദത്തുപുത്രസ്ഥാനം, മനുഷ്യാത്മാവിൽ പതിയുന്ന ദൈവഛായയും സാദൃശ്യവും (6:11-12), പരിശുദ്ധാത്മാവിന്റെ ആലയമാകൽ (16:1-8), ഞായറാഴ്ചയാചരണം (15:8) എന്നീ കാര്യങ്ങളും ഈ ഭാഗത്ത് ചർച്ചചെയ്യുന്നു.

ധാർമ്മിക പ്രതിപാദനമാണ് 18-21 അധ്യായങ്ങൾ, ഡിഡാക്കെയിൽ കാണുന്ന 'ഇരുവഴി' പ്രതിപാദനരീതിയാണിവിടെയും.'ജീവവഴി,' 'മരണവഴി' എന്നു ഡിഡാക്കെ വിളിക്കുന്നതിനെ ഇവിടെ പ്രകാശപാതയെന്നും, അന്ധകാരപാതയെന്നും വിളിക്കുന്നു. പത്തുകല്പനകളെ ആധാരമാക്കിയുള്ള ധാർമിക നിയമങ്ങൾ ഈ ഭാഗത്ത് കാണാം.

സൃഷ്ടിമുതൽ 6000 വർഷം കഴിയുമ്പോൾ തിന്മയ്ക്ക് അറുതിവരുമെന്നും മനുഷ്യപുത്രൻ വന്നു ധർമം പുന:സ്ഥാപിക്കുമെന്നുള്ള മില്ലെനാരിയനിസം ലേഖനം പ്രചരിപ്പിക്കുന്നു (15:4). ആറുദിവസത്തെ സൃഷ്ടി ആറായിരം വർഷത്തെ സൂചിപ്പിക്കുന്നു: കർത്താവിന് 1000 വർഷം ഒരു ദിവസം പോലെയാണല്ലോ. ഏഴാം ദിവസം കർത്താവ് യഥാർത്ഥത്തിൽ വിശ്രമിക്കും. സഹസ്രാബ്ദവാഴ്ചയുടെ സാബത്ത് അന്ന് ആരംഭിക്കുകയായി (15:1-9).

ബാർണബാസിന്റേതായിട്ടാണ് ഈ ലേഖനം അറിയപ്പെടുന്നത്. 'കോഡക്സ് സിനായ്റ്റിക്കസ്'(4-ാം നൂറ്റാണ്ട്) പുതിയനിയമ





ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഇതിനെ കരുതുന്നു. യോഹന്നാന്റെ വെളിപാടിനുശേഷമാണ് ഇതിന്റെ സ്ഥാനം. അലക്സാണ്ഡ്രിയായിലെ ക്ലെമന്റ് (+216) ഇതിൽ നിന്ന് ധാരാളമായി ഉദ്ധരിക്കുകയും ബാർണബാസ് ശ്ലീഹായിൽ നിന്നാണിതെന്നു പഠിപ്പിക്കുകയും ചെയ്യുന്നു. ഒരിജൻ (+253) 'സാർവത്രികലേഖനം' എന്ന് ഇതിനെ വിളിക്കുന്നു. എവുസേബിയസ് (+339) തർക്കമുള്ള ഗ്രന്ഥങ്ങളുടെ പട്ടികയിലും ജെറോം (+420) അപ്പോക്രീഫൽ ഗ്രന്ഥങ്ങളിലും ഇതിനെ ഉൾപ്പെടുത്തുന്നു. ബാർണബാസ് ശ്ലീഹാ എഴുതിയതല്ല ഇതെന്നു ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ജറുസലേമിന്റെ നാശത്തിന് ശേഷമാണിത് എഴുതപ്പെട്ടത്. രൂപകാർത്ഥശൈലിക്ക് മുൻതൂക്കം ഉള്ളതിനാൽ അലക്സാണ്ഡ്രിയാ ആയിരിക്കാം ഉത്ഭവസ്ഥാനം. ഫിലോയുടെ സ്വാധീനം സ്പഷ്ടമാണ്. അലക്സാണ്ഡ്രിയൻ പിതാക്കന്മാർ ഈ കൃതിക്ക് പ്രാധാന്യം നൽകിയിരുന്നു. ഗ്രന്ഥകർത്താവ് യഹൂദമതത്തിൽ നിന്നുള്ള ഒരു ക്രിസ്ത്യാനി ആയിരിക്കാനാണ് സാധ്യത. ഇത് എഴുതപ്പെട്ടത് 70 നും 130 നും ഇടയ്ക്കാണ്.

ഖുംറാൻ രേഖകളും ഫീലോയുടെ കൃതികളും ഡിഡാക്കെയും ബാർണബാസിന്റെ ലേഖനവും തമ്മിൽ പലകാര്യങ്ങളിലും സാമ്യമുണ്ട്. പലകാര്യങ്ങളും ഇവയ്ക്ക് പൊതുവായിട്ടുണ്ട്.

1) അല്ലഗോറിക്കൽ വ്യാഖ്യാനരീതി ഫീലോയ്ക്കും ബാർണബാസിനും ഖുംറാനും പൊതുവാണ്. പഴയനിയമത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചിട്ട്, സമകാലീന സംഭവങ്ങളുമായി അതിനെ ബന്ധിക്കുക (ബാർണബാസ് 10:1-3).

2) ഖുറാൻ സമൂഹം മറ്റുള്ളവരുമായുള്ള സമ്പർക്കം വെറുത്തു. തങ്ങൾ ഒരു പ്രത്യേകസമൂഹമാണെന്നും പ്രത്യേക നന്മകൾ ഉള്ളവരാണെന്നും അവർ കരുതി. ആദിമക്രൈസ്തവർ ഇപ്രകാരമായിരുന്നില്ല. അവർ സുവിശേഷം നാനാജാതി മതസ്ഥരുടെ പക്കലെത്തിക്കുകയും എല്ലാവരെയും സ്വീകരിക്കുകയും ചെയ്തു. ബാർണബാസാകട്ടെ ഖുംറാൻ സമൂഹത്തെപ്പോലെ വർത്തിച്ചു (4:1-2; 10:5).

3) ഇരുപാത തത്വം : രണ്ടാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഒരു പ്രത്യേകതരം യൂദായിസം അലക്സാണ്ഡ്രിയായിൽ പ്രബലപ്പെട്ടിരുന്നു. ഫീലോയുടെ യവനവത്ക്കരണത്തോട് (ഹെല്ലനിസത്തോട്)അതിന് സാമ്യമുണ്ടായിരുന്നു. അതേസമയം ഖുംറാൻ എസ്സീൻ സമൂഹത്തിന്റെ പ്രത്യേകതകളും പുലർത്തിയിരുന്നു. ഇപ്രകാരമൊരു പശ്ചാത്തലം പുതിയനിയമ ഗ്രന്ഥങ്ങളേക്കാൾ വ്യക്തമായി ബാർണബാസിൽ കാണാം. ക്രിസ്തുവിന്റെ ജീവിതം, മാതൃ

ക, പ്രസംഗം എന്നിവയുടെ സ്വാധീനം മറ്റ് ആദിമ ക്രൈസ്തവ സാഹിത്യകാരന്മാരേക്കാൾ വളരെക്കുറച്ചേ ബാർണബാസിനുണ്ടായിരുന്നുള്ളൂ. അടിസ്ഥാനപരമായി യഹൂദമതത്തിനെതിരായ നിലപാടാണ് ലേഖനത്തിൽ, പ്രത്യേകിച്ച് ആദ്യഭാഗത്ത് യഹൂദ സിനഗോഗിന്റെ ഭാഷ്യരീതികളും, ഭാഷ്യപാരമ്പര്യങ്ങളും ബാർണബാസ് സഭയിൽ കൊണ്ടുവന്നു. സിറിയ, ഖുംറാൻ, അലക്സാണ്ഡ്രിയ എന്നിവിടങ്ങളിലെ യഹൂദന്മാരുടെയിടയിൽ ഇരുപാതതത്വം വാമൊഴിയിലും വരമൊഴിയിലും നിലനിന്നിരിക്കണം. ഡിഡാക്കെ, ശ്ലീഹന്മാരുടെ പ്രബോധനം (ഡിഡസ്കാലിയ അപ്പസ്തോളോരും), അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻസ് ഏഴാം പുസ്തകം, ബാർണബാസിന്റെ ലേഖനം എന്നിവ നേരത്തേയുണ്ടായിരുന്ന ഇരുപാതതത്വ രേഖകൾ ഉപയോഗിച്ചിരിക്കാം. ബാർണബാസ് തന്റെ സഭയുടെ വേദോപദേശമായ ശ്ലീഹന്മാരുടെ പ്രബോധനവും (ദോക്ത്രീനാ അപ്പസ്തോളോരും) ഉപയോഗിച്ചിട്ടുണ്ടാകും.

4) നിരവധി 'യഹൂദ-ക്രിസ്ത്യൻ' സവിശേഷതകൾ ബർണബാസിന്റെ ലേഖനത്തിൽ ദൃശ്യമാണ്. 1) യഹൂദമതത്തിനെതിരായ പദപ്രയോഗങ്ങൾ, യഹൂദർ ക്രിസ്തുവിനെ കൊന്നു: അവരുടെ ബലികൾ അർത്ഥശൂന്യമാണ്, ഔദ്യോഗിക യൂദായിസം അധഃപതിച്ചു ഇത്യാദി വിമർശനങ്ങൾ വിരൽ ചൂണ്ടുന്നത് ഇതിലേക്കാണ്. പത്രോസിന്റെ സുവിശേഷം എന്ന അപ്പോക്രിഫൽ കൃതിയിലും (11-12) ഈ സവിശേഷത കാണാവുന്നതാണ്. 2) യഹൂദന്മാർക്കു മെസയാനിക സാക്ഷ്യങ്ങളുടെ സമാഹാരങ്ങളുണ്ടായിരുന്നു. അതായത് പഴയനിയമത്തിൽ മിശിഹായെപ്പറ്റി പറഞ്ഞിരിക്കുന്ന പ്രവചനങ്ങളുടെ സമാഹാരം. ക്രിസ്ത്യാനികൾ അവ ഉപയോഗിച്ചിരുന്നു. ഖുംറാൻ സമൂഹം അത്തരം പ്രവചനങ്ങൾ സമകാലീന സംഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കി (cf. ഹബക്കുക്കിന്റെ മിദ്രാഷ്). 3)പഴയനിയമത്തിലെ ഭക്ഷ്യനിയമങ്ങൾക്ക് ബാർണബാസ് നൽകുന്ന ഭാഷ്യം ഫീലോയിലും അരിസ്തെയാസിലും കാണുന്ന രീതിയിലാണ്. റബ്ബീനിക്കൽ യൂദായിസത്തിന്റെ ഭക്ഷ്യനിയമഭാഷ്യരീതിയും ഇതുതന്നെ. 4) ആറുദിവസത്തെ സൃഷ്ടി വിവരണത്തിന് സൈദ്ധാന്തികഭാഷ്യം നൽകുന്നതും യൂഹൂദ-ക്രിസ്ത്യൻ രീതിയാണ്. ആറുദിവസം 6000 വർഷത്തെ സൂചിപ്പിക്കുന്നു. പിന്നെ സഹസ്രാബ്ദ വാഴ്ചയുടെ സാബത്ത് ഉദിക്കയായി. പപ്പിയാസിലും ഹെർമാസിലും തെയോഫിലസിലും ഈ രീതി കാണാം.

വി. ഗ്രന്ഥത്തെ വ്യാഖ്യാനിക്കുമ്പോഴും ഒരു ക്രൈസ്തവ അദ്ധ്യാപകൻ എന്ന നിലയിൽ ബാർണബാസിന് ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട്. ബാർണബാസിന്റെ കാലഘട്ടത്തിൽ വി.ഗ്രന്ഥമെന്നാൽ പഴയനിയമം മാത്രമായിരുന്നു. അതിനാൽ ആദ്യനിയമത്തിന്റെ സഹായത്തോടെ ക്രിസ്തുവിലുള്ള വിശ്വാസത്തെ മനസ്സിലാക്കാനും വിശദീകരിക്കുവാനുമേ അദ്ദേഹത്തിനു കഴിയുമായിരുന്നുള്ളൂ. അതിനാൽ ബാർണബാസിന്റെ ആദ്യപരിശ്രമം എന്നത് ആദ്യനിയമത്തെ യഹൂദരുടെ മാത്രം വി. ഗ്രന്ഥമായല്ല മറിച്ച് ക്രൈസ്തവ പുസ്തകമായി വിശദീകരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആദ്യനിയമത്തിലെ പലനിയമങ്ങളും യഹൂദർക്കുമാത്രം ബാധകമായിരുന്നു. ക്രൈസ്തവർ അവ അനുസരിക്കണമെന്നില്ല. ബാർണബാസിന്റെ ഈ ചിന്തകൾക്ക് വിപരീതമായ ചിന്തകൾ ആ കാലഘട്ടത്തിലുണ്ടായിരുന്നു. ഉദാഹരണമായി, മാർസിയൻ പുതിയനിയമത്തിന്റെ പ്രാധാന്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് പഴയനിയമത്തിന്റെ പ്രാധാന്യത്തെ മുഴുവനായി അവഗണിച്ചു. മറ്റൊരു പ്രവണതയ്ക്കനുസരിച്ച് പഴയനിയമത്തിൽ ദൈവം ആഗ്രഹിക്കാത്ത പല ബലികളും ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ എന്നന്നേക്കുമുള്ള ഏക ബലി മറ്റു ബലികളെ നീക്കികളയുകയും എല്ലാം ശുദ്ധീകരിക്കുകയും ചെയ്തു. മറ്റൊരു ചിന്താരീതി ഇപ്രകാരമാണ്: യഹൂദരുടെ അവിശ്വസ്തതയുടെ പശ്ചാത്തലത്തിലാണ് നിയമം നൽകപ്പെട്ടത്. അവർ വിശ്വസ്തരായിരുന്നെങ്കിൽ ഇത്തരം നിയമങ്ങൾ നൽകപ്പെടുമായിരുന്നില്ല. അതിനാൽ ക്രൈസ്തവർ വിശ്വസ്തരായിരുന്നാൽ നിയമങ്ങൾ ബാധകമാകുന്നില്ല.

ഇത്തരത്തിലുള്ള ചിന്തകളുടെ പശ്ചാത്തലത്തിലാണ് ബാർണബാസ് പഴയനിയമം മുഴുവനും ക്രൈസ്തവ പുസ്തകമായി വിശദീകരിക്കുന്നത്. പഴയനിയമത്തെ ക്രിസ്തുവും സഭയുമായി ബന്ധപ്പെടുത്തുന്ന വ്യാഖ്യാനങ്ങൾ നിലനിന്നിരുന്നുവെങ്കിലും ബാർണബാസ് ഒരു പടികൂടി ഉയർന്ന് യഹൂദവഴികളിലൂടെയല്ലാതെ തന്നെ പഴയനിയമത്തെ ക്രൈസ്തവ പുസ്തകമായി വ്യാഖ്യാനിക്കാമെന്നും പഴയനിയമത്തിലെ എല്ലാകാര്യങ്ങളും ക്രൈസ്തവ ജീവിതശൈലിയിൽ പ്രയോഗത്തിലാക്കാമെന്നും പഠിപ്പിക്കുന്നു. ഭൂതം, ഭാവി, വർത്തമാനകാലങ്ങൾ പരസ്പരബന്ധിതമാണെന്നും ഈ ബന്ധം രക്ഷാകരചരിത്രത്തിൽ സൂചിതമാണെന്നും അദ്ദേഹം കരുതുന്നു. ഈ ബന്ധം മനസ്സിലാക്കണമെങ്കിൽ ജ്ഞാനവും അറിവും ക്രൈസ്തവർക്ക് ആവശ്യമാണ്. യഥാർത്ഥ അറിവ് നാശത്തിന്റെ സമയത്ത് സന്തോഷവും സുരക്ഷിതത്വവും പ്രദാനം ചെയ്യുന്നു (2:3). പഴയനിയമത്തിലെ പല ബലികളും പഴയനിയമ അവിശ്വസ്തതയുടെ സമയത്ത് ഉചിതമായ പെരുമാറ്റശൈലി ഉണ്ടാകുവാൻ ഉദ്ദേശിച്ചുള്ളതാണ്. അതിനാൽ ബലി എന്ത് എന്ന് ബാർണബാസ് വിശദീകരിക്കുന്നു. ദൈവത്തിനുള്ള ബലി അനുതാപമുള്ള ഹൃദയമാ

ണ്. അവിടുത്തേക്ക് പ്രസാദകരമായ സുഗന്ധമാണത്. തന്റെ സൃഷ്ടാവിനെ മഹത്വപ്പെടുത്തുന്ന ഹൃദയമാണത്. നിരന്തരമായ ശ്രദ്ധയും ജാഗ്രതയും സമരവും ആവശ്യപ്പെടുന്ന ഒന്നാണ് ക്രൈസ്തവജീവിതം. ഈ സമരത്തിനും ജാഗ്രതയ്ക്കുമായി ഭൂതകാലത്തെക്കുറിച്ചുള്ള അറിവും വർത്തമാനകാലത്തിനുവേണ്ട നിർദ്ദേശങ്ങളും ഭാവികാലത്തിനുവേണ്ട ഉൾക്കാഴ്ചയും നൽകപ്പെട്ടിരിക്കുന്നു.

മനുഷ്യാവതാരത്തെക്കുറിച്ചുള്ള മൗലീകപ്രമാണങ്ങളും, ഈശോയുടെ സഹനമരണവും, പ്രവാചകഗ്രന്ഥങ്ങളിൽ നൽകപ്പെട്ടിട്ടുണ്ട്. പഴയനിയമത്തിൽ ചില ഭാഗങ്ങൾ പഴയ ഇസ്രായേലിനായും നൽകിയിരിക്കുന്നു. ദൈവപുത്രൻ മനുഷ്യനായത് അപ്രകാരം മാത്രമേ മനുഷ്യരോടു സഹവർത്തിത്വത്തിൽ വരാൻ കഴിയൂ എന്നതുകൊണ്ടാണ്. ക്രിസ്തുവിനെ സ്വീകരിക്കുവാൻ യഹൂദർക്ക് സാധിക്കാതിരുന്നത് അവരുടെ അവിശ്വസ്തതയുടെ സ്വാഭാവികമായ പരിണിതഫലമാണ്. തേനും പാലും ഒഴുകുന്ന ദേശത്തേക്കുള്ള (ഉല്പ 33:1-3) പ്രവേശനം, പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ഉത്ഭവം ഇവയെല്ലാം സൂചിപ്പിക്കുന്നത് മണ്ണും ഭൂമിയും കൊണ്ട് ഉത്ഭൂതമായ നമ്മുടെ ശരീരത്തിന്റെ നവീകരണമാണ് (6.8). ആദത്തിന്റെ സൃഷ്ടിയും ക്രിസ്തുവിന്റെ സഹനവും നമ്മുടെ ക്രിസ്തുവിലുള്ള പുതുജീവിതവും പരസ്പരബന്ധിതമാണ് (6.11,12). ആദം മണ്ണിൽ നിന്നും ഉരുവാക്കപ്പെട്ടു. ക്രിസ്തു മൺമയമായ ശരീരത്തിൽ സഹിക്കുകയും അതിനെ നവീകരിക്കുകയും പുതുജീവൻ നൽകുകയും ചെയ്തു.

ബാർണബാസിന്റെ വ്യാഖ്യാനത്തിൽ പഴയനിയമത്തിലെ പാപപരിഹാരബലി ദു:ഖവെള്ളിയാഴ്ചയിലെ ക്രിസ്തുവിന്റെ സ്വയംബലിയർപ്പണമാണ്. പഴയനിയമത്തിലെ പരിഛേദനമാകട്ടെ പുതിയനിയമത്തിലെ ഹൃദയത്തിന്റെയും കാതുകളുടേയും പരിഛേദനമാണ്. ഭക്ഷണത്തിൽ നിന്നുള്ള ത്യാഗം ശാരീരിക സുഖങ്ങളോടുള്ള ആഗ്രഹങ്ങളിൽ നിന്ന് അകന്നു നിൽക്കലാണ്.

മുകളിൽ കണ്ടതുപ്രകാരം വി. ഗ്രന്ഥവ്യാഖ്യാനത്തിൽ ബാർണബാസ് ഉപയോഗപ്പെടുത്തുന്ന രീതിയെക്കുറിച്ച് ഏതാനും നിരീക്ഷണങ്ങൾ നടത്താം. വി. ഗ്രന്ഥം പ്രത്യേകം പഴയനിയമം അതിന്റെ വാച്യാർത്ഥത്തിനുമപ്പുറം ആഴമേറിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു. ബാർണബാസിന്റെ ചിന്താഗതി പ്രതിരൂപാത്മക വ്യാഖ്യാനശൈലിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ വ്യാഖ്യാനശൈലിയിലെ വിശദീകരണങ്ങൾ ഒരുപരിധിവരെ വെളിപാടിന്റെ ക്രമാനുഗതമായ വളർച്ചയിൽ നിന്നും ഉത്ഭവിക്കുന്നതല്ല. മറിച്ച് വി.ഗ്രന്ഥഭാഗങ്ങൾക്ക് വ്യാഖ്യാതാവ് കൽപിക്കുന്ന അർത്ഥമാണ്. അതി





നാൽതന്നെ ക്രിയാത്മകമായ വിമർശനമനോഭാവത്തോടെയേ ഈ വിശദീകരണങ്ങൾ സ്വീകരിക്കുവാൻ സാധിക്കൂ. രണ്ടാമതായി ടൈപ്പോളജിയും (പ്രതിരൂപകാത്മകവ്യാഖ്യാനം) അലഗറിയും (രൂപാത്മകവ്യാഖ്യാനം) തമ്മിലുള്ള ഒരു ആശയക്കുഴപ്പം നാം ബാർണബാസിൽ കാണുന്നു. ഉദാ:- 9.8 ൽ

അബ്രാഹം .... മൂന്നക്ഷരങ്ങളുടെ തത്വം സ്വീകരിച്ചു. 8. എന്തെന്നാൽ അത് ഇങ്ങനെ പറയുന്നു: അബ്രാഹം തന്റെ ഭവനത്തിൽ നിന്ന് 18 ഉം അതിനുശേഷം 300 ഉം പുരുഷന്മാരെ പരിഛേദനം നടത്തി. അപ്പോൾ അവനെ പഠിപ്പിച്ച പ്രത്യേക അറിവ് എന്തായിരുന്നു?. അവൻ ആദ്യം 18 ഉം അതിനുശേഷം 300 ഉം പറയുന്നത് ശ്രദ്ധിക്കുക. പതിനെട്ട് I ഉം മുന്നൂറ് H ഉം ആണ്. അപ്പോൾ നമുക്ക് യേശു (I H) എന്ന പദം കിട്ടും.

10.1-3: പന്നി, കഴുകൻ, പരുന്ത്, കാക്ക, ചെതുമ്പലില്ലാത്ത മത്സ്യങ്ങൾ എന്നിവയെ നിങ്ങൾ ഭക്ഷിക്കരുത് എന്ന് മോശ പറഞ്ഞപ്പോൾ മൂന്നു തത്വങ്ങൾ തന്റെ അർത്ഥത്തിൽ അവൻ ഉൾപ്പെടുത്തി. കൂടാതെ ആവർത്തനപുസ്തകത്തിൽ അവൻ അവരോട് പറയുന്നു: ഞാൻ എന്റെ കൽപനകൾ ഒരുടമ്പടിയായി ഈ ജനത്തിന്മേൽ വയ്ക്കും. ഈ ജീവികളെ ഭക്ഷിക്കുന്നതിൽ നിന്ന് ഒഴിഞ്ഞിരിക്കണം എന്ന ദൈവിക കൽപനയല്ലിത്, പിന്നെയോ മോശ ആത്മീയമായി സംസാരിക്കുകയാണിവിടെ. അതനുസരിച്ച് താഴെപ്പറയുന്ന കാരണത്താൽ പന്നിയെ ഭക്ഷിക്കരുതെന്ന് അവൻ പറയുന്നു. പന്നിയെപ്പോലുള്ളവരോട് നിങ്ങൾ പറ്റിച്ചേരരുതെന്നാണ് അവൻ അർത്ഥമാക്കുന്നത്: അതായത് സമൃദ്ധിയുണ്ടാകുമ്പോൾ അവർ ദൈവത്തെ മറക്കുന്നു. ആവശ്യങ്ങളുണ്ടാകുമ്പോൾ കർത്താവിനെ അംഗീകരിക്കുന്നു. തിന്നുമ്പോൾ തന്റെ യജമാനനെ മറക്കുകയും, വിശക്കുമ്പോൾ കരയുകയും തീറ്റ ലഭിക്കുമ്പോൾ മൗനമാകുകയും ചെയ്യുന്ന പന്നിയെപ്പോലെയാണവർ. ഇവയിൽ 9:8 പ്രതിരൂപകാത്മകവ്യാഖ്യാനവും 10.1-3 നെ രൂപാകാത്മക വ്യഖ്യാനവുമായി മനസ്സിലാക്കാമെങ്കിലും ഇവ തമ്മിലുള്ള അന്തരം ബാർണബാസിന്റെ കൃതിയിൽ തുലോം കുറവാണ് എന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു.

അപ്പസ്തോലിക പിതാക്കന്മാരുടെ കാലം വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിന്റെ പ്രാരംഭദശയായിരുന്നു. രൂപകാത്മകവ്യാഖ്യാനത്തിന്റെയും പ്രതിരൂപാത്മകവ്യാഖ്യാനത്തിന്റെയും ശൈശവദശയോടൊപ്പം വാച്യാർത്ഥ വായനയും ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

06

# വിശ്വാസസമർത്ഥകരും വി. ഗ്രന്ഥ വ്യാഖ്യാനവും

രണ്ടാം നൂറ്റാണ്ടിലെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വി.ഗ്രന്ഥം എന്ന സംജ്ഞ തന്നെ ഒത്തിരിയേറെ ചോദ്യങ്ങൾ ഉയർത്തുന്ന ഒന്നായിരുന്നു. ദൈവവചനത്തിന്റെ അപ്രമാദിത്വം, ദൈവീക നിയമത്തിന്റെ സാധുത, ക്രൈസ്തവ വിശ്വാസത്തിന്റെ പാരമ്പര്യം, സീനായ് മലയിലെ വെളിപാടും ക്രിസ്തുവിലുള്ള വെളിപാടും തമ്മിലുള്ള പാരസ്പര്യം, അല്ലെങ്കിൽ യേശുവിന്റെ വാക്കുകൾ അവയെ വ്യാഖ്യാനിക്കുന്നുണ്ടോ, വാമൊഴിയും വരമൊഴിയും തമ്മിലുള്ള ബന്ധം, വാക്കും അർത്ഥവും തമ്മിലുള്ള ബന്ധം എന്താണ് എഴുതപ്പെട്ടത് എന്താണ് പറയപ്പെട്ടത് എന്നീ ചോദ്യങ്ങൾ പ്രധാനപ്പെട്ടതായിരുന്നു.

രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മെഡിറ്ററേനിയൻ ലോകത്തിന്റെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും വൈജ്ഞാനികവുമായ പശ്ചാത്തലത്തിൽ വിശ്വാസത്തെ വിശദീകരിച്ച പ്രബോധകരെയാണ് വിശ്വാസസമർത്ഥകർ (Apologists) എന്നു വിളിക്കുന്നത്. 'അപ്പോളജിയ' എന്ന ഗ്രീക്കുപദത്തിന്റെ വാച്യാർത്ഥം 'പരിശോധിക്കുക' എന്നാണ്. വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ സഭയ്ക്കു നേരിടേണ്ടി വന്നപ്പോൾ താത്വികമായി വിശ്വാസത്തെ





സമർത്ഥിച്ചതിനാലാണ് അപ്പോളജിസ്റ്റുകൾ എന്ന പേരിൽ അവർ അറിയപ്പെടുന്നത്. വിജാതീയ മതങ്ങൾ, റോമാസാമ്രാജ്യം, യഹൂദമതം എന്നീ മൂന്നുതലങ്ങളിൽ നിന്നാണ് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ സഭയ്ക്കു നേരിടേണ്ടി വന്നത്. വിശ്വാസത്തെ വിശദീകരിക്കുവാൻ ഗ്രീക്കുതത്ത്വചിന്തയെ വേണ്ടവിധം അവർ ഉപയോഗപ്പെടുത്തി. ഇത് ദൈവശാസ്ത്രത്തിന്റെ വളർച്ചയിലെ പുതിയൊരു കാൽവയ്പായിരുന്നു.

രണ്ടാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിലെ പ്രധാനകേന്ദ്രങ്ങളിലെല്ലാം സഭ വളരുവാൻ തുടങ്ങിയിരുന്നു. അഗസ്റ്റസ് ചക്രവർത്തിയുടെ ഭരണകാലത്ത് (ഏ.ഡി.14–ബി.സി. 27) തുടക്കം കുറിച്ച റോമൻ സമാധാനമാണ് സഭയുടെ വളർച്ചയ്ക്ക് പശ്ചാത്തലമൊരുക്കിയത്. പൂർണ്ണമായ മതസ്വാതന്ത്ര്യം സാമ്രാജ്യത്തിലുടനീളം നിലനിന്നിരുന്നു. അക്കാലത്ത് ജനങ്ങളുടെ രാഷ്ട്രീയ സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാനതലം നഗരങ്ങളായിരുന്നു (city states). ഓരോ നഗരത്തിനും അവരുടേതായ ദൈവങ്ങളും മതാചാരങ്ങളുമുണ്ടായിരുന്നു. ആചാരാനുഷ്ഠാനങ്ങൾ അവരുടെ പൊതുജീവിതത്തിന്റെ ഭാഗമായിരുന്നതിനാൽ എല്ലാവരും അതിൽ പങ്കെടുക്കുവാൻ നിർബന്ധിതരായിത്തീർന്നു. ക്രിസ്ത്യാനികൾ അതിൽ പങ്കെടുക്കുവാൻ വിസമ്മതിച്ചതിനാൽ വിജാതീയർ അവരെ സംശയത്തോടെ നിരീക്ഷിച്ചു തുടങ്ങി. റോമാ സാമ്രാജ്യത്തിന്റെ അഭിവൃദ്ധി അവരുടെ ദൈവങ്ങളുടെ കടാക്ഷം മൂലമാണെന്നാണ് അവർ വിശ്വസിച്ചിരുന്നത്. പുതിയമതം സാമ്രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമാണെന്ന് വിജാതീയർ തെറ്റിദ്ധരിച്ചതിനാൽ ക്രൈസ്തവരെ രാജ്യദ്രോഹികളായി അവർ മുദ്രകുത്തി. നിരീശ്വരവാദം (atheism), മതനിഷേധം, ലൈംഗിക അധാർമ്മികത എന്നിവ ക്രൈസ്തവരുടെ മേൽ ആരോപിക്കപ്പെട്ടു. ബലിയർപ്പണത്തിനുവേണ്ടിയുള്ള ക്രൈസ്തവ കൂട്ടായ്മകളെ ദുർവ്യാഖ്യാനം ചെയ്ത് നരഭോജികളായി (cannibalism) അവർ അവരെ ചിത്രീകരിച്ചു.

ക്രൈസ്തവർ രാജ്യത്തിനും ഭരണാധിപന്മാർക്കും എതിരല്ലെന്നും രാജാവ് ദൈവമല്ലാത്തതിനാലാണ് നിലവിലുള്ള രാജാരാധനയെ അനുകൂലിക്കാത്തതെന്നും എന്നാൽ രാജാവിനുവേണ്ടി പ്രാർത്ഥിക്കുന്നവരാണ് തങ്ങളെന്നും അപ്പോളജിസ്റ്റുകൾ സമർത്ഥിച്ചു. മാത്രമല്ല ക്രൈസ്തവരുടെമേൽ നടത്തുന്ന മതമർദ്ദനങ്ങൾ അന്യായമാണെന്നും അവർ വാദിച്ചു. ക്രൈസ്തവർ നിരീശ്വരന്മാരാണെന്ന് ആരോപിക്കപ്പെട്ട പശ്ചാത്തലത്തിൽ തങ്ങൾ ഏകദൈവവിശ്വാസികളാണെന്നും (Monotheism) ദൈവത്തെക്കുറിച്ചു വളരെ വ്യക്തമായ സങ്കൽപമാണ് തങ്ങൾക്കുള്ളതെന്നും അവർ വ്യക്ത

മാക്കി. ജീവിതത്തിൽ പൂർണ്ണമായും ചാരിത്രശുദ്ധിപാലിക്കുന്നവരാണു തങ്ങളെന്നു വ്യക്തമാക്കികൊണ്ട് ക്രൈസ്തവർക്കെതിരെ കൊണ്ടുവന്ന ലൈംഗിക ആരോപണങ്ങളെ അവർ ഖണ്ഡിച്ചു. തങ്ങൾ നരഭോജികളാണെന്ന് ആരോപിക്കപ്പെട്ട പശ്ചാത്തലത്തിൽ ജീവന്റെ മൂല്യത്തെക്കുറിച്ച് പഠിപ്പിച്ചുകൊണ്ട് ക്രൈസ്തവധാർമ്മികതയെ അവർ ഉയർത്തിക്കാട്ടി. അവസാനമായി, ഈശോയാണ് വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായെന്നും പഴയനിയമത്തിലെ മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ അവനിലാണു പൂർത്തീകരിക്കപ്പെട്ടിരിക്കുന്നതെന്നും പഠിപ്പിച്ചുകൊണ്ട് യഹൂദർ ഉയർത്തിയ വാദമുഖങ്ങളെയെല്ലാം അവർ ഖണ്ഡിച്ചു.

താത്ത്വികമായി ക്രൈസ്തവ വിശ്വാസത്തിനെതിരെ പ്രതികരിച്ച പ്രമുഖരായ രണ്ട് പ്ലേറ്റോണിക് ചിന്തകരാണ് ചെൽസൂസും പോർഫീരിയും. ചെൽസൂസിന്റെ കൃതിയിൽ (The True Discourse; ca. 178 ഏ.ഡി) ക്രിസ്തുമതത്തെ അന്ധവിശ്വാസങ്ങളുടെ സമാഹാരമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. മൂന്നാം നൂറ്റാണ്ടിൽ ക്രൈസ്തവ വിശ്വാസത്തിനെതിരെ ശക്തമായി പ്രതികരിച്ച തത്ത്വചിന്തകനാണ് പോർഫീരി (ca. 270). അവരുടെ പ്രബോധനങ്ങൾക്കെതിരെ അക്കാലത്ത് പല ക്രൈസ്തവ കൃതികളും എഴുതപ്പെട്ടിട്ടുണ്ട്.

വിശ്വാസസമർത്ഥകരുടെ ഗണത്തിലെ ആദ്യത്തെയാൾ ഏഷ്യാമൈനറിൽ നിന്നുള്ള ക്വദ്രാത്തൂസാണ്. എവുസേബിയൂസിന്റെ എഴുത്തുകളിൽ നിന്നുമാണ് അദ്ദേഹത്തെക്കുറിച്ച് നമുക്ക് അറിവ് ലഭിക്കുന്നത്. അഡ്രിയാൻ ചക്രവർത്തി ഏഷ്യാമൈനർ സന്ദർശിച്ച അവസരത്തിലാണ് (123/124 അല്ലെങ്കിൽ 129) ചക്രവർത്തിക്ക് ക്വദ്രാത്തൂസ് തന്റെ 'അപ്പോളജി' സമർപ്പിച്ചത്. മതമർദ്ദനത്തിന്റെ പശ്ചാത്തലത്തിലാണ് ഇതു തയ്യാറാക്കിയത്. എന്നാൽ ഇതിലെ വിശദാംശങ്ങൾ നമുക്ക് ലഭ്യമല്ല. നമുക്ക് ലഭിച്ചിരിക്കുന്ന ആദ്യത്തെ വിശ്വാസസമർത്ഥക രേഖ അഫൻസിൽ നിന്നുള്ള അരിസ്ത്തിദസിന്റേതാണ്. ഒരു താത്ത്വികനായിരുന്ന അദ്ദേഹം റോമൻ ചക്രവർത്തിക്ക് (അഡ്രിയാൻ (117–138) അല്ലെങ്കിൽ അന്റോണീനസ് പയസ് (138–161) ഒരു 'അപ്പോളജി' തയ്യാറാക്കി സമർപ്പിച്ചു. ക്രിസ്ത്യാനികൾക്ക് ദൈവത്തെക്കുറിച്ച് വ്യക്തമായ അറിവുണ്ടെന്ന് അരിസ്ത്തിദസ് ഇതിൽ സമർത്ഥിക്കുന്നുണ്ട്. ഏകസത്യദൈവത്തിലുള്ള അവരുടെ വിശ്വാസമാണ് അവരുടെ ജീവിതത്തിലും മനോഭാവങ്ങളിലും പ്രതിഫലിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ജീവിതത്തിൽ അവർ പാലിച്ചുപോന്ന ധാർമ്മികനിയമങ്ങളുടെ അടിസ്ഥാനത്തിൽ ക്രൈസ്തവരെ പുതിയൊരു ജനപദവും സമൂഹവുമായി അദ്ദേഹം





അവതരിപ്പിക്കുന്നു (അപ്പോളജി 15). യഹൂദർക്കെതിരെയുള്ള ആദ്യത്തെ വിശ്വാസസമർത്ഥന കൃതി എഴുതിയത് പാലസ്തീനായിലെ പെല്ലായിൽ നിന്നുള്ള അരിസ്തോ എന്ന ചിന്തകനാണ്. ഒരു ക്രൈസ്തവൻ യഹൂദനുമായി നടത്തുന്ന സംവാദത്തെക്കുറിച്ചാണ് ഇതിൽ വിവരിച്ചിരിക്കുന്നത് (ca.140 എ.ഡി). എന്നാൽ പ്രസ്തുത കൃതി പിൽക്കാലത്ത് നഷ്ടപ്പെട്ടു. നസ്രസിലെ ഈശോയാണ് വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായെന്ന് ഗ്രന്ഥകർത്താവ് ഇതിൽ സമർത്ഥിക്കുന്നു. ഗ്രീക്കുതത്ത്വചിന്തയെ അടിസ്ഥാനമാക്കി വിശ്വാസം വിശദീകരിക്കുവാൻ ആരംഭിക്കുന്നത് വിശ്വാസസമർത്ഥകരുടെ കാലം മുതലാണ്. പ്ലേറ്റോണിസം സ്റ്റോയിസിസം എന്നീ തത്ത്വചിന്തകളുടെ ലോകത്തേക്കു സഭാപിതാക്കന്മാർ ക്രമേണ കടന്നുവന്നു. അപ്പസ്തോലിക പിതാക്കന്മാരുടെ കാലം വരെ (ca.150 എ.ഡി). അപ്പോകാലിപ്റ്റിക് ശൈലിയിലാണു വിശ്വാസം വിശദീകരിച്ചിരുന്നത്. അപ്പോകാലിപ്റ്റിക് ശൈലി അന്യമായിത്തീർന്നപ്പോൾ മെഡിറ്ററേനിയൻ ലോകത്ത് വളർന്നുവന്ന സഭ ഗ്രീക്കു സംസ്ക്കാരത്തിന്റെയും തത്ത്വചിന്തകളുടെയും പശ്ചാത്തലത്തിൽ വിശ്വാസം വിശദീകരിക്കുവാൻ തുടങ്ങി. ദൈവശാസ്ത്രരംഗത്തെ ഈ പുതിയ വളർച്ച ആരംഭിക്കുന്നത് വിശ്വാസസമർത്ഥകരുടെ കാലം മുതലാണ്.

## വിശ്വാസസമർത്ഥകരും ബൈബിൾ വ്യാഖ്യാനങ്ങളും

വിശ്വാസസമർത്ഥകരുടെ കാലമായപ്പോഴേക്കും വിശ്വാസത്തിലും പ്രയോഗത്തിലും അടിസ്ഥാന ക്രൈസ്തവ പാരമ്പര്യത്തിന്റെ ഒരുരീതി ഉയർന്നുവന്നിട്ടുണ്ട്. വിശ്വാസസമർത്ഥകർ ആ പാരമ്പര്യത്തെ പാലിക്കുകയും സംരക്ഷിക്കുകയും, വളർത്തുകയും ചെയ്യുകയായിരുന്നു. രക്ഷകനായ ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസവും പഴയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന രക്ഷയുടെ ഏകീകൃതദർശനവും യേശുക്രിസ്തുവിലുള്ള പൂർത്തീകരണവുമായിരുന്നു ആ പാരമ്പര്യത്തിന്റെ കാതൽ. വിശ്വാസസമൂഹത്തിന്റെ ക്രിസ്തു അനുഭവവും പഴയനിയമ വെളിപ്പെടുത്തലുകളെ അടിസ്ഥാനമാക്കി ക്രിസ്തുവിലുള്ള രക്ഷയുടെ രഹസ്യത്തെക്കുറിച്ചുള്ള ബൈബിൾ വ്യാഖ്യാനവുമായിരുന്നു ക്രൈസ്തവ പാരമ്പര്യത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. ചുരുക്കത്തിൽ ക്രിസ്തുവിന്റെ രഹസ്യത്തിന്റെ യഥാർത്ഥ വ്യാഖ്യാനത്തെക്കുറിച്ചും ക്രിസ്തുരഹസ്യത്തെ കേന്ദ്രീകൃതമായി തിരുവെഴുത്തുകളെ ശരിയായി വ്യാഖ്യാനിക്കുന്നതിനെക്കുറിച്ചും വിശ്വാസസമർത്ഥകർ വളരെയധികം ശ്രദ്ധിച്ചിരുന്നു. ഈ കാലഘട്ടത്തിലെ വേദപുസ്തക വ്യാഖ്യാനത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ മൂന്ന് പ്രധാന രചയിതാക്കൾ, സർഡിസിലെ മെലി

റ്റോ Melito of Sardis) രക്തസാക്ഷിയായ ജസ്റ്റിൻ (Justin the Martyr), ക്രിസ്ത്യൻ ദൈവശാസ്ത്രത്തിന്റെ പിതാവായ ഇരണേവൂസ് എന്നിവരുടെ വ്യാഖ്യാനരീതികളെയാണ് നാം തുടർന്നു പരിചയപ്പെടുക.

**സാർദിസിലെ മെലിറ്റോ (+190)**

ഏഷ്യാമൈനറിലെ ഒരു പട്ടണമായിരുന്നു സാർദിസ്. ബി.സി. 5 -ാം നൂറ്റാണ്ടുമുതലേ സാർദിസിൽ ഒരു യഹൂദ കേന്ദ്രമുണ്ടായിരുന്നു. ശ്ലൈഹിക കാലത്തുതന്നെ അവിടെ ഒരു ക്രൈസ്തവ സഭ വേരുറച്ചു. വെളിപാടുപുസ്തകത്തിൽ സാർദിസിലെ സഭയെ സംബന്ധിച്ച പരാമർശനമുണ്ട് (3:1-7). 1402 ൽ ടൈമൂർ ഈ പട്ടണം തകർത്ത് തരിപ്പണമാക്കുന്നത്വരെ ഒരു വലിയ സഭാകേന്ദ്രമായും സാസ്കാരിക കേന്ദ്രമായും അത് നിലനിന്നു. ഇന്നിത് ടർക്കിയിലെ സാർത് എന്ന കുഗ്രാമമാണ്.

രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മെത്രാന്മാരിൽ വളരെയധികം ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്ത ആളായിരുന്നു മെലിറ്റോ. ഒരു വലിയ വേദപുസ്തക വ്യാഖ്യാതാവും ദൈവശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം. ഉയിർപ്പുതിരുനാൾ സംബന്ധിച്ച് ഏഷ്യാമൈനറിലെ പാരമ്പര്യം മുറുകെ പിടിക്കാൻ ശ്രമിച്ചവരിൽ ഒരുവനായിരുന്നു അദ്ദേഹം. സത്യവിശ്വാസം സംരക്ഷിക്കുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. വളരെ കാര്യക്ഷമമായി സഭയെ ഭരിച്ചു.

**മെലിറ്റോയുടെ വി. ഗ്രന്ഥ വ്യാഖ്യാനരീതി**

പെസഹായെക്കുറിച്ചുള്ള മെലിറ്റോയുടെ പ്രസംഗം ആദ്യമായി പ്രസിദ്ധീകരിച്ചത് 1940 ലാണ്. പെസഹാസംഭവങ്ങളുടെ ക്രൈസ്തവ വ്യാഖ്യാനവും അവയിൽ അന്തർലീനമായ അർത്ഥങ്ങളും വിശദമാക്കുന്ന ഒരു ആരാധനാക്രമരേഖയാണിത്. പഴയനിയമവും, പുതിയനിയമ വിവരണങ്ങളും തമ്മിലുള്ള ആന്തരികബന്ധം വ്യാഖ്യാനിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു.

**1. പെരിപാസ്കയിലെ പഴയനിയമത്തിന്റെ ഉപയോഗം**

പഴയനിയമം മെലിറ്റോയ്ക്ക് സുപരിചിതമായിരുന്നു. പഴയനിയമത്തിൽ നിന്ന് അദ്ദേഹം ധാരാളമായി ഉദ്ധരിക്കുകയും പഴയനിയമ വിവരണങ്ങളെ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതിയനിയമത്തിന്റെ ഉപയോഗം അത്ര വ്യക്തമല്ല എന്നുമാത്രമല്ല പുതിയനിയമത്തിൽ നിന്നും നേരിട്ടുള്ള ഉദ്ധരണികൾ അദ്ദേഹത്തിന്റെ എഴുത്തുകളിൽ കാണുന്നില്ല. വി. മത്തായിയുടെ സുവിശേഷത്തിലുള





ളതും മറ്റു സുവിശേഷങ്ങളിൽ കാണപ്പെടാത്തതുമായ മൂന്നു പരാമർശങ്ങൾ ഈ പ്രബന്ധത്തിൽ കാണാം. 1) വിനാഗരി കലർത്തിയ വീഞ്ഞ് ഈശോയ്ക്ക് കുടിക്കാൻ നൽകുന്നു (മത്താ 27:34). നികുതി പണത്തെക്കുറിച്ചുള്ള വിവരണം (Mt 27:24) ഈശോയുടെ വിചാരണ സമയത്ത് പീലാത്തോസ് തന്റെ കൈകൾ കഴുകി സ്വയം കുറ്റവിമുക്തനാകുന്ന രംഗം. (Mt 27:34). യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന ലാസറിനെ ഉയിർപ്പിക്കുന്നതും (യോഹ 11:39-44) ഈശോയുടെ കുരിശിലെ ലിഖിതത്തിന് ശീർഷകം (റ്റിറ്റ്ലോസ്) എന്ന പേരു നൽകുന്നതും (യോഹ 19:19) മെലിറ്റോ സൂചിപ്പിക്കുന്നുണ്ട്. ഈശോയുടെ ജീവിതത്തെയും പ്രവർത്തനത്തെയും വിവരിക്കുമ്പോൾ ലൂക്കായുടെ സുവിശേഷവും അപ്പസ്തോല പ്രവർത്തനവും അല്ലെങ്കിൽ പത്രോസിന്റെ സുവിശേഷം എന്ന അപ്പോക്രിഫൽ ഗ്രന്ഥവും മെലിറ്റോയ്ക്ക് പരിചയമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം.

വ്യത്യസ്തമായ എന്നാൽ പരസ്പരബന്ധിതമായ മൂന്നുവീക്ഷണങ്ങളിലൂടെയാണ് പഴയനിയമ ഗ്രന്ഥങ്ങളെ മെലിറ്റോ മനസ്സിലാക്കുന്നത്. i). ദൈവം ഇസ്രായേലിനോട് എപ്രകാരം വർത്തിച്ചുവെന്നതിനുള്ള ചരിത്രരേഖയായും ii). ക്രിസ്തുവിന്റെ വരവിനെയും ജീവിതത്തെയും പ്രവർത്തനത്തെയും രക്ഷാകര മരണത്തെയും കുറിച്ച് ഒരുപരിധിവരെ വ്യക്തവും കൃത്യവുമായ വിശദീകരണങ്ങൾ നൽകുന്ന പ്രവചനരേഖയായും iii) പരസ്പരബന്ധിതമായ രക്ഷാകരപദ്ധതിയായി മുൻകൂട്ടി സൂചിപ്പിക്കപ്പെട്ട ഭൂതകാലവും അവയുടെ ക്രിസ്തുവിലുള്ള പൂർത്തീകരണവും എന്ന നിലയിലും. ഇപ്രകാരം നോക്കുമ്പോൾ വ്യത്യസ്തമായ രീതികൾ മെലിറ്റോ അവലംബിക്കുമ്പോഴും ഒരൊറ്റ ആശയം മെലിറ്റോയുടെ പ്രസംഗത്തിൽ തെളിഞ്ഞുകാണാം: തിരുവെഴുത്തുകൾ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ വെളിപാടായി മനസ്സിലാക്കാം എന്ന ക്രിസ്തു കേന്ദ്രീകൃത വ്യാഖ്യാനശൈലിയാണത്.

മെലിറ്റോയ്ക്ക് പഴയനിയമം ചരിത്രപരമായ വിവരണങ്ങൾക്കായുള്ള സ്രോതസ്സാണ്. പഴയനിയമ വിവരണങ്ങളെല്ലാം ചരിത്രപരമായി കൃത്യതയുള്ളതാണ് എന്ന് മെലിറ്റോ വിശ്വസിക്കുന്നു. ഈ വിശ്വാസം മെലിറ്റോയുടെ വി.ഗ്രന്ഥ വ്യാഖ്യാനരീതികളുടെ അടിത്തറയായി നിൽക്കുന്ന യാഥാർത്ഥ്യമാണ്. യവന സാഹിത്യകൃതികളെ മിത്തുകളായി (myth) കണക്കാക്കി അവയിൽ നിന്നും ധാർമ്മിക-താത്വിക തത്വങ്ങൾ രൂപീകരിച്ചിരുന്ന യവന എഴുത്തുകാരുടേതിൽ നിന്നും വ്യത്യസ്തമായിട്ടാണ് മെലിറ്റോ വി. ഗ്രന്ഥത്തിന്റെ ചരിത്രപരതയെ മനസ്സിലാക്കിയത്. അതിനാൽ വി.ഗ്ര

ന്ഥത്തെ പ്രതിരൂപാത്മകമായോ ആലങ്കാരികമായോ വ്യാഖ്യാനിക്കാതെ വാചികമായിത്തന്നെയാണ് മെലിറ്റോ തുടക്കത്തിൽ വ്യാഖ്യാനിച്ചിരുന്നത്.

'പെരിപാസ്ക' എന്ന പ്രസംഗത്തിന്റെ ആമുഖത്തിൽ തന്നെ അദ്ദേഹം തന്റെ പ്രസംഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാശയങ്ങൾ അവതരിപ്പിക്കുന്നു. ക്രിസ്തുവിന്റെ കുരിശിലെ യാഗവും ആ യാഗത്തിലൂടെ കരഗതമായ രക്ഷയും. ക്രിസ്തു കേന്ദ്രീകൃതമാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനമെന്ന് ഇത് വ്യക്തമാക്കുന്നു. ക്രിസ്തുവിനർപ്പിക്കുന്ന പ്രാർത്ഥനാ ഗീതത്തോടെയാണ് ഈ ഭാഗം അവസാനിക്കുന്നത്. "അതാണേശുക്രിസ്തു. അവൻ എന്നേക്കും മഹത്വം ആമ്മീൻ" (10). വി. ഗ്രന്ഥത്തിൽ നിന്ന് വാക്യങ്ങളെടുത്ത് ആമുഖഭാഗത്ത് അദ്ദേഹം വയ്ക്കുന്നില്ലെങ്കിലും ആദ്യപെസഹായുടെ വാചികമായ ഒരു വായനയാണ് മെലിറ്റോ നടത്തുന്നതെന്ന് നിസ്സംശയം പറയുവാൻ സാധിക്കും. എപ്രകാരമാണ് പെസഹാകുഞ്ഞാട് കൊല്ലപ്പെട്ടത്, എപ്രകാരമാണ് ഇസ്രയേൽ ജനത രക്ഷിക്കപ്പെട്ടത് എന്ന രണ്ടു ചിന്തകളാണ് ആമുഖത്തിന്റെ കേന്ദ്രാശയം. പഴയനിയമത്തിൽ ഈജ്പ്തിലെ പെസഹാകുഞ്ഞാടിന്റെ ബലിയർപ്പണത്തിന്റെ വാചികമായൊരു വായനയുടെ പശ്ചാത്തലമില്ലെങ്കിൽ പുതിയനിയമത്തിലെ ക്രിസ്തുവിന്റെ ബലിയർപ്പണത്തിന്റെ പ്രസക്തി ഇല്ലാതാകുന്നു.

പ്രസംഗത്തിന്റെ ആദ്യഭാഗത്ത് മെലിറ്റോ നൽകിയിരിക്കുന്ന വ്യാഖ്യാനരീതി സംഗ്രഹരൂപമാണ് (diegesis/paraphrase). ആദ്യപെസഹായിലൂടെയുള്ള ദൈവജനത്തിന്റെ കടന്നുപോകലിനെയാണ് ഇവിടെ സംക്ഷിപ്തരൂപത്തിൽ കൊടുത്തിരിക്കുന്നത്. തുടക്കത്തിൽതന്നെ മെലിറ്റോ ഇപ്രകാരമാണ് പറയുന്നത്. മോശവഴി ഇസ്രായേലിനെ രക്ഷിക്കാനും ഫറവോയ ശിക്ഷിക്കാനും ദൈവം തീരുമാനിച്ചപ്പോൾ ദൈവം മോശയ്ക്ക് ഈജ്പ്തിൽ വച്ച് കൊടുത്ത കൽപനകൾ ഉൾക്കൊള്ളുന്ന വേദപുസ്തകഭാഗം ഞാനിപ്പോൾ വിശദമായി വിവരിക്കാം. പുറപ്പാടിന്റെ പുസ്തകം 12-ാം അദ്ധ്യായത്തെ തിരഞ്ഞെടുത്ത് വി. ഗ്രന്ഥ വാക്കുകളും ശൈലികളും സ്വീകരിച്ച് ദൈവം മോശയോട് സംസാരിക്കുന്നതിനെയാണ് അദ്ദേഹം സംഗ്രഹിക്കുന്നത്. വാച്യാർത്ഥ വ്യാഖ്യാനമാണ് മെലിറ്റോ ഇവിടെ സ്വീകരിക്കുന്നത്.

ചരിത്രപരവും വാചികവുമായ വ്യാഖ്യാനശൈലിയോടൊപ്പം പ്രസംഗശൈലികളും ആലങ്കാരിക പ്രയോഗങ്ങളും അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി, മോശയ്ക്ക് ദൈവം





നൽകുന്ന നിർദേശങ്ങളെ വാചികമായി സംഗ്രഹിച്ചതിനുശേഷം ഈജ്പ്തിലെ ആദ്യജാതരുടെ സംഗ്രഹത്തെ അതിഭാവുകത്വത്തോടെയാണ് അവതരിപ്പിക്കുന്നത് (16-29). ഒരേ വിവരണത്തിൽ തന്നെ വ്യത്യസ്ത കാലങ്ങളെ സൂചിപ്പിക്കുന്ന ക്രിയാപദങ്ങളുടെ ഉപയോഗവും മറ്റൊരു പ്രത്യേകതയാണ് (aorist, perfect, pluperfect). അതിഭാവുകത്വവും ആധുനീകരിക്കലും (modernalization) വി. ഗ്രന്ഥഭാഗങ്ങളെ ക്രിയാത്മകമായി അനുവാചകരിലെത്തിക്കാൻ ഉപയോഗിച്ചിട്ടുള്ള വ്യാഖ്യാനപ്രസംഗ ശൈലികളാണ്.

സൃഷ്ടിവിവരണവും വാചികമായാണ് മെലിറ്റോ വ്യാഖ്യാനിക്കുന്നത്. പെസഹായും കടന്നുപോകലും രക്ഷാകരചരിത്രത്തിന്റെ ഏടുകളിലേക്ക്കൂടി യോജിപ്പിക്കുകയാണിവിടെ. വി.ഗ്രന്ഥഭാഗങ്ങളുടെ വ്യാഖ്യാനം അതിന്റെ ചരിത്രപരതയെക്കൂടി പ്രകാശിപ്പിക്കണം എന്ന ചിന്തയാണ് ഇതിൽ അന്തർലീനമായിരിക്കുന്നത്. മെലിറ്റോയുടെ വ്യാഖ്യാനം ഫീലോയുടെ വ്യാഖ്യാനത്തിൽ നിന്നും വളരെ വ്യത്യസ്തമാണ്. സൃഷ്ടിവിവരണത്തിന്റെ ചരിത്രപരതയിലേക്ക് അധികം കടക്കാതെ അതിന്റെ പ്രതിരൂപാത്മകവും തത്ത്വശാസ്ത്രവും ധാർമ്മികമായ അർത്ഥമാണ് ഫീലോ നൽകുന്നത്. ഫീലോയുടെ പ്രതിരൂപാത്മക വ്യാഖ്യാനരീതി മെലിറ്റോയിൽ കാണുന്നില്ല.

വി. ഗ്രന്ഥ വിവരണങ്ങളെ ചരിത്രപരമായി വ്യാഖ്യാനിക്കുവാൻ മെലിറ്റോ ശ്രമിക്കുന്നതിനുള്ള മറ്റൊരുദാഹരണമാണ് ക്രിസ്തുവിന്റെ സഹനത്തെ ആബേലിന്റെയും ഇസഹാക്കിന്റെയും ജോസഫിന്റെയും മോശയുടെയും ദാവീദിന്റെയും പ്രവാചകരുടെയും സഹനവുമായി ബന്ധപ്പെടുത്തുന്നത് (69).

വി. ഗ്രന്ഥത്തിന്റെ വാചിക വ്യാഖ്യാനം രണ്ടാംനൂറ്റാണ്ടിൽ അത്ര അറിയപ്പെടാതിരുന്നതല്ല. അതിനാൽ മെലിറ്റോയുടെ വ്യാഖ്യാന രീതി നമ്മെ അത്ഭുതപ്പെടുത്തുന്നില്ല. മെലിറ്റോയുടെ പ്രസംഗത്തിന്റെ പ്രത്യേകത വാചികവും ചരിത്രപരവുമായ വ്യാഖ്യാനമായിരുന്നു. പഴയ, പുതിയനിയമങ്ങളെ ബന്ധപ്പെടുത്തുന്നതിനായി പരിശ്രമിച്ചപ്പോൾ അവയുടെ ചരിത്രപരമായ സാധ്യത അദ്ദേഹത്തിന് വിലപ്പെട്ടതായിരുന്നു.

**2. പെരിപാസ്കയിലെ പഴയനിയമപ്രവചനങ്ങൾ**

പഴയനിയമത്തിലെ പല പ്രവചനങ്ങളും മിശിഹായുടെ സഹനത്തെക്കുറിക്കുന്ന വ്യക്തമായ ഉദ്ധീരണങ്ങളായിട്ടാണ് മെലിറ്റോ മനസ്സിലാക്കിയിരുന്നത്. എവുസേബിയൂസ് പരാമർശിച്ചിട്ടുള്ള മെലി

റ്റോയുടെ എക്സ്ട്രാറ്റ് (extracts) പഴയനിയമ ഉദ്ദരണികളുടെ സമാഹാരമായാണ് കണക്കാക്കുന്നത്.

പഴയനിയമത്തിലെ പരാമർശങ്ങളാൽ നിറഞ്ഞിരിക്കുന്ന അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ധാരാളം പഴയനിയമ ഉദ്ധരണികളും ഉണ്ട്. ഇസ്രായേൽ നിഷ്കളങ്ക രക്തം ചൊരിയുന്നതിനെ അപലപിക്കുന്ന ജെറ 7:6 ഉം കയ്പുള്ള ഇലകളെ തെറ്റു ചെയ്ത ഇസ്രായേലായി പുറ 12:8 ഉദ്ധരിച്ചും മെലിറ്റോ വിശദീകരിക്കുന്നു. സൃഷ്ടിവിവരണത്തിൽ ഉല്പ 2:17 ഉദ്ധരിച്ചുകൊണ്ട് മരത്തിൽ നിന്നു ഭക്ഷിക്കരുത് എന്ന ദൈവത്തിന്റെ താക്കീത് വ്യാഖ്യാനിക്കുന്നത് ദൈവം ചരിത്രത്തിൽ എങ്ങനെ ഇടപെടുന്നുവെന്നതാണ്. ഇവയിലെല്ലാം ചരിത്രപരമായ പശ്ചാത്തലത്തേക്കാൾ ക്രിസ്തുവിന്റെ സഹനത്തിന്റെയും മരണത്തിന്റെയും തെളിവായാണ് ഉദ്ധരണികൾ ഉപയോഗിക്കുന്നത് (nos. 61, 64, 72).

പഴയനിയമ വാക്യങ്ങളെ അവയുടെ യഥാർത്ഥ പശ്ചാത്തലത്തിൽ നിന്നും അടർത്തിയെടുത്ത് വ്യാഖ്യാനിക്കുന്നത് വിമർശനാത്മകമായിട്ടാണ് പണ്ഡിതർ വിലയിരുത്തുന്നത്. സഭാപിതാക്കന്മാരുടെ ഇത്തരത്തിലുള്ള വ്യാഖ്യാനങ്ങളും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ആഴമേറിയ പഠനങ്ങൾ ഈ മേഖലയിൽ നടക്കേണ്ടിയിരിക്കുന്നു. സി. എച്ച്. ഡോഡ് പറയുന്നതുപോലെ പഴയനിയമത്തിന്റെ ഓരോ പരാമർശവും പഴയനിയമത്തിലെ വലിയ വിവരണങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. മെലിറ്റോ തന്റെ പഴയനിയമ പരാമർശങ്ങളിൽ പഴയനിയമ പശ്ചാത്തലങ്ങളെ അവഗണിക്കുന്നുവെന്ന് ചിന്തിക്കുമ്പോഴും പഴയനിയമത്തിലെ ഓരോ പരാമർശവും ക്രിസ്തുവിലേക്കാണ് വിരൽ ചൂണ്ടുന്നത് എന്നതാണ് അദ്ദേഹത്തിന്റെ വാദം. റിച്ചാർഡ് വൈറ്റിന്റെ അഭിപ്രായത്തിൽ മെലിറ്റോ താൻ ഉപയോഗപ്പെടുത്തിയ വിവരണങ്ങളെ കൂടുതൽ ആലോചനാത്മകവും നാടകീയവും വ്യക്തവുമാക്കി. എങ്കിലും ഹെബ്രായബൈബിളിനെ വ്യക്തമായി പരാമർശിക്കുമ്പോൾ അദ്ദേഹം യാഥാസ്ഥിതികമനോഭാവം പുലർത്തുകയും വാക്യഘടനയിൽ അങ്ങേയറ്റം വ്യത്യാസം വരുത്തുകയും ചെയ്യുന്നുണ്ട്.

നമ്പ 61 – 64 ൽ ഇസ്രായേൽ ചരിത്രത്തിന്റെ പ്രധാനസംഭവങ്ങളിലെല്ലാം ക്രിസ്തുരഹസ്യം അന്തർലീനമാണെന്നും അവയെല്ലാം ക്രിസ്തുവിന്റെ സഹനങ്ങളെ വ്യക്തമാക്കുന്നുവെന്നും കാണാം. ഒപ്പം നാലു പഴയനിയമ ഉദ്ധരണികളിലൂടെ പഴയനിയമ പ്രവാചകരെല്ലാം ക്രിസ്തു കർത്താവാണെന്ന് പ്രഖ്യാപിക്കുന്നതായി അദ്ദേഹം വ്യാഖ്യാനിക്കുന്നു. മോശ ഇസ്രായേൽ ജനത്തെ അഭിസംബോധന ചെയ്യുന്ന നിയമാവർത്തനം 28:6 ആണ് ആദ്യ ഉദ്ധരണി. ഈ വാക്യം സെപ്ത്വജിന്തിൽ നിന്നും, മാസൊറെട്ടിക് പുസ്തകത്തിൽ നിന്നും വളരെ വ്യത്യസ്തമാണ്. മെലിറ്റോയ്ക്ക് ഈ വാക്യം പ്രിയങ്കരമാകുന്നത് 'ക്റേമൊന്നുമി' അല്ലെങ്കിൽ കുരിശിലേറ്റുക എന്ന ഗ്രീക്കുപദമാണ്. ക്രിസ്തുവിന്റെ കുരിശുമരണത്തെ സൂചിപ്പിക്കുവാൻ ഈ പദമാണ് മെലിറ്റോ മിക്കപ്പോഴും ഉപയോഗിക്കുന്നത്. ഇസ്രായേൽ ജനത്തിന്റെ മധ്യത്തിൽ ക്രിസ്തുവിന്റെ സഹനമരണത്തെ മോശ പ്രഖ്യാപിക്കുന്നതായാണ് മെലിറ്റോ മനസ്സിലാക്കുന്നത്. ഈ ഉദ്ദരണി അദ്ദേഹം അവസാനിപ്പിക്കുന്നത് ജനങ്ങൾ വിശ്വസിക്കില്ല എന്ന പ്രസ്താവനയോടുകൂടിയാണ്. ഗ്രീക്കിൽ രണ്ടു നെഗറ്റീവ് പാർട്ടികളുടെ ഉപയോഗം വിശ്വാസമില്ലായ്മയുടെ തീവ്രതയാണ് സൂചിപ്പിക്കുന്നത്.

### 3. മെലിറ്റോയുടെ പ്രതിരൂപാത്മക വ്യാഖ്യാനരീതി

വാചികവും പ്രവചനാത്മകവുമായ വ്യാഖ്യാനങ്ങൾക്കുമപ്പുറം മെലിറ്റോയുടെ അടിസ്ഥാനപരവും വി.ഗ്രന്ഥത്തെ മുഴുവനും ചൂഴ്ന്നു നിൽക്കുന്നതുമായ രീതി പഴയനിയമം രക്ഷാകരചരിത്രസംഭവങ്ങളുടെ ലിഖിതരൂപമാണ് എന്നതാണ്. ഇസ്രയേൽ ജനതയുടെ ഭൂതകാലത്തെപ്പറ്റിയുള്ള ഏറ്റവും ലളിതമായ വിവരണമാണ് പഴയനിയമം. അവയുടെ ഹൃദയമെന്നുപറയുന്നത് രക്ഷയുമാണ് (drama of redumption). ദൈവത്തിന്റെ രക്ഷാകരപദ്ധതി ലോകത്തിന് വെളിപ്പെടുത്തുകയാണ് പഴയനിയമം. അപ്രകാരം അതു പൂർണ്ണമായി വെളിപ്പെടുമ്പോൾ ജനങ്ങൾ അതിൽ വിശ്വസിക്കുവാൻ വേണ്ടിയാണ് ഈ വെളിപ്പെടുത്തൽ (57.401–404). അങ്ങനെ പുറപ്പാടിന്റെ സംഭവം ക്രിസ്തുസംഭവത്തെ മനസ്സിലാക്കാനുള്ള ഒരു മാതൃകയായി കണക്കാക്കാം. പുറപ്പാടുസംഭവത്തിന്റെ നൈസർഗ്ഗിക മൂല്യം എന്നത് അത് സൂചിപ്പിക്കുന്ന ക്രിസ്തുവിൽ സംഭവിക്കാനിരിക്കുന്ന രക്ഷാകരപ്രവൃത്തിയെ ചൂണ്ടിക്കാണിക്കുന്നതിലാണ്.

മെലിറ്റോയെ സംബന്ധിച്ചിടത്തോളം ഏറ്റവും പരമമായ വിവരിക്കാനാവാത്ത ദൈവികരഹസ്യമെന്നത് ക്രിസ്തുവിന്റെ സഹനത്തിലൂടെയുള്ള മനുഷ്യരക്ഷയാണ്. രക്ഷാകര സംഭവങ്ങളെ വിവരിക്കുമ്പോൾ പ്രത്യേകിച്ച് പഴയനിയമ പെസഹാ അനുഭവത്തെ വിവരിക്കുമ്പോൾ രഹസ്യം എന്ന പദം പതിനഞ്ചുതവണ മെലിറ്റോ ഉപയോഗിക്കുന്നു. പിന്നീട് പെസഹാരഹസ്യം ക്രിസ്തുതന്നെയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളെല്ലാം ക്രിസ്തുവിൽ പൂർത്തിയാകുന്നു. ഈ ക്രിസ്തോന്മുഖത പഴയനിയമസംഭവങ്ങളിലെല്ലാം തെളിഞ്ഞുനിൽക്കുന്നു.

സൃഷ്ടിയിൽ ആരംഭിക്കുന്ന രക്ഷാകരപ്രവർത്തനങ്ങളിൽ ക്രിസ്തുവിന്റെ ഭാഗധേയത്തെ വളരെ ആലങ്കാരികമായി അദ്ദേഹം അവതരിപ്പിക്കുന്നു. അതുപോലെ ക്രിസ്തുവിൽ വിശ്വസിക്കാതിരിക്കുകയും അവനെ വധിക്കുകയും ചെയ്ത യഹൂദരുടെ കുറ്റം എന്നിവയും വിവരണത്തിലുടനീളം കാണാം. സൃഷ്ടാവ് സഹിക്കേണ്ടിവരിക എന്ന വൈരുദ്ധ്യാത്മകത അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സജീവമായി അവതരിക്കപ്പെടുന്നുണ്ട് (96). സൃഷ്ടിയും രക്ഷയും തമ്മിലുള്ള ബന്ധത്തിന്റെ പാരസ്പര്യമാണ് മെലിറ്റോയുടെ ചിന്തകളിൽ തെളിവാകുന്നത്. മനുഷ്യന്റെ പതനത്തിന് നിദാനം അവൻതന്നെയാണ് എന്ന് മെലിറ്റോ സമർത്ഥിക്കുന്നു (48).

മെലിറ്റോ ഒരു സ്റ്റോയിക് ദാർശനിക പശ്ചാത്തലമുള്ളവനായി കണക്കാക്കപ്പെടുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ടൈപ്പോളജിക്കൽ- സാങ്കൽപ്പിക വിശദീകരണരീതി ഹോമറിക് ഐതിഹ്യങ്ങളുടെ വ്യാഖ്യാതാക്കളിൽ നിന്നും വ്യത്യസ്തമാണ്. മനുഷ്യന്റെ സ്വഭാവം വിശദീകരിക്കാൻ കഴിയുന്ന ചരിത്രപ്രക്രിയയുടെ വിവിധതലങ്ങളിലേക്ക് മെലിറ്റോ കൂടുതൽ വായിക്കുന്നു. മുമ്പത്തെ ചരിത്രവികസനം സത്യങ്ങളുടെ അർത്ഥത്തിലേക്കും മനസ്സിലാക്കലിലേക്കും മറ്റൊരാളെ നയിക്കുന്നു. പഴയനിയമത്തിലെ തരങ്ങൾ (types) നിലനില്ക്കുന്നത് അവയുടെ പുതിയനിയമത്തിലെ അർത്ഥവും അവ സംഭവിച്ച ചരിത്രപശ്ചാത്തലവും കാരണം മാത്രമാണ്. പാഠങ്ങളും അർത്ഥങ്ങളും മെലിറ്റോ ആരാധനാക്രമത്തിൽ അധിഷ്ഠിതമായാണ് കൈകാര്യം ചെയ്യുന്നത്. രക്ഷാകരചരിത്രത്തിൽ നിന്ന് അർത്ഥവും പ്രബോധനവും ഉൾക്കൊള്ളുന്ന യഹൂദ ആരാധനാ (Jewish liturgy) രീതിയാണ് അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ച ഘടകം.

ഒരു തരത്തിൽ മെലിറ്റോയുടെ ദൈവശാസ്ത്രത്തെ ലിറ്റർജിക്കൽ തിയോളജിയായി കാണാൻ കഴിയും. അത് യഹൂദരുടെ ഓർമ്മപ്പെടുത്തൽ (anamnesis) രീതി പോലെയാണ്, ഭൂതകാലത്തിൽ (as blessings) നിന്ന് അർത്ഥം ഉൾക്കൊണ്ട് വർത്തമാനകാലത്തെ ഊർജ്ജസ്വലമാക്കി ഭാവിയ്ക്ക് പ്രതീക്ഷ നൽകുന്ന രീതിയാണത്.

പാപത്തെക്കുറിച്ചുള്ള മെലിറ്റോയുടെ ചിന്തകൾ ഇപ്രകാരമാണ്: മനുഷ്യൻ ദൈവകൽപന ലംഘിച്ച് ദൈവത്തോട് അനുസരണക്കേട് കാണിച്ചു. "നല്ല വിത്തുകളും ചീത്ത വിത്തുകളും സ്വീകരിക്കാൻ ഭൂമിക്ക് കഴിവുള്ളതുപോലെ സ്വഭാവത്താൽ തന്നെ മനുഷ്യൻ നന്മയ്ക്കും തിന്മയ്ക്കും അധീനനാണ്. കുലശത്രുവിന്റെ ദുരുപദേശം കേട്ട് അവൻ വൃക്ഷത്തിൽ തൊട്ടു. ദൈവകൽപന തിരസ്ക്കരിച്ച്





അവനെ നിഷേധിച്ചു. അതിന്റെ ഫലമായി കുറ്റവാളി ജയിലിലേക്ക് തള്ളിക്കയറ്റപ്പെടുന്നതുപോലെ അവൻ ഈ ലോകത്തിലേക്ക് മറിച്ചിടപ്പെട്ടു"(48).

മെലിറ്റോയുടെ അഭിപ്രായത്തിൽ ദു:ഖം നിറഞ്ഞൊരവകാശം തലമുറയായി കൈമാറ്റം ചെയ്യപ്പെടുക എന്നതായിരുന്നു പാപത്തിന്റെ ഫലം. അത് അശുദ്ധതയുടെയും അമർത്യതയുടെയും നാശത്തിന്റേതുമാണ് (49). എങ്കിലും തിന്മയുടെ എല്ലാ ഫലങ്ങളെയും ക്രിസ്തു തന്റെ സഹനമരണങ്ങളിൽക്കൂടി ഇളവുചെയ്തു. "പ്രിയപ്പെട്ടവരെ, പെസഹാരഹസ്യം കർത്തൃശരീരത്തിൽ പൂർത്തീകരിക്കപ്പെട്ടതിന്റെ കാരണമിതാണ്" (53). ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളുടെ പദ്ധതിയായ ഇസ്രായേലിന്റെ ചരിത്രത്തിലുടനീളം ചിതറിക്കിടക്കുന്നു.

ക്രൈസ്തവവിശ്വാസവും പഴയനിയമചരിത്രവും തമ്മിൽ അതീവഗാഢമായ ബന്ധമാണ് മെലിറ്റോ ദർശിക്കുന്നത്. ഈ പാരസ്പര്യത്തെ വിശദമാക്കുവാനാണ് തന്റെ വ്യാഖ്യാനരീതി മെലിറ്റോ സ്വീകരിക്കുന്നത്. സ്റ്റോയിക്കുചിന്തകൾ ഉപയോഗിച്ചിരുന്ന രൂപകാത്മക വ്യാഖ്യാനരീതിയാണ് ഇതിനായി മെലിറ്റോ ഉപയോഗപ്പെടുത്തുന്നത്. പഴയ മതചിന്തകളെയും കഥകളെയും അവയുടെ ഭക്തിപ്രാധാന്യം നഷ്ടപ്പെടുത്താതെ ആധുനിക തത്വശാസ്ത്രചിന്തകളിലേക്ക് ഉൾച്ചേർക്കുക എന്ന രീതിയാണ് സ്റ്റോയിക് ചിന്തകരുടേത്. ഗ്രീക്ക് ദൈവങ്ങളെക്കുറിച്ചുള്ള കഥകളും വിവരണങ്ങളും രൂപകാത്മകവ്യാഖ്യാനത്തിലൂടെ വ്യാഖ്യാനിച്ച് അവയിലടങ്ങിയിരിക്കുന്ന ധാർമ്മികമൂല്യങ്ങളും സ്വാഭാവിക മൂല്യങ്ങളും വിശദമാക്കുകയാണ് അവർ ചെയ്തത്. എന്നാൽ ഇവരിൽ നിന്നും വ്യത്യസ്തമായി ഹെബ്രായബൈബിളിലെ വിവരണങ്ങളെല്ലാം ചരിത്രസാധ്യതയുള്ളതാണെന്ന് തിരിച്ചറിഞ്ഞ് വരാനിരിക്കുന്നവയെ അവ പ്രതിനിധാനം ചെയ്യുന്നുവെന്ന വ്യാഖ്യാനമാണ് മെലിറ്റോയുടേത്. മാത്രവുമല്ല ഇവ എന്തിനെ പ്രതിനിധാനം ചെയ്യുന്നുവോ അത് - അതായത് ക്രിസ്തുവിലുള്ള അവയുടെ പൂർത്തീകരണം - മറ്റുള്ളതിനേക്കാൾ മികവുറ്റതും പരിപൂർണ്ണവുമാണ്.

"പഴയനിയമവാക്കുകളും സംഭവങ്ങളും വിശദീകരണങ്ങളോ മാതൃകകളോ ആണ് എന്നതിലേ അർത്ഥമുള്ളൂ. അവ വഴി ഒരുക്കിയ പുതിയനിയമവുമായുള്ള ബന്ധംകൊണ്ടേ അവ മനസ്സിലാക്കാനാവൂ. മാതൃക കൂടാതൊരു കലാവസ്തുവും നിർമ്മിക്കപ്പെടുന്നില്ല. അത് സ്ഥിതിചെയ്യുന്നതിന് മുമ്പ് അതിന് സദൃശ്യമായ രൂപത്തിൽ അത് കാണപ്പെടുന്നു. നശ്വരവസ്തുക്കളെ സംബന്ധിച്ചത്

ശരിയാണെങ്കിൽ അനശ്വരമായവയെ സംബന്ധിച്ച് എത്രയധികം കർത്താവിന്റെ രക്ഷയും സത്യവും ഉപമാരൂപത്തിൽ ഇസ്രായേൽ ജനത്തിലുണ്ടായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനം സഭയുടെ ഒരു മുൻകുറിയായിരുന്നു; നിയമം സുവിശേഷത്തിന്റെ ഉപമയായിരുന്നു" (35-40).

പ്രതിരൂപകാത്മകതയും രൂപകാത്മകതയും സമ്മിളിതമായിരിക്കുന്ന ഈ വിവരണങ്ങളിലെല്ലാം മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. 1) പ്രതിരൂപങ്ങൾക്ക് അതിൽതന്നെയുള്ള പ്രാധാന്യം. 2) യാഥാർത്ഥ്യങ്ങൾക്ക് പ്രതിരൂപങ്ങളേക്കാളുള്ള പ്രാധാന്യം. 3) പ്രതിനിധാനം ചെയ്യപ്പെട്ടവയുടെ അനുക്രമമായുള്ള അപ്രാധാന്യം. ഇവ മൂന്നും മാതൃക, കലാകാരൻ, കലാവസ്തു എന്നിവ വഴി മെലിറ്റോ വിശദമാക്കുന്നു. കലാവസ്തു നിർമ്മിക്കപ്പെട്ടുകഴിഞ്ഞാൽ അതിനുപയുക്തമാക്കിയ മാതൃക അപ്രധാനമായിത്തീരുന്നു.

"കലാകാരന്മാർ മെഴുകുകൊണ്ടോ, മണ്ണുകൊണ്ടോ, തടികൊണ്ടോ, ഉള്ള മാതൃകകളുണ്ടാക്കുന്നത് ചെറുതും താൽക്കാലികവുമായ മാതൃകയനുസരിച്ചാണ്. വസ്തു നിർമ്മിക്കപ്പെട്ടതെങ്കിലും അതു തീർന്നുകഴിയുമ്പോൾ ഈടുറ്റതും വലുതും രൂപഭംഗിയേറിയതും അലങ്കാരവിഭൂഷിതവും ആയിരിക്കും"(35). അതിനാൽ പഴയനിയമം പ്രതിനിധാനം ചെയ്യുന്ന ക്രിസ്തുവും സഭയും പഴയനിയമത്തെക്കാൾ പ്രധാനവും മികവേറിയതും പരിപൂർണ്ണവുമാണ്.

### ഉപസംഹാരം

ധാരാളം പഴയനിയമ ഉദ്ധരണികളാലും സൂചനകളാലും സമ്പുഷ്ടമാണ് മെലിറ്റോയുടെ പെരിപാസ്ക എന്ന പ്രസംഗം. മെലിറ്റോ മൂന്നു തരം വ്യാഖ്യാനരീതികളാണ് ഉപയോഗിക്കുന്നത്: വാചിക ശൈലി, പ്രവചനാത്മകശൈലി, പ്രതിരൂപകാത്മകശൈലി. ഇവയെല്ലാം പരസ്പരബന്ധിതവും ക്രിസ്ത്യോന്മുഖവുമാണ്. പഴയനിയമഗ്രന്ഥമാണ് ഇസ്രായേലിന്റെ ചരിത്രത്തിനായി മെലിറ്റോ ഉപയോഗപ്പെടുത്തുന്നത്. ഇതിൽത്തന്നെ ക്രിസ്തുവിലൂടെ പൂർത്തിയാകുന്ന രക്ഷയെക്കുറിക്കുന്ന വ്യാഖ്യാനങ്ങൾക്കായി ധാരാളം പ്രവചനപരമായ വാക്യങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു. വി. ഗ്രന്ഥത്തിലെ പുസ്തകങ്ങളെല്ലാം ഒന്നിനോടൊന്നു ബന്ധപ്പെട്ടു നിൽക്കുന്ന രക്ഷാകരരഹസ്യങ്ങളെ അനാവൃതമാക്കുന്ന ഒരേയൊരു വിവരണമായിട്ടാണ് മെലിറ്റോ ദർശിക്കുന്നത്.

മെലിറ്റോയുടെ രണ്ട് പ്രധാനചിന്തകൾ താഴെപ്പറയുന്നവയാണ്. ഇസ്രായേലിന്റെ ചരിത്രം ക്രൈസ്തവ മതവിശ്വാസത്തിന്റെ അടി





സ്ഥാനമാണ്. എന്നാൽ ക്രൈസ്തവമതം പഴയ ഇസ്രായേൽ ചരിത്രത്തേക്കാൾ മഹത്വമേറിയ ഒരു സ്ഥാനം നേടിയിരിക്കുന്നു. മെലിറ്റോയുടെ പ്രസംഗം പഴയനിയമത്തിലെ ചരിത്രസംഭവങ്ങളെ ദൈവത്തിന്റെ രക്ഷാകര പ്രവർത്തികളായി മനസ്സിലാക്കുകയും അവയുടെ പൂർത്തീകരണമായി ക്രിസ്തുവിന്റെ സഹനമരണങ്ങളെ വ്യാഖ്യാനിക്കുകയുമാണ്.

### രക്തസാക്ഷിയായ ജസ്റ്റിൻ (ca 100-165)

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ഗ്രീക്ക് വിശ്വാസസമർത്ഥകരിൽ ഏറ്റവും പ്രധാനിയാണ് രണ്ടാം നൂറ്റാണ്ടിലെ ജസ്റ്റിൻ. ചിന്തകനും രക്തസാക്ഷിയും എന്നാണ് തെർത്തുല്യൻ അദ്ദേഹത്തെ വിളിക്കുന്നത്. പാലസ്തീനായിലെ ഫ്ളാവിനായാപോളിസ് എന്ന സ്ഥലത്താണ് ജസ്റ്റിൻ ജനിച്ചത്. സത്യം തേടിയുള്ള പ്രയാണത്തിൽ സ്റ്റോയിക്, പെരിപതെറ്റിക്, പൈതഗോറിയൻ എന്നീ തത്വചിന്തകളിലൂടെ അദ്ദേഹം കടന്നുപോയി. പിന്നീട് കുറേക്കാലം പ്ലേറ്റോണിക് തത്ത്വചിന്തയിൽ (Middle - Platonism) വിശ്വസിച്ചശേഷം പ്രവാചകന്മാർ പ്രഘോഷിച്ച സത്യത്തിൽ എത്തിച്ചേർന്നു. സത്യത്തിനുവേണ്ടിയുള്ള ദാഹവും വിനയപൂർവ്വകവുമായ പ്രാർത്ഥനയുമാണ് അദ്ദേഹത്തെ ഒരു ക്രൈസ്തവനാക്കി തീർത്തത് (2 അപ്പോളജി 13). എഫേസൂസിൽ വച്ച് ജസ്റ്റിൻ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതെന്ന് കരുതപ്പെടുന്നു. 130 നും 135 നും ഇടയിൽ വിശ്വസനീയവും പ്രയോജനകരവുമായ ഏകതത്ത്വചിന്ത (ഡയലോഗ് 8) എന്നാണു ക്രൈസ്തവ വിശ്വാസത്തെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. മരണത്തെ നിർഭയരായി നേരിട്ട ക്രൈസ്തവരുടെ ജീവിത മാതൃകയിൽ നിന്ന് അവർ ദുഷ്ടന്മാരോ സുഖഭോഗികളോ അല്ലെന്ന് അദ്ദേഹം മനസ്സിലാക്കി (2 അപ്പോളജി 12). പിന്നീട് അന്റോണീനസ് പയസ് ചക്രവർത്തിയുടെ ഭരണകാലത്ത് റോമിലെത്തി. (138-140) അവിടെയൊരു ക്രൈസ്തവ വിദ്യാപീഠം സ്ഥാപിച്ചു. ക്രൈസ്തവ വിശ്വാസത്തെ താത്ത്വികമായി അവതരിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു. റോമിൽ വച്ചാണ് ജസ്റ്റിൻ തന്റെ ആറു കൂട്ടുകാരോടൊപ്പം രക്തസാക്ഷിയായി മരിച്ചത്. അക്കാലത്തു വിരചിതമായ വി. ജസ്റ്റിന്റെയും സുഹൃത്തുക്കളുടെയും രക്തസാക്ഷിത്വം എന്ന കൃതിയിൽ ഇതേക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ജസ്റ്റിന്റെ മൂന്നു കൃതികളാണു നമുക്ക് ലഭ്യമായിട്ടുള്ളത്. അതിൽ രണ്ടെണ്ണം വിശ്വാസസമർത്ഥന കൃതികളാണ് (അപ്പോളജി 1&2) ട്രീഫോയുമായുള്ള സംവാദം എന്നാണു മൂന്നാമത്തെ കൃതിയുടെ

തലക്കെട്ട്. 150നും 160നുമിടയിൽ റോമിൽ വച്ചാണ് അവ തയ്യാറാക്കിയത്. ജസ്റ്റിന്റെ മറ്റു ചില ഗ്രന്ഥങ്ങളെക്കുറിച്ച് ചരിത്രകാരനായ എവുസേബിയൂസ് സൂചിപ്പിക്കുന്നുണ്ടെങ്കിലും അവയെക്കുറിച്ചുള്ള വിശദാംശങ്ങളൊന്നും ലഭ്യമല്ല.

**1. ജസ്റ്റിനും വി. ഗ്രന്ഥവും**

വിശ്വാസസമർത്ഥകരിൽ ഏറ്റവും പ്രധാനിയായി അറിയപ്പെടുമ്പോഴും പഴയനിയമത്തിന്റെ സമഗ്രമായൊരു വ്യാഖ്യാനം നൽകിയ ക്രൈസ്തവ വ്യാഖ്യാതാവ് എന്ന ബഹുമതിക്കും അർഹനാണ് വി. ജസ്റ്റിൻ. ജസ്റ്റിന്റെ ഏറ്റവും വലിയ സംഭാവന പഴയനിയമ ദൈവാവിഷ്ക്കാരങ്ങളെയെല്ലാം ക്രിസ്തോന്മുഖമായി വ്യാഖ്യാനിച്ചു എന്നതാണ്. ദൈവനിവേശിതമാണ് പഴയനിയമഗ്രന്ഥങ്ങൾ എന്ന് തന്റെ ക്രൈസ്തവ യഹൂദ സമകാലികരോടൊപ്പം അദ്ദേഹവും വിശ്വസിച്ചിരുന്നു. അതുപോലെ തന്നെ തിരുവെഴുത്തുകളുടെ തെറ്റില്ലായ്മയെയും അദ്ദേഹം ഉറപ്പിച്ചുപറഞ്ഞിരുന്നു. അതിനാൽ വി. ഗ്രന്ഥത്തിലെ ഓരോ വാക്കും ജസ്റ്റിനും പ്രധാനപ്പെട്ടതായിരുന്നു. ജസ്റ്റിൻ ഉപയോഗിക്കുന്ന വി. ഗ്രന്ഥത്തിലെ ഉദ്ദരണികളെല്ലാം കാനോനിക ഗ്രന്ഥങ്ങളിൽ നിന്നുള്ളതാണ്. പ്രവാചകദാനങ്ങളെല്ലാം ഇസ്രായേലിൽ നിന്നും സഭയ്ക്കു നൽകപ്പെട്ടിരിക്കുന്നുവെന്നും ഇത് എപ്പോഴും ക്രിയാത്മകമാണെന്നും ജസ്റ്റിൻ വിശ്വസിച്ചിരുന്നു (ഡയ 82.1). പുതിയനിയമത്തിൽ നിന്നും ജസ്റ്റിൻ ഉദ്ദരിക്കുന്ന വെളിപാടു പുസ്തകം മറ്റുപുസ്തകങ്ങളെപ്പോലെ തന്നെ ദൈവനിവേശിതമാണെന്നും ജസ്റ്റിൻ വിശ്വസിച്ചിരുന്നു. സമാന്തരസുവിശേഷങ്ങളെ അപ്പസ്തോലന്മാരുടെ ഓർമ്മക്കുറിപ്പുകളായിട്ടാണ് ജസ്റ്റിൻ കണ്ടിരുന്നത് (ഒന്നാം അപ്പോ 66.3). പുതിയനിയമ കാനന്റെ ഉത്ഭവത്തിന് സാക്ഷ്യം വഹിച്ച ഒരാളാണ് ജസ്റ്റിൻ. വി. ഗ്രന്ഥത്തിന്റെ സെപ്ത്വജിന്ത് വിവർത്തനമാണ് വി. ജസ്റ്റിൻ ഉപയോഗിച്ചിരുന്നത്. ജസ്റ്റിന്റെ അഭിപ്രായത്തിൽ പഴയനിയമം യഹൂദരുടെ പുസ്തകമല്ല മറിച്ച് ക്രൈസ്തവരുടേതാണ് (ഡയ 29.2). ഇതിനൊരപവാദം എന്നുപറയാവുന്നത് ഹൊറെബിൽ നിന്നു ദൈവം സംസാരിച്ച നിയമങ്ങൾ മാത്രമാണ്. ജസ്റ്റിന്റെ വ്യാഖ്യാനരീതിയെ സ്വാധീനിച്ച ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് യഹൂദരീതികൾ. ഫീലോയുടെ വ്യാഖ്യാനരീതികൾ, യവന വ്യാഖ്യാനശൈലികൾ, ക്രൈസ്തവ രീതികൾ എന്നിവയും ജസ്റ്റിന്റെ വ്യാഖ്യാനരീതികളാണ്.

**ജസ്റ്റിന്റെ വ്യാഖ്യാനരീതി**

തന്റെ വ്യാഖ്യാന ശൈലിയെക്കുറിച്ച് ജസ്റ്റിൻ തന്നെ എഴുത്തുകളിൽ പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പരി





ശുദ്ധാത്മാവിന്റെ ജ്ഞാനോദയം കിട്ടിയ ക്രൈസ്തവർക്കേ പഴയനിയമത്തെ അതിന്റെ അർത്ഥത്തിൽ മനസ്സിലാക്കാൻ സാധിക്കൂ. അപ്രകാരം തനിക്കു ലഭിച്ച ഒരു ദൈവിക പ്രകാശത്താലാണ് താൻ വി. ഗ്രന്ഥം വ്യാഖ്യാനിക്കുന്നതെന്ന് ജസ്റ്റിൻ അവകാശപ്പെട്ടിരുന്നു. (ഡയ 78.10;82.1). അതേസമയം യഹൂദരെ ഒരന്ധത ബാധിച്ചിരിക്കുന്നതിനാൽ വി.ഗ്രന്ഥത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ അവർക്കു സാധിക്കുകയില്ല. വി.ഗ്രന്ഥത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുന്നവരെ തിന്മയുടെ ശക്തികൾ വേട്ടയാടുമെന്നും, ചതിക്കുമെന്നും ജസ്റ്റിൻ വിശ്വസിച്ചിരുന്നു. യഹൂദരുടെ പോരായ്മയായി ജസ്റ്റിൻ ചൂണ്ടിക്കാണിക്കുന്നത് മോശയുടെ നിയമത്തിന്റെ വാചികമായ, ആചാരപരമായ മനസ്സിലാക്കലുകളാണ്. ബാർണബാസിന്റെ എഴുത്തും ഇപ്രകാരം തന്നെ ഒരാശയം സൂക്ഷിക്കുന്നുണ്ട്. ബാർണബാസ് നിയമങ്ങളുടെ ധാർമ്മികവശമാണ് ചൂണ്ടിക്കാണിക്കുന്നത്. വചനം മനസ്സിലാക്കുവാൻ കൃപാദാനം (gift of grace) വേണമെന്ന് ബാർണബാസ് അഭിപ്രായപ്പെടുന്നില്ലെങ്കിലും ദൈവിക വെളിച്ചവും നിഗൂഢജ്ഞാനവും വേണമെന്ന് ബാർണബാസ് അഭിപ്രായപ്പെടുന്നുണ്ട് (ബാർണ 10.12).

ക്രൈസ്തവ വിശ്വാസം സത്യമാണെന്നതിന് ജസ്റ്റിൻ കണ്ടെത്തുന്ന തെളിവ് പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. തന്റെ മാനസാന്തരത്തിന് മുമ്പ് ജസ്റ്റിൻ യഥാർത്ഥ ദൈവത്തെപ്പറ്റിയുള്ള അറിവ് തേടിനടന്നു. ഈ അറിവ് അദ്ദേഹം കണ്ടെത്തിയതാകട്ടെ പ്രവചനങ്ങൾ വഴി പൂർത്തിയായ ദൈവീക വെളിപാടിലാണ് (1 അപ്പോ 12:10).

എപ്രകാരമാണ് വി. ഗ്രന്ഥ വാക്യങ്ങളിലൂടെ ദൈവം സംസാരിക്കുന്നതെന്ന് ജസ്റ്റിൻ വിശദീകരിക്കുന്നുണ്ട്. പ്രവാചകർ സംസാരിക്കുമ്പോൾ പ്രവാചകരല്ല മറിച്ച് അവരിലുള്ള ദൈവിക വചനം (Logos) ആണ് സംസാരിക്കുന്നത്. അതിനാൽ പ്രവചനങ്ങൾ ഭൂതകാലത്തിൽ സംഭവിച്ചതായി വിവരിച്ചാലും അവ സംഭവിക്കാനിരിക്കുന്നതേയുള്ളൂ എന്നാണ് നാം മനസ്സിലാക്കേണ്ടത് പ്രവചനപരമായ വാക്യങ്ങൾ വിവരിക്കുവാൻ ധാരാളം പദങ്ങൾ ജസ്റ്റിൻ ഉപയോഗിക്കുന്നുണ്ട്. രഹസ്യം, പ്രഖ്യാപനം, അടയാളം, ഉപമ, രൂപകം എന്നിവ ഉദാഹരണങ്ങളാണ്. ഇവയിൽ പലതും പര്യായങ്ങളായി കാണാവുന്നതാണ്. ഡയലോഗ് 30.1 ൽ ജസ്റ്റിൻ രണ്ടുതരത്തിലുള്ള പ്രവചനങ്ങളെപ്പറ്റി സംസാരിക്കുന്നുണ്ട്. മോശവരെയുള്ളതും മോശയ്ക്ക് ശേഷമുള്ളതും മോശവരെയുള്ള പ്രവചനങ്ങൾ രൂപകങ്ങളും അടയാളങ്ങളും ഉപയോഗിച്ചുള്ളതാണ്. അവയ്ക്ക് താൽക്കാലിക പ്രാധാന്യമേയുള്ളൂ. പ്രതീകാത്മകമായ ഈ അടയാളങ്ങളു

ടെയും രൂപകങ്ങളുടെയും പ്രാധാന്യം എത്രമാത്രമാണ് എന്നതിനെ ആശ്രയിച്ചാണ് അവയ്ക്ക് സഭയിലുള്ള പ്രാധാന്യം നിശ്ചയിക്കുക. പ്രവാചകന്മാർ തങ്ങൾക്കുമുമ്പേ സംഭവിച്ച പ്രവചനങ്ങളെ വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പ്രവചനങ്ങൾ അതിൽത്തന്നെ നിഗൂഢമാണ്. പ്രവാചകരുടെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കുക ശ്രമകരവുമാണ്.

**2. വാചിക വ്യാഖ്യാനം**

ജസ്റ്റിന്റെ വ്യാഖ്യാനരീതി രൂപകാത്മകമാണോ വാചികമാണോ എന്നതിൽ അഭിപ്രായസമന്വയമില്ല. ചില പണ്ഡിതരുടെ അഭിപ്രായത്തിൽ ജസ്റ്റിൻ രൂപകാത്മകമല്ല മറിച്ച് വാചിക വ്യാഖ്യാനമാണ് മിക്കപ്പോഴും ഉപയോഗപ്പെടുത്തുന്നത്. ഇതിനൊരപവാദമായി കരുതാവുന്നത് പഞ്ചഗ്രന്ഥിയുടെ ചില ഭാഗങ്ങളും, ചില വ്യക്തികളെയും, സംഭവങ്ങളെയും പ്രതിരൂപകങ്ങളായി കണക്കാക്കാവുന്ന വ്യാഖ്യാനങ്ങളുമാണ്. അതിനാൽ പ്രധാനമായും വാചികമായ വ്യാഖ്യാന രീതിയാണ് ജസ്റ്റിൻ വി. ഗ്രന്ഥ വ്യാഖ്യാനത്തിനായി ഉപയോഗപ്പെടുത്തിയത്.

സങ്കീർത്തനങ്ങളുടെ വ്യാഖ്യാനത്തിൽ അപ്പ 2:29-35; 13:35-36 ലെ വ്യാഖ്യാനരീതിയുമായുള്ള ഒരു ബന്ധം ദർശിക്കാൻ സാധിക്കും. സങ്കീ 110:1 ലെ "എന്റെ കർത്താവ് എന്റെ കർത്താവിനോട് അരുളി ചെയ്തു" എന്ന വാക്യം സൃഷ്ടാവിനെ കൂടാതെ മറ്റൊരാളെ കൂടി കർത്താവ് എന്നു വിളിക്കപ്പെടുന്നുവെന്ന് അദ്ദേഹം ട്രൈഫോയുമായുള്ള വാഗ്വാദത്തിൽ ഉറപ്പിച്ചുപറയുന്നു. സമകാലീന യഹൂദ സമൂഹം സങ്കീ 26:16-18 നെ ദാവീദുമായി ബന്ധപ്പെടുത്തുമ്പോൾ ജസ്റ്റിൻ അതിനെ ക്രിസ്തുവുമായി ബന്ധപ്പെടുത്തുന്നു. സങ്കീ 110 ഹെസക്കിയായേയോ, സോളമനെയോ അല്ല മറിച്ച് ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്.

വി. ഗ്രന്ഥത്തിന്റെ പശ്ചാത്തലം ജസ്റ്റിന്റെ വ്യാഖ്യാനത്തെ വലുതായി സ്വാധീനിക്കുന്നില്ലയെന്നു കാണാം. ജസ്റ്റിനുമുമ്പുള്ള ക്രൈസ്തവ വ്യാഖ്യാതാക്കൾ ബൈബിൾ വാക്യങ്ങളെ അവയുടെ പശ്ചാത്തലത്തിൽ നിന്നും അടർത്തിമാറ്റിയാണ് ഉപയോഗിച്ചിരുന്നത്. ജസ്റ്റിനാകട്ടെ വി. ഗ്രന്ഥ ഭാഗങ്ങളെ അവയുടെ ബൃഹത്തായ പശ്ചാത്തലങ്ങളിൽ നിന്നുകൊണ്ട് സമഗ്രമായ വ്യാഖ്യാനം നൽകുവാനാണ് ശ്രമിച്ചിട്ടുള്ളത്. ഡയലോഗിലെ 99 മുതൽ 106 വരെ സങ്കീ 22 നെക്കുറിച്ചുള്ള വ്യാഖ്യാനമാണ്. 99:1 ൽ ജസ്റ്റിൻ ഇപ്രകാരം പറയുന്നു. "ഈ സങ്കീർത്തനം മുഴുവനും ക്രിസ്തുവിനെക്കുറിച്ചാണ് എന്നു ഞാൻ വിവരിക്കാം." ക്രിസ്ത്യോന്മുഖതയാണ് ജസ്റ്റിന്റെ





വ്യാഖ്യാനത്തിന്റെ സവിശേഷത.

**3. ആലങ്കാരിക വ്യാഖ്യാനം (Figurative Interpretation)**

ഇക്കാലഘട്ടത്തിലെ രണ്ട് ആലങ്കാരിക വ്യാഖ്യാനരീതികളാണ് പ്രതിരൂപാത്മക വ്യാഖ്യാനവും (allegory) രൂപകാത്മക വ്യാഖ്യാനവും (typology). ജസ്റ്റിന്റെ ആലങ്കാരിക വ്യാഖ്യാനങ്ങളെല്ലാം മോശയുടെ നിയമാവലിയെക്കുറിച്ചുള്ളതാണ്. ചിലപ്പോഴൊക്കെ പ്രതിരൂപാത്മക വ്യാഖ്യാനവും രൂപകാത്മക വ്യാഖ്യാനവും തമ്മിൽ വേർതിരിക്കാനാവാത്ത വിധം ബന്ധപ്പെട്ടാണിരിക്കുന്നത്. പ്രതിരൂപാത്മകവ്യാഖ്യാനം പ്രതിരൂപത്തിന്റെ ചരിത്രസാധ്യതയെ കാര്യമാക്കുന്നില്ല എന്നുമാത്രമല്ല അതിന് നിത്യവും സൂചിതവുമായ ഗുണവിശേഷങ്ങൾ നൽകുകയും ചെയ്യുന്നുണ്ട് എന്ന് തിരിച്ചറിയണം. ഇവ തമ്മിലുള്ള വേർതിരിവ് ജസ്റ്റിനിൽ അത്ര പ്രകടമല്ലാത്തതിനാൽ ജസ്റ്റിന്റെ വ്യാഖ്യാനശൈലി പ്രതിരൂപാത്മക - രൂപകാത്മകത (allegorical typology) എന്നുവിളിക്കാം. ജസ്റ്റിന്റെ രൂപകാത്മക വ്യാഖ്യാനം പ്രവചനാത്മകം ആയിരുന്നു (ഡയ 42.1). പ്രധാന പുരോഹിതന്റെ വസ്ത്രത്തിൽ നിന്നും പാദങ്ങളിലേക്ക് ഞാന്നുകിടന്നിരുന്ന 12 മണികളെ നിത്യപുരോഹിതനായ ക്രിസ്തുവിന്റെ ശക്തിയിൽ ആശ്രയിക്കുന്ന 12 അപ്പസ്തോലന്മാരായാണ് ജസ്റ്റിൻ വ്യാഖ്യാനിക്കുന്നത്.

**4. വ്യാഖ്യാനപരമായ പരിവർത്തനം**

വ്യാഖ്യാനത്തിന് ഉപയുക്തമായ വിധത്തിൽ വി. ഗ്രന്ഥഭാഗങ്ങൾ വ്യത്യാസപ്പെടുത്തുന്ന രീതി ഖുമറാൻ സമൂഹത്തിലും (പെഷാറിം) ക്രൈസ്തവ വ്യാഖ്യാതാക്കളുടെയിടയിലും നിലനിന്നിരുന്നു. അപ്രകാരമുള്ള പരിവർത്തനങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്ന ജസ്റ്റിൻ അവയെ അതിനിശിതമായി വിമർശിച്ചിരുന്നവരിൽ ഒരാളായിരുന്നതിനാൽ അദ്ദേഹം തന്നെ അത്തരം ഭേദപ്പെടുത്തൽ നടത്തിയിരുന്നോ എന്ന് പരിശോധിക്കുക ഉചിതമാണ്. സങ്കീർത്തനം 110:2 ആറുതവണ ജസ്റ്റിൻ ഉപയോഗിക്കുന്നുണ്ട്. അവ കാര്യമാത്രമായ വ്യത്യാസപ്പെടലുകൾക്കും വിധേയമായിട്ടുണ്ട്. ഡയ 32 ൽ കാണുന്ന വാക്യം മറ്റേതെങ്കിലും കൂടുതൽ പ്രാമാണികമായ ഗ്രീക്കുഭാഗം കൊണ്ട് തിരുത്തിയതാണ്. സങ്കീ 110:2ൽ സീയോനിൽ എന്ന ശൈലി ഒന്നാം അപ്പോളജിയിൽ (45:3,5)ൽ ഇസ്രായേലിൽ നിന്ന് എന്ന് പരിവർത്തനപ്പെടുത്തിയിരിക്കുന്നു. ഡയ 83:3-4 ൽ ഇസ്രായേലിൽ നിന്ന് എന്നത് മൂന്നുതവണ ഉപയോഗിച്ചിരിക്കുന്നു. ഇസ്രായേലിൽ നിന്ന് പുറപ്പെടുന്ന ശക്തിയുടെ ദണ്ഡായി ജസ്റ്റിൻ കാണുന്നത് ക്രിസ്തുവിന്റെ മാനസാന്തരത്തിനായുള്ള ക്ഷണമാണ്. ഇവയെല്ലാം

വി.ഗ്രന്ഥഭാഗങ്ങളിൽ ജസ്റ്റിൻ ഭേദഗതികൾ നടത്തിയിരുന്നു എന്നതിന് തെളിവാണ്. അല്ലങ്കിൽ ഇവയോട് ബന്ധമുള്ള മിക്ക 4:2 സങ്കീ 110:2 ലേക്ക് മന:പൂർവ്വമല്ലാതെ പ്രയോഗിച്ചതായിരിക്കാം.

പഴയനിയമത്തിലെ പ്രവചനങ്ങളെല്ലാം ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടേണ്ടതാണെന്ന് ജസ്റ്റിൻ വിശ്വസിച്ചിരുന്നു. പഴയനിയമ വിവരണങ്ങളെ സുവിശേഷചരിത്രവുമായി വിളക്കിച്ചേർക്കുകയും ചെയ്തിരുന്നു. ഉൽപത്തി 49:10–11 ലെ മുന്തിരിച്ചെടിയിൽ തന്റെ വസ്ത്രം കഴുകുന്ന യൂദായുടെ അവകാശിയെ ക്രിസ്തുവിൽ പൂർത്തിയാകുന്ന രക്ഷാകരസംഭവങ്ങളോടാണ് ജസ്റ്റിൻ ബന്ധിപ്പിക്കുന്നത്. ഉല്പ 49:10–11 സുവിശേഷങ്ങളിലൊരിടത്തും പരാമർശിച്ചിട്ടില്ല എന്നത് സ്മരണീയമാണ്.

### 5. ജസ്റ്റിന്റെ വ്യാഖ്യാനപരമായ ആശയങ്ങൾ

ജസ്റ്റിന്റെ വി. ഗ്രന്ഥ വ്യാഖ്യാനങ്ങൾ പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധത്തെയാണ് വിശദമാക്കുന്നത് ക്രിസ്ത്യോന്മുഖമായ വ്യാഖ്യാനമാണ് ഓരോ വ്യാഖ്യാനത്തിലും നാം കാണുന്നത്. ഈശോയെ പുതിയ നിയമമായും പുതിയ ഉടമ്പടിയായും ജസ്റ്റിൻ ആവർത്തിച്ചവതരിപ്പിക്കുന്നുണ്ട് (ഡയ 11:4, 34:1). ശാരീരികമായ പരിഛേദനവും ആത്മാവിലുള്ള പരിഛേദനവും പഴയപുതിയ നിയമങ്ങളുടെ വ്യത്യസ്തതയെയാണ് സൂചിപ്പിക്കുന്നത്. പഴയ ഇസ്രായേലിന്റെ സ്ഥാനത്തുള്ള പുതിയതും സത്യവുമായ ഇസ്രായേലും (ഡയ 135.3) സത്യമായ മഹാപുരോഹിതഗണവും യഥാർത്ഥ ദൈവമക്കളുമാണ് സഭ (ഡയ 116:3;11:5).

ഈശോ മിശിഹായാണ് എന്നു സ്ഥാപിക്കുവാൻ ജസ്റ്റിൻ തന്റെ എഴുത്തുകളിലൂടെ പരിശ്രമിച്ചു. യഹൂദ ക്രൈസ്തവ ശത്രുത നിലനിന്നിരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസമർത്ഥനത്തിനായി പഴയനിയമ ആശയങ്ങളെ ക്രൈസ്തവോചിതമായി വ്യാഖ്യാനിക്കുക ആവശ്യമായിരുന്നുവെന്ന് നാം കണ്ടുവല്ലോ. മിശിഹാ സഹനദാസനാണ്, മിശിഹാ മരിച്ചവരിൽനിന്നുയിർക്കും, രക്ഷ സജാതീയരോടും വിജാതീയരോടും പ്രസംഗിക്കേണ്ടിയിരിക്കുന്നു, എന്നിവയെല്ലാം പഴയനിയമത്തെ ആധാരമാക്കി വ്യാഖ്യാനിക്കേണ്ടിയിരുന്നു. ക്രിസ്തുവിന്റെ മുൻഅസ്ഥിത്വം, ദൈവികത, കന്യകാ ജനനം എന്നിവയും സമർത്ഥിക്കേണ്ടിയിരുന്നു. ഇവയെല്ലാം ജസ്റ്റിൻ തന്റെ എഴുത്തുകളിൽ വിശദമായി ചർച്ചചെയ്യുന്നുണ്ട്. സങ്കീ 22 ന്റെ ക്രൈസ്തവവ്യാഖ്യാനത്തിലൂടെ പ്രസ്തുത സങ്കീർത്തനം ക്രിസ്തുവിന്റെ സഹനത്തെക്കുറിക്കുന്ന വിവരണമായി ഡയലോഗ് 99–106 ൽ ജസ്റ്റിൻ സമർത്ഥിക്കുന്നു. ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട സത്യദൈവ





ത്തിൽ വിശ്വസിക്കാനുള്ള ക്ഷണമാണ് യഹൂദർക്കും വിജാതീയർക്കും തന്റെ വി.ഗ്രന്ഥ വ്യാഖ്യാനങ്ങളിലൂടെ ജസ്റ്റിൻ നൽകുന്നത്.

### ലിയോൺസിലെ ഇരണേവൂസ് (ca. 202)

ആദിമസഭയിലെ പ്രമുഖ ചിന്തകരിലൊരാളായ ഇരണേവൂസ് ഗാൾപ്രവിശ്യയിൽപ്പെട്ട (ഫ്രാൻസ്) ലിയോൺസ് എന്ന സ്ഥലത്തെ മെത്രാനായിരുന്നു. ഏഷ്യാമൈനറിലെ സ്മിർണായാണ് അദ്ദേഹത്തിന്റെ ജന്മസ്ഥലമെന്നു പറയപ്പെടുന്നു. തന്റെ ചെറുപ്പകാലത്ത് സ്മിർണായിലെ മെത്രാനായിരുന്ന പോളികാർപ്പിന്റെ ഉപദേശങ്ങൾ അദ്ദേഹം പതിവായി ശ്രവിച്ചിരുന്നു. പോളിക്കാർപ്പിലൂടെ ഏഷ്യാമൈനറിലെ സഭകളുടെ അപ്പസ്തോലനായ യോഹന്നാന്റെ വിശ്വാസപാരമ്പര്യത്തോട് അദ്ദേഹം ബന്ധപ്പെട്ടിരിക്കുന്നു. ജ്ഞാനവാദത്തെ ഖണ്ഡിച്ചുകൊണ്ട് സത്യവിശ്വാസം സമർത്ഥിച്ച ആദ്യത്തെ ദൈവശാസ്ത്രജ്ഞനാണ് അദ്ദേഹം. രണ്ടാം നൂറ്റാണ്ടിൽ, ഏഷ്യാമൈനറിലെ സഭകളും റോമാ സഭയും തമ്മിൽ ഉയിർപ്പുതിരുനാൾ ദിനം (പെസഹാ തിരുനാൾ) സംബന്ധിച്ചുണ്ടായ തർക്കങ്ങളിൽ സമാധാന ദൂതനായി അദ്ദേഹം നിലകൊണ്ടു. പാഷണ്ഡതകൾക്കെതിരെ (Against Heresies) എന്നാണ് അദ്ദേഹത്തിന്റെ മുഖ്യകൃതി.

രക്ഷാകരപ്രവർത്തനങ്ങളുടെ മുഴുവനും മകുടമായി ക്രിസ്തുസംഭവത്തെ അദ്ദേഹം അവതരിപ്പിക്കുന്നു. സൃഷ്ടി മുതലുള്ള എല്ലാ രക്ഷാകരപ്രവർത്തനങ്ങളും ക്രിസ്തുവിലേയ്ക്കാണ് നയിക്കപ്പെടുന്നത് (Theory of Recapitulation). ഈ തത്ത്വമാണ് ഇരണേവൂസിന്റെ ദൈവശാസ്ത്രചിന്തകളുടെ മുഴുവൻ അടിസ്ഥാനം. മനുഷ്യകുലത്തിന്റെ രക്ഷ സാധ്യമാകണമെങ്കിൽ ഒരു ദൈവമനുഷ്യൻ അഥവാ മറ്റൊരു ആദം മദ്ധ്യസ്ഥനാകേണ്ടിയിരിക്കുന്നു. രണ്ടാം ആദമായ മിശിഹായിൽ എല്ലാം നവീകരിക്കുവാനും പുന:പ്രതിഷ്ഠിക്കുവാനുമുള്ള പദ്ധതിയാണ് ഇസ്രായേൽ ചരിത്രം മുഴുവനിലും നമ്മൾ ദർശിക്കുന്നതെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ഒന്നാം ആദത്തിലൂടെ മനുഷ്യകുലം അധ:പതിച്ചുവെങ്കിൽ രണ്ടാം ആദത്തിലൂടെ മനുഷ്യകുലത്തിന്റെ പുനർസൃഷ്ടി സാധ്യമായിത്തീർന്നു. ഇപ്രകാരം, മനുഷ്യാവതാരത്തിന്റെ അർത്ഥം ഇരണേവൂസ് വിശദീകരിക്കുന്നു. ദൈവം മനുഷ്യവംശത്തോട് താദാത്മ്യപ്പെട്ടുകൊണ്ട് മനുഷ്യന്റെ യഥാർത്ഥസ്ഥിതി അവനു ബോധ്യപ്പെടുത്തിക്കൊടുത്തു. ക്രിസ്തുസംഭവം രക്ഷയുടെ ഉറവിടമായി നിലകൊള്ളുന്നുവെന്ന് ഇരണേവൂസ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. മനുഷ്യാത്മാവ് സ്വശക്തിയാൽ നേടിയെടുക്കുന്ന ഒന്നാണ് രക്ഷ എന്നുള്ള ജ്ഞാനവാദസിദ്ധാന്തത്തെ ഇപ്രകാരം അദ്ദേഹം ഖണ്ഡിക്കുന്നു.

## വി. ഗ്രന്ഥത്തെക്കുറിച്ചുള്ള ഇരണേവൂസിന്റെ കാഴ്ചപ്പാട്

വി. ഗ്രന്ഥത്തിന്റെ ദൈവനിവേശിതസ്വഭാവത്തെപ്പറ്റിയുള്ള സഭയുടെ കാഴ്ചപ്പാടിൽ ഇരണേവൂസ് ഉറച്ചു വിശ്വസിച്ചിരുന്നു. അതിനാൽ വി. ഗ്രന്ഥത്തിൽ തെറ്റുകളുണ്ടാവില്ല എന്നും അദ്ദേഹം പഠിപ്പിച്ചു. കൂടാതെ സുവിശേഷങ്ങളുടെ രചനാ കാലഘട്ടത്തെയും കർത്തൃത്വത്തെയും സംബന്ധിച്ച ചോദ്യങ്ങൾക്ക് പ്രധാനപ്പെട്ട ഒരു സാക്ഷ്യം ഇരണേവൂസിന്റെ കൃതികളാണ്.

## വി. ഗ്രന്ഥത്തിന്റെ ആധികാരികത

വി. ഗ്രന്ഥമെന്ന പേരുതന്നെ ബൈബിളിന്റെ ദൈവീക ആധികാരികത വെളിപ്പെടുത്തുന്നു **(പാഷ 2.35.4 3.19.2)**. വി. ഗ്രന്ഥം വിശ്വാസത്തിന്റെ അടിസ്ഥാനവും നെടുംതൂണുമാണ് (പാഷ 3.11). പാഷണ്ഡികളുടെ വ്യാജമായ എഴുത്തുകളെപ്പോലെയല്ല വി. ഗ്രന്ഥം സത്യമായ തിരുലിഖിതമാണ്. കാരണം ഈ വചനം ദൈവം നൽകിയതിനാൽത്തന്നെ പൂർണ്ണമായി പൊരുത്തമുള്ളതാണ്. തിരുലിഖിതങ്ങളുടെ വ്യാഖ്യാനം ദൈവത്താൽ പ്രചോദിപ്പിക്കപ്പെടാതെ നിർവ്വഹിക്കുവാൻ സാധിക്കുകയില്ലെന്ന് വിജാതീയർ പോലും മനസ്സിലാക്കുന്നുവെന്ന് ഇരണേവൂസ് ഉറപ്പിച്ചു പറയുന്നു (പാഷ 3.21.2). വി. പൗലോസിന്റെ വാക്കുകൾ അദ്ദേഹത്തിലുണ്ടായിരുന്ന പരിശുദ്ധാത്മാവിന്റെ വാക്കുകളാണ് (പാഷ 3.6.7). ഇരണേവൂസിന് വി. ഗ്രന്ഥങ്ങളുടെ ആധികാരികത അടങ്ങിയിരിക്കുന്നത് അതിന്റെ ദൈവദത്തമായ ഉത്ഭവത്തിൽ തന്നെയാണ്.

## വി. ഗ്രന്ഥത്തിലെ തെറ്റാവരം

വി. ഗ്രന്ഥത്തിൽ തെറ്റുണ്ടാകുവാൻ സാധ്യതയില്ലായെന്ന് ഇരണേവൂസ് ഉറപ്പിച്ചുപറയുന്നു. കാരണം അവ ദൈവത്തിന്റെ വചനവും പരിശുദ്ധാത്മാവും മനുഷ്യരോട് സംഭാഷിച്ചതാണ് (പാഷ 2.28.2). അവ ദൈവത്തിൽനിന്നാകയാൽ ദൈവീകമാണ്. ദൈവത്തിനു തെറ്റു പറ്റായ്കയാൽ വി. ഗ്രന്ഥത്തിൽ തെറ്റു സംഭവിക്കാനും സാധ്യതയില്ല. (റോമ 3,4; തീത്തോ 1:2; ഹെബ്രാ 6:18.) വി. ഗ്രന്ഥ എഴുത്തുകാരെ ഇരണേവൂസ് അപ്പസ്തോലന്മാർ എന്നാണ് വിളിക്കുന്നത്. സത്യത്തിന്റെ ശിഷ്യരെന്ന നിലയിൽ അവരുടെ പഠനങ്ങൾ തെറ്റുകൾക്കതീതരാണ് (പാഷാ 3.5.1).

## സുവിശേഷങ്ങളുടെ ആധികാരികത

സുവിശേഷങ്ങളുടെ പരമ്പരാഗതമായ കർത്തൃത്വത്തെ ഇരണേവൂസ് അംഗീകരിച്ചു. സുവിശേഷകന്മാരെ ക്രിസ്തുവിന്റെ സമകാലീനരായ അപ്പസ്തോലന്മാരും ശിഷ്യരുമായി അദ്ദേഹം കണക്കാക്കി. സത്യത്തിന്റെ സുവിശേഷമെന്നാണ് ഇരണേവൂസ് സുവിശേഷങ്ങളെ വിളിക്കുന്നത്. ഇരണേവൂസിന്റെ അഭിപ്രായത്തിൽ സുവിശേഷങ്ങൾ നാലുമാത്രമേയുള്ളൂ. ഹെബ്രായരുടെ ഭാഷയിൽ മത്തായി ഒരു സുവിശേഷം എഴുതി. പത്രോസും പൗലോസും റോമിൽ പ്രസംഗിക്കുകയും സഭയുടെ അടിസ്ഥാനമിടുകയും ചെയ്തു. അവരുടെ യാത്രതിരിക്കലിനുശേഷം പത്രോസിന്റെ ശിഷ്യനും സഹായിയുമായ മർക്കോസ് പത്രോസ് പ്രസംഗിച്ചത് എഴുതി. പൗലോസിന്റെ സഹായിയായ ലൂക്കോസ് അവന്റെ പ്രസംഗം എഴുതി വച്ചു. അതിനുശേഷം കർത്താവിന്റെ ശിഷ്യനും മാർവ്വിൽ ചാരിക്കിടക്കുന്നവനുമായ യോഹന്നാൻ ഏഷ്യയിലെ എഫേസൂസിൽ വച്ച് ഒരു സുവിശേഷം പ്രസിദ്ധീകരിച്ചു (എഫേ 3.1.1). നാലു സുവിശേഷങ്ങൾ മാത്രമാണ് സത്യവും യാഥാർത്ഥവും വിശ്വസനീയവുമെന്ന് ഇരണേവൂസ് പ്രഖ്യാപിക്കുന്നു (പാഷ 3.11.9).

"സുവിശേഷങ്ങൾ എണ്ണത്തിൽ കൂടാനോ കുറയാനോ സാധ്യമല്ല കാരണം, ലോകത്തിനു നാലുഭാഗങ്ങൾ ഉള്ളതുപോലെ നാലു പ്രധാന കാറ്റുകൾ ഉള്ളതുപോലെ ധര മുഴുവൻ വിതയ്ക്കപ്പെട്ട ഒരു വിത്താണ് സഭ എന്നതുകൊണ്ടും സുവിശേഷങ്ങൾ സഭയുടെ തൂണും അസ്ഥിവാരവും ജീവാത്മാവും ആയതുകൊണ്ടും എല്ലാ ഭാഗങ്ങളിൽ നിന്നും അമർത്യത ഊതിക്കൊണ്ടും ജീവനിലേക്ക് മനുഷ്യരെ പ്രകാശിപ്പിച്ചുകൊണ്ടും സഭയ്ക്ക് നാലുതൂണുകൾ ഉണ്ടാകുക സ്വാഭാവികമാണ്. ഇക്കാരണത്താൽ എല്ലാത്തിന്റെയും നിർമ്മാതാവും ക്രോബകളുടെമേൽ ആരൂഢനും എല്ലാറ്റിലും ഒന്നിച്ചു ചേർന്നിരിക്കുന്നവനുമായ വചനം മനുഷ്യർക്ക് വെളിപ്പെട്ടപ്പോൾ അരൂപിയാൽ ഒന്നിച്ചുചേർക്കപ്പെട്ട അവിടുത്തെ സുവിശേഷം നാലു രീതിയിൽ നമുക്ക് നൽകി (3.11.8).

നാലുസുവിശേഷങ്ങൾക്ക് പ്രതീകങ്ങളെ നൽകുന്നതും ഇരണേവൂസാണ്. ക്രോബകൾക്ക് നാലുമുഖങ്ങൾ ഉണ്ട്: ദൈവപുത്രന്റെ വ്യാപാരത്തിന്റെ സാദൃശ്യമാണ് അവരുടെ മുഖങ്ങൾ. കാരണം ഒന്നാമത്തെ ജീവി സിംഹസമാനമാണെന്ന് അവൻ പറയുന്നു (യോഹന്നാൻ) അത് അവിടുത്തെ യഥാർത്ഥ കാര്യക്ഷമതയും നേതൃത്വശക്തിയും രാജകീയ സ്വഭാവവും ചൂണ്ടിക്കാട്ടുന്നു. രണ്ടാമത്തേത് കാളക്കിടാവിന് സമം (ലൂക്കോസ്). ബലിയർപ്പകനും പുരോഹിതനും എന്ന അവിടുത്തെ സ്ഥാനത്തെ അത് സൂചിപ്പിക്കുന്നു. മൂന്നാമത്തേതിന് മനുഷ്യമുഖമുണ്ട് (മത്തായി). മനുഷ്യനായ അവിടുത്തെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു. നാലാമത്തേതു പറക്കുന്ന കഴു

കന് തുല്യം (മർക്കോസ്). ആവസിക്കുന്ന പരിശുദ്ധാത്മദാനത്തെ അതു സൂചിപ്പിക്കുന്നു (3.11.8).

### വി. ഗ്രന്ഥസത്യം എപ്രകാരം കൈമാറ്റം ചെയ്യപ്പെട്ടു?

പുതിയനിയമം എഴുതപ്പെട്ടതിനുശേഷം നൂറുവർഷങ്ങൾക്ക് ശേഷമാണ് വി. ഗ്രന്ഥപുസ്തകത്തിന്റെ പതിപ്പുകൾ ലഭ്യമായത്. പഴയനിയമത്തെയും പുതിയനിയമത്തെയും കുറിച്ച് ഇരണേവൂസ് അഭിപ്രായപ്പെടുന്നുണ്ട്. ഹെബ്രായ ബൈബിളിന്റെ ഗ്രീക്കുപതിപ്പ് അത്ഭുതകരമായി ഉത്ഭവിച്ചതാണെന്ന് ഒരു അഭ്യൂഹം യഹൂദരുടെയിടയിൽ നിലനിന്നിരുന്നു. ഇരണേവൂസാകട്ടെ സെപ്ത്വജിന്ത് എഴുപത് ശ്രേഷ്ഠന്മാരാൽ പരിവർത്തനം ചെയ്യപ്പെട്ട പതിപ്പാണെന്ന് വിശ്വസിച്ചിരുന്നു. എങ്കിലും ഈ എഴുപത് വിവർത്തകരും ചെയ്തത് സ്വയം വിവർത്തനമാണെങ്കിലും സമാനമായ വിവർത്തനമാണ് അവർ ചെയ്തത്. സമാനമായ വിവർത്തനത്തിന് ഹേതുവായത് ദൈവത്തിന്റെ പ്രചോദനമാണ് (3.21.2). ഇത് സംഭവ്യമല്ലാത്തൊരു കാര്യമാണെങ്കിലും നിരവധിയായ വി. ഗ്രന്ഥപ്രതികൾ പഴയനിയമം വളരെ കൃത്യമായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. വി.ഗ്രന്ഥ ഭാഗങ്ങൾ അതീവ വിശ്വസ്തതയോടെ വ്യാഖ്യാനിക്കപ്പെട്ടതിനാലും അവ ദൈവകൃപയാൽ നമ്മുടെ വിശ്വാസത്തെ ക്രിസ്തുവിലേക്ക് വളർത്തുകയും നയിക്കുകയും ചെയ്തതിനാലും വി. ഗ്രന്ഥ ഭാഗങ്ങൾ മലിനമാക്കപ്പെട്ടില്ല. ഇരണേവൂസിലെ ഈ അഭിപ്രായങ്ങൾ സത്യമാണ്. കാരണം ആധുനിക വിശ്വാസസമർത്ഥകർ ഏശയ്യ 53 നെ മിശിഹായെക്കുറിച്ചുള്ള പ്രവചനമായി മനസ്സിലാക്കുമ്പോൾ ക്രിസ്തുവിന് മുമ്പുള്ള യഹൂദ റബ്ബിമാർ സഹിക്കുന്ന ഒരു രാജ്യത്തെക്കുറിച്ചുള്ള പ്രവചനഭാഗം മിശിഹായെക്കുറിച്ചുള്ള പ്രവചനമായാണ് കണക്കാക്കിയിരുന്നത്.

ഇരണേവൂസിന്റെ അഭിപ്രായത്തിൽ അപ്പസ്തോലന്മാരിലൂടെയും ശ്രേഷ്ഠന്മാരിലൂടെയും പ്രവർത്തിച്ച അതേ പരിശുദ്ധാത്മാവു തന്നെയാണ് സഭയിലെ പിതാക്കന്മാരെയും വി. ഗ്രന്ഥ വ്യാഖ്യാനത്തിൽ നയിക്കുന്നത്. നാലുസുവിശേഷങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ, ശ്ലീഹന്മാരുടെ നടപടി, യോഹന്നാന്റെ ലേഖനങ്ങൾ, വെളിപാട്, പത്രോസിന്റെ ഒന്നാം ലേഖനം, ഹെർമാസിന്റെ ഇടയൻ, എന്നിവ ഇരണേവൂസിന്റെ പുതിയനിയമ കാനനിൽ ഉൾപ്പെടുന്നു. പഴയനിയമമെന്നതുപോലെ പുതിയനിയമത്തിനും ദൈവനിവേശിത സ്വഭാവമുണ്ട് എന്നതിനാൽ അവയെ വി. ഗ്രന്ഥമെന്നുതന്നെയാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. വി. ഗ്രന്ഥത്തെ തെറ്റായി വ്യാഖ്യാ





നിച്ച ജ്ഞാനവാദികൾക്കെതിരെ ഇരണേവൂസ് പോരാടി. ഒരു രാജാവിന്റെ രൂപം ഒരു നായയുടെയോ, കുറുക്കന്റെയോ രൂപമുണ്ടാക്കാൻ വേണ്ടി തച്ചുടയ്ക്കുന്നതുപോലെയാണ് അവരുടെ വ്യാഖ്യാനമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത് (പാഷ 1.8.1).

### വി. ഗ്രന്ഥത്തിന്റെ ഉദ്ധരിക്കൽ

പഴയനിയമത്തിലെ എല്ലാ പ്രധാനഭാഗങ്ങളിൽ നിന്നും ഇരണേവൂസ് സ്വതന്ത്രമായി ഉദ്ധരിക്കുന്നുണ്ട്. പുതിയനിയമ പുസ്തകങ്ങളിൽ നിന്ന് തന്റെ പിൻഗാമികളേക്കാൾ അധികമായി അദ്ദേഹം ഉദ്ധരണികൾ നൽകുന്നു. പാഷണ്ഡത പ്രചരിപ്പിച്ചിരുന്നവരാകട്ടെ അനേകം അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ നിന്നും വ്യാജഗ്രന്ഥങ്ങളിൽ നിന്നുമാണ് ഉദ്ധരിച്ചിരുന്നത്. രണ്ടായിരത്തോളം വി. ഗ്രന്ഥ ഉദ്ധരണികൾ ഇരണേവൂസിന്റെ കൃതികളിൽ കാണാം. ഓരോ വാക്കും ദൈവനിവേശിതമായി കണ്ടിരുന്നതിനാൽ അത്രമാത്രം വിശ്വസ്തതയോടെയാണ് അദ്ദേഹം വി. ഗ്രന്ഥത്തെ സമീപിച്ചിരുന്നത്.

### ഇരണേവൂസിന്റെ വി. ഗ്രന്ഥവ്യാഖ്യാനരീതി

രക്ഷാകരചരിത്രത്തിന്റെ സമഗ്രതയെക്കുറിച്ച് തെളിവായ ദർശനം ഇരണേവൂസിൽ കാണാം. വി. ജസ്റ്റിന്റെ പ്രതിരൂപാത്മക വ്യാഖ്യാനത്തിനുമപ്പുറം വി. ഗ്രന്ഥത്തിലെ എല്ലാ പ്രതിരൂപകങ്ങളും രക്ഷാകരചരിത്രത്തിന്റെ വിവിധഘട്ടങ്ങളെയും സംഭവങ്ങളെയും വ്യക്തമാക്കുകയാണ് ചെയ്യുന്നത് എന്ന് ഇരണേവൂസ് അഭിപ്രായപ്പെടുന്നു. പഴയനിയമ പുസ്തകങ്ങൾ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതല്ല എന്നുവാദിച്ച മാർസിയൻ ചിന്തകർ ജ്ഞാനവാദികൾ എന്നിവരുടെ പഠനങ്ങൾക്ക് വിരുദ്ധമാണ് ഇരണേവൂസിന്റെ നിലപാട്.

പ്രതിരൂപാത്മക വ്യാഖ്യാനത്തിലൂടെ രക്ഷാകരചരിത്രത്തിന്റെ അനസ്യൂതമായ വളർച്ചയെ ഇരണേവൂസ് വ്യക്തമാക്കുന്നു. മാമ്മോദീസായിൽ ലഭിച്ച സത്യത്തിന്റെ നിയമവും വിശ്വാസത്തിന്റെ നിയമവും സൂക്ഷിക്കുന്നവർക്കേ വി. ഗ്രന്ഥത്തെ യഥാർത്ഥത്തിൽ വ്യാഖ്യാനിക്കാനാവൂ. സത്യത്തിൽ നിന്നും വ്യതിചലിച്ചുള്ള വ്യാഖ്യാനം നാശകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു (പാഷ 1.9.43;1.10.2).

ഇരണേവൂസിന്റെ യാക്കോബ് രൂപകാത്മക വ്യാഖ്യാനം രക്ഷാകരചരിത്രത്തിന്റെ അനുക്രമമായ വളർച്ചയെ ദൃശ്യമാക്കുന്നു. യാക്കോബ് എപ്രകാരമാണോ കടിഞ്ഞൂൽ അവകാശം സ്വന്തമാക്കിയത് അതുപോലെ ക്രിസ്തുവിനെ സ്വന്തമാക്കിയ രണ്ടാം ജനത

ഒന്നാം ജനതയുടെ അവകാശങ്ങളെല്ലാം സ്വന്തമാക്കിയിരുന്നു. യാക്കോബിനു സഹിക്കേണ്ടിവന്ന യാതനകളെപ്പോലെ സഭയും സഹിക്കുന്നു. മറ്റൊരു ദേശത്ത് പന്ത്രണ്ടുഗോത്രവും പിറന്നതു പോലെ വ്യത്യസ്തയിടങ്ങളിൽ ക്രിസ്തുവും 12 ശ്ലീഹന്മാരാകുന്ന തൂണുകളിന്മേൽ സഭയെ പടുത്തുയർത്തി. പല നിറത്തിലുള്ള ആടുകൾ യാക്കോബിന് പ്രതിഫലമായി കിട്ടിയതുപോലെ വിശ്വാസത്താൽ ഒരുമിച്ച വ്യത്യസ്ത തരത്തിലുള്ള വ്യത്യസ്ത രാജ്യങ്ങളിലുള്ള ജനതകൾ ക്രിസ്തുവിൽ ഒരുമിക്കപ്പെട്ടു (പാഷ 4.21.3). പഴയനിയമത്തിലെ പ്രതിരൂപങ്ങൾക്ക് പ്രബോധനപരമായ ധർമ്മമാണുള്ളത്. ദൈവിക വഴികളിലൂടെയുള്ള മനുഷ്യവംശത്തിന്റെ പരിശീലനമാണത്. പ്രതിരൂപങ്ങളെ പൂർണ്ണമാക്കുന്നവ ഏറ്റവും പ്രധാനപ്പെട്ടതും യഥാർത്ഥവും നിത്യവും അത്മീയവുമായ യാഥാർത്ഥ്യങ്ങളാണ്.

വെളിപാടിന്റെ അനുക്രമമായ വളർച്ച എന്ന ഇരണേവൂസിന്റെ ആശയം പഴയനിയമത്തെയും പുതിയനിയമത്തെയും വിളക്കിച്ചേർക്കുവാൻ ഉപയുക്തമായി. പഴയനിയമവും പുതിയനിയമവും ഒരേ ദൈവത്തിൽനിന്നു വരുന്നു എന്നദ്ദേഹം സമർത്ഥിച്ചു. യുക്തവും സമ്യക്കും ഉത്തരവാദിത്വപൂർണ്ണവുമായ വി. ഗ്രന്ഥ വ്യാഖ്യാനമാണ് ഇരണേവൂസിൽ നാം കാണുക.



# 07

## സീറോ പാലസ്തീനിയൻ പിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും

ഇന്നത്തെ സിറിയ, ടർക്കി, ഇസ്രായേൽ, ഇറാക്ക്, എന്നിവയുടെ ചില ഭാഗങ്ങൾ ലെബനോൻ, യോർദ്ദാൻ എന്നിവ ഉൾപ്പെട്ടതാണ് സഭാരംഭകാലത്തെ സിറിയ. സിറിയയുടെ തലസ്ഥാനവും പ്രശസ്ത നഗരവുമായിരുന്നു അന്തോക്യാ. സഭാരംഭകാലത്ത് റോമാസാമ്രാജ്യത്തിലെ പാലസ്തീന മൂന്നായി തിരിക്കപ്പെട്ടിരിന്നു. കേസറിയാ ആയിരുന്നു തലസ്ഥാനം.

ലോകരക്ഷകനായ മിശിഹാ പിറന്നുവീണ പാലസ്തീന ക്രൈസ്തവർക്ക് സംപൂജ്യമായിരുന്നു. റോമാക്കാർ ജറുസലെം തകർത്തപ്പോൾ യേശുവിന്റെ ശിഷ്യന്മാർ നാലുപാടും ഓടിപ്പോയി. സിറിയായുടെ തലസ്ഥാനമായ അന്തോക്യ സഭാപരമായി പ്രാമാണ്യത്തിലേക്കുയർന്നു. ജറുസലേമിലെ സഭയുടെ തുടർച്ചയാണ് അവിടുത്തെ സഭ. പന്തക്കുസ്താ ദിനം ജറുസലേമിൽ ഉണ്ടായിരുന്നവരും മതപീഡനം ഭയന്ന് ഓടിയവരും വളരെ ആരംഭകാലത്തുതന്നെ അവിടെ സുവിശേഷത്തിന്റെ വക്താക്കളായി. ശീഹന്മാർ എത്തുന്നതിന് മുമ്പുതന്നെ അവിടെ ഒരു ക്രിസ്തീയ സമൂഹം ഉണ്ടായിരുന്നു.

ആദിമസഭയുടെ സാഹിത്യകൃതികളിൽ ഗ്രീക്ക് – ലത്തീൻ കൃതികളോട് കിടപിടിക്കുന്ന സാഹിത്യകൃതികളാണ് സുറിയാനി ക്രൈസ്തവരുടേത്. അന്തർജ്ഞാനമുള്ള സെമിറ്റിക് ലോകവീക്ഷണത്താൽ സമ്പന്നമായ സുറിയാനി ദൈവശാസ്ത്ര ആദ്ധ്യാത്മിക പാരമ്പര്യം വീണ്ടെടുത്തു വരുന്നതേയുള്ളൂ എന്നു പറയാം. സുറിയാനി ക്രൈസ്തവകേന്ദ്രം എദേസ്സായായിരുന്നു. Chronicle of Edessa എന്ന വിവരണത്തിൽ 202 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഒരു ക്രൈസ്തവ ആരാധനാലയം നശിപ്പിക്കപ്പെട്ടു എന്നത് ക്രൈസ്തവികതയുടെ ആരംഭത്തിൽ തന്നെ ഇവിടെ ക്രൈസ്തവ സാന്നിധ്യം ഉണ്ടായിരുന്നുവെന്നതിന് തെളിവാണ്.

എദേസ്സായിലെ സ്ക്കൂളിന്റെ ഉത്ഭവം ബദർദൈസാന്റെ കാലഘട്ടത്തിലാണെന്നു പറയപ്പെടുന്നു (200). എന്നാൽ എഫ്രേമിന്റെ കാലഘട്ടത്തിലാണെന്നു വാദിക്കുന്നവരും കുറവല്ല. എദേസ്സായിലെ വിദ്യാപീഠത്തിന്റെ തുടർച്ചയായിരുന്നു നിസിബിസിൽ സ്ഥാപിതമായ ദൈവശാസ്ത്ര പഠനകേന്ദ്രം അപ്രേമിന്റെ കാലം മുതൽ (363 –373) അതൊരു പ്രധാന ദൈവശാസ്ത്ര കേന്ദ്രമായി അറിയപ്പെട്ടു തുടങ്ങി. അക്കാലം മുതൽ അപ്രേമിന്റെ ദൈവശാസ്ത്ര ചിന്തകളായിരുന്നു അവിടുത്തെ മുഖ്യപാഠ്യ വിഷയം. എന്നാൽ അഞ്ചാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ പ്രമുഖ അന്തോക്യൻ ദൈവശാസ്ത്രജ്ഞനായ തിയഡോറിന്റെ ദൈവശാസ്ത്രവും ഏദേസ്സായിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. സിറിയായുടെ സാംസ്കാരിക പശ്ചാത്തലത്തിൽ രൂപം കൊണ്ട ദൈവശാസ്ത്രം എന്ന നിലയിൽ സുറിയാനിലോകത്തിൽ തിയഡോറിന്റെ പ്രബോധനങ്ങൾ പ്രചരിച്ചിരുന്നു. അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ തന്നെ തിയഡോറിന്റെ കൃതികൾ ഗ്രീക്കിൽ നിന്ന് സുറിയാനി ഭാഷയിലേക്ക് വിവർത്തനം ചെയ്തുതുടങ്ങി. നിസിബിസിലെ വിദ്യാപീഠത്തിന്റെ പാഠ്യപദ്ധതിയിൽ അരിസ്റ്റോട്ടിലിന്റെ തത്വചിന്തയും ഉൾപ്പെടുത്തിയിരുന്നു. 5–ാം നൂറ്റാണ്ടിന്റെ ആദ്യപകുതി പിന്നിട്ടപ്പോഴേക്കും എദേസ്സാ വിദ്യാപീഠം അന്തോക്യൻ ചിന്താരീതിയിലേക്ക് പതിയെ മാറി.

പേർഷ്യൻ ചക്രവർത്തിയായ ഷാപ്പൂർ രണ്ടാമൻ മൂന്നുപ്രാവശ്യം നിസിബിസ് പട്ടണം ആക്രമിച്ചുവെങ്കിലും പേർഷ്യൻ സൈന്യം പരാജയപ്പെട്ടു പിന്മാറേണ്ടിവന്നു. റോമൻ ചക്രവർത്തിയായ ജൂലിയൻ കൊല്ലപ്പെട്ടപ്പോൾ തുടർന്നുണ്ടാക്കിയ ഒരുടമ്പടി പ്രകാരം നിസിബിസ് പട്ടണം പേർഷ്യക്കാർക്ക് വിട്ടുകൊടുത്തു. ഇതേത്തുടർന്ന് നിസിബിസിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന എദേസ്സായിലേക്ക് കുടിയേറിപ്പാർത്തു. എദേസ്സായിലെ വിദ്യാപീഠം അതിന്റെ ഉച്ചകോടിയിലേക്കുയർന്നത് എഫ്രേമിന്റെ കാലത്താണ്. അദ്ദേഹത്തിന്റെ വി. ഗ്രന്ഥ ഭാഷ്യം എദേസ്സായുടെ പാഠ്യപദ്ധതിയുടെ ഭാഗമായിരുന്നു. സുറിയാനി പണ്ഡിതരായ അഫ്രാത്ത്, എഫ്രേം, നർസായി എന്നിവരുടെ വി. ഗ്രന്ഥ വ്യാഖ്യാനങ്ങളുടെ രീതിയാണ് നാം പഠന വിഷയമാകുന്നത്. അതിനുമുമ്പേ പുതിയനിയമത്തിന്റെ സുറിയാനി പതിപ്പുകളെ നമുക്ക് പരിചയപ്പെടാം.





### പുതിയനിയമത്തിന്റെ സുറിയാനിപ്പതിപ്പുകൾ

ക്രൈസ്തവ വിശ്വാസം രൂപംകൊണ്ട സെമസ്റ്റിക് സാസ്കാരിക ലോകത്തെ ഒരുഭാഷ എന്ന‌നിലയിൽ സുറിയാനി ഭാഷയിലുള്ള ബൈബിളിന് പ്രത്യേകമായ സ്ഥാനമുണ്ട് സുറിയാനി ദൈവശാസ്ത്ര ചിന്തകളെ അത് വളരെ സ്വാധീനിച്ചിട്ടുണ്ട്.

### പഴയനിയമ വിവർത്തനം

സുറിയാനി പഴയനിയമ വിവർത്തനം മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പൂർത്തിയായത്. നിരവധിയാളുകൾ അതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട് സിനഗോഗുകളിൽ ഉപയോഗത്തിലിരുന്ന അറമായ ഭാഷയിലുള്ള 'താർഗും' എന്ന വിവർത്തനത്തോടാണ് അത് മുഖ്യമായും ബന്ധപ്പെട്ടിരിക്കുന്നത്. ബി. സി. രണ്ടാംനൂറ്റാണ്ടിലാണ് താർഗും എഴുതപ്പെട്ടത്. വ്യാഖ്യാനം കൂടി ഉൾച്ചേർത്തുകൊണ്ടുള്ള ഒരു വിവർത്തനമാണിത്. യഹൂദ റബ്ബിമാർ പിന്തുടർന്നുപോന്ന 'മിദ്രാഷ്' വ്യാഖ്യാനശൈലിയും പാരമ്പര്യങ്ങളും താർഗുമിൽ പ്രതിഫലിക്കുന്നുണ്ട്. അഞ്ചാം നൂറ്റാണ്ടുമുതൽ നിലവിലുള്ള സുറിയാനി പഴയനിയമവിവർത്തനം ഗ്രീക്കുബൈബിളുമായി അനുരൂപപ്പെടുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തെല്ലായിലെ മെത്രാനായിരുന്ന പൗലോസ് ഗ്രീക്കുബൈബിളിനോട് കൂടുതൽ അനുരൂപപ്പെടുത്തിക്കൊണ്ടുള്ള പുതിയൊരു വിവർത്തനം തയ്യാറാക്കി. എന്നാൽ അതിനുമുമ്പ് ഉപയോഗിച്ചിരുന്ന വിവർത്തനം തന്നെയാണ് സുറിയാനി സഭകൾ തുടർന്നും ഉപയോഗിച്ചുപോന്നത്.

ആധുനിക രീതിയിലുള്ള അച്ചടിയും കടലാസും കണ്ടുപിടിക്കുന്നതിന് മുമ്പ് (1450 ഏ.ഡി.) ഗ്രന്ഥങ്ങൾ പകർത്തി എഴുതിയാണ് പ്രചരിപ്പിച്ചിരുന്നത്. കളിമണ്ണ്, മരം, കല്ല് ലോഹങ്ങൾ തുടങ്ങിയവ കൊണ്ടുണ്ടാക്കിയ പലകകളും ഇലകൾ മരത്തൊലി, തുകൽ, പനമ്പ് (parchment) എന്നിവയുമായിരുന്നു എഴുതുവാൻ ഉപയോഗിച്ചിരുന്ന

വസ്തുക്കൾ. അങ്ങനെയാണ് ആദ്യകാലങ്ങളിൽ പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചിരുന്നത്. അവയുടെയെല്ലാം പതിനായിരക്കണക്കിന് അംശങ്ങൾ ഇന്നു നമുക്ക് ലഭിച്ചിട്ടുണ്ട്.

**മൂലരേഖകളുടെ സ്വഭാവം**

പഴയനിയമ ഗ്രന്ഥങ്ങൾ പ്രധാനമായും ഹീബ്രുഭാഷയിലാണ് വിരചിതമായത്. യേശുവിന്റെ കാലത്ത് ഹീബ്രുഭാഷയുടെ പ്രാധാന്യം കുറഞ്ഞുപോകുകയും, പാലസ്തീന പ്രദേശങ്ങളിലെ പ്രധാന സംസാരഭാഷ അറമായിക് ആയിത്തീരുകയും ചെയ്തു. അതേസമയം മറ്റുള്ള പല രാജ്യങ്ങളിലും ഗ്രീക്ക്, ലത്തീൻ മുതലായ ഭാഷകളും പ്രചാരത്തിലിരുന്നു. ഈ പരിസ്ഥിതിയിൽ ക്രിസ്തുവിന്റെ ശിഷ്യന്മാർ ഏറ്റവും ആദ്യം എഴുതിയ മൂലഗ്രന്ഥങ്ങൾ അറമായിക്കിൽ ആയിരുന്നോ ഗ്രീക്കിൽ ആയിരുന്നോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. അപ്പസ്തോലപിതാവായ പപ്പിയാസ് (ഏ.ഡി. രണ്ടാം നൂറ്റാണ്ട്) സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് മത്തായി അറമായിക് ഭാഷയിൽ ആദ്യം സുവിശേഷം എഴുതിയെന്നാണ്. ഏതായാലും പുതിയനിയമത്തിന്റെ അറമായിക് ഭാഷയിലുള്ള പുരാതന കയ്യെഴുത്ത് പ്രതികളോ അവയുടെ അവശിഷ്ടങ്ങളോ ഇന്നുവരെ നമുക്ക് ലഭിച്ചിട്ടില്ല. ലഭിച്ചിട്ടുള്ളതെല്ലാം ഗ്രീക്കുഭാഷയിലാണ്.

അപ്പസ്തോലന്മാരുടെ കാലശേഷവും പകർത്തിയെഴുത്ത് തുടർന്നുകൊണ്ടിരുന്നു. ക്രമേണ മറ്റുള്ള ഭാഷകളിലേക്കും ബൈബിൾ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്ന പ്രവണതയുണ്ടായി. ക്രിസ്തുവിന് അനേകവർഷങ്ങൾക്കു മുമ്പേ തന്നെ പഴയനിയമത്തിലെ പല പ്രധാനപുസ്തകങ്ങളും ആദ്യം അറമായ ഭാഷയിലും (Targum) പിന്നീട് ഗ്രീക്കിലും (Septuagint) വിവർത്തനം ചെയ്യപ്പെട്ടിരുന്നു.

**സുറിയാനിയിൽ ആദ്യത്തെ സന്തുലിതസുവിശേഷം (Gospel - harmony)**

പുതിയനിയമ ഗ്രന്ഥങ്ങളുടെ വളർച്ചയിലും പുരോഗതിയിലും ഒരു നവീന അദ്ധ്യായം തുറന്നത് തസ്സിയാൻ (Tatian- 170 A.D) ആയിരുന്നു. അദ്ദേഹമാണ് ആദ്യമായി നാലുസുവിശേഷങ്ങളും പരിശോധിച്ച് അവയിലുള്ള കാര്യങ്ങളെല്ലാം ആവർത്തനങ്ങൾ ഒഴിവാക്കിക്കൊണ്ട് അവയുടെ കാലക്രമമനുസരിച്ച് ചിട്ടപ്പെടുത്തി. "ദിയാത്തെസറോൺ" (Diatessaron, നാലിൽനിന്നും) എന്നപേരിൽ ഒരു സന്തുലിത സുവിശേഷം (Gospel -harmony) പ്രസിദ്ധീകരിച്ചത്. രണ്ടാം നൂറ്റാണ്ടിന്റെ അവസാനകാലത്തോ, മൂന്നാം നൂറ്റാണ്ടിന്റെ





ആരംഭത്തിലോ ആണ് നാലുസുവിശേഷങ്ങൾ വിവർത്തനം ചെയ്തത്. പുരാതന സുറിയാനി സുവിശേഷങ്ങൾ (Old Syriac) എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. തസിയാൻ, ഗ്രീക്കുഭാഷയിൽ ക്രമീകരിച്ചുണ്ടാക്കിയ സന്തുലിത സുവിശേഷം അദ്ദേഹം തന്നെ സുറിയാനി ഭാഷയിലേക്ക് വിവർത്തനം ചെയ്തതായിട്ടാണ് പ്രബലമായ ഒരു പാരമ്പര്യം. അത് ഗ്രീക്കിൽ നിന്നുള്ള ഒരു പദാനുപദ തർജ്ജമയല്ല. സുറിയാനി സാഹിത്യശൈലിയും പദപ്രയോഗങ്ങളും അതിൽ നിലനിർത്തിയിട്ടുണ്ട്. പാലസ്തീനായിലെ അറമായ ക്രൈസ്തവ പാരമ്പര്യങ്ങളോടാണ് അതു ബന്ധപ്പെട്ടിരിക്കുന്നത്. എന്നാൽ അദ്ദേഹം രൂപം നൽകിയ "ദിയാത്തെസറോൺ" എന്ന ഗ്രന്ഥത്തിന്റെ യാതൊരംശവും ഇന്നു നമുക്ക് ലഭ്യമായിട്ടില്ല. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ അപ്രേം സുറിയാനിയിൽ ലഭ്യമായ ഈ ഗ്രന്ഥത്തെ ആസ്പദമാക്കി സുറിയാനിയിൽ തന്നെ ഒരു വ്യാഖ്യാനം (Commentary) എഴുതുകയുണ്ടായി. അങ്ങനെയാണ് തസിയാൻ ഏകതാനമായ (harmonious) ഒരു സുവിശേഷം രചിച്ചെന്നുള്ള കാര്യംതന്നെ നാമറിയുന്നത്. മൂലഗ്രന്ഥത്തിന്റെ അഭാവത്തിൽ, തസിയാൻ തന്റെ ഗ്രന്ഥത്തിന് രൂപം നൽകിയത് ഗ്രീക്കിലായിരുന്നോ, സുറിയാനിയിലായിരുന്നോ എന്നൊക്കെ സംശയിക്കാവുന്നതാണ്. ഒരു പക്ഷേ നാലുസുവിശേഷങ്ങളുടെയും ഗ്രീക്കിലുള്ള കയ്യെഴുത്തുപ്രതികളിൽ നിന്ന് സംഭവങ്ങൾ ഗ്രീക്കു ഭാഷയിൽത്തന്നെ കാലാനുക്രമമായി പകർത്തിയെഴുതി ക്രമീകരിച്ച ശേഷം, അത് സുറിയാനി ഭാഷയിൽ പ്രചരിപ്പിക്കാനായിരിക്കണം തസിയാൻ ഉദ്ദേശിച്ചത്. തന്നിമിത്തം ഗ്രീക്കിലുണ്ടാക്കിയതിന്റെ പകർപ്പുകൾ പ്രചരിപ്പിച്ചുകാണാനിടയില്ല. സുറിയാനി വളരെ പ്രചാരത്തിലിരുന്ന ഒരു കാലഘട്ടത്തിൽ സുറിയാനിപ്പതിപ്പിനായിരുന്നു പ്രത്യേക പ്രസക്തിയും പ്രാധാന്യവും. അഞ്ചാം നൂറ്റാണ്ടുവരെ സുറിയാനിസഭകളിൽ ഈ സന്തുലിത സുവിശേഷമായിരുന്നു. ഔദ്യോഗികമായി ഉപയോഗിച്ചിരുന്നത് എന്നുവരികിലും ദിയാത്തെസറോണിന്റെ സുറിയാനിയിലുള്ള ഒറ്റപ്രതിപോലും ഇന്നില്ല. ആറാം നൂറ്റാണ്ടിലെ അർമേനിയൻ ഭാഷയിലുള്ള ഇതിന്റെ ഒരു കോപ്പിമാത്രമാണ് ഏറ്റവും പുരാതനമായി ഇന്ന് അവശേഷിച്ചിട്ടുള്ളത്.

ഇത്രയും പറഞ്ഞതു രണ്ടാം നൂറ്റാണ്ടുമുതൽ നാലു സുവിശേഷങ്ങളെയും ആസ്പദമാക്കിയുള്ള ഒരു സുവിശേഷസംഹിത സുറിയാനിഭാഷയിൽ പ്രചാരത്തിലിരുന്നുവെന്ന് സ്ഥാപിക്കാനാണ്. എന്നാൽ ആഞ്ചാംനൂറ്റാണ്ടിൽ അംഗീകൃതമായ നാലുസുവിശേഷങ്ങളും പ്രചാരത്തിൽ വന്നതോടെ തസിയാന്റെ 'ദിയാത്തെസറോൺ' (Diatessaron) അപ്പാടെ അപ്രത്യക്ഷമായി.

### "പ്ശീത്താ"യുടെ ഉത്ഭവം

ഈ സാഹചര്യത്തിലാണ് "പ്ശീത്താ" എന്നറിയപ്പെടുന്ന സുറിയാനി ബൈബിൾ സിറിയായിലും മെസപ്പൊട്ടേമിയായിലും പ്രചാരത്തിൽ വന്നത്. എന്നാണ് ഇങ്ങനെയൊരു സമ്പൂർണ്ണ ബൈബിൾ സുറിയാനിഭാഷയിൽ വിരചിതമായെന്നോ, ആരെല്ലാമാണ് അതിനു നേതൃത്വം നൽകിയതെന്നോ വ്യക്തമായ യാതൊരു തെളിവും ഇല്ല. നാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലെങ്കിലും പ്ശീത്താ സുറിയാനി ബൈബിളിന് പ്രചാരവും അംഗീകാരവും ലഭിച്ചുതുടങ്ങി എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. കാരണം അപ്രേമിന്റെയും അഫ്രാത്തിന്റേയും കൃതികളിൽ പ്ശീത്താ ബൈബിളിൽ നിന്നുള്ള ഉദ്ധരണികൾ ധാരാളമായി കാണുന്നുണ്ട്. മാത്രമല്ല നെസ്തോറിയൻകാരും മൊണോഫിസറ്റുകാരും ഈ ബൈബിളാണ് ഉപയോഗിച്ചുവരുന്നത്. ഇതു സൂചിപ്പിക്കുന്നത് അഞ്ചാംനൂറ്റാണ്ടിൽ ഉത്ഭവിച്ച ഈ പാഷണ്ഡതകൾക്ക് മുമ്പേ തന്നെ പ്ശീത്ത പൊതുവായി സ്വീകരിക്കപ്പെട്ടിരുന്നുവെന്നാണ്.

എദേസ്സായിലെ യഹൂദക്രിസ്ത്യാനികളിൽ പ്രഗത്ഭരായ ചിലരായിരിക്കണം ബൈബിൾ പൗരസ്ത്യസുറിയാനി ഭാഷയിലേക്ക് വിവർത്തനം ചെയ്തതെന്നാണ് സങ്കല്പം. ആദ്യം പഴയനിയമവും പിന്നീട് പുതിയനിയമവും വിവർത്തനം ചെയ്യപ്പെട്ടു. എദ്ദേസായിലെ ബിഷപ്പായിരുന്ന റബ്ബുള്ള (Rabbulla 411-435 A.D) പുതിയനിയമത്തിന്റെ ഒരു വിവർത്തനം ഉണ്ടാക്കിയതായും അതിന്റെ കോപ്പി അദ്ദേഹത്തിന്റെ രൂപതയിലെ എല്ലാ പള്ളികളിലും വച്ചിരിക്കണമെന്ന് നിർദ്ദേശിച്ചതായും പറയപ്പെടുന്നുണ്ട്.

പ്ശീത്താബൈബിളിൽ പഴയനിയമത്തിലെ ഉത്തരകാനോനിക ഗ്രന്ഥങ്ങളായ (Deutero- Canonical books) മക്കബായരുടെ രണ്ടു പുസ്തകങ്ങൾ, തോബിത്, യൂദിത്ത്, പ്രഭാഷകൻ, വിജ്ഞാനം, ബാറൂക് എന്നിങ്ങനെ ആകെ ഏഴ് ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. അതുപോലെതന്നെ പുതിയനിയമത്തിലെ പത്രോസിന്റെ രണ്ടാമത്തെ ലേഖനം യോഹന്നാന്റെ രണ്ടുംമൂന്നും ലേഖനങ്ങൾ യൂദാസിന്റെ ലേഖനം, വെളിപാട് എന്നീ അഞ്ചുപുസ്തകങ്ങളും വിട്ടുകളയുകയുണ്ടായി. എന്നാൽ പിൽക്കാലത്ത് സപ്തതി (Septuagint) യിൽ നിന്നും മറ്റുമായി ഈ പുസ്തകങ്ങളെല്ലാം വിവർത്തനം ചെയ്ത് കൂട്ടിച്ചേർക്കപ്പെട്ടു.

പ്ശീത്താ ബൈബിളിന്റെ പുരാതന സുറിയാനി കയ്യെഴുത്തുപ്രതികളുടെ ഭാഗങ്ങളായ 250 രേഖകൾ ഇന്നുണ്ട്. അവ അഞ്ചാംനൂറ്റാണ്ടിനും പന്ത്രണ്ടാം നൂറ്റാണ്ടിനും ഇടയ്ക്ക് എഴുതപ്പെട്ടവയാണ്.





ഇന്നുള്ളതിൽ വച്ച് ഏറ്റവും പുരാതനമായ കയ്യെഴുത്തുപ്രതിയുടെ ഭാഗം എ.ഡി. 442-ൽ എഴുതപ്പെട്ടതാണ്. മുഴുവൻ ബൈബിളും രേഖപ്പെടുത്തിയിരിക്കുന്ന 4 കയ്യെഴുത്തുപ്രതികൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

### പ്ശീത്തായുടെ പ്രത്യേകതയും പ്രാധാന്യവും

നാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ സിറിയായിലും മെസപ്പൊട്ടേമിയായിലും പ്രചാരം സിദ്ധിച്ച സുറിയാനി ബൈബിളിന്റെ ഒരു കയ്യെഴുത്തുപ്രതി എന്നതിലാണ് പ്ശീത്താ ബൈബിളിന്റെ പ്രാധാന്യവും പ്രത്യേകതയും അടങ്ങിയിരിക്കുന്നത്. ഒരേ ഗ്രന്ഥം നിരവധിപേർ അനേകായിരം പ്രാവശ്യം പകർത്തിയെഴുതുമ്പോൾ എത്രതന്നെ സൂക്ഷിച്ചാലും അല്പസ്വല്പമാറ്റങ്ങളും തെറ്റുകളും കയ്യെഴുത്തുപ്രതികളിൽ കടന്നുകൂടുക സ്വാഭാവികമാണെന്ന് പറയേണ്ടതില്ലല്ലോ. ബൈബിളിന്റെ മൂലകൃതികൾ ഒന്നും അവശേഷിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ലഭ്യമായിട്ടുള്ള പകർപ്പുകൾ മാത്രമാണ് യാഥാർത്ഥ്യം ഗ്രഹിക്കുവാൻ നമുക്കുള്ള ഏക അവലംബം. ഹീബ്രുവിലും ഗ്രീക്കിലുമാണ് ബൈബിളിന്റെ മൂലരേഖകൾ എന്ന വിശ്വാസം അടിസ്ഥാനപരമായി നിലനിൽക്കുന്നിടത്തോളം കാലം വിവർത്തനങ്ങളുടേതിനേക്കാൾ ഹീബ്രുവിലും ഗ്രീക്കിലുമുള്ള പകർപ്പുകൾക്കാണ് പ്രാധാന്യവും വിശ്വാസയോഗ്യതയും കൽപിക്കേണ്ടത് എന്നുള്ളതിൽ സംശയമില്ല.

സമ്പൂർണ്ണബൈബിൾ ഉൾക്കൊള്ളുന്ന ഗ്രീക്കിലുള്ള രണ്ടുപുരാതന പകർപ്പുകൾ ഇന്നു നമുക്കുണ്ട്. (Codex Vaticanus-B, in vatican Museum: Codex Sinaiticus-s, in British Museum) നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഇവ രണ്ടും ക്രൈസ്തവരുടെയിടയിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന ബൈബിൾ ഈ രണ്ടുപുരാതന ഗ്രീക്ക് പകർപ്പുകളോട് മിക്കവാറും സാധർമ്മ്യം ഉള്ളതാണ്. എന്നാൽ ഇതിൽ നിന്നും അല്പസ്വല്പവ്യത്യാസങ്ങളോട് കൂടിയതാണ് പ്ശീത്താ എന്നുവിളിക്കുന്ന സുറിയാനി ഭാഷയിലുള്ള പകർപ്പ് എന്നുവരികിലും ബൈബിളിന്റെ അതിപുരാതനമായ ഒരു രേഖ എന്നുള്ള നിലയ്ക്ക് 'പ്ശീത്താ'യുടെ മാഹാത്മ്യം പഠനാർഹമാണ്.

പ്ശീത്താ എന്ന പദത്തിന് ലളിതം (Simple) എന്നാണ് അർത്ഥം. ബൈബിളിന്റെ ഈ സുറിയാനി വിവർത്തനം മറ്റുള്ളവയേക്കാൾ ലളിതവും സുഗ്രാഹ്യവുമായി തോന്നിയതുകൊണ്ടായിരിക്കണം പിൽക്കാലത്ത് പ്ശീത്താ എന്നപേരിൽ ഇത് അറിയപ്പെടാൻ ഇടവന്നത്. ഗ്രീക്കുബൈബിളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്ശീത്തായിൽ ഒട്ടേറെ വ്യത്യാസങ്ങൾ കാണാൻ കഴിയും. വിവർത്തകർ

തങ്ങളുടെ ഭാഷ്യം ലളിതമാക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി ട്ടാണോ ഇത്രയധികം വ്യത്യാസങ്ങൾ സംഭവിച്ചത് എന്നുപോലും സംശയിക്കാവുന്നതാണ്.

**വ്യത്യാസങ്ങൾക്കും ലാളിത്യത്തിനും ചില ഉദാഹരണങ്ങൾ**

പുതിയനിയമത്തിൽ നിന്ന് താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങൾ പി. ഓ. സി. 1979-ൽ പ്രസിദ്ധീകരിച്ച മലയാളം ബൈബിളും കോട്ടയം സെമിനാരിയിൽ നിന്ന് 1987-ൽ പ്രസിദ്ധീകരിച്ച പ്ശീത്താ ബൈബിളും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ടുള്ളതാണ്.

മത്താ 19:24: "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാളും എളുപ്പം ഒട്ടകം സൂചിക്കുഴിയിലൂടെ കടന്നുപോകുന്നതാണ്" (പി.)

പ്ശീത്താ: "ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം കയർ സൂചിക്കുഴിയിലൂടെ കടക്കുന്നതാണ്."

മത്താ: 21:7: "അവർ കഴുതയേയും കഴുതക്കുട്ടിയേയും കൊണ്ടുവന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു" (പി.).

പ്ശീത്താ: "അവർ കഴുതയേയും കഴുതക്കുട്ടിയേയും കൊണ്ടുവന്നു. തങ്ങളുടെ വസ്ത്രങ്ങൾ അവർ കഴുതക്കുട്ടിയുടെ മേൽ വിരിച്ചു. ഈശോ അതിന്മേൽ കയറിയിരുന്നു."

മത്താ 3:4 "യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രവും അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടുക്കിളികളും കാട്ടുതേനുമായിരുന്നു അവന്റെ ഭക്ഷണം." (പി.)

പ്ശീത്താ: "യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രവും അരയിൽ തോൽവാറും ധരിച്ചിരുന്നു. അയാളുടെ ഭക്ഷണം കാട്ടുകനികളും കാട്ടുതേനുമായിരുന്നു.".

മത്താ 13.15: "അവർ കണ്ണുകൊണ്ട് കാണുക, കാതുകൊണ്ട് കേൾക്കുക, ഹൃദയംകൊണ്ട് മനസ്സിലാക്കുക, മാനസാന്തരപ്പെടുക, ഞാൻ അവരെ സുഖപ്പെടുത്തുക - ഇവ അസാന്നിദ്ധ്യം".(പി.)

പ്ശീത്താ: "തങ്ങളുടെ കണ്ണുകൊണ്ട് കാണുകയും ചെവികൊണ്ട് കേൾക്കുകയും ഹൃദയംകൊണ്ട് ഗ്രഹിക്കുകയും മാനസാന്തരപ്പെട്ട് എന്നിലേക്ക് തിരിയുകയും ചെയ്യുമെങ്കിൽ അവരെ ഞാൻ സുഖപ്പെടുത്തും".





മർക്കോ 7:4: "പൊതുസ്ഥലത്തുനിന്നും വരുമ്പോഴും ദേഹശുദ്ധി വരുത്താതെ അവർ ഭക്ഷണം കഴിക്കുകയില്ല."(പി.)

പ്ശീത്താ: "ചന്തയിൽ നിന്നു വരുന്ന സാധനങ്ങൾ കഴുകാതെ അവർ ഭക്ഷിച്ചിരുന്നില്ല."

മർക്കോ 10:46: "തിമേയൂസിന്റെ പുത്രനായ ബർതീമേയൂസ് എന്ന അന്ധനായ യാചകൻ വഴിയരികിൽ ഇരിപ്പുണ്ടായിരുന്നു." (പി.)

പ്ശീത്താ: "തീമൈയുടെ പുത്രൻ തീമൈ എന്ന കുരുടൻ വഴിയരികിൽ ഭിക്ഷയാചിച്ചുകൊണ്ടിരിക്കയായിരുന്നു".

മർക്കോ 11:8 "മറ്റുള്ളവരാകട്ടെ വയലുകളിൽ നിന്ന് ചില്ലിക്കൊമ്പുകൾ മുറിച്ചുകൊണ്ടുവന്നു നിരത്തി." (പി.)

പ്ശീത്താ: "മറ്റനേകർ മരങ്ങളിൽനിന്ന് പച്ചച്ചില്ലകൾ അടർത്തി വഴിയിൽ വിരിച്ചു."

ലൂക്ക: 7:35 "ജ്ഞാനം അതിന്റെ സകല സന്താനങ്ങളാലും ന്യായീകരിക്കപ്പെടുന്നു" (പി.)

പ്ശീത്താ: "ജ്ഞാനം അതിന്റെ പ്രവൃത്തികളാൽ നീതീകരിക്കപ്പെടുന്നു."

ലൂക്ക 10:1 "അനന്തരം കർത്താവ് വേറെ 72 പേരെ തിരഞ്ഞെടുത്ത്" (പി. 17).

പ്ശീത്താ: "അനന്തരം ഈശോ തന്റെ ശിഷ്യന്മാരിൽ നിന്ന് വേറെ 70പേരെ തിരഞ്ഞെടുത്തത്( cfr. v.17).

ലൂക്കാ 24:51 "അവൻ അവരിൽ നിന്ന് മറഞ്ഞുപോയി"

പ്ശീത്താ: "അവൻ അവരെ വിട്ടുപിരിഞ്ഞ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു."

യോഹ 4:11 "വെള്ളംകോരാൻ നിനക്ക് പാത്രമില്ല, കിണറോ ആഴമുള്ളതും! (പി.)

പ്ശീത്താ: നിനക്ക് വെള്ളംകോരാൻ പാത്രമോ ആഴമുള്ള കിണറോ ഇല്ല.

യോഹ 8.38: "നിങ്ങളുടെ പിതാവിൽ നിന്നു കേട്ടതു നിങ്ങൾ പ്രവർത്തിക്കുന്നു." (പി.)

പ്ശീത്താ: "നിങ്ങളുടെ പിതാവിന്റെ അടുക്കൽ കണ്ടിട്ടുള്ളതു നിങ്ങൾ പ്രവർത്തിക്കുന്നു."

യോഹ 9:35 "മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ?"

പ്ശീത്താ : "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?"

യോഹ 12:14 "യേശു ഒരു കഴുതക്കുട്ടിയെ കണ്ട് അതിന്റെ പുറത്ത് കയറിയിരുന്നു" (പി.)

പ്ശീത്താ: "ഈശോ ഒരു കഴുതയെ കണ്ട് അതിന്മേൽ ഇരുന്നു."

അപ്പ. പ്ര. 1:12: "ഇവ തമ്മിൽ ഒരു സാബത്തുദിവസത്തെ യാത്രാദൂരമാണുള്ളത്" (പി.)

പ്ശീത്താ: "അവർ ജറുസലേമിൽനിന്ന് ഒരുകിലോമീറ്റർ അകലെയുള്ള ഒലിവുതോട്ടം"

അപ്പ. പ്ര. 13:6 "അയാൾ ബർ-യേശു എന്നുപേരുള്ള യഹൂദനായ ഒരു വ്യാജപ്രവാചകനായിരുന്നു" (പി.)

പ്ശീത്താ: "അവിടെ മാന്ത്രികനും വ്യാജപ്രവാചകനുമായ ബർശൂമാ എന്ന യഹൂദനെ കണ്ടുമുട്ടി."

വെളി 22:13: "ഞാൻ ആൽഫായും ഒമേഗയുമാണ്- ആരംഭവും അവസാനവും - ആദിയും അന്തവും" (പി.)

പ്ശീത്താ: "ഞാൻ 'അ' യും 'ഹ' യും ആകുന്നു. ആദ്യത്തേവനും അവസാനത്തേവനും ; ആരംഭവും അവസാനവും."

**ഗ്രീക്കുബൈബിളിൽ ഇല്ലാത്ത വാക്യങ്ങൾ**

മത്താ 6:13: "എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു."

മത്താ 18:11: "നശിച്ചുപോയതിനെ രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്."

മത്താ 23:14 (13): "കപടനാട്യക്കാരായ പ്രീശരേ നിയമജ്ഞരേ നിങ്ങൾക്കു ദുരിതം! കാരണം പ്രാർത്ഥനകൾ ദീർഘിപ്പിക്കുക വഴി നിങ്ങൾ വിധവകളുടെ ഭവനങ്ങളെ വിഴുങ്ങുന്നു. നിങ്ങൾക്കു കനത്ത ശിക്ഷാവിധിയുണ്ടാകും."

മർക്കോ 7:16 "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ!"

മർക്കോ 11:26 "എന്നാൽ നിങ്ങൾ ക്ഷമിക്കുകയില്ലായെങ്കിൽ സ്വർഗ്ഗീയപിതാവും നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കുകയില്ല."

ലൂക്ക 1:28 "(ദൈവകൃപ നിറഞ്ഞവളേ നിനക്കു സമാധാനം) സ്ത്രീക





ളിൽ അനുഗ്രഹീതേ (നമ്മുടെ കർത്താവ് നിന്നോടുകൂടെ)"

ലൂക്ക 2:14 "(ഭൂമിയിൽ മനുഷ്യർക്കു സമാധാനവും) പ്രത്യാശയും"

ലൂക്ക 11:4 "ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ."

ലൂക്ക 11:11 "നിങ്ങളിൽ ഏതൊരു പിതാവാണ് അപ്പം ചോദിക്കുന്ന പുത്രനു കല്ലുകൊടുക്കുന്നത്?"

ലൂക്ക 17:36 "വയലിലുള്ള രണ്ടുപേരിൽ, ഒരാൾ സ്വീകൃതനും മറ്റെയാൾ തിരസ്കൃതനുമാകും."

ലൂക്ക 23:17 "തിരുനാളാവസരത്തിൽ ഒരാളെ മോചിപ്പിക്കുക എന്ന പതിവുണ്ടായിരുന്നു."

ലൂക്ക 23:38 "(ഇവൻ യൂദന്മാരുടെ രാജാവാകുന്നു എന്ന് ഗ്രീക്കിലും ലത്തീനിലും ഹീബ്രുവിലും എഴുതിയ (ഒരു ലിഖിതം അവന്റെ തലയ്ക്കുമീതെ ഉണ്ടായിരുന്നു.)"

യോഹ 5:4 "കർത്താവിന്റെ ദൂതൻ ചില സമയങ്ങളിൽ ആ കളത്തിൽ ഇറങ്ങി വെള്ളം ഇളക്കും അതിനുശേഷം ആദ്യം ഇതിൽ ഇറങ്ങുന്നവന്റെ ഏതു രോഗവും സുഖപ്പെട്ടിരുന്നു."

അപ്പ. പ്ര. 9:4 "(സാവുൾ, സാവൂൾ നീ എന്നെ പീഡിപ്പിക്കുന്നതെന്തിന്?) മുള്ളുകളുടെ നേരെ ഉതയ്ക്കുന്നത് നിനക്കു നല്ലതല്ല."

അപ്പ, പ്ര 15:34 "എന്നാൽ അവിടെത്തന്നെ താമസിക്കുന്നത് നല്ലതാണെന്ന് സീലായ്ക്കു തോന്നി."

അപ്പ, പ്ര 24:7 "ഞങ്ങളുടെ നിയമമനുസരിച്ച് ഞങ്ങൾ അയാളെ വിസ്തരിക്കുമായിരുന്നു. എന്നാൽ സഹസ്രാധിപനായ ലൂച്ചിയൂസ് ബലംപ്രയോഗിച്ച് അയാളെ ഞങ്ങളിൽ നിന്നു മോചിപ്പിച്ച് നിന്റെ അടുക്കലേക്ക് അയച്ചിരിക്കുന്നു. അയാൾക്കെതിരെ കുറ്റംചുമത്തുന്നവർ നിന്റെ മുമ്പിൽ ഹാജരാകാനും കൽപിച്ചിരിക്കുന്നു."

ഇപ്പറഞ്ഞ വാക്യങ്ങൾക്കുപുറമെ വേറെ നിരവധി വാക്യഭാഗങ്ങളും ഗ്രീക്കുബൈബിളിൽ ഇല്ല. അവയിൽ മിക്കതും സുപ്രധാന ഗ്രീക്കുരേഖകളായ വത്തിക്കാൻ കോഡ് "B" യിലും സിനയിറ്റിക് കോഡ് "S" ലും കാണുന്നില്ല. അതേസമയം പ്രാചീനങ്ങളല്ലാത്ത വലുതും ചെറുതുമായ പല ഗ്രീക്ക് കയ്യെഴുത്ത് പ്രതികളിലും ലത്തീൻ വുൾഗാത്ത (Vulgate) യുടെ പകർപ്പുകളിലും ഉണ്ടെന്നുള്ളതും പ്രസ്താവ്യമത്രേ. ഇന്നുകാണുന്ന രീതിയിൽ വാക്യങ്ങൾക്ക് നമ്പർ ഇട്ടത് 16-ാം നൂറ്റാണ്ടിലാണ്. അന്നു പ്രചാരത്തിലിരുന്ന

ബൈബിളിൽ മേൽപറഞ്ഞ വാക്യങ്ങൾ ഉണ്ടായിരുന്നു. ശാസ്ത്രീയ പഠനത്തിന്റെ വെളിച്ചത്തിൽ ഗുണദോഷവിചാരയുക്തിയോടെ (critical) 1952-ൽ പ്രസിദ്ധീകരിച്ച RSV ബൈബിളിൽ (Revised Standard Version) മേൽ പറഞ്ഞ വാക്യങ്ങളോ അവയുടെ നമ്പറുകളോ കാണുന്നില്ല. തന്നിമിത്തം പി.ഓ.സി. ബൈബിളിലും ഇല്ല. പ്ശീത്തായുടെ ആധികാരികതയെക്കുറിച്ച് പണ്ഡിതന്മാരുടെ ഒരു അന്തർദേശീയ സംഘം ഇപ്പോൾ പഠനത്തിലേർപ്പെട്ടിട്ടുണ്ട്.

**"പ്ശീത്താ"യിൽ പദങ്ങളുടെ വ്യാഖ്യാനം താരതമ്യേന കുറവാണ്**

"പ്ശീത്താ" ബൈബിൾ സുറിയാനിക്കാരെ ഉദ്ദേശിച്ച് എഴുതപ്പെട്ടതായതുകൊണ്ട് സുറിയാനി പേരുകളുടെയും മറ്റും അർത്ഥം ഗ്രീക്കുബൈബിളിലുള്ളതുപോലെ വിശദീകരിച്ചിട്ടില്ല. ഉദാഹരണത്തിന്,

യോഹ 1:41: "ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ (അഭിഷിക്തനെ) എന്ന് ഇതിനർത്ഥം- കണ്ടു എന്നു പറഞ്ഞു" (പി.)

പ്ശീത്താ: "ഞങ്ങൾ മിശിഹായെ കണ്ടു എന്നുപറഞ്ഞു."

യോഹ 1:42: "നീ യോഹന്നാന്റെ പുത്രനായ ശിമോയോനാകുന്നു. കേപ്പ പാറ എന്നതിനർത്ഥം - എന്നു നീ വിളിക്കപ്പെടും." (പി.)

പ്ശീത്താ: "നീ യോനായുടെ പുത്രൻ ശെമയോൻ അല്ലേ? ഇനി നീ കേപ്പാ എന്നുവിളിക്കപ്പെടും."

യോഹ 9:7 "അയാളോടു പറഞ്ഞു: നീപോയി സീലോഹാ - അയയ്ക്കപ്പെട്ടവൻ എന്നർത്ഥം - കുളത്തിൽ കഴുകുക" (പി.)

പ്ശീത്താ: "ഈശോ അയാളോട് അരുൾചെയ്തു: നീ പോയി ശീലോഹാ അയയ്ക്കപ്പെട്ടവൻ എന്നർത്ഥം. - കുളത്തിൽ കഴുകുക."

1 കോറി 16:22: "ഞങ്ങളുടെ കർത്താവേ വന്നാലും" (പി.)

പ്ശീത്താ: "മാറൻ എസ്സാ"

**ചിലയിടത്ത് ഗ്രീക്കു ബൈബിളാണ് ഭേദം**

"പ്ശീത്താ"യിലുള്ള വ്യത്യാസങ്ങൾ വായനക്കാരുടെ പ്രശ്നങ്ങൾ ലഘൂകരിക്കുവാനും കാര്യങ്ങൾ എളുപ്പം ഗ്രഹിക്കുവാനും പൊതുവെ സഹായമാണെന്നു പറയാം. അതുകൊണ്ടുതന്നെ ആയിരിക്കണമല്ലോ ഇതിന് "പ്ശീത്താ" (simple) എന്ന പേരു ലഭിച്ചത്. ചുരുക്കം ചില സ്ഥലങ്ങളിൽ ഗ്രീക്കു ബൈബിളാണ് മനസ്സിലാക്കുവാൻ കൂടുതൽ എളുപ്പമെന്നും തോന്നാവുന്നതാണ്. ഉദാഹരണത്തിന്:



സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥ വ്യാഖ്യാനം

മർക്കോ 7:19: "പിന്നെയോ ഉദരത്തിലേയ്ക്ക് കടക്കുകയും വിസർജിക്കപ്പെടുകയും ചെയ്യുന്നു." (പി.)

പ്ശീത്താ: "മറിച്ച് ഉദരത്തിലേക്ക് കടക്കുകയും ഭക്ഷണത്തെ മുഴുവൻ ശുദ്ധീകരിക്കുന്ന വിസർജ്ജനത്താൽ ബഹിഷ്കൃതമാവുകയും ചെയ്യുന്നു."

മർക്കോ 9:49 "എല്ലാവരും അഗ്നിയാകുന്ന ഉപ്പിനാൽ കൂട്ടപ്പെടും."

പ്ശീത്താ: 9:48 "എല്ലാറ്റിനും തീ ഉറകൂട്ടുന്നു. എല്ലാ ബലിക്കും ഉപ്പ് ഉറകൂട്ടുന്നു."

ലൂക്കാ 24:36 "നിങ്ങൾക്ക് സമാധാനം?"

പ്ശീത്താ: "സമാധാനം നിങ്ങളോടുകൂടെ"

റോമ 1:20 "ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. (പി.)

പ്ശീത്താ: ദൈവത്തിന്റെ അദൃശ്യഗുണങ്ങൾ അവന്റെ നിത്യശക്തിയും ദൈവത്വവും ഒഴിവു കഴിവു പറയാൻ വയ്യാത്തവിധം അവന്റെ സൃഷ്ടവസ്തുക്കൾ ലോകസ്ഥാപനം മുതൽ മനസ്സിലാക്കികൊണ്ടിരിക്കുന്നു.

റോമ: 5:7 "നീതിമാനുവേണ്ടിയായാൽപോലും ആരെങ്കിലും മരിക്കുക വിരളമാണ്." (പി.)

പ്ശീത്താ: "ദുഷ്ടർക്കുവേണ്ടി ആരെങ്കിലും മരിക്കാൻ തയ്യാറാവുക എന്നത് വിരളമാണ്."

റോമ: 12:19 "പ്രിയപ്പെട്ടവരേ, പ്രതികാരം നിങ്ങൾ തന്നെ ചെയ്യാതെ അതു ദൈവകോപത്തിനു വിട്ടേയ്ക്കുക. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: പ്രതികാരം എന്റേതാണ്. ഞാൻ പകരംവീട്ടും എന്ന് കർത്താവ് അരുളിചെയ്യുന്നു." (പി.)

പ്ശീത്താ: "എന്റെ പ്രിയപ്പെട്ടവരേ നിങ്ങൾതന്നെ പ്രതികാരം ചെയ്യരുത് പിന്നെയോ കോപത്തിന് ഇടംകൊടുക്കുവിൻ, എന്തെന്നാൽ, നീ നിനക്ക് വേണ്ടി പ്രതികാരം ചെയ്യുകയില്ലെങ്കിൽ ഞാൻ നിനക്ക് വേണ്ടി പ്രതികാരം ചെയ്യും." എന്ന് ദൈവം അരുൾചെയ്യുന്നതായി എഴുതിയിരിക്കുന്നു."

പകർത്തിയെഴുതുമ്പോൾ ഉണ്ടാകാവുന്ന തെറ്റുകളും, കുറവുകളും

പരിഗണിക്കുമ്പോൾ ഏത് പകർപ്പാണ് മൂലഗ്രന്ഥത്തോട് ഏറ്റവും വിശ്വസ്തത പുലർത്തിയിരിക്കുന്നത് എന്ന് കൃത്യമായി നിശ്ചയിക്കുവാൻ ബുദ്ധിമുട്ടാണ്. പകർപ്പുകളുടെ പകർപ്പുകളാകുന്തോറും കാലങ്ങൾ കഴിയുന്തോറും മൂലരേഖയിൽ നിന്ന് അകന്നുപോകാനാണ് കൂടുതൽ സാധ്യത. അങ്ങനെ നോക്കുമ്പോൾ പുരാതനത്വമുള്ളതും പകർപ്പുകളുടെ പകർപ്പുകൾ താരതമ്യേന വളരെ കുറവുള്ളതുമായ "പ്ശീത്താ" ബൈബിളിന്റെ മൂല്യം സ്തുത്യർഹമാണ്. സുറിയാനിക്കാർക്കുവേണ്ടി എഴുതപ്പെട്ട "പ്ശീത്താ" ബൈബിൾ സുറിയാനി പാരമ്പര്യം പൈതൃകമായുള്ള തോമ്മാശ്ലീഹായുടെ മക്കളായ കേരളത്തിലെ ക്രൈസ്തവർക്ക് കൂടുതൽ ഹൃദ്യവും സ്വീകാര്യവുമായി തോന്നാവുന്നതാണ്.

**ഫിലൊക്സേനിയൻ പതിപ്പ്**

മബ്ബുഗിലെ മെത്രാനായിരുന്ന ഫിലൊക്സേനൂസ് (485–523) എന്ന പണ്ഡിതന്റെ പേരിൽ നിന്നാണ് ഈ വിവർത്തനത്തിന് ഈ പേരു വന്നത്. സുറിയാനിയിൽ അദ്ദേഹത്തിന്റെ പേര് അക്സേനയ (Aksenaya) എന്നാണ്. തക്ഷ്ണമതിയായ ഒരു ഏകസ്വഭാവവാദിയായിരുന്നു അദ്ദേഹം. ശത്രുക്കളിൽ നിന്ന് (ഓർത്തഡോക്സുകാരിൽ നിന്ന്) അദ്ദേഹത്തിനു വളരെ പീഡനങ്ങൾ സഹിക്കേണ്ടിവന്നു. കൽക്കദോനിയാ സൂനഹദോസിലെ ഡിക്രികൾ അംഗീകരിക്കാതിരുന്ന നാൽപതു മെത്രാന്മാരെ ജസ്റ്റിൻ ഒന്നാമൻ (519–527) ചക്രവർത്തി നാടുകടത്തി. അതിലൊരാൾ ഫിലോക്സേനൂസായിരുന്നു. ത്രാസിലെ ഫിലിപ്പോപോളിസിലേക്കും പിന്നീട് പഫ്ലാഗോനിയായിലെ ഗാഗ്രായിലേക്കും അദ്ദേഹം നാടുകടത്തപ്പെട്ടു. ഗാഗ്രായിൽ വച്ച് എ.ഡി. 523 –നോടടുത്ത് വധിക്കപ്പെടുകയും ചെയ്തു.

അദ്ദേഹം ധാരാളം ഗ്രന്ഥങ്ങളെഴുതി. സുറിയാനിയിൽ അദ്ദേഹത്തിനു സമ്പൂർണ്ണ പാണ്ഡിത്യമുണ്ടായിരുന്നു. മൂന്ന് സുവിശേഷങ്ങൾക്ക് അദ്ദേഹം വ്യാഖ്യാനമെഴുതിയിട്ടുണ്ട്. വിവാദപരമായ രണ്ടു പ്രബന്ധങ്ങൾ രചിച്ചു. അതിലൊന്ന് ത്രിത്വത്തെയും, മനുഷ്യാവതാരത്തെയും കുറിച്ചുള്ളതാണ്. അതിനു മൂന്നുഭാഗങ്ങളുണ്ട്. മനുഷ്യാവതാരവും ത്രിത്വത്തിലെ ഒരു വ്യക്തിയുടെ പീഡാസഹനവുമാണ് മറ്റൊന്ന്. അതിനു പത്തു ഭാഗങ്ങളുണ്ട്.

ഫിലോക്സേനിയൻ പതിപ്പിനെപ്പറ്റിയുള്ള ആദ്യത്തെ പരാമർശം ഗ്ലാഫിറാ (glaphyra) എന്ന ഗ്രന്ഥത്തിന്റെ സുറിയാനി വിവർത്തനത്തിലാണ് കാണുന്നത്. ഗ്ലാഫീറാ എന്ന ഗ്രീക്കുവാക്കിന് 'സുന്ദര വ്യാഖ്യാനങ്ങൾ' എന്നാണർത്ഥം. പഞ്ചഗ്രന്ഥിയിലെ തിരഞ്ഞെടുക്കപ്പെട്ട ചില ഭാഗങ്ങളുടെ വ്യാഖ്യാനമാണത്. അലക്സാണ്ട്രിയായിലെ സിറിൾ ആണ് അതിന്റെ രചയിതാവ്. എ.ഡി. 550–70 കാലങ്ങളിൽ പ്രവർത്തിച്ചിരുന്ന അഗ്ഗേലിലെ മോസെസ് ആണ് അതു പ്രസിദ്ധീകരിച്ചത്. ഫിലോക്സേനൂസ് മെത്രാനുവേണ്ടി പുതിയ നിയമത്തിന്റെയും ദാവീദിന്റെയും (അതായത് സങ്കീർത്തനങ്ങൾ) ഒരു പതിപ്പ് പോളികാർപ്പ് എന്ന കോറെപ്പിസ്കോപ്പാ തയ്യാറാക്കി എന്നു പ്രസ്തുത സുറിയാനി വിവർത്തകൻ പറയുന്നു. ദാവീദിന്റെ എന്ന പ്രയോഗം, മുമ്പു കണ്ടതുപോലെ പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ട വാക്കോ, മറ്റേതോ പദത്തിന്റെ വികൃതരൂപമോ ആണ്. അതിന് ഒരു പ്രാധാന്യവും കല്പിക്കേണ്ടതില്ല.

ഫീലോക്സേനിയൻ പതിപ്പിനെപ്പറ്റി മറ്റൊരു സാക്ഷ്യവുമുണ്ട്. ഹാർക്കെലിലെ തോമസ് (Thomas of Harkel) സുവിശേഷങ്ങൾക്കും അപ്പസ്തോല പ്രവർത്തികൾക്കും എഴുതിയ കോളോഫോണുകളിൽ (ടൈറ്റിൽ പേജുകൾ) ആ സാക്ഷ്യം നിലനിൽക്കുന്നു. മാസിഡോണിയായിലെ അലക്സാണ്ടറിന്റെ കാലം 819ൽ (ക്രിസ്തുവർഷപ്രകാരം 508) കോറെപ്പിസ്കോപ്പാ പോളിക്കാർപ്പ്, ഫിലോക്സേനൂസ് മെത്രാനുവേണ്ടി പുതിയനിയമത്തിന്റെ പുതിയ വിവർത്തനം സജ്ജമാക്കി എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഹാർക്കേലിലെ തോമസിന്റെ ഈ പ്രസ്താവന മോസെസിന്റെ പ്രസ്താവനയുമായി തികച്ചും യോജിക്കുന്നുണ്ട്. ജെ. വൈറ്റ് (J. White) എന്ന പ്രസാധകർ ഫിലോക്സേനിയൻ പതിപ്പെന്നു താൻ വിശ്വസിക്കുന്ന ഒരു പതിപ്പ് (1778– 1803)കളിൽ പ്രസിദ്ധീകരിച്ചു. അതോടെ ഒരു വിവാദമുയർന്നു. അതു ഫിലോക്സേനൂസിന്റെ പതിപ്പാണോ അല്ലയോ എന്ന വിവാദം. അത് വാസ്തവത്തിൽ ഹാർക്ലിയൻ പതിപ്പാണെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്നു. ഫിലോക്സേനിയൻ പതിപ്പിലെ അഞ്ചുഭാഗങ്ങൾ മാത്രമേ (അതായത് പത്രോസ്,2–3, യോഹന്നാൻ, യൂദാ വെളിപാട്) ഇന്നു ലഭ്യമായിട്ടുള്ളൂ. അവ വളരെക്കാലം മുമ്പ് ഗ്വ്വിൻ എന്നയാൾ പ്രസാധനം ചെയ്തിട്ടുണ്ട്. മറ്റു പുസ്തകങ്ങൾ എവിടെ? അവയുടെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളെങ്കിലും ഇന്നുണ്ടോ? ഉണ്ടെന്നാണുത്തരം.

ഫീലോക്സേനൂസ് തന്നെ യോഹന്നാൻ, മത്തായി, ലൂക്കാ എന്നിവരുടെ സുവിശേഷങ്ങൾക്കെഴുതിയ വ്യാഖ്യാനങ്ങളിൽ അവയിൽ നിന്ന് ഉദ്ധരണികൾ ചേർത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വിവാദപരമായ പ്രബന്ധങ്ങളിലും അവയുണ്ട്. അദ്ദേഹത്തിന്റെ അപ്രധാന കൃതികളിലും അവ കാണാം. ഈ ഗ്രന്ഥങ്ങളിൽ പ്ശീത്തായിലെ ലളിത സുന്ദരമായ സാഹിത്യശൈലിക്കും ഹാർക്കെലിന്റെ തരംതാണ വാച്യാർത്ഥ പ്രധാനമായ ശൈലിക്കും മധ്യേയുള്ള ഒരു ഘട്ടം കണ്ടെത്താം. ആ പാഠഭാഗങ്ങൾ ഫിലോക്സേനിയൻ പതിപ്പിലേ

തായിരിക്കണം. എഴുത്തുകാരും പ്രസംഗകരും സാധാരണമായി വേദഗ്രന്ഥഭാഗങ്ങളെ ഓർമ്മയിൽ നിന്നാണ് ഉദ്ധരിക്കുന്നത്. അതുകൊണ്ട് മധ്യസ്ഥിതങ്ങളായ പാഠത്തെ ഓർമ്മക്കുറവ് സ്വാധീനിച്ചിട്ടുണ്ടാകാം. അതുകൊണ്ട് അവ ഫിലേക്സേനിയൻ പതിപ്പിന്റെ പദാനുപദ പുനരാവിഷ്ക്കരണങ്ങളായിരിക്കുകയില്ല.

യുഥാലിയുസ് (Euthalius) എന്ന പണ്ഡിതൻ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ വിമർശനം (പാഠഭേദസമാഹരണവും മൂല പാഠപഠനവും) എഴുതിയിട്ടുണ്ട്. അതിന്റെ ആദിമകാല സുറിയാനി വിവർത്തനത്തിൽ ഫിലോക്സേനൂസിന്റെ പതിപ്പിൽ നിന്നുള്ള ഉദ്ധരണികളുണ്ട്. നാലാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പ്രശോഭിച്ച ഒരു മഹാപണ്ഡിതനും വ്യാകരണതിഷ്ണാതനുമായിരുന്നു യുഥാലിയുസ്. അപ്പസ്തോലോസ് എന്ന പേരിൽ അപ്പസ്തോലന്മാരുടെ നടപടികളും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും അദ്ദേഹം സമാഹരിച്ചു പ്രസിദ്ധീകരിച്ചു. അതിൽ ഓരോ ഭാഗത്തിന്റെയും ആമുഖം, ഉള്ളടക്കങ്ങൾ, പൗലോസ് ശ്ലീഹായുടെ ജീവിതചരിത്രം മുതലായവ ചേർത്തിട്ടുണ്ട്. സുറിയാനിയിലും അർമേനിയനിലുമുള്ള എഴുത്തുകാർ ആ സമാഹാരം ഉപയോഗിച്ചുവന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ നിന്നും പതിനാലു ഉദ്ധരണികൾ സുറിയാനി ഗ്രന്ഥങ്ങളിൽ ഇന്നും ജീവിക്കുന്നു. ആ ഉദ്ധരണികൾ ഫിലോക്സേനിയൻ പതിപ്പിൽ നിന്നുള്ളവയാണ്.

ഗ്രീക്കുഭാഷയിലുള്ള പുതിയനിയമത്തിനു വള്ളിപുള്ളി മാറ്റം വരുത്താതെ സുറിയാനി ഭാഷയിലേക്കു ആവുന്നത്ര വിശ്വസ്തത പുലർത്തിക്കൊണ്ട് തർജ്ജിമ ചെയ്യാനുള്ള അത്യുത്സാഹം സുറിയാനിക്കാർക്ക് (ആ മെത്രാനും) ഉണ്ടായിരുന്നു എന്നതാണ് ഫിലോക്സേനിയൻ പതിപ്പുണ്ടാകാനുള്ള കാരണം. എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണിത്. അതുകൊണ്ട് അത് ഒരു പദാനുപദ വിവർത്തനമായിരുന്നു. (പ്ശീത്തായാകട്ടെ, ശ്രേഷ്ഠമായ സാഹിത്യശൈലിയിലുള്ള കൃതിയാണ്). അത് ഹാർക്ലിയൻ പതിപ്പിനോടു വളരെ സാമ്യമുള്ളതാണ്.

ഫിലോക്സേനൂസ് നാലാം സുവിശേഷത്തിന് എഴുതിയിട്ടുള്ള വ്യാഖ്യാനത്തിൽ ലഭ്യമായിട്ടുള്ള പാഠഭാഗങ്ങളിൽ നിന്ന് പോളികാർപ്പിന്റെ ഗ്രന്ഥത്തെപ്പറ്റി കുറച്ചൊക്കെ മനസ്സിലാക്കാൻ സാധിക്കും. ഗ്രീക്കുമൂലത്തിലുള്ളത് അതുപോലെ തന്നെ സുറിയാനിയിൽ പ്രകടിപ്പിക്കുന്നതിന് വേണ്ടി അദ്ദേഹം വളരെ പരിശ്രമിച്ചു. ആ ശ്രമം എല്ലായിടത്തും ഒരു പോലെ കാണപ്പെടുന്നില്ല. ഉദാ: 1) യോഹ 14:15 ൽ ഗ്രീക്കിൽ പത്തേർമോവ്– എന്റെ പിതാവ് എന്നാണ് പ്ശീത്ത





യിൽ ആബഈദ് എന്നാണ് പക്ഷേ ഫിലോക്സേനിയൻ പതിപ്പിൽ അബ്ബാ (പിതാവ്) എന്നുമാത്രമേയുള്ളൂ. 2) യോഹ 17:11–ൽ ഗ്രീക്കിലും, പ്ശീത്തായിലും പിതാവ് എന്നാണ്. ഫിലോക്സേനിയൻ പതിപ്പിൽ ആബ് (എന്റെ പിതാവ്) എന്നാണ്. ഈ വ്യത്യാസത്തിനു കാരണം ഒരുപക്ഷേ പ്രയോഗ വൈചിത്ര്യത്തിനുവേണ്ടി അബ്ബാ (പലസ്തീനിയൻ അറമായാ ഭാഷയിൽ എന്റെ പിതാവ് എന്നർത്ഥം) ആബ് എന്നതിനോടൊപ്പം ഉപയോഗിച്ചതായിരിക്കാം. ഈ രൂപ മാറ്റം ഒരു പക്ഷേ ഫിലോക്സീനൂസ് തന്നെ വരുത്തിയതുമാകാം.

മറ്റൊരു പ്രത്യേകത, പ്ശീത്തയിലുള്ള സുറിയാനി വാക്കുകൾക്ക് പകരം അവയുടെ പര്യായ പദങ്ങൾ പ്രയോഗിക്കുന്നു എന്നതാണ്. അതിന്റെ സ്വഭാവം താഴെക്കാണുന്നവയിൽ നിന്നു മനസ്സിലാക്കാം. ഒന്നാം കോളത്തിൽ ഗ്രീക്കുമൂലവും, രണ്ടാം കോളത്തിൽ പ്ശീത്തായും, മൂന്നാം കോളത്തിൽ പോളിക്കാർപ്പിന്റെ വിവർത്തനവും ചേർക്കുന്നു.

| | | | |
|---|---|---|---|
| യോഹ 1:14 | അലേഥെയിയാസ് | ബഖുശ്ത്ത | ബസ്റാറ (= സത്യം) |
| യോഹ 3:28 | അപ്പെസ്തൽമെനോസ് | ശ്ലീഹാ | ശദ്ദർ (= അയയ്ക്കപ്പെട്ടവൻ) |
| യോഹ 3:33 | ഹോലാബോൻ | ദ്ഖബെൽ | ദ്നാസെവ് (= സ്വീകരിക്കാൻ) |
| യോഹ 6:12 | ബസ്താസേയിൻ | ല്മ്ഹദ് | ല്മെദ്ദൻ (= ഗ്രഹിക്കാൻ) |

പ്ശീത്തയിലുള്ള പദങ്ങളെക്കാൾ പ്രകാശനശേഷിയുള്ളത് താൻ തിരഞ്ഞെടുത്ത പദങ്ങളാണെന്നു പോളിക്കാർപ്പു വിചാരിച്ചുകാണും. കൂടാതെ അദ്ദേഹം വ്യത്യസ്ത പ്രത്യയങ്ങൾ പയോഗിച്ചിട്ടുമുണ്ട്. ഷഷ്ഠി വിഭക്തിയുടെ (സംബന്ധിക) അർത്ഥം കിട്ടാനുള്ള പ്രത്യയങ്ങൾക്കുപകരം ആ അർത്ഥം കിട്ടുന്ന സ്വതന്ത്ര സർവ്വനാമങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. സെമറ്റിക് ഭാഷയിലെ നാമവാക്യങ്ങൾക്ക് പകരം ക്രിയാ വാക്യങ്ങൾ (verbal clauses) ഉപയാഗിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടു. കൂടാതെ, ഈത്തോ എന്ന ഘടകപദം ഉപയോഗിക്കുകയും ചെയ്തു.

യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ വ്യാഖ്യാനത്തിൽ ഫിലോക്സേനൂസ്, പോളിക്കാർപ്പിന്റെ വിവർത്തനത്തിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു വാക്യം അപഗ്രഥിക്കാം. ഹെബ്രാ 1:1 ആണ് ഇവിടെ അപഗ്രഥിക്കുന്നത്. ആ വാക്യം ഇങ്ങനെയാണ്. "ബ്സഗ്ഗിമ മ് നവ്വാതാ ഉബ്സഗ്ഗി സ്നയ്യാ മല്ലേൽ അല്ലാഹാ മിൻ ക്ദീം ല് അബ്ബാഹാത്താ ബ്ന്ബിയേ" ഈ വാക്യത്തിൽ ആറു പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

1) ഗ്രീക്കിലെ പോലു – എന്ന വാക്ക് – സഗ്ഗി (ധാരാളം, പല, വലിയ) എന്ന വാക്ക് ഉപയോഗിച്ചു വിവർത്തനം ചെയ്തു.

2) ഗ്രീക്കിലെ ത്രോപ് - എന്നത് സ്നയ്യാ (തരം, രീതി) എന്ന വാക്ക് ഉപയോഗിച്ചു വിവർത്തനം ചെയ്തു.

3) മിൻ ക്ദീം (ആദ്യം മുതൽ, ആദ്യകാലം മുതൽ) എന്ന പ്രയോഗം മുമ്പേ ചേർത്തു.

4) മല്ലേൽ ല് - (ഓട്, പറഞ്ഞു) എന്നതിൽ ഗ്രീക്കിലെ ചതുർത്ഥീ വിഭക്തി ആവർത്തിക്കുന്നു.

5) തോയ്സ് പത്രാസിൻ (പിതാക്കന്മാർ) എന്നത് ല് അബ്ബാ ഹാത്ത എന്നായിരിക്കുന്നു.

6) അബ്ബാഹെ (പൂർവ്വപിതാക്കന്മാർ) എന്നതിനുപകരം അബ്ബാ ഹാത്ത (ആദ്ധ്യാത്മിക പിതാക്കൾ) എന്നു പ്രയോഗിച്ചിരിക്കുന്നു.

ഗ്രീക്കുമൂല്യത്തിന്റെ അപൂർവ്വ സിദ്ധികൾ സുറിയാനിയിലേക്കു സംക്രമിപ്പിക്കാൻ വിവർത്തകൻ ശ്രമിച്ചു. പക്ഷേ ആ പരിശ്രമത്തിൽ സുറിയാനിയുടെ സിദ്ധികളോട് ബലപ്രയോഗം ചെയ്യേണ്ടിവന്നു.

പുതിയ വിവർത്തനത്തിന്റെ കയ്യെഴുത്തുപ്രതി തന്റെ കോറെസ്പ്പിസ്കോപ്പയിൽ നിന്നു ലഭിച്ചപ്പോൾ ഫിലോക്സേനൂസിന് അത്യാഹ്ലാദമുണ്ടായിക്കാണും. പടിഞ്ഞാറൻ സുറിയാനിക്കാരുടെയിടയിൽ ജനപ്രീതി സമ്പാദിക്കാൻ ആ വിവർത്തനത്തിന് സാധിച്ചുകാണും. പക്ഷേ പ്ശീത്തയ്ക്കുപകരം സുസ്ഥാപിതമാകാൻ അതിനു കഴിഞ്ഞില്ല. അത് അതിവേഗം വിസ്മൃതമായി. അത് വിസ്മരിക്കപ്പെടാനുള്ള ഒരു കാരണം ഹാർക്കെലിലെ തോമസ് അതിന്റെ പരിഷ്ക്കരിച്ച ഒരു വിവർത്തനം പുറത്തിറക്കി എന്നതായിരിക്കാം.

## ഹാർക്ലിയർ പതിപ്പ്

ഈ പതിപ്പിന് ഇതിന്റെ കർത്താവിന്റെ പേരു തന്നെയാണു നൽകപ്പെട്ടത്. മബ്ബുഗിലെ മെത്രാനായ ഹാർക്കേലിലെ തോമസാണു ഇതിന്റെ കർത്താവ്. പേർഷ്യൻ ആക്രമണത്തിന്റെ കാലത്ത് അദ്ദേഹത്തിനു തന്റെ രൂപത വിട്ട് ഓടിപ്പോകേണ്ടിവന്നു. ഈജിപ്തിലെ അലക്സാണ്ട്രിയായിൽ അദ്ദേഹം അഭയംതേടി. കൊന്നെശ്രിൻ എന്ന സുപ്രസിദ്ധമായ സന്യാസവിദ്യാലയത്തിൽ അദ്ദേഹം ചെറുപ്പത്തിൽ ഗ്രീക്കുഭാഷ പഠിച്ചു. അങ്ങനെ ഒരഗാധപണ്ഡിതനായിത്തീർന്നു. അലക്സാണ്ട്രിയായിൽ വി. അന്തോനീസിന്റെ ആശ്രമത്തിലാണു അദ്ദേഹം താമസിച്ചിരുന്നത്. എന്നാത്തോൻ എന്ന സ്ഥലത്തായിരുന്നു ആ ആശ്രമം. (ഒൻപതാം - മൈൽ - സ്റ്റേഷൻ എന്നാണീ സ്ഥല പേരിനർത്ഥം). അവിടെവച്ചാണ് മാസിഡോണിയായിലെ അലക്സാണ്ടറിന്റെ 927-ാം വർഷത്തിൽ (ക്രിസ്തുവർഷം 616) ഫിലോക്സേനിയൻ പതിപ്പിന്റെ പുതിയ ഒരു പതിപ്പുണ്ടാക്കിയത്. സുവിശേഷങ്ങളുടെയും പൗലോസിന്റെ ലേഖനങ്ങളുടെയും കോളോഫോൺ (ടൈറ്റിൽ പേജ്) പറയുന്നത്, തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും നല്ല മൂന്നു (രണ്ടു പാഠഭേദങ്ങൾ) കയ്യെഴുത്തുകൃതികളുമായി ഒത്തുനോക്കിയിട്ടുണ്ട് എന്നാണ്.





ഒത്തുനോക്കി എന്ന ഗ്രീക്കുക്രിയയുടെ സുറിയാനി വിവർത്തനം ഏത്പഹം എന്നാണ്. ഒത്തുനോക്കുക, താരതമ്യം ചെയ്യുക എന്നൊക്കെ അർത്ഥമുള്ള പഹേം എന്ന ധാതുവിന്റെ കർമ്മകർത്തൃരൂപം (reflexive) ആണത്. പ്ഹം എന്ന മൂലധാതുവിന്റെ ചർക്കരീതമാണ് (Intensive) മാണ് പഹേം. വ്യാകരണത്തിൽ ഈ ചർക്കരീതത്തിന് പ്രത്യേകാർത്ഥമുണ്ട്. ചിഹ്നം നൽകുക, സ്വരോച്ചാരണ ചിഹ്നങ്ങൾ ചേർക്കുക എന്നൊക്കെയാണ് ആ അർത്ഥം. ഗ്രീക്കു കോഡെക്സുകളുമായി ഒത്തുനോക്കി എന്നർത്ഥത്തിലുള്ള മ്പഹമാൻ ലുഖബൽ ശ്ഹാഹേ യൗനായേ എന്ന ശൈലി ആ അർത്ഥകല്പനയുടെ ഒരു ഉദാഹരണമാണ്.

ഫിലോക്സേനിയൻ പതിപ്പിനെ സംബന്ധിച്ച് തോമസ് എന്തു ചെയ്തു എന്ന ചോദ്യത്തിന് ഉത്തരമായി രണ്ട് അഭിപ്രായങ്ങളുണ്ട്. 1) അദ്ദേഹം ആ ഗ്രീക്കുപതിപ്പ് വീണ്ടും പ്രകാശിപ്പിച്ചു. അരികുകളിൽ നോട്ടുകൾ കുറിക്കുക, വിടുതലോ പ്രത്യേക കുറിപ്പോ സൂചിപ്പിക്കുന്ന നക്ഷത്രചിഹ്നമിടുക. വരകളും കുറികളും ചേർത്ത് കുറിപ്പുകൾ ചേർക്കുക. മുതലായ ചിലപരിഷ്ക്കാരങ്ങൾ മാത്രം അദ്ദേഹം നടത്തി. 2) സമ്പൂർണ്ണമായ പുതുക്കൽ നടത്തി ഗ്രീക്കുമൂലവുമായി ആവുന്നത്ര ഓർത്തിരിക്കാൻ വേണ്ടിയായിരുന്നു അങ്ങനെ ചെയ്തത് ഈ രണ്ട് അഭിപ്രായങ്ങൾക്കും തെളിവുകൾ നിരത്താനുണ്ട്. രണ്ടാമത്തെ അഭിപ്രായത്തെയാണ് പൊതുവേ പാരമ്പര്യം അനുകൂലിക്കുന്നത്.

തോമസ് തന്റെ സ്ക്കൂളിലെ സുറിയാനിക്കാർ ഉപയോഗിച്ച രീതി തന്നെയാണ് സ്വീകരിച്ചത്. ഗ്രീക്കുമൂലത്തിലെ എല്ലാ സവിശേഷതകളും തന്റെ മാതൃഭാഷയിൽ പ്രതിഫലിച്ചുകാണാൻ വേണ്ടി ഗ്രീക്കുഭാഷയിലെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ നാമപരവും, ക്രിയാപരവുമായ രൂപങ്ങളെല്ലാം പകർത്തി. (വാസ്തവത്തിൽ സുറിയാനിഭാഷ) അതിനുചേർന്നതല്ല. ആ പരിശ്രമത്തിന്റെ ഫലം ഭംഗിയില്ലാത്തതും ദുർഗ്രഹവുമായ ഒരു വിവർത്തനമുണ്ടാവുക എന്നതായിരുന്നു. പണ്ഡിതന്മാരായ അധികാരികൾ ആ വിവർത്തനം സാധാരണക്കാരുടെ മേൽ അടിച്ചേൽപ്പിച്ചു. അതിന്റെ

ഫലമായി തിളക്കവും സാഹിത്യഭംഗിയുമുള്ള പ്ശീത്തായ്ക്കുപകരം പാണ്ഡിത്യത്തിന്റെ വികൃതമായ കൃതി പ്രതിഷ്ഠിക്കപ്പെട്ടു.

ആ പതിപ്പിന്റെ ചില സവിശേഷതകൾ ചൂണ്ടിക്കാണിക്കാം. ഗ്രീക്കുമൂല്യത്തിലെ പദക്രമം ആവുന്നത്ര സൂക്ഷിക്കാൻ തോമസ് ആഗ്രഹിച്ചു. അങ്ങനെ ഗ്രീക്കിലെ ദിയ (ഊടെ, കൊണ്ട്) എന്ന ഉപസർഗ്ഗം ബയദ് (കയ്യാൽ) എന്ന സുറിയാനി ഉപസർഗ്ഗമുപയോഗിച്ചു തർജ്ജമചെയ്തു. ഉദാഹരണമായി മർക്കോ 14:58 ലെ ദിയാ ത്രിയോൺ, ഹെമരോൺ, (മൂന്നു ദിവസങ്ങൾ കൊണ്ട്) എന്ന വാക്യാംശം പ്ശീത്തായിൽ ല് ത്‌ലാത്ത് യൗമീൻ എന്നിങ്ങനെ സുന്ദരമായ ഭാഷയിൽ വിവർത്തനം ചെയ്തിരുന്നു. എന്നാൽ അത് ഈ വിവർത്തനത്തിൽ ബ്‌യദ് തേലത് യൗമ്മേ എന്നാക്കിയിരിക്കുന്നു. അതിന്റെ അർത്ഥം മൂന്നുദിവസങ്ങളുടെ കൈകൊണ്ട് എന്നാകും.

ആയിരിക്കുക എന്നർത്ഥമുള്ള എയ്മി എന്ന ഗ്രീക്കുക്രിയ ഈത് എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ഉണ്ട് എന്നർത്ഥം. ഗ്രീക്കുഭാഷയിലെപ്പോലെ സ്വതന്ത്രമായ ഷഷ്ഠ്യർത്ഥമുള്ള ഒരു സർവ്വനാമം സുറിയാനി ഭാഷയിലുണ്ടാക്കാൻ വേണ്ടി ദീൽ എന്ന അവ്യയത്തോട് സർവ്വനാമപ്രത്യയങ്ങൾ കൂട്ടിച്ചേർത്തു. ഫിലോക്സേനിയൻ പതിപ്പിലും ഇങ്ങനെ ചെയ്തിട്ടുണ്ട്. സെമറ്റിക് വ്യക്തിനാമങ്ങളെല്ലാം ഗ്രീക്കുരൂപങ്ങളിലായിരിക്കുന്നു. യാക്കോബ് ഗ്രീക്കിൽ യാക്കോബോസ് ആണ്. ഗ്രീക്കിൽ അതിന്റെ ദ്വിതീയ (പ്രതിഗ്രാഹിക) വിഭക്തിരൂപം യാക്കോബോൺ എന്നാണ്. അതു വികൃതരൂപമായേ തോന്നൂ.

അപ്പസ്തോലന്മാരുടെ നടപടികളിൽ നിന്നു ചില പ്രത്യേകതകൾ ചൂണ്ടിക്കാണിക്കാം. ഗ്രീക്കിലെ ഹെകാസ്തോസ് (ഓരോ) എന്നതിന്റെ തർജജമയായി കോൽഹദ് (2:6, 8,38. 3;26. 11;29) എന്നു പ്രയോഗിച്ചിരിക്കുന്നു. ഗ്രീക്കിലെ ഹേയിസ് ഹെകാസ്തോസ് (ഓരോന്നും) എന്ന പ്രയോഗം കോൽ ഹദ് ഹദ് എന്നാണു വിവർത്തനം ചെയ്തിട്ടുള്ളത്. (2:3, 17:27; 21:31. മുതലായവ)

ഗ്രീക്കിലെ സാവോ (ജിവിക്കുക, ജീവനുണ്ടായിരിക്കുക) സോസോ (രക്ഷിക്കുക, വിമുക്തനാക്കുക) എന്നീ രണ്ടുക്രിയകൾക്കും പ്ശീത്തയിൽ ഹയ്യാ (=ജീവിക്കുക, ജീവനുണ്ടായിരിക്കുക, എന്ന ക്രിയമാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ തോമസ് ഈ രണ്ടുക്രിയകൾക്കും പ്രത്യേകം, പ്രത്യേകം സുറിയാനി ക്രിയകൾ ചേർത്തു. സാവോ എന്നതിനു ഹയ്യാ എന്നും സോസോ എന്നതിനു ശൗസെബ് (രക്ഷിക്കുക) എന്നും പ്രയോഗിച്ചു. നോടും, ഉറ





പ്പിക്കുക, ഉറ്റുനോക്കുക, എന്നിങ്ങനെ അർത്ഥമുള്ള അത്തേനിസോ എന്ന ക്രിയ (ഇത് ലൂക്കായുടെ സുവിശേഷത്തിലും അപ്പസ്തോല നടപടികളിലും മാത്രം കാണുന്നതാണ്). പ്ശീത്തായിൽ ഹാർ എന്ന ക്രിയ ഉപയോഗിച്ച് വിവർത്തനം ചെയ്തിരിക്കുന്നു. നോക്കുക, വീക്ഷിക്കുക, എന്നിങ്ങനെയാണു ആ സുറിയാനി ക്രിയയുടെ അർത്ഥം. എന്നാൽ തോമസ് വൈദേശികവും അസാധാരണവുമായ ഒരു ക്രിയാരൂപം ഉപയോഗിക്കുന്നു (3:4,5,12, 6:15 മുതലായവ).

വിമർശനപരമായ അടയാളങ്ങൾ (diacritical signs) ഹാർക്ലിയൻ സുവിശേഷങ്ങളിൽ പ്രയോഗിച്ചിട്ടുണ്ടെന്നു മുമ്പു പ്രസ്താവിച്ചല്ലോ. അവയുടെ ഉപയോഗം വ്യക്തമാക്കാൻ രണ്ടുദാഹരണങ്ങൾ താഴെ ചേർക്കുന്നു.

Mk 12:14 * die nobis igitur /-; note; die nobis igitur' non invenitur in graeco.

Lk 8:24 tranquilitas * magna /-; note: 'magna' non in omnibus exemplaribus invenitur

ഈ രണ്ടുദാഹരണങ്ങളുടെയും അർത്ഥം താഴെകൊടുക്കുന്നു.

മർക്കോ 12:14 * അതുകൊണ്ടു ഞങ്ങളോടുപറയുക/–; ശ്രദ്ധിക്കുക: അതുകൊണ്ടു ഞങ്ങളോടുപറയുക എന്ന വാചകം ഗ്രീക്കിൽ കാണുന്നില്ല.

ലൂക്കാ 8:24 *വലിയ/– ശാന്തത: ശ്രദ്ധിക്കുക: 'വലിയ' എന്ന വാക്ക് എല്ലാ മാതൃകകളിലും കാണുന്നില്ല.

വിമർശിക്കപ്പെടുന്ന പാഠ്യഭാഗം നക്ഷത്രചിഹ്നത്തിനും, വരയ്ക്കും (/-) ഇടയിലാണ്. കൊടുത്തിട്ടുള്ളത്.

ഹാർക്ലീയൻ പതിപ്പിന്റെ അടിയിലുള്ള ഗ്രീക്കു മൂലത്തിന്റെ പുന:സൃഷ്ടി നടത്താൻ, ചിലയിടങ്ങളിൽ വലിയ പ്രയാസമില്ല. മൂന്നുദാഹരണങ്ങൾ താഴെകൊടുക്കുന്നു.

യാക്കോ 2:19 –ൽ ഹോത്തി ഹെയ്സ് എസ്തീൻ ഹോഥേ ഓസ് എന്ന ഗ്രീക്കു പാഠത്തിനു ക്വോദ് ഊനൂസ് എസ്ത് ദേവൂസ് എന്നാണു ലത്തീൻ വിവർത്തനം. എന്നാൽ, ഗ്രീക്കിൽ ഒരു പാഠാന്തരമുണ്ട്. ഹോത്തി ഹോയിസ് ഥേ ഓസ് എസ്തീൻ എന്നാണത്. അതിന്റെ ലത്തീൻ വിവർത്തനം ക്വോദ് ഉനൂസ് ദേവൂസ് എസ്ത് എന്നാണ്. ഇതാണ് ഹാർക്ലീയൻ പതിപ്പിന്റെ പിന്നിലുള്ളത്. ദ്ഹദ്‌ഉ അല്ലാഹാ ഈത്താവ് എന്നാണ്. അതിൽ പ്ശീത്തായിലാകട്ടെ ദ്ഹദ്‌ഉ

അല്ലാഹാ എന്നാണിത് അതു സുറിയാനി ഭാഷയുടെ വാക്യശൈലിക്കു തികച്ചും ചേർന്നതാണ്. ഈ വാചകത്തിന്റെ അർത്ഥം "ദൈവം ഏകനാകുന്നു" എന്നാണ്.

യൂദ 3- ൽ നമ്മുടെ പൊതുരക്ഷയെ സംബന്ധിക്കുന്ന എന്നർത്ഥമുള്ള പെരിതേസ് കോയ്നേസ് ഹേമോൺ എന്ന ഗ്രീക്കുവാചകത്തിന് ഒരു പാഠാന്തരമുണ്ട്. പെരിതേസ് കൊയ്നേസ് ഹേമോൺ സൊസേസ് എന്നാണാപാഠാന്തരം. അതാണ് ഹാർക്ലിയൻ പതിപ്പിന്റെ പിന്നിലുള്ള പാഠം. മെഥൂല് ഹയ്യേ ദീലൻ ഗവ്വാനായേ എന്നാണ് ഹാർക്ലിയർ പതിപ്പിൽ. ഫിലോക്സേനിയൻ പതിപ്പിൽ അത് അൽ ഹയ്യേ ദീലൻ ദ് ഗവ്വാ എന്നാണ്. പദാനുപദ വിവർത്തനമാണിത്.

പല വാക്യങ്ങളുടെയും വിവർത്തനം വികൃതമായിട്ടുണ്ട്. ഗ്രീക്കിനോടുള്ള അമിത ഭക്തിയാണ് അതിന്റെ കാരണം. മറ്റൊന്നുകൊണ്ടും അതു വിശദീകരിക്കാനാവുകയില്ല. ഹാർക്ലീയൻ പതിപ്പിൽ യാക്കോ 3:8 ൽ കാണുന്ന ഉലാ നാശ് ദ് നെക് ബുശ് മ്സേ ബ് നൈനാശാ എന്ന വിവർത്തനം ഗ്രീക്കിന്റെ പദാനുപദ തർജ്ജമയാണ്. ആ ഗ്രീക്കുവാചകം ഇങ്ങനെയാണ്. ഔദേയീസ് ദമസായി ദുനാത്തായി ആൻത്രോപോൺ ഒരു മനുഷ്യജീവിക്കും (നാവിനെ) പരിശീലിപ്പിച്ചെടുക്കാനാവുകയില്ല എന്നാണ് അതിന്റെ അർത്ഥം. പ്ശീത്തായിലെ വിവർത്തനം താഴെകാണും വിധമാണ്. നാശ് ലാ എസ്കാഹ് ദ് നെക്ബ്ശീവ് ഈ വിവർത്തനം സുറിയാനിയുടെ ശൈലിക്കു ചേർന്നതാണ്.

ഹെബ്രാ 1:1. പോളികാർപ്പ് എങ്ങനെ വിവർത്തനം ചെയ്തുവെന്ന് മുകളിൽ പറഞ്ഞല്ലോ. ആ വാചകം ഹാർക്ലിയൻ പതിപ്പിൽ താഴെകാണും വിധമാണ് വിവർത്തനം ചെയ്തിട്ടുള്ളത്: കദ് ബ്ഗ്ഗിയൂത് മ്നവ്വാതാ വബ്സഗ്ഗിയൂത് സെനയ്യാ മെൻക്ദീം മല്ലേൽ അല്ലാഹാ ല് അബ്ബാഹാത്താ ബന്ബീയേ.

ഈ തർജ്ജമയിൽ, തോമസ് മുന്നുപരിഷ്ക്കാരങ്ങൾ വരുത്തിയിരിക്കുന്നു. 1) പോലു എന്നത് സഗ്ഗീ എന്ന വാക്കിൽ നിന്നു രൂപപ്പെടുത്തിയിട്ടുള്ള ഭാവതദ്ധിതനാമത്തിന്റെ (abstract noun) ലഘുരൂപം (construct form) കൊണ്ട് വിവർത്തനം ചെയ്തിരിക്കുന്നു. 2) ഗ്രീക്കുഭാഷയിലുള്ള ഹിപ്പോതാക്സിസ് (വിധേയമാക്കൽ) എന്ന പദം സുറിയാനിയിൽ സമയത്തെക്കുറിക്കുന്ന കദ് (എപ്പോൾ) എന്ന അവ്യയം കൊണ്ട് വിവർത്തനം ചെയ്തു. 3) ഗ്രീക്കിലെ പദക്രമം അതേപടി സ്വീകരിച്ചിരിക്കുന്നു. ഗ്രീക്കുപ്രേമിയായ തോമസിന്റെ കൈകളിൽ സുറിയാനി ഭാഷയുടെ നൈസർഗ്ഗികഭംഗി നഷ്ടപ്പെട്ടു.





പ്ശീത്ത, ഫിലോക്സേനിയൻ പതിപ്പ്, ഹാർക്ലീയൻ പതിപ്പ്, എന്നീ വിവർത്തനങ്ങളിലെ വിവർത്തന സങ്കേതങ്ങളെ പ്രൊഫ. ബ്യൂക്ക് വ്യക്തമാക്കിയിട്ടുണ്ട്. 1 കോറി 3:3-ലെ കതാ ആൻത്രോപോൺ എന്ന പ്രയോഗം ഏതേതു രീതികളിലാണ് ഈ മൂന്നു പേരും വിവർത്തനം ചെയ്തതെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

| | |
|---|---|
| ബബ്സർ | - സ്വയം ചാലകമായ ഒരു തുല്യപദം |
| നാശാ ഈത് | - സ്ഥാനം മാറ്റൽ |
| ഐക്ക് ബർനാശാ | - രൂപപരമായ തുല്യപദം |

പ്ശീത്തായിൽ ഗ്രീക്കു പ്രയോഗത്തിന്റെ സ്വയം ചാലകമായ ഒരു സമാനപദം പ്രയോഗിച്ചു. ഫിലോക്സേനിയൻ പതിപ്പിൽ ആ രീതി വിട്ട് സ്ഥാനമാറ്റം കൊണ്ടു വിവർത്തനം ചെയ്തു. ഹാർക്ലിയൻ പതിപ്പിൽ സ്വയം ചാലകമായ തുല്യപദത്തിനുപകരം രൂപപരമായ ഒരു തുല്യപദംകൊണ്ടു വിവർത്തനം ചെയ്തു.

### സീറോ - പലസ്തീനിയൻ പതിപ്പ്

സീറോ പലസ്തീനിയൻ പതിപ്പിന്റെ പഴയനിയമഭാഗത്തെപ്പറ്റി മുമ്പ് പ്രതിപാദിച്ചല്ലോ. പഴയനിയമവിവർത്തനത്തിന്റെ പ്രേരണകളെക്കുറിച്ചു പറഞ്ഞതെല്ലാം പുതിയനിയമ വിവർത്തനത്തെ സംബന്ധിച്ചും സാധുവാണ്. പഴയനിയമത്തിന്റെ കാര്യത്തിലെന്നപോലെ പുതിയനിയമത്തിന്റെയും ഒരു ഗ്രന്ഥംപോലും അവശേഷിച്ചിട്ടില്ല. ആരാധനാക്രമത്തിൽ ഉപയോഗിക്കുവാനുള്ള വായനകളുടെ സമാഹാരങ്ങളിൽ (Lectionaries) ആണ് ആ വിവർത്തനം ജീവിച്ചുപോരുന്നത്.

സീറോ പലസ്തീനിയൻ വിവർത്തനത്തിന്റെ മൂന്നുപ്രതികൾ ഇന്നുണ്ട്. 1) വത്തിക്കാനിൽ സൂക്ഷിച്ചിരിക്കുന്ന ഒരു കയ്യെഴുത്തുപ്രതി 2,3) സീനായ്മലയിലുള്ള സെന്റ് കാതറൈൻ ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്ന രണ്ടു കയ്യെഴുത്തുപ്രതികൾ ഇവയെക്കൂടാതെ സുവിശേഷങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ, യാക്കോബിന്റെ ലേഖനം, പത്രോസിന്റെ 2-ാം ലേഖനം എന്നിവയുടെ ഭാഗങ്ങൾ (Fragments) മാത്രം ഉൾക്കൊള്ളുന്ന ചില കയ്യെഴുത്തുപ്രതികളുണ്ട്. അവ ആരാധനാപരമായ വായനകൾക്കുപയോഗിക്കാനുള്ള സമാഹാരങ്ങളല്ല.

സീറോ പലസ്തീനിയൻ വായനസമാഹാരങ്ങൾ, ബൈസൻറയിൻ സഭയിൽ ഉപയോഗിക്കുന്ന വായനസമാഹാരങ്ങളുടെ മാതൃകയിലുള്ളവയാണ് . വായനകൾ ചുരുക്കം ചിലത് ഒഴികെ, എല്ലാം ഒന്നുതന്നെയാണ്.

ഈ കയ്യെഴുത്തുപ്രതികളിൽ ഉപയോഗിച്ചിരിക്കുന്ന അക്ഷരമായ എസ് ത്രാംഗല അക്ഷരമാലയുടെ ഒരു പരിഷ്കൃതരൂപമാണ്, വിവർത്തകർ ഏറ്റവും പഴയപതിപ്പുകളാണ് സ്വാഭാവികമായും ഉപ യോഗിച്ചിട്ടുളളത്. പ്ശീത്തയുമായി ഒത്തുനോക്കിയെന്നു തീർച്ച. പുരാതന സുറിയാനി (Old Syriac) പതിപ്പും ഉപയാഗിച്ചിട്ടുണ്ട്. ഉദാ ഹരണമായി രണ്ടുപതിപ്പുകളിൽ മത്തായി 27:16 ൽ യേശു ബറാ ബാസ് എന്ന പ്രയോഗമുണ്ട്. അവ രണ്ടും പ്ശീത്താ പതിപ്പിൽ നിന്നും വ്യത്യസ്തമായി പരസ്പര സമാനത പുലർത്തുന്നു. മത്താ 10:8 ലെ ദൈമോനിയ (പിശാച്) എന്ന ഗ്രീക്കുപദം ശീതേ എന്ന വാക്കുപയോഗിച്ചു വിവർത്തനം ചെയ്യുന്നു. പ്ശീത്തായിൽ ദയ്വേ എന്നാണ്. മത്താ 10:9ലെ അർഗുറിയോൺ എന്ന വാക്ക് കസ്പാ/ ക്സെപ് എന്നിങ്ങനെ വിവർത്തനം ചെയ്തിരിക്കുന്നു. പ്ശീത്താ യിൽ ശീമാ എന്നാണ് പലസ്തീനിയൻ പതിപ്പിലെ ചില പ്രയോ ഗങ്ങൾ ദിയാതെസാരോൺ നിന്നെടുത്തതാണെന്ന് സി. പീറ്റേഴ്സ് എന്ന പണ്ഡിതൻ കരുതി. അദ്ദേഹത്തിന്റെ അഭിപ്രായം ശരിയാ യിരിക്കാൻ തീർച്ചയായും സാധ്യതകാണുന്നുണ്ട്.

ഈ പതിപ്പിൽ അനേകം വികൃതസ്വഭാവങ്ങളുണ്ട്. യോഹന്നാൻ ഉപയോഗിച്ചിട്ടുളള പാരാക്ലേത്തോസ് (ആശ്വാസദായകൻ, അഭിഭാ ഷകൻ, പരിശുദ്ധാത്മാവ്) എന്ന ഗ്രീക്കുവാക്ക് സുറിയാനി വിവർത്ത കർ സ്വീകരിച്ചിരുന്നു. യഹൂദന്മാരും അന്ന് അത് ഉപയോഗിച്ചിരു ന്നു. എന്നിട്ടും സീറോ പലസ്തീനിയൻ പണ്ഡിതന്മാർ അതിനു പകരമായി മാനാഹ്മ്മാനാ എന്നിങ്ങനെ പ്രയോഗിച്ചു. അത് ഹീബ്രു വിലെ മ്നാഹെം (ആശ്വസിപ്പിക്കുന്നവൻ) എന്നതിന്റെ സുറിയാനി യിലുളള സമാനപദമാണ്.

ഗ്രീക്കിലെ എക്ലേസിയ എന്ന പദം സുറിയാനിയിലെ ക്നിസ്താ (സിനഗോഗ്) എന്ന വാക്ക് ഉപയോഗിച്ചു വിവർത്തനം ചെയ്തു. ഈദ്ത്താ എന്ന വാക്കാണ് പുരാതന സുറിയാനി പതിപ്പിലും പ്ശീത്തയിലും ഉളളത്.

ഭംഗിയുളള സുറിയാനി വാക്കുകൾക്കുപകരം അറമായ വാക്കു കൾ പ്രയോഗിച്ചിട്ടുണ്ട്. ഉദാ: ഹ്മാ (കാണുക) എന്ന ക്രിയയുടെ പ്രയോഗം. മത്തായി 5:1–ൽ കദ്ഹ്മ്മാ (അവൻ കണ്ടപ്പോൾ) എന്നു പ്രയോഗിച്ചിരിക്കുന്നു. പ്ശീത്തയിൽ കദ്ഹ്സ്സാ എന്നാണ് പ്രയോ ഗം. മറ്റൊരു വികൃതത്വം, കൈറോസ്, ഒഖ്ലോസ്, നാവോസ്, മുത ലായ ഗ്രീക്കു വാക്കുകളോടുളള പ്രതിപത്തിയാണ്. വാസ്തവത്തിൽ ആ വാക്കുകൾക്ക് തുല്യമായ സുറിയാനി പദങ്ങളുണ്ടെങ്കിലും അവ ഉപയോഗിച്ചില്ല. ഈ ഗർവ്വ് കാണിക്കലിന്റെ പരമകോടിയാണ്





യ്സോസ് (യേസൂസ്) എന്ന പ്രയോഗം. യ്ശോ (യേശു) എന്ന പ്രയോഗം വിട്ടുകളഞ്ഞിരിക്കുന്നു.

മത്തായി 16:18 –ൽ പേത്രോസ് (പത്രോസ്) എന്ന ഗ്രീക്കുപദം അക്ഷരാർത്ഥത്തിൽ തർജ്ജിമ ചെയ്തിരിക്കുകയാണ്. ദ്വയാർത്ഥം കാത്തുസൂക്ഷിക്കാമായിരുന്ന കേപ്പ എന്ന പദം വിട്ടുകളഞ്ഞു. കൂരേ ത്തോനിയൻ പതിപ്പിൽ കേപ്പ എന്നുതന്നെയാണ് പ്രയോഗിച്ചിട്ടു ളളത്.

മർക്കോ 7:34 ൽ എഫ്ഫാത്താ, ഹോ എസ്തീൻ ദിയാനോയി ഖ്ഥേത്തി എന്നത് "നീ തുറക്കപ്പെടട്ടെ അതായത് നീ തുറക്കപ്പെ ടട്ടെ" എന്നിങ്ങനെ അർത്ഥം വരുന്ന വിധത്തിൽ തർജ്ജിമ ചെയ്തി രിക്കുന്നു. അറബിഭാഷയിലുളള ദിയാത്തെസ്സാരോൺ എന്ന പതിപ്പും സീനായിറ്റിക് പതിപ്പും പ്ശീത്തയും പ്രസ്തുത വാചകത്തിന്റെ വിശ ദീകരണപരമായ വാക്യാംശം വിട്ടുകളഞ്ഞിരിക്കുന്നു എന്നതു സ്മര ണീയമാണ്.

സീറോ പലസ്തീനിയൻ പതിപ്പിൽ താത്പര്യജനകങ്ങളായ പല ഭാഗങ്ങളുമുണ്ട്. അത്തരം ഭാഗങ്ങൾ സമാന്തരമായി ഗ്രീക്കിലുളള പുതിയനിയമത്തിന്റെ കയ്യെഴുത്തുപ്രതികളിലോ, പൗരാണിക പതി പ്പുകളിലോ സുറിയാനി പണ്ഡിതന്മാരുടെ കൃതികളിലോ കാണു കയില്ല. "തങ്ങൾ പറയാതിരുന്ന ഓരോ നല്ല വാക്കിന്റെയും കണ ക്കുകൊടുക്കേണ്ടിവരും (മത്താ 12:36). "സ്വാർത്ഥവാഹകസംഘ ങ്ങൾ സാബത്തു ദിവസം നടത്തുന്ന യാത്ര (അപ്പ 1:12) "എല്ലാ വരും പാപം ചെയ്ത് ദൈവത്തിന്റെ മഹത്വത്തെപ്പറ്റി അറിവില്ലാ ത്തവരായിരിക്കുകയും ചെയ്യുന്നു" (റോമ3:23). "ദൈവത്തിന്റെ നിയ മത്തിന്റെ അവസാനം ക്രിസ്തുവാണ് (റോമ10:4) "അവർ യേശു ക്രിസ്തുവിൽ സ്വർഗ്ഗത്തിൽ നിന്നുളള അവന്റെ മഹത്വത്തോടെ രക്ഷ സ്വീകരിക്കുന്നതിനും" (2 തിമോ 3:20). ദൈവത്തോടുളള ഭയത്തിലും സ്നേഹത്തിലും നാം ഈ ലോകത്തിൽ ജീവിക്കുന്നതിന് വേണ്ടി" (തീത്തു: 2:12). "അവന് അല്പാൽപമായി എല്ലാം കൊടുക്കുകയും അവനെ ലജ്ജിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ദൈവത്തോട് അവൻ ചോദിക്കട്ടെ (യാക്കോ 1:5). ഇവിടെ അധികമായി ചേർത്തിട്ടുളള വയെ ക്രൈസ്തവവിദ്രാശ അല്ലെങ്കിൽ ക്രൈസ്തവതർഗും എന്നും പരിഗണിക്കാവുന്നതാണ്.

## സുറിയാനി സഭാപിതാക്കൻമാർ

### അഫ്രാത്ത് (ca. 345)

സുറിയാനി സഭാപിതാക്കന്മാരുടെ ഗണത്തിലെ ആദ്യത്തെ പ്രമുഖ സഭാപിതാവാണ് പേർഷ്യയിലെ മുനി (Persian sage) എന്ന

അപരനാമത്തിൽ അറിയപ്പെടുന്ന അഫ്രാത്ത്. വി. ഗ്രന്ഥത്തിലും യഹൂദപാരമ്പര്യങ്ങളിലും മെസപ്പൊട്ടേമിയൻ സംസ്ക്കാരത്തിലും അധിഷ്ഠിതമായ ഒരു ദൈവശാസ്ത്ര ദർശനം അദ്ദേഹം രൂപപ്പെടുത്തി. പൂർണ്ണമായും സെമിറ്റിക് സാംസ്ക്കാരിക പശ്ചാത്തലത്തിലാണ് അദ്ദേഹം ജീവിച്ചത്. ഗ്രീക്കുതത്വചിന്തകളോ സംസ്ക്കാരമോ അദ്ദേഹത്തിന്റെ ചിന്തകളെ ഒട്ടുംതന്നെ സ്വാധീനിച്ചിട്ടില്ല. അതുതന്നെയാണ് അഫ്രാത്തിന്റെ ദൈവശാസ്ത്രത്തിന്റെ ഏറ്റവും പ്രധാന സവിശേഷതയായി പണ്ഡിതന്മാർ എടുത്തുകാട്ടുന്നതും. അഞ്ചും ആറും നൂറ്റാണ്ടുകളിൽ 'പേർഷ്യയിലെ മുനി' പേർഷ്യയിലെ മുനിയായ മാർ യാക്കോബ്' എന്നീ പേരുകളിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് യാക്കോബ് എന്ന നാമം വിസ്മരിക്കപ്പെട്ടു. നിസിബിസിലെ യാക്കോബായി ചിലർ അദ്ദേഹത്തെ തെറ്റിദ്ധരിച്ചിരുന്നു. എട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ ഒരു കൈയെഴുത്തുപ്രതിയിലാണ് അഫ്രാത്ത് എന്ന പേർഷ്യൻ നാമം ആദ്യമായി രേഖപ്പെടുത്തിയിരുന്നത്. പത്താം നൂറ്റാണ്ടുമുതൽ അഫ്രാത്ത് എന്ന പേരിൽ മാത്രം അദ്ദേഹം അറിയപ്പെട്ടുതുടങ്ങി. പതിനാലാം നൂറ്റാണ്ടിലെ ഒരു കൈയെഴുത്തുപ്രതിയിൽ അഫ്രാത്ത് എന്ന പേരിനൊപ്പം മാർ മത്തായി, ആശ്രമത്തിന്റെ മെത്രാൻ എന്നുകൂടി രേഖപ്പെടുത്തിയിട്ടുണ്ട്.

പേർഷ്യൻ സാമ്രാജ്യത്തിലാണ് അഫ്രാത്ത് ജീവിച്ചിരുന്നത്. നിനിവെ-മോസൂൾ പ്രദേശമാണ് അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹം വിജാതീയ മതാചാരങ്ങൾ പാലിച്ചുപോന്ന ഒരാളായിരുന്നുവെന്നും പിന്നീടാണ് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതെന്നും പറയപ്പെടുന്നു. പേർഷ്യൻ സാമ്രാജ്യവും റോമാസാമ്രാജ്യവും തമ്മിലുള്ള ശത്രുത വർദ്ധിച്ചു വന്ന ഒരു കാലഘട്ടമായിരുന്നു അത്. അക്കാലത്ത് പേർഷ്യൻ ചക്രവർത്തിയായ ഷാപ്പൂർ രണ്ടാമൻ സൊറോസ്ട്രിയൻ മതം പുന:സംഘടിപ്പിച്ചതിന്റെ ഫലമായി അവിടെയുള്ള ക്രിസ്ത്യാനികൾ രൂക്ഷമായ മതമർദ്ദനത്തെ അഭിമുഖീകരിക്കേണ്ടിവന്നു. അക്കാലത്ത് ധാരാളം രക്തസാക്ഷികൾ പേർഷ്യൻ സഭയിലുണ്ടായിരുന്നു. അഫ്രാത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളൊന്നും തന്നെ ലഭ്യമല്ല. അപ്രേമിനെപ്പോലെ പിൽക്കാല സുറിയാനി സഭാപിതാക്കന്മാരെ അദ്ദേഹം കാര്യമായി സ്വാധീനിച്ചിട്ടുമില്ല.

വിശ്വാസസംബന്ധമായ 23 'വിവരണങ്ങൾ' (Demonstrations) അദ്ദേഹം രചിച്ചിട്ടുണ്ട്. വി. ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്ര ചിന്തകളുടെ മുഴുവൻ അടിസ്ഥാനം. ആദ്യ പത്ത് Demonstrations ന്റെ സാരാംശവും വ്യാഖ്യാനവും അടിസ്ഥാനപ്പെ





ടുത്തിയിരിക്കുന്നത് ആദ്യ .Demonstration ൽ വിവരിച്ചിരിക്കുന്ന On Faith അനുസരിച്ചാണ്. ഒരു ക്രിസ്ത്യാനി ആയിരിക്കാൻ ആവശ്യമായ വിശ്വാസത്തിന്റെ പ്രവൃത്തികൾ (acts of faith) എന്തെല്ലാമാണെന്ന് അഫ്രാത്ത് വിവരിക്കുന്നുണ്ട്. ഉപവാസം, വിശുദ്ധിയോടെയുള്ള പ്രാർത്ഥന, ദാനധർമ്മം, ദയ, ചാരിത്ര്യം വിശുദ്ധി, ജ്ഞാനം, ആതിഥേയത്വം, ലാളിത്യം, സ്ഥിരത, മിതത്വം, വിലാപം, ജീവിതവിശുദ്ധി എന്നിവയാണത്. മറ്റുള്ള Demonstrations ലെ ആശയങ്ങളും പ്രധാനപ്പെട്ട തത്വങ്ങളും ഉറപ്പിക്കുന്നത് ആദ്യ Demonstration ആയ On Faith നെ ഉദ്ധരിച്ചുകൊണ്ടാണ്. ക്രിസ്തുവിൽ അടങ്ങിയിരിക്കുന്നതും ക്രിസ്തുവിൽ വെളിപ്പെട്ടതുമായ രക്ഷാകര ചരിത്രത്തിന്റെ രഹസ്യാത്മകതയിലാണ് വിശ്വാസത്തിന്റെ അടിസ്ഥാനം നിലകൊള്ളുന്നത്. ബൈബിളിലെ ഓരോ വ്യക്തികളെയും എടുത്തുകാട്ടി അവരിൽ നിന്നും ഒരു വിശ്വാസി എന്താണ് പഠിക്കേണ്ടത് എന്നും എന്ത് ശാസനയാണ് നൽകുന്നതെന്നും അഫ്രാത്ത് വിവരിക്കുന്നുണ്ട്. മാത്രവുമല്ല ഓരോ വ്യക്തിയുടെയും ശരിയും തെറ്റും വിലയിരുത്തുകയും നീതിമാനും കാരുണ്യവാനുമായ ദൈവത്തിലേക്ക് നമ്മെ അടുപ്പിക്കുന്ന ശരിയായ പ്രവൃത്തികളും പ്രബോധനങ്ങളും അദ്ദേഹം തന്റെ പുസ്തകത്തിൽ വിവരിക്കുകയും ചെയ്യുന്നു.

"നിന്റെ ഹൃദയത്തിന്റെ ഉൾക്കണ്ണ് എനിക്കായി തുറക്കുക. നിന്റെ മനസ്സിന്റെ ആത്മീയ സംവേദനങ്ങളിലൂടെ ഞാൻ സംസാരിക്കട്ടെ.'' ഇങ്ങനെ ഉപദേശിച്ചുകൊണ്ടാണ് അഫ്രാത്ത് തന്റെ Demonstrations ആരംഭിക്കുന്നത്. അദ്ദേഹം തന്റെ Demonstrations ൽ പറയുന്നു. "ഏതൊരുവനാണോ ദാഹിക്കാത്തത് അവൻ കുടിക്കാതിരിക്കട്ടെ.'' "ഏതൊരുവനാണോ വിശക്കാത്തത് അവൻ ഭക്ഷിക്കാതിരിക്കട്ടെ.'' ജ്ഞാനവും വിജ്ഞാനവും അത് അന്വേഷിക്കുന്നവർക്ക് വേണ്ടി എപ്പോഴും തുറന്നുകിടക്കുന്നു. ആരാണോ സ്വന്തം ഹൃദയവാതിൽ തുറക്കുന്നത് അവൻ അത് കണ്ടെത്തുന്നു. ആരാണോ സ്വന്തം മനസ്സിന്റെ ചിറകുകൾ വിടർത്തുന്നത് അവൻ അത് സ്വന്തമാക്കുന്നു. വാക്കുകളുടെ പ്രേരകശക്തിയാണ് ഒരുവനെ വായിക്കാനും കേൾക്കാനും പ്രേരിപ്പിക്കുന്നത്. ശരിയായ ശിക്ഷണം ലഭിക്കാത്ത വ്യാഖ്യാനത്തിന് 'വാക്കുകളുടെ ശക്തി' അറിയില്ല. പല പല രീതിശാസ്ത്രങ്ങളെക്കാളും നമുക്ക് ആവശ്യം ഹൃദയശുദ്ധിയും, സത്യത്തെ പുൽകാനുള്ള ആഗ്രഹവുമാണ്. വചനത്തെ ലോകത്തിൽ അവതീർണ്ണമാക്കുന്നതിനാണ തിരുവചനം പഠിക്കുന്നത്. വചനവ്യാഖ്യാനം ജീവിതത്തിൽ അവതരിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഒരു നല്ല ബൈബിൾ വ്യാഖ്യാനം ആന്തരിക

മായും ബാഹ്യമായും സമൂഹത്തിൻ മുമ്പിലും ദൈവത്തിനു മുമ്പിലും ഒരു പൂർണ്ണവ്യക്തിത്വം ആവശ്യപ്പെടുന്നു.

ആന്തരികമായും ബാഹ്യമായും ഉള്ള എല്ലാ മനുഷ്യ അവയവങ്ങളുടെയും യോജിപ്പും ഒരുമയും ഉണ്ടെങ്കിൽ മാത്രമേ ശരീരത്തിൽ ശരിയായ രീതിയിൽ പ്രവർത്തനങ്ങൾ നടക്കൂ. ഒരേ കൃത്യം ഫലങ്ങൾ ഉളവാക്കണമെങ്കിൽ ഉൾജ്ഞാനവും ബാഹ്യജ്ഞാനവും സമുചിതമായി പ്രവർത്തിച്ച് സത്കൃത്യങ്ങളിലേക്ക് നയിക്കണം. യഥാർത്ഥ പ്രാർത്ഥന അത്യാവശ്യക്കാരനെ സഹായിക്കാൻ ആവശ്യപ്പെടുന്നു. ശരിയായ ഉപവാസം എല്ലാതിന്മകളെയും ത്യജിക്കാൻ ആവശ്യപ്പെടുന്നു. ശരിയായ സാബത്ത് ആചരണം പണിയെടുത്ത് തളർന്നവന് ആശ്വാസം നൽകുന്നു. ഇതിനെല്ലാം കാരണം സ്നേഹമാണ്. സ്നേഹം രഹസ്യാത്മകമാണ്. സ്നേഹത്താൽ അറിവ് പൂർണ്ണമാക്കപ്പെടുന്നു. സ്നേഹത്താൽ വിശ്വാസം സ്ഥാപിതമാവുന്നു. ശരിയായ വിധത്തിലുള്ള ആന്തരികവും ബാഹ്യവുമായ ഉൾച്ചേരൽ ബൈബിൾ പഠനത്തിന് അത്യാവശ്യമാണ്. ഈ ഉൾച്ചേരൽ യഥാർത്ഥ ജ്ഞാനത്തിനും രക്ഷയ്ക്കും അത്യാവശ്യമാണ്. ഇപ്രകാരമുള്ള പ്രായോഗിക രീതിയിലൂടെ അഫ്രാത്ത് എല്ലാ ക്രിസ്ത്യാനികളോടും വി.ഗ്രന്ഥത്തിന്റെ യഥാർത്ഥ ശിക്ഷരാകുവാൻ ആവശ്യപ്പെടുന്നു.

## Demonstrations 11-23

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിലൂടെ വെളിപ്പെട്ട യാഥാർത്ഥ്യങ്ങളെ പ്രത്യേകിച്ചും രക്ഷാകര ചരിത്രത്തെ അതിന്റെ സമഗ്രതയിൽ മനസ്സിലാക്കിയാണ് അഫ്രാത്ത് തന്റെ രചനയിൽ മിശിഹായെ അവതരിപ്പിക്കുന്നത്. രക്ഷയുടെ വിവിധമാനങ്ങളെ ചരിത്രപരമായ സംഭവവികാസങ്ങളുമായി കോർത്തിണക്കി വേദപുസ്തക കേന്ദ്രീകൃതമായി പഠിപ്പിക്കാനും വ്യാഖ്യാനിക്കാനും കഴിഞ്ഞാൽ വെളിപാടുകളെക്കുറിച്ച് ശരിയായ ധാരണ ഉണ്ടാകും. ആവശ്യമായ എല്ലാ ഘടകങ്ങൾക്കും ഉപരിയായി ഹൃദയത്തിന്റെ വിശുദ്ധി തിരുവെഴുത്തുകളുടെ പഠനങ്ങൾ സ്വീകരിക്കുന്നതിന് ആവശ്യമാണ്. ശിഷ്യന്റെ ജീവിതം തിരുവെഴുത്തായി മാറുന്നതാണ് പ്രധാനം.

വി. ഗ്രന്ഥം വഴി മനുഷ്യൻ സൃഷ്ടാവിനെ അറിയുകയാണ് വേണ്ടത്. അങ്ങനെ നീതിമാനായ ദൈവം നമ്മുടെ ഉള്ളിലും ചിന്തകളിലും സത്യത്തിൽ രൂപപ്പെടണം. അതുവഴി മനുഷ്യൻ ദൈവത്തിന്റെ ആലയമായി തീരുന്നു. ആദാമിന്റെ സന്തതികളായ മനുഷ്യരെ സൃഷ്ടിച്ചതും, രൂപപ്പെടുത്തിയതും ആരെന്നു മനുഷ്യന് അറിയില്ലെങ്കിൽ ദൈവം അവരിൽ രൂപപ്പെടില്ല. ദൈവം അവരിൽ





വസിക്കുന്നില്ല. ദൈവം അവരിൽ വസിക്കുന്നില്ലെങ്കിൽ വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങൾക്കു അവൻ തുല്യമാകും. മനുഷ്യത്വത്തിന്റെ മഹത്വവും പൂർണ്ണതയും അവനു നഷ്ടമാവുകയും ചെയ്യും (Demo XVII,7).

അഫ്രാത്തിന്റെ അഭിപ്രായത്തിൽ വി.ഗ്രന്ഥത്തെ വ്യാഖ്യാനിക്കേണ്ടതും മനസ്സിലാക്കേണ്ടതും വ്യക്തിതിപരമായല്ല, ഒരാളുടെ മനോധർമ്മമനുസരിച്ചോ അല്ല. ഈ രചനകളിൽ എഴുതിയതൊക്കെയും ഒരു മനുഷ്യന്റെ വ്യക്തിപരമായ ചിന്തകളല്ല, വായനാ സുഖത്തിന് വേണ്ടിയുള്ളതുമല്ല. മറിച്ച് സാർവത്രിക സഭയുടെ വിശ്വാസവും പഠിപ്പിക്കലുമാണ്. ഉത്തമബോധ്യത്തോടെ ഒരുവൻ ഇവ വായിക്കുകയും കേൾക്കുകയും ചെയ്താൽ അത് നല്ലതാണ് അല്ലെങ്കിൽ ദൈവം മനുഷ്യർക്ക് വേണ്ടിയുള്ളതാണ് എന്നുപറയേണ്ടിവരും (Demo X X II,26).

വി. ഗ്രന്ഥത്തിന് ഉചിതമായ ബഹുമുഖ വ്യത്യാസങ്ങൾ ഉണ്ടെന്ന് അഫ്രാത്ത് സമ്മതിക്കുന്നു. ഏത് വശം തിരിച്ചാലും തിളങ്ങുന്ന പവിഴമുത്തിനോടാണ് അഫ്രാത്ത് ദൈവവചനത്തെ താരതമ്യപ്പെടുത്തുന്നത് (Demo X X II,26). ഒരേ ദൈവവചനത്തിൽ നിന്നു പല സന്യാസവര്യന്മാർക്ക് പലതരത്തിലുള്ള നിധികളാണ് ലഭിക്കുന്നത് ഇത് ആരെയും അലോസരപ്പെടുത്തേണ്ടതില്ല. കാരണം ഒരേ വാക്ക് പല ആളുകൾ പലവിധത്തിലാണ് ഗ്രഹിക്കുന്നത്. ''ആരാണോ സ്വന്തം ഹൃദയവാതിൽ തുറക്കുന്നത് അവൻ അത് കണ്ടെത്തുന്നു. ആരാണോ സ്വന്തം മനസ്സിന്റെ ചിറകുകൾ വിടർത്തുന്നത് അവൻ അത് സ്വന്തമാക്കുന്നു. അത് സൂക്ഷമതയുള്ള മനുഷ്യനിൽ കുടികൊള്ളുന്നു'' (Demo XIV 34). വി.ഗ്രന്ഥത്തിന്റെ ശക്തിയും സ്വഭാവവും തിരിച്ചറിയാൻ കഴിയാത്തവർ ആണ് കലഹങ്ങൾ ഉണ്ടാക്കുന്നത് (Demo III,12). വി. ഗ്രന്ഥം വായിക്കുന്നവർ ദൈവവചനത്തോട് വിശ്വസ്തത കാണിക്കും. അവർ കലഹങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കും, നമുക്ക് ആവശ്യം കലഹങ്ങളില്ലാതെ ഉള്ള ഏറ്റവും സ്വീകാര്യമായ സംസാരവും സ്വഭാവവുമാണ് (Demo XX II,26). അങ്ങനെ അഫ്രാത്ത് ആരോഗ്യകരമായ സംവാദത്തിനും ചർച്ചയ്ക്കും തെളിവായി തന്റെ Demonstrations നൽകുന്നു.

### വി. ഗ്രന്ഥ വ്യാഖ്യാനം

ബൈബിൾ പഠനങ്ങളും അതിലെ വചനങ്ങളും എത്ര തവണ മനനം ചെയ്താലും മടുപ്പ് തോന്നുകയില്ല. ബൈബിൾ വചനങ്ങൾ എത്ര വ്യാഖ്യാനിച്ചാലും അതിന്റെ അർത്ഥം പൂർണ്ണമാകില്ല.

ഭൂമിയിലെ ഒരു മനുഷ്യനും അവ പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കില്ല. ലോകാരംഭം മുതൽ ലോകാവസാനം വരെ ആയുർദൈർഘ്യമുള്ള ഒരു മനുഷ്യൻ തന്റെ ജീവിതകാലമത്രയും വി. ഗ്രന്ഥ മനനത്തിന് നീക്കിവച്ചാൽ പോലും വചനത്തിന്റെ ശക്തിയും ആഴവും പൂർണ്ണമായി അവനുമനസ്സിലാക്കുവാൻ സാധിക്കില്ല (Demo XX II,26). യഥാർത്ഥ ദൈവഭയത്തോടെ വി. ഗ്രന്ഥത്തെ സമീപിക്കുന്ന ഏവനും ദാഹിക്കുന്നവനു വെള്ളം കിട്ടിയതുപോലെ സംതൃപ്തി അനുഭവിക്കും (Demo X,8). തന്റെ ബുദ്ധികൊണ്ട് വചനത്തെ മനസ്സിലാക്കി പരാജയപ്പെടുന്നതിനേക്കാൾ നല്ലത് ബഹുമാനത്തോടെയും ദൈവവചനത്തോടുള്ള അനുസരണത്തോടെയും വി. ഗ്രന്ഥപഠനത്തിന് മുതിരുന്നതാണ്. പലപല രീതിശാസ്ത്രങ്ങളേക്കാളും നമുക്ക് ആവശ്യം ഹൃദയശുദ്ധിയും സത്യത്തെ അനുഗമിക്കാനുള്ള ആഗ്രഹവുമാണ് (Demo XII,17). ഇതിനെയാണ് വചനത്തിന്റെ സാക്ഷികളാവുക എന്നുപറയുന്നത്. ഒരുവൻ വചനം മുഴുവൻ സ്വായത്തമാക്കിയതുകൊണ്ട് അവ കുറഞ്ഞുപോവുകയോ ഇല്ലാതാവുകയോ ചെയ്യുന്നില്ല. അഫ്രാത്ത് പറയുന്നു: “ദൈവത്തിന്റെ ജ്ഞാനവും ഇതുപോലെയാണ് വചനം എല്ലാവർക്കും ലഭിച്ചാലും അതിനു കുറവ് ഉണ്ടാവുകയില്ല. ജഡിക മനുഷ്യന് അതു കുറയ്ക്കാനും കഴിയില്ല. ആരെങ്കിലും ദൈവവചനം സ്വാംശീകരിച്ചാൽ വചനം പൂർണ്ണമായും സ്വാംശീകരിച്ചു എന്നു പറയാനാവില്ല. ആരെങ്കിലും കത്തിച്ച തിരിയിൽ നിന്നും മറ്റു തിരികളിലേക്ക് തീ പകർന്നു നൽകുമ്പോൾ തീ കുറഞ്ഞുപോവുമോ? ദാഹാർത്തനായ മനുഷ്യൻ ഉറവയിൽ നിന്നും വെള്ളം കുടിച്ചാൽ വെള്ളം വറ്റിപ്പോകുമോ, അങ്ങനെയെങ്കിൽ ദൈവത്തിന്റെ നിധികൾ ഒരു മനുഷ്യന് പൂർണ്ണമായി എങ്ങനെയാണ് ഉൾക്കൊള്ളാൻ കഴിയുക?’

വി. ഗ്രന്ഥപഠനത്തിന്റെ ലക്ഷ്യം വി. ഗ്രന്ഥത്തെ ലോകത്തിൽ അഥവാ ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ അവതീർണ്ണമാക്കുകയെന്നതാണ്. ആന്തരികവും ബാഹ്യവും, സമൂഹത്തിലും ദൈവത്തിനും മുമ്പിലുള്ള ഒരു സമഗ്രമനുഷ്യനെയാണ് വി. ഗ്രന്ഥവ്യാഖ്യാനത്തിനാവശ്യം. വി. ഗ്രന്ഥത്തിന്റെ യഥാർത്ഥശിഷ്യനാകുന്നത് ഇപ്രകാരമാണ് (Dem XXII,26). ഒരാൾ വി. ഗ്രന്ഥത്തിന്റെ പഠനത്തിലൂടെ സൃഷ്ടാവിനെ അറിയുകയും ദൈവത്തെ തന്റെ ചിന്തയിലും മുഴുവൻ സത്വത്തിലും സ്വാംശീകരിക്കുകയും വേണം. അങ്ങിനെ ഒരു വ്യക്തി ദൈവത്തിന്റെ അഥവാ സൃഷ്ടാവിന്റെ ആലയമായിത്തീരുന്നു. ആദത്തിന്റെ മക്കൾക്ക് അവരുടെ സൃഷ്ടാവിനെ അറിയില്ലായെങ്കിൽ ദൈവം അവരിൽ രൂപപ്പെട്ടിട്ടില്ല, അവരിൽ വസിക്കുന്നുമില്ല. ദൈവം അവരിൽ വസിക്കുന്നില്ലായെങ്കിൽ അവർ മറ്റുള്ള ഏതൊരു മനുഷ്യവർഗ്ഗത്തെപ്പോലെയാണ്. അവർ അവരുടെ മഹത്വവും പൂർണ്ണതയും നേടുന്നില്ല (Dem XXII,7).





വി. ഗ്രന്ഥത്തിന്റെ യഥാർത്ഥ വ്യാഖ്യാനവും മനസ്സിലാക്കലും ഒരിക്കലും വ്യക്തിപരമായ ഒരു ഉദ്യമമല്ല, മറിച്ച് ദൈവജനത്തിന്റെ പൊതുപിതൃസ്വത്താണ്. അഫ്രാത്ത് എന്തെല്ലാം എഴുതുകയും പഠിപ്പിക്കുകയും ചെയ്തുവോ അവയെല്ലാം സഭയുടെ പേരിലായിരുന്നു.

വി. ഗ്രന്ഥത്തിന്റെ വിവിധങ്ങളായ വ്യാഖ്യാനങ്ങളെ അദ്ദേഹം ശരിവയ്ക്കുന്നുണ്ട്. ഏതെല്ലാം വശങ്ങളിൽനിന്ന്, നോക്കിയാലും വേറിട്ട മനോഹരമായ കാഴ്ചകൾ നല്കുന്ന പവിഴമുത്തിനോടാണ് ദൈവവചനത്തെ അഫ്രാത്ത് താരതമ്യപ്പെടുത്തുന്നത് (Dem XXII,26). പല ജ്ഞാനികളും പലതരത്തിലുള്ള നിധികളാണ് ദൈവവചനത്തിൽ നിന്നും കണ്ടെത്തുന്നത്. അത് മറ്റുള്ളവരെ അലോസരപ്പെടുത്തേണ്ട ആവശ്യമില്ല. കാരണം ഒരേ ദൈവവചനം പലർക്കും പലതരത്തിലാണ് മനസ്സിലാക്കുക. അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കുന്നത് വി. ഗ്രന്ഥത്തിന്റെ യഥാർത്ഥ സ്വഭാവവും ദൈവവചനത്തിന്റെ ശക്തിയേയുംകുറിച്ച് ഒരു ഗ്രാഹ്യവും ഇല്ലാതെ വരുമ്പോഴാണ് (Dem III,12 ). യഥാർത്ഥ അഭിവാഞ്ചയോടുകൂടി വി. ഗ്രന്ഥത്തെ സമീപിക്കുന്നവർ അർത്ഥശൂന്യമായ വിവാദങ്ങളിലേയ്ക്ക് കടക്കുകയില്ല. വി. ഗ്രന്ഥത്തെക്കുറിച്ചുള്ള സത്യസന്ധമായ സംവാദവും, സമർത്ഥനവുമാണ് ആവശ്യം (Dem XXII,26).

Dem XIV, 34 ൽ അഫ്രാത്ത് പറയുന്നു: ആരാണോ സ്വന്തം ഹൃദയവാതിൽ തുറക്കുന്നത് അവൻ അത് കണ്ടെത്തുന്നു. ആരാണോ സ്വന്തം മനസ്സിന്റെ ചിറകുകൾ വിടർത്തുന്നത് അവൻ അത് കണ്ടെത്തുന്നു. ആരാണോ സ്വന്തം മനസ്സിന്റെ ചിറകുകൾ വിടർത്തുന്നത് അവൻ അത് സ്വന്തമാക്കുന്നു. ശ്രദ്ധയുള്ള മനുഷ്യനിൽ അത് വസിക്കുന്നു (Dem XIV,35). വി. ഗ്രന്ഥം വായിക്കുകയും ശ്രവിക്കുകയും ചെയ്യേണ്ടത് വിശ്വാസത്തോടെയാണ് (Dem XXII,26). തെറ്റായ വ്യാഖ്യാതാവ് വചനത്തിന്റെ ശക്തി മനസ്സിലാക്കുന്നില്ല (Dem III,12). വിശ്വസിക്കുന്നതും പാരമ്പര്യവും രണ്ടും രണ്ടാണ്. വിശ്വാസമാണ് ഒരു ക്രിസ്ത്യാനിയേയും ക്രൈസ്തവ സമൂഹത്തെയും ജീവിക്കുന്ന ഒരു യാഥാർത്ഥ്യമാക്കി മാറ്റുന്നത്.

യഹൂദആചാരങ്ങളായ പരിഛേദനം, സാബത്ത്, പെസഹ, ഉപവാസം, കന്യാത്വത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം തുടങ്ങിയ കാര്യങ്ങളിൽ വാഗ്വാദങ്ങളിൽ ഏർപ്പെടുമ്പോൾ രക്ഷാകരചരിത്ര

സമീപനമാണ് അഫ്രാത്ത് സ്വീകരിക്കുന്നത്. വി. ഗ്രന്ഥത്തിന്റെ സാരവും സാരാംശവുമാണ് നാം പ്രധാനമായി സ്വീകരിക്കേണ്ട തെന്ന് അഫ്രാത്ത് പഠിപ്പിക്കുന്നു. ഈ ആചാരങ്ങളുടെയെല്ലാം ലക്ഷ്യം നീതിനിഷ്ഠതയിൽ എത്തിച്ചേരുക എന്നതാണ്. സാഹച ര്യങ്ങൾ മാറുമ്പോൾ വ്യവസ്ഥകളും മാറ്റപ്പെടും.

ഇത്തരം ആചരണങ്ങളുടെ ലക്ഷ്യം ഇവയിലൂടെ നേടുന്ന നീതി യാണ്. ഹൃദയത്തിന്റെ പരിശുദ്ധി നേടുവാൻ സഹായിക്കുകയാണ് ഇവയുടെ ലക്ഷ്യം. അതുപോലെതന്നെ നീതിയിലേയ്ക്കു നയി ക്കുവാൻ ദൈവവചനത്തോടുള്ള അനുസരണയും സഹായകമാ ണ്. ദൈവവചനത്തിന്റെ ലക്ഷ്യത്തെയും ശക്തിയേയും കുറിച്ചുള്ള നൂതനമായ മനസ്സിലാക്കലുകൾ പരിശുദ്ധിയിലേയ്ക്കുള്ള പ്രയാ ണത്തിൽ ആവശ്യമാണ്. വി. ഗ്രന്ഥത്തിന്റെ ലക്ഷ്യവും ശക്തിയും അവബോധത്തിന്റെ ഉന്നതമായ തലങ്ങളും ദൈവികപദ്ധതിയ്ക്ക നുസരിച്ചുള്ള പ്രവൃത്തികളും ആവശ്യപ്പെടുന്നുണ്ട്. ക്രൈസ്തവ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ ചില യഹൂദാചരണങ്ങളുടെ ആഴ മായ അർത്ഥവും പ്രസക്തിയും അഫ്രാത്ത് വിവരിക്കുന്നുണ്ട്. വി. ഗ്രന്ഥത്തിന്റെ അർത്ഥവും സാരാംശവും ശക്തിയും യഥാർത്ഥവ്യാ ഖ്യാനവും തമ്മിൽ സ്വരൈക്യം ഉണ്ടായിരിക്കുമെന്നും അഫ്രാത്ത് പഠിപ്പിക്കുന്നു.

**2. വെളിപാടിന്റെ പൂർണ്ണതയായ ക്രിസ്തുവും, ക്രിസ്തുവി ലുള്ള വിശ്വാസവും**

ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിന് ഏറ്റം ആവശ്യമായിരിക്കു ന്നത് വിശ്വാസമാണ്. രാജാവിന്റെ ഭണ്ഡാഗാരത്തിലേയ്ക്ക് പണ്ഡി തരെ നയിക്കുന്ന ദാസനാണ് ക്രിസ്തു (Dem X,8). എല്ലാ പ്രയാണങ്ങളുടെയും ലക്ഷ്യവും മധ്യവർത്തിയും അടിസ്ഥാനവും ക്രിസ്തുവാണ്. ആദ്യ Demonstration - ൽ വ്യക്തമായി പ്രതിപാദി ച്ചിട്ടുള്ളതുപോലെ ക്രിസ്തുവാകുന്ന മൂലക്കല്ലിൻമേലാണ് ഓരോ വ്യക്തിയും വളർത്തപ്പെടുന്നത് (Dem I,2). അത്യുന്നതന്റെ അപ്പ സ്തോലനും സന്ദേശവാഹകനും മൂലക്കല്ലും അടിസ്ഥാനവുമായ യേശുക്രിസ്തുവിനെ കേൾക്കുക വഴി ക്രിസ്ത്യാനികൾ രക്ഷാകര രഹസ്യത്തിന്റെ പുത്രർ ആയിത്തീരുന്നു (Dem XIV,39). എല്ലാ പ്രബോധനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും പ്രവൃത്തികൾക്കും പഠ നങ്ങൾക്കും അടിസ്ഥാനം ക്രിസ്തുവാണ്. അതുകൊണ്ടാണ് തന്റെ എഴുത്തുകളെ Demonstration എന്നു വിളിക്കുന്നത്. കാരണം, വി. ഗ്രന്ഥ സത്യങ്ങളും പഠനങ്ങളും ഇന്നത്തെ ജീവിതത്തിൽ എത്ര ത്തോളം പ്രസക്തമാണെന്ന് ഈ എഴുത്തുകൾ പഠിപ്പിക്കുന്നു. ആന്ത





രികവും ബാഹ്യവുമായ എല്ലാ പ്രവൃത്തികളുടെയും യോജിപ്പ് ഉണ്ടാ കുന്നത് വിശ്വാസത്തിലൂടെയാണ്. വിശ്വാസത്തിൽ നിന്നാണ് മറ്റെല്ലാ നന്മകളും ഉണ്ടാകുന്നത്. ധാർമ്മികപ്രവൃത്തികൾ മാത്രമല്ല, ആരാ ധനാക്രമ ആചരണങ്ങളും കൂദാശാനുഷ്ഠാനങ്ങളും വിശ്വാസത്തെ ജ്ഞാനാധിഷ്ഠിതമാകുന്നു. പ്രത്യേകിച്ച് മാമ്മോദീസായും വി. കുർബാനയും യേശുക്രിസ്തുവിനെ പഠിക്കാനും, അവനിൽ പങ്കു ചേരാനുമുള്ള വേദിയായിത്തീരുന്നു.

യാക്കോബ്, ജോസഫ്, ജോഷ്വാ, ദാവീദ്, ഏലിയാ, ഏലീഷാ, ജറെമിയാ കുടങ്ങി ക്രസിതുവിന് മുമ്പുള്ള എല്ലാ പിതാക്കന്മാരിലും പ്രവാചകരിലും പ്രവർത്തിച്ചത് പരിശുദ്ധാത്മാവാണ്. ക്രിസ്തുവിന്റെ രക്ഷാകരമായ പെസഹാരഹസ്യത്തോടേ ചേർന്നാണ് പൂർവ്വപിതാ ക്കന്മാർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളത് (Dem XXII,21). അവർ ശക്തിയും അർത്ഥവും കണ്ടെത്തിയത് ഈ സത്യത്തെ മുറുകെപിടിച്ചുകൊണ്ടാണ്. അഫ്രാത്ത് പറയുന്നു: അവർ ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ശരിയാംവിധം ശ്രവിക്കുകയും അനുവർത്തിക്കുയും ചെയ്യുന്നതിനായി യേശുക്രിസ്തു തന്റെ ജന ങ്ങളുടെ മുഖാവരണം എടുത്തുമാറ്റി (Dem XXI,10).

ക്രിസ്തുവിലൂടെ ഉദ്ഘാടനം ചെയ്യപ്പെട്ട മാമ്മോദീസായിലൂടെ യാണ് പരിഛേദനത്തിന്റെ പൂർണ്ണമായ അർത്ഥം വെളിപ്പെട്ടത് (Dem XI,10,11,12). യഥാർത്ഥത്തിൽ പഴയനിയമജനതയ്ക്ക് പെസഹാ കുഞ്ഞാടിന്റെ രൂപത്തിൽ കിട്ടിയ അടയാളവും വാഗ്ദാനങ്ങളും പൂർണ്ണമായി വെളിപ്പെടുത്തുന്നത് യേശുക്രിസ്തുവിലാണ് (Dem XII,5).

താരതമ്യവ്യാഖ്യാനങ്ങൾ അഫ്രാത്തിന്റെ മറ്റൊരു പ്രത്യേകത യാണ്. ക്രിസ്തു എന്ന അടിസ്ഥാനരഹസ്യത്തെ മറ്റു സംഭവങ്ങളു മായും രക്ഷാകരചരിത്രത്തിലെ മറ്റ് വ്യക്തികളായും താരതമ്യം ചെയ്യുന്നു. പ്രതിരൂപാത്മകശൈലിയും രക്ഷാകരചരിത്രസമീപന വുമാണ് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള പാരസ്പ ര്യത്തെക്കുറിക്കുവാൻ അദ്ദേഹം ഉപയോഗപ്പെടുത്തുന്നത്. അങ്ങനെ ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും, യാക്കോബിന്റെയും ജോസഫിന്റെയും, മോശയുടെയും, അഹറോന്റെയും ദാവീദിന്റെയും ജഫ്തായുടെയും ഏലിയായുടെയും ഏലീഷായുടെയും ദാനിയേ ലിന്റെയും മറ്റുള്ളവരുടെയും വാക്കുകളുടെയും പ്രവൃത്തികളുടെയും പൂർത്തീകരണമായിത്തീരുന്നു.

മുന്തിരിക്കുലയുടെ രൂപകത്തിലൂടെ ക്രിസ്തുവിലുള്ള രക്ഷയുടെ സമർത്ഥത, ഐക്യം, പൂർത്തീകരണം എന്നീ പ്രതിഭാസത്തെയും

അഫ്രാത്ത് വിവരിക്കുന്നു. മുന്തിരിക്കുല സംരക്ഷിക്കപ്പെടുന്നത് അതിനുള്ളിലെ അനുഗ്രഹത്തിന്റെ മുന്തിരിപ്പഴം മൂലമാണ്. ഇവിടെ മുന്തിരിക്കുല എന്നു പറയുന്നത് ജനവും 'അനുഗ്രഹത്തിന്റെ മുന്തിരി' എന്നത് ആദാമിൽ അല്ലെങ്കിൽ മനുഷ്യരാശിയിൽ നിക്ഷേപിച്ച വിത്തും അനുഗ്രഹവുമാണ്. അനുഗ്രഹിക്കപ്പെട്ട മുന്തിരി ആദം/മനുഷ്യരാശി സംരക്ഷിക്കപ്പെടുകയും നീതിയുടെ വിത്ത് പഴയനിയമത്തിലെ നീതിമാന്മാരായ വ്യക്തികളാൽ സംരക്ഷിക്കപ്പെടുകയും ചെയ്തു. ആദം-സേത്ത്-നോഹ-ഷേം-അബ്രാഹം-ഇസഹാക്ക്-യാക്കോബ്-യാക്കോബിന്റെ മക്കൾ എന്നിവരിൽ നിന്നു തുടങ്ങുന്നു ഈ ശ്യംഖല. ഈ അനുഗ്രഹം യഹൂദയിൽ യാക്കോബിന്റെ സന്തതിക്കായി നിയമിക്കപ്പെട്ടു. പിതാവായ ദൈവം ദുഷ്ടനോടുള്ള നമ്മുടെ ബലഹീനതകൾക്കെതിരെ നാം ശക്തിപ്രാപിക്കത്തക്കവണ്ണം കളങ്കമില്ലാത്തവനും ശക്തനുമായ തന്റെ ഏകജാതനെ നമ്മുടെ അടുത്തേയ്ക്ക് അയച്ചു.

അഫ്രാത്ത് അക്കാലത്തെ പ്രതിഭാധനനായ ഒരു താപസനും അധ്യാപകനുമായിരുന്നു. ക്രൈസ്തവമതത്തിന്റെ ആദ്യഘട്ടങ്ങളിൽ പേർഷ്യയിലേയും, സിറിയായിലേയും, ക്രിസ്തീയ വിശ്വാസത്തിന് ആവശ്യമായ ചൈതന്യവും രീതികളും വിശദീകരിക്കാൻ അഫ്രാഹത്തിന് കഴിഞ്ഞു. ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ബൈബിൾ ചരിത്രത്തിലും വ്യാഖ്യാനത്തിലും വിശദീകരിച്ചിരിക്കുന്ന രക്ഷാചരിത്രത്തിൽ നിന്നുള്ള ഉൾക്കാഴ്ചകളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. രക്ഷാചരിത്രത്തിലെ വിവിധ ഉടമ്പടികളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയുള്ള വ്യാഖ്യാനങ്ങളും ജനതകളിൽ നിന്നുള്ള ജനങ്ങളുടെ ആവിർഭാവവും വളരെ പ്രബുദ്ധമാണ്. കാരണം തന്റെ സർവ്വജ്ഞാനം വഴി വ്യത്യസ്ത ഉടമ്പടികളുടെ നിബന്ധനകൾ അനുഷ്ഠിക്കാനും അനുസരിക്കാനും ദൈവം മനുഷ്യനെ പ്രേരിപ്പിക്കുന്നു.

ഈ നിബന്ധനകൾ കാലത്തിനും ജനങ്ങളുടെ വളർച്ചയ്ക്കും അനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഉടമ്പടികളുടെ അത്തരം മാറിയ വ്യവസ്ഥകൾ കാലാകാലങ്ങളിൽ കണ്ടെത്തുകയും നിരീക്ഷിക്കുകയും വേണം. ആചരണത്തിന്റെയും, അനുസരണത്തിന്റെയും ഒരു ജീവിതരീതിയിലൂടെയാണ് ക്രിസ്തുവിന്റെ പുതിയനിയമ മനുഷ്യർ പുതിയ ഇസ്രായേലായി ഉയർന്നുവരുന്നത്.

എല്ലാ ജനങ്ങൾക്കും ഉള്ള ദൈവത്തിന്റെ രക്ഷയുടെ അവിഭാജ്യ പദ്ധതി അബ്രാഹത്തിന്റെ വിളിയിലൂടെ വ്യക്തമാണ്. ദൈവത്തിന്റെ ആ പദ്ധതി പൂർത്തീകരിക്കാനുള്ള വിളിയും ശുശ്രൂഷയും ഇസ്ര





യേൽ ജനത്തിനുണ്ടായിരുന്നു. എല്ലാ ജനങ്ങളും-വിജാതീയർ പോലും - അവർ നീതിപ്രവർത്തിക്കുകയും അനുസരിക്കുകയും ദൈവഹിതം പാലിക്കുകയും ചെയ്താൽ നീതീകരിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യും. മതങ്ങളുടെ വിവേകപൂർണ്ണമായ ദൈവശാസ്ത്രത്തിന് ആവശ്യമായ ഉൾക്കാഴ്ചകൾ ഇവിടെ കാണാനാകും. വിശുദ്ധ തിരുവെഴുത്തുകളുടെ സാരവും സാരാംശവും അടിസ്ഥാനമാക്കിയുള്ള ബൈബിൾ വ്യാഖ്യാനത്തിന്റെ രീതി ഒരു അടിസ്ഥാന ആവശ്യകതയാണ്. അല്ലാത്ത പക്ഷം രക്ഷയുടെ ചരിത്രത്തിന്റെ ഘട്ടങ്ങളിലുള്ള വചനത്തിന്റെ ശക്തിയും വാഗ്ദാനങ്ങൾ നിറവേറ്റുന്ന ദൈവാത്മാവിനെയും കാണാൻ വ്യാഖ്യാതാവ് പരാജയപ്പെടും. തിരുവെഴുത്തുകളുടെ സാരവും സാരാംശവും വചനത്തിന്റെ ശക്തിയും ക്രിസ്തുവിൽ പ്രകടമാണ്. അതിനാൽ മനുഷ്യന്റെ എല്ലാ അറിവുകൾക്കും ദൈവത്തിന്റെ രക്ഷാപ്രവർത്തനത്തിൽ പങ്കാളിയാകാനുള്ള കേന്ദ്രവുമാണ് ക്രിസ്തുരഹസ്യം. രക്ഷാചരിത്രത്തിന്റെ ഭൂത-വർത്തമാന-ഭാവി കാലഘട്ടങ്ങളിലെ എല്ലാ വ്യക്തിത്വങ്ങളുമായും സംഭവവികാസങ്ങളുമായും ക്രിസ്തു നിഗൂഢമായി ബന്ധപ്പെട്ടിരിക്കുന്നു.

## 2. അപ്രേം (d. 373)

സുറിയാനി ഭാഷയിൽ ദൈവശാസ്ത്രകൃതികൾ രചിച്ച സഭാപിതാക്കന്മാരിൽ ഏറ്റവും പ്രമുഖനാണ് മാർ അപ്രേം. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ അടിസ്ഥാനപരമായ ക്രൈസ്തവവീക്ഷണവും വി. ഗ്രന്ഥ വീക്ഷണവും എന്നത് ദൈവീക അനുഗ്രഹങ്ങളിലേക്കുള്ള സാർവ്വത്രികവിളിയും അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങളുടെ നിറവേറലിന്റെ പൂർണ്ണതയുമാണ് (ഉൽപ.12:2–3; 17:1–8, 18:17–19).

രക്ഷാകരചരിത്രത്തിന്റെ ഓരോ ഏടുകളിലൂടെയും ദർശിക്കാനാവുന്നത് ഒരൊറ്റ ദൈവീക പദ്ധതിയാണ് (Azym 5:23). ലോകത്തിന്റെ ക്രമവും ചരിത്രവുമെല്ലാം ഈ ദൈവത്തിൽനിന്നു വരുന്നു. ചരിത്രം മുഴുവനും അടയാളങ്ങളാണ്. ഒരടയാളത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള പ്രയാണമെന്നത് സാക്ഷാത്ക്കാരത്തിനായുള്ള യാത്രയാണ് (HEcc 44). ഈ യാത്രയിൽ തകിടംമറിക്കലുകളുണ്ട്; വീണ്ടും പണിതുയർത്തലുമുണ്ട്. രക്ഷാകരമായ മരണത്തിലൂടെയും ഉയിർപ്പിലൂടെയും മനുഷ്യരാശി കടന്നുപോകണമെന്ന പ്രഖ്യാപനമാണത്. പല കാലഘട്ടങ്ങളിൽക്കൂടെയും ഉടമ്പടികളിൽക്കൂടെയും സമയം പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആദം മുതൽ നോഹവരെയും നോഹമുതൽ അബ്രാഹംവരെയും അബ്രാഹം മുതൽ

മോശവരെയും, മോശമുതൽ ക്രിസ്തുവരെയും സമയം പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ കാലത്തിലും ഓരോ ഉടമ്പടിയും സ്ഥാപിക്കപ്പെടുന്നുണ്ട് (EC 5.13). പ്രതിരൂപങ്ങളിൽ സഭയുടെ ക്രമമുണ്ട്. ചരിത്രത്തിലെ സഭയിൽ നിന്നും യുഗാന്ത്യരാജ്യത്തിലേക്കുള്ള ഒരു ക്രമമാണത്.

പതിയെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ദൈവീക വെളിപാട് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ അതിന്റെ പരകോടിയിൽ എത്തുന്നു. അപ്രേമിന്റെ പുളിപ്പില്ലാത്ത അപ്പത്തെപ്പറ്റിയുള്ള കീർത്തനം ഇതിനുദാഹരണമാണ്. അപ്പസ്തോലന്മാരും യേശുശിഷ്യരും രണ്ട് ആട്ടിൻകുട്ടികൾക്കിടയിൽ നിൽക്കുന്നു: ഈജ്പ്തിലെ പെസഹാ കുഞ്ഞാടും യഥാർത്ഥ പെസഹാ കുഞ്ഞാടും. ഈജ്പ്തിൽ വച്ച് ഇസ്രായേൽക്കാർ കഴിച്ച പുളിപ്പില്ലാത്ത അപ്പത്തിനു പകരമായി മറിയം വിശ്രമത്തിന്റെ അപ്പം നൽകുന്നു. പഴയനിയമത്തിലെ രാജാക്കന്മാരും പുരോഹിതരും പ്രവാചകന്മാരുമാകുന്ന അടയാളങ്ങൾ ക്രിസ്തുവാകുന്ന അടയാളങ്ങളുടെ കടലിൽ എത്തിച്ചരുന്നു (Virg 9:15). ക്രിസ്തുവാകുന്ന സത്യകുഞ്ഞാടിന് മുമ്പിൽ അടയാളങ്ങളെല്ലാം പൂർണ്ണമാകുന്നു.

ക്രിസ്തുവിനെ കടലായി കണക്കാക്കുമ്പോൾ അവിടുന്ന് എല്ലാറ്റിന്റെയും ഉറവിടമാണ്, അർത്ഥമാണ്, ഫലപ്രാപ്തിയാണ്, വി. ഗ്രന്ഥത്തിലെയും പ്രകൃതിയിലെയും രക്ഷാകര പ്രതീകങ്ങളുടെ അവസാന ലക്ഷ്യമാണ് എന്നർത്ഥമാക്കുന്നു. അതിനാൽ ക്രിസ്തുവിനെ അടയാളങ്ങളുടെ കർത്താവായിട്ടാണ് അപ്രേം കരുതുന്നത്. എല്ലാം ക്രിസ്തുവിൽ ഒന്നിച്ചിരിക്കുന്നു. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്നതും ക്രിസ്തുതന്നെ. എല്ലാവരെയും ഒന്നിപ്പിക്കാൻ ക്രിസ്തുവിനാകുന്നത് ക്രിസ്തു പിതാവിനോടൊന്നായിരിക്കുന്നു എന്നതുകൊണ്ടാണ്. ക്രിസ്തുവിന്റെ ജനനം എല്ലാവർക്കും മറ്റൊരു ജനനത്തിനുള്ള ഗർഭപാത്രമായിത്തീരുന്നു. സാത്താനാൽ നശിപ്പിക്കപ്പെട്ട പ്രതീക്ഷയുടെ പുന:സ്ഥാപനം കൂടിയാണത്. (Hnat 23.5,6) സൃഷ്ടിയുടെ മുഴുവൻ പ്രതീക്ഷയുടെ പൂർത്തീകരണമാണ് ക്രിസ്തു (Virg 31.78). അതിനാൽ സൃഷ്ടിയും മനുഷ്യാവതാരവും ഒരേ ദൈവീക പദ്ധതിയുടെ രണ്ടുഘട്ടങ്ങൾ മാത്രമാണ്. മനുഷ്യാവതാര രഹസ്യം അതിനാൽ ലക്ഷ്യമാക്കുന്നത് ദൈവീക പദ്ധതിയുടെ പരിപൂർണ്ണ സാക്ഷാത്ക്കാരമാണ്. കാരണം അതിലൂടെ അഗോചരമായവ ഗോചരമാകുകയും കാണപ്പെടാത്ത സാധ്യതകൾ വെളിവാക്കുകയും ചെയ്യുന്നു. ജ്ഞാനവാദികളുടെയും മാർസിയൻ ചിന്തകരുടെയും ദ്വൈതവാദങ്ങൾ പ്രത്യേകിച്ച് പദാർത്ഥം തിന്മയാണെന്ന വാദം തെറ്റാണെന്ന് അപ്രേം വാദിക്കുന്നു.





ക്രൈസ്തവീകതയിലേക്ക് ചരിത്രത്തിന്റെ നാൾവഴികളിൽ കടന്നുവന്ന ദ്വൈതചിന്താരീതികൾ വി. ഗ്രന്ഥത്തിന്റെ സമ്പൂർണ്ണ സമഭാവനയ്ക്കും കൗദാശികമായ ദൈവീകരണത്തിനും എതിരാണ്. അരൂപിയും ശരീരവും ആത്മാവും മാനുഷികതയും ദൈവീകതയും തമ്മിലുള്ള ബന്ധം പാരസ്പര്യത്തിന്റേതാണെന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നു. മനുഷ്യന്റെ ശരീരം, ആത്മാവ്, അരൂപി എന്നിവയുടെ ഉത്ഭവം പരി. ത്രിത്വത്തിൽ നിന്നാണ്. അതിനാൽ ത്രൈശാഖിത്വ (trichotomy) മാണ് മനുഷ്യനിലുള്ളത്. ഉദാഹരണമായി, യേശുവിന്റെ മൂന്നു പ്രലോഭനങ്ങൾ (Virg 32:6) ശരീരം, ആത്മാവ്, അരൂപി എന്നീ മനുഷ്യന്റെ മൂന്നു ഘടകങ്ങളെയാണ് സൂചിപ്പിക്കുന്നത്. അതേസമയം ഗോതമ്പ്, ഒലിവെണ്ണ, മുന്തിരി, എന്നിവകൊണ്ട് കൗദാശികമായ പരിപോഷണം ഇവയ്ക്കു നൽകുന്നതിനെയുമാണ് ദ്യോതിപ്പിക്കുക. മനുഷ്യന്റെ സ്വന്തമായ ഇച്ഛയെക്കുറിച്ച് വ്യക്തമായ ധാരണ അപ്രേമിനുണ്ടായിരുന്നു. ആത്മാവിലുള്ള സ്വാതന്ത്ര്യം മനുഷ്യജീവിതത്തിന്റെ യോഗ്യതകളും അയോഗ്യതകളും വിജയവും പരാജയവുമൊക്കെ തീരുമാനിക്കുന്ന ഘടകമായി.

വി. ഗ്രന്ഥ ചരിത്രത്തിൽ അന്തർലീനമായിരിക്കുന്ന ദൈവമനുഷ്യബന്ധത്തിൽ അടങ്ങിയിരിക്കുന്ന ബോധന പ്രക്രിയയെ അപ്രേം വ്യക്തമാക്കുന്നുണ്ട്. ദൈവകരുണയും നീതിയും ലോകത്തിനും മനുഷ്യവംശത്തിനും വേണ്ട പ്രവർത്തനരംഗം സജ്ജമാക്കുന്നുവെന്ന ദ്ദേഹം വിശ്വസിച്ചു. എല്ലാത്തരത്തിലുമുള്ള സൗഖ്യത്തിനും പഠിപ്പിക്കലിനും പഠനത്തിനും സഹകരണത്തിനുമുള്ള മാതൃകയും ഉറവിടവും മനുഷ്യാവതാരം ചെയ്ത ദൈവപുത്രനാണ്.

നോഹയുടെ പെട്ടകം എന്ന പ്രതീകത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപദ്ധതി എല്ലാറ്റിനേയും ഉൾക്കൊള്ളുന്നുവെന്ന സമഗ്രതയുടെ, ഉൾച്ചേർക്കലിന്റെ ദർശനമാണ് അപ്രേമിനുള്ളത്. നാനത്വവും ഏകത്വവും പ്രദർശിപ്പിക്കുന്നതോടൊപ്പം പ്രായോഗികമായ സമത്വവും സമാധാനവും സന്തോഷവും നിറഞ്ഞ പരസ്പരാഭിമുഖ്യത്തിൽ വളരുന്ന ജീവിതത്തിന്റെ ജീവത്തായ പ്രതീകമാണിത്. നിത്യതയിലേക്കു കുതിക്കുന്ന ആർക്കുമുള്ള എറ്റവും നല്ല മാതൃകയാണ് നോഹ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തന്റെ വിവേകവും വിവേചനാശക്തിയും കൊണ്ട് ചരിത്രത്തിന്റെ ഗതിവിഗതിയെ കൃത്യമായ വഴികളിലൂടെ മുമ്പോട്ടു നയിക്കുവാൻ അദ്ദേഹത്തിനായി (Hdf 49; Nat 1:45).

ലോകത്തിലൂടെ പ്രയാണം ചെയ്യുന്ന നോഹയുടെ പെട്ടകമാണ് സഭ. പെട്ടകത്തെപ്പോലെ ലോകത്തിൽ സമാധാനത്തിന് ശുശ്രൂഷ

ചെയ്യുകയാണ് സഭയുടെ ദൗത്യം (Hdf 66:8; HEcc 51:2-3). ഇസ്രായേലിന്റെ ചരിത്രം പെട്ടകത്തിൽ നിന്നും ദൈവാലയത്തിലേക്കും ദേവാലയത്തിൽനിന്ന് സഭയിലേക്കും എത്തിനിൽക്കുന്നു(CH 24:23). അതുപോലെ വിജാതീയരിൽനിന്ന് യഹൂദരിലേക്കും പിന്നീട് ക്രൈസ്തവരിലേക്കും ഈ ചരിത്രം വന്നുചേരുന്നു (CH 24.21). മനുഷ്യന്റെ ശരീരം ആത്മാവ് അരൂപി എന്നിവ പെട്ടകം, ദൈവാലയം, സഭ എന്നിവയെ പ്രതിബിംബിപ്പിക്കുന്നു. മാനുഷീകതയെ അതിന്റെ സമഗ്രതയിൽ കാണുന്ന അപ്രേമിന്റെ ദർശനമാണിതിൽ പ്രകടമാകുന്നത്.

## നിസിബിസിലെ നർസായ് (ca 500)

കിഴക്കിന്റെ സഭ എന്ന പേരിലറിയപ്പെടുന്ന പേർഷ്യൻ സാമ്രാജ്യത്തിലെ സഭയുടെ ചരിത്രത്തിലെ പ്രമുഖ ചിന്തകരിലൊരാളാണ് നർസായ്. ഈ സഭയുടെ ദൈവശാസ്ത്ര ദർശനങ്ങൾക്ക് ശാശ്വതമായ അടിത്തറപാകിയ പ്രബോധകരിലൊരാളാണ് അദ്ദേഹം. ഒൻപതാം നൂറ്റാണ്ടുവരെ പേർഷ്യയിലെ സഭയുടെ ബൗദ്ധിക കേന്ദ്രമായിരുന്ന നിസിബിസിലെ ദൈവശാസ്ത്ര പഠനകേന്ദ്രത്തിന്റെ സ്ഥാപകനാണ് നർസായ്. 'പരിശുദ്ധാത്മാവിന്റെ വീണ' 'കിഴക്കിന്റെ നാവ്, 'ക്രൈസ്തവമതത്തിലെ കവി' എന്നീ അപരനാമങ്ങളിലും പിൽക്കാലത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നു. കുർദ് മലകളുടെ പ്രാന്ത പ്രദേശത്തുളള 'ഐൻദുൽബ' എന്ന സ്ഥലത്ത്, ഉദ്ദേശം 400 ലാണ് നർസായ് ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എദ്ദേസായിലെ വിദ്യാപീഠത്തിൽച്ചേർന്നു. ദൈവശാസ്ത്ര വിഷയങ്ങൾ പഠിച്ചു, പഠനകാലത്ത്, പ്രമുഖ അന്തോക്യൻ ദൈവശാസ്ത്രജ്ഞനായ മൊപ്സുവെസ്തായിലെ തിയദോറിന്റെ ബൈബിൾ വ്യാഖ്യാനശൈലിയും ദൈവശാസ്ത്ര ദർശനങ്ങളിലും ആകൃഷ്ടനായി. പിന്നീട് എദ്ദേസായിലെ വിദ്യാപീഠത്തിന്റെ പ്രധാനാദ്ധ്യാപകനെന്ന നിലയിൽ അതിനു നേതൃത്വം നൽകിപ്പോന്നു. അന്ത്യോക്യൻ ക്രിസ്തുവിജ്ഞാനീയത്തിന്റെ പ്രചാരകരെന്ന നിലയിൽ എദേസ്സായിലെ വിദ്യാപീഠത്തിന് പല പ്രതിസന്ധികളെയും അക്കാലത്ത് നേരിടേണ്ടിവന്നു. ഇക്കാരണത്താൽ നർസായിയുടെ നേതൃത്വത്തിൽ ഉദ്ദേശം 470 ൽ പേർഷ്യൻ സാമ്രാജ്യത്തിലെ നിസിബിസ് എന്ന പട്ടണത്തിലേക്ക് എദേസ്സായിലെ വിദ്യാകേന്ദ്രം മാറ്റി സ്ഥാപിച്ചു. അന്ന് നിസിബിസിലെ മെത്രാപ്പൊലീത്തയായിരുന്ന ബർസൗമയാണ് അതിനാവശ്യമായ നടപടികൾ കൈക്കൊണ്ടത്. 489 ൽ റോമൻ ചക്രവർത്തി സെനോ എദേസ്സായിലെ വിദ്യാപീഠം നിർത്തലാക്കി.





### നർസായിയും വ്യാഖ്യാനരീതിയും

നിസിബിസിലെ വിദ്യാപീഠത്തിലെ പാഠ്യപദ്ധതിയിൽ വി. ഗ്രന്ഥത്തിനു നൽകിയിരുന്ന പ്രാധാന്യം നർസായിയുടെ കൃതികളിൽ നിന്നു മനസ്സിലാക്കാം. തിയദോറിന്റെ വ്യാഖ്യാനരീതിയാണ് നർസായിയും പിന്തുടർന്നത്. നർസായിയുടെ രചനകളെല്ലാം വി. ഗ്രന്ഥത്തിൽ നിന്നത്ഭുതമായിട്ടുള്ളവയാണ്. സൃഷ്ടി, നോഹ, ഏലിയ, പ്രളയം, നോഹയുടെ അനുഗ്രഹം, ബാബേൽ ഗോപുരം, അബ്രാഹം, ജോസഫ്, മോശ സമാഗമ കൂടാരം, പിത്തള സർപ്പം, സാംസൺ, ദാവീദ്, സാവൂൾ, സോളമൻ, ജേക്കബ്, മൂന്നു കുട്ടികൾ, യോന തുടങ്ങിയ വ്യക്തികളും സംഭവങ്ങളും തന്റെ കൃതികളിൽ കൃത്യമായി വിവരിക്കുന്നു. പുറപ്പാട്, ലേവ്യർ, സംഖ്യ, ജോഷ്വാ, ന്യായാധിപന്മാർ, സഭാപ്രസംഗകൻ, ഏശയ്യ, ജെറമിയ, എസക്കിയേൽ, ദാനിയേൽ, 12 പ്രവാചകന്മാർ എന്നീ വി. ഗ്രന്ഥ പുസ്തകങ്ങൾക്ക് അദ്ദേഹം നിരൂപണം നൽകിയിട്ടുണ്ട്.

ദൈവത്തിന്റെ പദ്ധതിയുടെ ചുരുളഴിയലാണ് മനുഷ്യചരിത്രം. ഈ ചരിത്രം മർത്ത്യനായ മനുഷ്യന്റെ സൃഷ്ടി മുതൽ അതിന്റെ പക്വതയിലേക്ക് വളർന്ന് ക്രിസ്തുവിലേക്കും രണ്ടാം യുഗത്തിലേക്കും (Second age) എത്തുന്നു. പഴയനിയമത്തിന് ചരിത്രസാധ്യതയുണ്ട്. വെളിപാടും പ്രവചനവും പ്രതിരൂപങ്ങളും വഴി ദൈവം മനുഷ്യരെ ബോധവത്ക്കരിക്കുകയും നയിക്കുകയും ചെയ്യുന്നു. ഇസഹാക്കിനെ ബലിയർപ്പിക്കുന്നതിൽ ക്രിസ്തുവിനെയാണ് നർസായി ദർശിക്കുന്നത്. അതുപോലെ സമാഗമകൂടാരം, യോന, മിക്ക, മലാക്കി, ദാനിയേൽ ഇവയെല്ലാം ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. ദൈവം തന്റെ മകനെ അയയ്ക്കുന്നു. അവിടുന്ന് പ്രവചനങ്ങളെ പൂർത്തിയാക്കുന്നു. ഏശയ്യായിൽ കൂടിയുള്ള രക്ഷയുടെ പ്രവചനവും ക്രിസ്തുവിൽ പൂർത്തിയാകുന്നു. പുതിയനിയമത്തിലെ ക്രിസ്തുവിന്റെ പരീക്ഷകൾ, മാനസാന്തരം, കളയും ഗോതമ്പും, ധൂർത്തപുത്രൻ, മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ, 10 കന്യകകൾ, കാനാൻകാരിസ്ത്രീ, ലാസറും ധനികനും എന്നീ വി. ഗ്രന്ഥ വിവരണങ്ങളെ അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ ഉപയോഗിക്കുന്നുണ്ട്.

നർസായി രണ്ടുപാരമ്പര്യങ്ങളെ ഒന്നിപ്പിക്കുന്നുവെന്നാണ് പണ്ഡിതർ അഭിപ്രായപ്പെടുന്നത്. എദേസ്സാ വിദ്യാപീഠത്തിന്റെ ഡയറക്ടർ ആയിരുന്ന ക്വയോറിന്റെ കാലഘട്ടത്തിലേക്കുനോക്കി (5-ാം നൂറ്റാണ്ടിന്റെ ആദ്യപകുതി) തെയോദോറിന്റെ വ്യാഖ്യാനരീതിയും പുരാതന സിറിയൻ വ്യാഖ്യാനരീതിയും സമജ്ഞസമായി സമന്വ

യിപ്പിക്കുകയാണ് നർസായി ചെയ്തത്. ഒന്നാമതായി അന്തോക്യൻ വ്യാഖ്യാനരീതിയാണ്. ഇവ നാം മുൻ അദ്ധ്യായത്തിൽ കണ്ടതാണ് (theoria, literal exegesis, historia, Gods codescension). രണ്ടാമതായി പുരാതന സുറിയാനി വ്യാഖ്യാനരീതിയാണ്. പ്രതിരൂപകാത്മക വ്യാഖ്യാനം, ചരിത്രപരമായ വ്യാഖ്യാനം, വാച്യാർത്ഥ വ്യാഖ്യാനം, എന്നിവയെല്ലാം പുരാതന സുറിയാനി വ്യാഖ്യാന രീതികളാണ്. അഫ്രാത്ത്, അപ്രേം, എന്നിവരുടെ വ്യാഖ്യാനരീതികളാണ് നർസായി ഇവിടെ പിന്തുടരുന്നത്.

## സാറൂഖിലെ യാക്കോബ് (ca 520/21)

പാശ്ചാത്യസുറിയാനി സഭാപാരമ്പര്യത്തിലെ പ്രമുഖ ദൈവശാസ്ത്ര ചിന്തകരിലൊരാളാണ് സിറിയായിലെ സാറൂഖ് പ്രവിശ്യയിൽപെട്ട ബത്നാൽ എന്ന സ്ഥലത്തെ മെത്രാനായിരുന്ന യാക്കോബ്. അലക്സാണ്ട്രിയായിലെ സിറിളിന്റെ ക്രിസ്തുവിജ്ഞാനീയമാണ് അടിസ്ഥാനപരമായി അദ്ദേഹം അനുധാവനം ചെയ്തിരുന്നത്. മിശിഹായിലെ ഇരുസ്വഭാവങ്ങൾ തമ്മിലുള്ള ഐക്യം വിശദീകരിക്കുന്ന കാര്യത്തിൽ കാൽസിഡൺ സുനഹദോസ് പരാജയപ്പെട്ടുവെന്ന് യാക്കോബ് വാദിച്ചു. മറ്റു പാശ്ചാത്യ സുറിയാനി ദൈവശാസ്ത്രജ്ഞന്മാരായ അന്തോക്യായിലെ സെവരൂസ് മാബുഗിലെ ഫീലോക്സീനൂസ് എന്നിവരും ഇതേ വീക്ഷണങ്ങൾ തന്നെയാണ് പിന്തുടർന്നുപോന്നത്. ക്രിസ്തുവിജ്ഞാനീയത്തിൽ അദ്ദേഹത്തിന്റെ മുഖ്യ എതിരാളിയായിരുന്നു നിസിബിസിലെ നർസായ്.

യൂഫ്രട്ടീസിനടുത്ത് കുർത്താം എന്ന സ്ഥലത്താണ് യാക്കോബ് ജനിച്ചത്. പിന്നീട് ഏദേസ്സായിൽ എത്തിച്ചേർന്ന അദ്ദേഹം, അവിടുത്തെ പ്രശസ്തമായ വിദ്യാപീഠത്തിൽ ചേർന്നു. ദൈവശാസ്ത്രം പഠിച്ചു. 22-ാമത്തെ വയസ്സിൽ അദ്ദേഹം ദൈവശാസ്ത്ര കൃതികൾ രചിച്ചുതുടങ്ങി. 763 പ്രഭാഷണങ്ങൾ (മെമ്രാ) അദ്ദേഹം രചിച്ചിട്ടുണ്ട്. മുഖ്യമായും ബൈബിൾ സംബന്ധമായ വിഷയങ്ങളാണ് അദ്ദേഹം കൈകാര്യം ചെയ്തിരുന്നത്. നർസായിയെപ്പോലെത്തന്നെ യാക്കോബിന്റെ പ്രഭാഷണങ്ങൾക്കും (മെമ്രാ) 12 സിലബിളുകൾ വീതമാണുള്ളത്. വി. ഗ്രന്ഥ വ്യാഖ്യാനങ്ങൾ, കത്തുകൾ, കീർത്തനങ്ങൾ, (മദ്‌രാശാ) എന്നിവയാണ് അദ്ദേഹത്തിന്റെ സംഭാവനകൾ. 502/503-ൽ, അദ്ദേഹം കോറെപ്പിസ്കോപ്പയായി ഉയർത്തപ്പെട്ടു. 519 ൽ 68-ാമത്തെ വയസ്സിൽ അദ്ദേഹം മെത്രാനായി വാഴിക്കപ്പെട്ടു. അദ്ദേഹത്തിന്റെ 212 പ്രഭാഷണങ്ങൾ (മെമ്രാ) പോൾ ബെഡ്ജാൻ എന്ന സുറിയാനി പണ്ഡിതൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യാക്കോബ് രചിച്ച ആരാധനാ ക്രമഗീതങ്ങൾ പാശ്ചാത്യ സുറി





യാനി സഭയിൽ ഇന്നും ഉപയോഗത്തിലുണ്ട്.

എദേസ്സായിലെ വിദ്യാപീഠത്തിൽ നിന്നു സ്വായത്തമാക്കിയ അപ്രേമിന്റെ ദൈവശാസ്ത്ര ശൈലിയാണ് യാക്കോബ് പ്രധാനമായും പിന്തുടർന്നുപോന്നത്. സെമിറ്റിക് സംസ്ക്കാരവുമായി ചേർന്നുനിൽക്കുന്ന ഒരു ദൈവശാസ്ത്ര ശൈലിയാണിത്. അപ്രേമിനെപ്പോലെ ധാരാളം പ്രതീകങ്ങൾ യാക്കോബും ഉപയോഗിക്കുന്നുമുണ്ട്. ദൈവശാസ്ത്രത്തിന്റെ സ്രോതസ്സും മാനദണ്ഡവുമായി വി. ഗ്രന്ഥത്തെയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ദൈവശാസ്ത്ര വീക്ഷണങ്ങളിലും ബൈബിൾ വ്യാഖ്യാനശൈലിയിലും എദേസ്സായുടെ പശ്ചാത്തലം വളരെ പ്രകടമാണ്.

## യാക്കോബിന്റെ വി. ഗ്രന്ഥവ്യാഖ്യാനം

ക്രിസ്ത്യോന്മുഖത: തന്റെ മുൻഗാമികളെപ്പോലെതന്നെ വി. ഗ്രന്ഥം മുഴുവനും ദൈവപുത്രനായ ക്രിസ്തുവിനെക്കുറിച്ചുള്ള പ്രതീകങ്ങളാൽ നിറഞ്ഞിരിക്കുന്നുവെന്നും പഴയനിയമത്തിലെ നീതിമാന്മാർ യേശുവിന്റെ പ്രതീകങ്ങളാണെന്നും യാക്കോബ് അഭിപ്രായപ്പെടുന്നു (HS 3.313-338) വി. ഗ്രന്ഥം അനർഘനിധിയാണ്. സ്നേഹത്തോടെ അതിനെ സമീപിച്ച് വായിക്കുന്നവരാണ് ഈ നിധി കണ്ടെത്തുകയും തനിക്കാവുന്നിടത്തോളം സ്വന്തമാക്കുകയും ചെയ്യുന്നത്. എങ്കിലും ഒരിക്കലും തീർന്നുപോകാത്ത നിധിയാണ് വി. ഗ്രന്ഥം (HS 3.414-415) വെളിപ്പെടുത്തപ്പെട്ടവയിൽ നിന്നേ മറഞ്ഞിരിക്കുന്നത് മനസ്സിലാക്കാൻ സാധിക്കൂ. മനുഷ്യരോടു സംഭാഷിക്കുവാൻ വി. ഗ്രന്ഥത്തിൽ ദൈവം തന്നെത്തന്നെ വെറുമയാക്കി. ദൈവം തന്നെയാണ് വി. ഗ്രന്ഥത്തിന്റെ ഗ്രന്ഥകർത്താവ് (HS 3.241; 5.880-881). അതിനാൽ വി. ഗ്രന്ഥത്തിൽ തെറ്റുകളില്ല. വി. ഗ്രന്ഥം ആധികാരികവും ബോധനത്തിന്റെ അടിസ്ഥാനമായിരിക്കുന്നതിപ്രകാരമാണ്.

ക്രിസ്തു മനുഷ്യരക്ഷയ്ക്കായി ചെയ്ത പ്രവൃത്തികളുടെ ഫലങ്ങളെല്ലാം വി. ഗ്രന്ഥത്തിന്റെ സ്നേഹവും, വിശ്വാസവും നിറഞ്ഞ വായനയിലൂടെ വീണ്ടും ഫലമണിയുകയാണ്. ഈ പുസ്തകം ആത്മാവിന്റെ നയനത്തെ ദീപ്തമാക്കുകയും വിവേചനാശക്തി ഉണർത്തുകയും ചെയ്യുന്നു. വി. ഗ്രന്ഥത്തിന്റെ സമ്പന്നതയും ദൈവീകമായി പ്രശോഭിപ്പിക്കാനുള്ള കഴിവും പല പ്രതീകങ്ങളിലൂടെ യാക്കോബ് അവതരിപ്പിക്കുന്നു: ലോകത്തെ അന്ധകാരത്തിൽ നിന്നും കാത്തുസൂക്ഷിക്കുന്ന വിളക്കാണ്, ജീവനിലേക്ക് മനുഷ്യവംശത്തെ നയിക്കുന്ന വഴിയാണ്, ദൈവരാജ്യത്തിലേക്ക് തുറന്നിട്ടിരിക്കുന്ന വാതിലാണ്, ആത്മാക്കളെ അന്ധകാരത്തിലേക്ക് നയി

ക്കുന്ന തെറ്റുകളെ അകറ്റുന്ന പ്രകാശമാണ് ( HS 1. 410,17-22;11 197-198 382,5), ലോകത്തിന്റെ ദാഹത്തിനുള്ള അരുവിയാണ് വി. ഗ്രന്ഥം (V 551.13). ശരീരത്തിന് വെള്ളമെന്നതുപോലെ ആത്മാവിന് ഉന്മേഷം നൽകുന്നതാണ് വി. ഗ്രന്ഥം. ദാഹിക്കുന്ന ആത്മാവ് അരുവിയിൽ നിന്നും പാനംചെയ്യുന്നു (V 551.11-12; 552,2-3). വി. ഗ്രന്ഥം ആത്മാവിനുള്ള മരുന്നാണ്, പോഷകമാണ് (IV 104,9). വി. ഗ്രന്ഥത്തെ കടലായും നദിയായും വിലപിടിച്ച മുത്തായും യാക്കോബ് വിവരിക്കുന്നു (I 328,329; V 551.153; III 80, 8-11; 835,1-2).

പ്രവാചകന്മാർ ക്രിസ്തുവിന്റെ വരവിനെ പ്രഘോഷിച്ചവരാണ്. അതിനാൽ വി. ഗ്രന്ഥത്തിന്റെ ഓരോ താളിലും ഈ പ്രവചനമാണ് നിറയുന്നത്. പരിശുദ്ധാത്മാവ് പ്രവാചകരെ പ്രകാശിപ്പിക്കുകയും അങ്ങനെ അവർ ദൈവീകരഹസ്യത്തെ മനസ്സിലാക്കുകയും ചെയ്യുന്നു. പ്രവചനങ്ങളെല്ലാം വരനായി കാത്തിരിക്കുന്ന വധുവിനെപ്പോലെയാണ്. ക്രിസ്തുവിന്റെ വരവുവരെ പ്രവചനങ്ങൾ ഉപമകളും, പ്രതീകങ്ങളും കൈക്കൊള്ളുന്നു. എന്നാൽ വരനായ ക്രിസ്തു പ്രത്യക്ഷപ്പെട്ടതോടുകൂടെ പ്രവചനങ്ങളുടെ മനോഹാരിതയും അർത്ഥവും വെളിപ്പെട്ടു. ഓരോ പ്രവാചകനും ക്രിസ്തുവിനെയാണ് വിവരിക്കുന്നത്. എങ്കിലും അവരുടെ വിവരണങ്ങളെല്ലാം യാഥാർത്ഥ്യത്തോട് താരതമ്യം ചെയ്യുമ്പോൾ നിഴൽ മാത്രമാണ് (HS IV 113-115).

'പ്രവാചകന്മാരും അപ്പസ്തോലന്മാരും' എന്ന പ്രയോഗം പഴയനിയമ പുസ്തകങ്ങളെയും പുതിയനിയമ പുസ്തകങ്ങളെയുമാണ് സൂചിപ്പിക്കുന്നത്. പ്രവാചകന്മാർ ക്രിസ്തുവിന്റെ വരവിനെ അറിയിക്കുന്നവരാണെങ്കിൽ അപ്പസ്തോലന്മാർ ക്രിസ്തുവിന്റെ വരവ് പൂർത്തിയായി എന്നു പ്രഖ്യാപിക്കുന്നവരാണ്. സ്നാപകയോഹന്നാൻ ഒരേസമയം പ്രവാചകനും അപ്പസ്തോലനുമാണ്. പ്രവചനത്തിന്റെ പിന്നീടുള്ള നിശബ്ദത നമ്മോടു പറയുന്നത് മറ്റൊരു ദൈവപുത്രൻ വരാനില്ല എന്നുതന്നെയാണ്.

പഴയ, പുതിയനിയമങ്ങളുടെ ഐക്യത്തെക്കുറിച്ച് യാക്കോബ് ഉറപ്പിച്ചുപറയുന്നുണ്ട്. കാരണം ഒരേ ആത്മാവാണ് പ്രചോദിപ്പിക്കുന്നതും. വി. ഗ്രന്ഥം പൂർത്തിയാക്കുന്നതും ക്രിസ്തുവാണ് നിയമത്തിന്റെയും സുവിശേഷത്തിന്റെയും കർത്താവും മദ്ധ്യസ്ഥനും അനേകം പ്രതീകങ്ങൾ ഇവയെക്കുറിക്കാൻ യാക്കോബ് ഉപയോഗിക്കുന്നുണ്ട്. ക്രിസ്തു ശരീരവും രണ്ടുടമ്പടികൾ രണ്ടുകൈകളുമാണ്. രണ്ടുടമ്പടികളും പരസ്പരം ബന്ധിതമായ ഒരു തുടൽപോലെ





യാണ്. രണ്ടുടമ്പടികൾ ഒരു വീടിന് തുല്യമാണ്. പഴയ ഉടമ്പടി അതിന്റെ തറയാണെങ്കിൽ പുതിയ ഉടമ്പടി അതിന്റെ മേൽക്കൂരയാണ്. വി. ഗ്രന്ഥം ഒരൊറ്റ ശരീരവും ക്രിസ്തു അതിന്റെ ആത്മാവുമാണ്. വി. ഗ്രന്ഥത്തിന്റെ ക്രിസ്ത്യോന്മുഖതയാണ് ഇത് വെളിപ്പെടുത്തുന്നത്.

വി. ഗ്രന്ഥസൂചനകൾക്കായി ദിയതെസ്സരോണും പ്ശീത്താ വിവർത്തനവുമാണ് സ്വതന്ത്രമായി യാക്കോബ് ഉപയോഗിച്ചിരുന്നത്. വ്യാഖ്യാനത്തിനായി വിവിധരീതികൾ യാക്കോബ് ഉപയോഗിച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അപ്രേമിന്റെ രീതികളാണ്. പ്രതീകാത്മകവും ക്രിസ്തോന്മുഖവും ചരിത്രപരവുമായ ഒരു രീതിയാണ് അദ്ദേഹം അവലംബിച്ചത് എന്നുപറയാം.

വ്യാഖ്യാനത്തിന്റെ ലക്ഷ്യം നിഗൂഢമായ രഹസ്യങ്ങളെ വെളിപ്പെടുത്തുക എന്നതാണ്. മുത്തിനായി ആഴക്കടലിൽ തിരയുന്ന വ്യക്തികളോടാണ് യാക്കോബ് വ്യാഖ്യാതാവിനെ തുലനം ചെയ്യുന്നത്. കഴിവുറ്റ വ്യാഖ്യാതാവ് അവയെ കണ്ടെത്തുകയും ചെത്തിമിനുക്കി ചെവിയിലണിയാനുള്ള ആഭരണം പോലെ ഭംഗിയാക്കി കേൾവിക്കാരന്റെ കാതിൽ ഇട്ടുകൊടുക്കുകയും ചെയ്യുന്നു. വി. ഗ്രന്ഥവ്യാഖ്യാനം സാധ്യമാക്കുന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താലാണ്. പ്രാർത്ഥന, സ്നേഹം, വിശ്വാസം, എന്നിവ വി. ഗ്രന്ഥം മനസ്സിലാക്കുവാൻ അവശ്യമായ ഘടകങ്ങളാണ്. ഒരേ ആത്മാവ് എഴുത്തുകാരിലും വ്യാഖ്യാതാക്കളിലും വായനക്കാരിലും കേൾവിക്കാരിലും പ്രവർത്തിക്കുന്നു.

അപ്രേമിനെപ്പോലെ വി. ഗ്രന്ഥത്തിന് വാച്യാർത്ഥവും (ചരിത്രപരം) അത്മീയാർത്ഥവും ഉണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. വി. ഗ്രന്ഥത്തിന്റെ അർത്ഥം തേടുന്ന വ്യക്തി അതിൽ അന്തർലീനമായിരിക്കുന്ന ആത്മീയാർത്ഥത്തെയാണ് പ്രധാനമായി തേടുന്നത്. ചരിത്രപരമായ വശം ഈ ആത്മീയ യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നവ മാത്രമാണ്. ആത്മീയ അർത്ഥം ഒരു വ്യാഖ്യാതാവിന്റെ ഭാവനാത്മകമായ വായനയിൽ നിന്നുവരുന്നവയല്ല. മറിച്ച്, നിയതമായ വി. ഗ്രന്ഥത്തിലെ വിശ്വാസസത്യങ്ങളെ പിന്താങ്ങുന്ന നിക്ഷ്പക്ഷമായ വ്യാഖ്യാനമായിരിക്കണം. ചരിത്രപശ്ചാത്തലം പ്രധാനമായിരിക്കുന്നതിനാൽ ഓരോ വി. ഗ്രന്ഥഭാഗത്തിന്റെയും പശ്ചാത്തലവും വ്യാഖ്യാനത്തിൽ പ്രസക്തമാണ്. എങ്കിലും അവയിൽ അന്തർലീനമായിരിക്കുന്ന ആത്മീയ യാഥാർത്ഥ്യത്തെ പ്രകാശിപ്പിക്കുകയാണ് പ്രധാനം.

ആദിമസഭയുടെ മതബോധനരംഗത്തെ ചിരപരിചിതമായ

ശൈലി പ്രതിരൂപാത്മക വ്യാഖ്യാനമാണ്. യഹൂദ-ക്രൈസ്തവ പാരമ്പര്യത്തിലെ പിതൃസ്വത്താണ് പ്രതിരൂപകാത്മകശൈലി എന്നുപറയാം. യാക്കോബിന്റെ പ്രഭാഷണങ്ങളെല്ലാം വി. ഗ്രന്ഥത്തിലെ അതിസമ്പന്നമായ പ്രതിരൂപവായനകൾകൊണ്ട് സമ്പന്നമാണ്.

പുതിയനിയമ വ്യാഖ്യാനങ്ങളിൽ പഴയനിയമം പൂർത്തിയാക്കുന്നതായാണ് യാക്കോബ് അവതരിപ്പിക്കുന്നത്. പുതിയനിയമത്തിന്റെ വ്യാഖ്യാനത്തിൽ പഴയനിയമത്തിൽ നിന്നുള്ള പ്രതീകങ്ങളും പ്രതിരൂപങ്ങളും ധാരാളമായി കാണാം. രക്ഷാകരചരിത്രത്തിന്റെ ഒരു സമകാലിക മനസ്സിലാക്കലാണ് വ്യാഖ്യാനത്തിൽ തെളിഞ്ഞുവരുന്നത്. ഉദാഹരണമായി, ക്രിസ്തുവിന്റെ പാർശ്വം കുത്തിത്തുറക്കുന്നതിനെ അദ്ദേഹം വ്യാഖ്യാനിക്കുന്നതിപ്രകാരമാണ് (യോഹ 19:34). അടയ്ക്കപ്പെട്ട പറുദീസ കാക്കാൻ കെരൂബുകളെയും ഒപ്പം ഒരു വാൾകൂടി സ്ഥാപിച്ചെങ്കിൽ ക്രിസ്തു അവനെ കുത്തിമുറിവേൽപ്പിച്ച വാളാൽ ആ വാതിൽ തുറന്നു. ആദത്തിന്റെ പാപം മൂലം ഉണ്ടായ എല്ലാ തിന്മകളും അങ്ങിനെ രണ്ടാമാദമായ മിശിഹായാൽ തിരുത്തപ്പെട്ടു. മറ്റൊരുദാഹരണം ധൂർത്തപുത്രന്റെ ഉപമയാണ് (ലൂക്ക 15:11-32). പിതാവിനെ ഉപേക്ഷിച്ച ധൂർത്തപുത്രൻ ദൈവത്തെ ഉപേക്ഷിച്ച ആദത്തിന്റെ പ്രതിരൂപമാണ്. അതിനാൽ അനുരഞ്ജനം സാധ്യമാക്കണം. ദൈവത്തിന്റെ രക്ഷാകരപദ്ധതി ദൈവകാരുണ്യത്തിന്റെയും മനുഷ്യന്റെ സ്വതന്ത്ര്യേച്ഛയുടെയും പശ്ചാത്തലത്തിൽ ക്രിയാത്മകമായി പുരോഗമിക്കുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. ദൈവീകമായ പ്രബോധനപ്രക്രിയയിൽ ധൂർത്തപുത്രൻ അനുരഞ്ജനത്തിലേക്ക് വരുന്നെങ്കിലും ആത്യന്തികമായി പിതാവിന്റെ കാരുണ്യമാണ് ഇവിടെ ആഘോഷിക്കപ്പെടുന്നത്. വ്യാഖ്യാനപാരമ്പര്യത്തിൽ തന്റെ മുൻഗാമികളെ അനുഗമിക്കുന്നുവെങ്കിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ യാക്കോബിനായി എന്നത് അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നു.



# 08

## അലക്സാണ്ട്രിയായിലെ സഭാപിതാക്കന്മാരും ബൈബിൾവ്യാഖ്യാനവും

അലക്സാണ്ടർ ചക്രവർത്തി യവനസംസ്കാരത്തിന് കീഴിൽ മറ്റെല്ലാ സംസ്കാരങ്ങളെയും ലയിപ്പിക്കണം എന്ന ആഗ്രഹത്തോട് കൂടിയാണ് അലക്സാണ്ട്രിയൻ നഗരം പടുത്തുയർത്തിയത്. അതിനാൽ സംസ്കാരം, തത്വശാസ്ത്രം, മതം, രാഷ്ട്രീയം, എന്നിവയെക്കുറിച്ചുള്ള അലക്സാണ്ട്രിയായിലെ ചിന്താരീതിയുടെ സവിശേഷത വിവിധ കാഴ്ചപ്പാടുകളുടെ സമന്വയമായിരുന്നു. അലക്സാണ്ട്രിയ വിവിധ സംസ്കാരങ്ങളും, ഭാഷകളും മതങ്ങളും അവയുടെ വി. ഗ്രന്ഥങ്ങളോടൊപ്പം കണ്ടുമുട്ടുകയും സംവദിക്കുകയും ചെയ്ത ഇടമായി.

ഗ്രീക്ക് വിദ്യാഭ്യാസരീതിയായ paideia യിൽ ഗ്രീക്ക് ഇതിഹാസങ്ങളെയും പുരാണങ്ങളെയും പദങ്ങളെയുമാണ് ഗ്രീക്ക് ആദർശങ്ങളുടെയും മൂല്യങ്ങളുടെയും സാംസ്കാരിക ജീവിതത്തിന്റെയും ഉറവിടമായി കണക്കാക്കിയിരുന്നത്. അതിനാൽ ഹോമറിന്റെ സാഹിത്യസൃഷ്ടികളും ഹെസിയോദിന്റെ എഴുത്തുകളും ഗ്രീക്ക് വിദ്യാർത്ഥികൾക്ക് വഴിവിളക്കായിരുന്നു. യുക്തിബോധത്തിന്റെ ബഹിർസ്ഫുരണമായി ഉയർന്നുവന്ന തത്ത്വശാസ്ത്ര സ്ക്കൂളുകൾ പ്രത്യേകം പ്ലൂട്ടോണിസം,

പൈഥഗോറിയിനിസം, സ്റ്റോയിസിസം, എന്നിവ ഗ്രീക്ക് ഇതിഹാസങ്ങളിലൂടെ ഇതൾ വിരിഞ്ഞ മനുഷ്യഗുണങ്ങളുള്ള ദൈവചിന്തകളെ നിരാകരിച്ചു. അതിനാൽ ഗ്രീക്ക് ചിന്താരീതിയിൽത്തന്നെ ഈ രണ്ടുകാഴ്ചപ്പാടുകളും തമ്മിൽ ഒരാശയക്കുഴപ്പം സൃഷ്ടിക്കുവാൻ ഇടയായി. ഈ ആശയക്കുഴപ്പത്തിനൊരു വിരാമം കുറിക്കാനുള്ള ആദ്യപ്രയാണം നടത്തിയത് സ്റ്റോയിക്കുകളാണ്. ഗ്രീക്ക് പുരാണങ്ങളെ രൂപകാത്മക വ്യാഖ്യാനത്തിലൂടെ (allegorical) പ്രസക്തമാക്കുവാനാണ് അവർ ശ്രമിച്ചത്.

അലക്സാണ്ട്രിയായിലെ യവനീകരിക്കപ്പെട്ട യഹൂദർക്ക് ഗ്രീക്ക് വിദ്യാഭ്യാസരീതികളോടും മൂല്യങ്ങളോടും സംസ്ക്കാരത്തോടും വലിയ തുറവി ആവശ്യമായിരുന്നു. അതിനാൽ യവനസംസ്ക്കാരവും യഹൂദവിശ്വാസവും തമ്മിൽ ബന്ധിപ്പിക്കുവാൻ പര്യാപ്തമായ യാഥാർത്ഥ്യങ്ങളെക്കുറിച്ച് യവന-യഹൂദ തത്വചിന്തകരായ അരിസ്റ്റോബുളുസ്, ഫീലോ, എന്നിവരുടെ പഠനങ്ങൾ ലോഗോസ്/വചനം എന്ന ആശയത്തെ കൂടുതൽ പ്രകാശനമാക്കി. യവന ചിന്താരീതികളുടെ ഒരു അടിസ്ഥാന ആശയമായിരുന്നു ലോഗോസ് അഥവാ വചനം. പ്ലേറ്റോ അദ്ദേഹത്തിന്റെ എഴുത്തുകളിൽ ലോഗോസിനെ ലോകത്തിന്റെ ആത്മാവായാണ് കാണുന്നത്. സ്റ്റോയ്ക്ക് ഗ്രീക്കുചിന്തകരുടെ ലോഗോസിനെക്കുറിച്ചുള്ള ആശയങ്ങളോട് ചേർന്നുപോകുന്ന ചിന്തകൾ സുഭാഷിതപുസ്തകങ്ങളിൽ നിന്ന് അരിസ്റ്റോബുളുസ് കണ്ടെത്തി. സുഭാഷിതങ്ങളിലെ വചനവും ജ്ഞാനവും ക്രിയാത്മകവും ദൈവപരിപാലനയുടെ ശക്തിയുമായി അവർ മനസ്സിലാക്കി. അങ്ങനെ ഗ്രീക്കുചിന്താഗതിയേയും, യഹൂദ ചിന്താഗതിയേയും ബന്ധിപ്പിക്കുവാൻ അരിസ്റ്റോബുളൂസിനും ഫീലോയ്ക്കും സാധിച്ചു.

ഉയർന്ന വിദ്യാഭ്യാസം നേടിയിരുന്നവർക്കും ഹെബ്രായവി. ഗ്രന്ഥം അർത്ഥവത്തായി തോന്നാത്തക്കവിധം വി. ഗ്രന്ഥ വ്യാഖ്യാനത്തെ ആഴപ്പെടുത്തുക എന്നതായിരുന്നു പ്രധാന പരിഗണന. സ്റ്റോയിക്കുകളുടെ പ്രതിരൂപാത്മക വ്യാഖ്യാനശൈലി സ്വീകരിച്ചിരുന്ന അരിസ്റ്റോബുളുസും ഫീലോയും ഇതിനായി വളരെയേറെ പരിശ്രമിച്ചു. ഹെബ്രായ ചിന്താഗതിയിലെ വചനത്തെയും വിജ്ഞാനത്തെയും ഗ്രീക്കിലെ ലോഗോസുമായി ബന്ധപ്പെടുത്തിയ അവരുടെ ചിന്ത ജറുസലേമിലെ യാഥാസ്ഥിതികരായ യഹൂദർക്ക് സ്വീകാര്യമായിരുന്നില്ല. പക്ഷേ അവരുടെ ഈ കണ്ടുപിടുത്തം അലക്സാണ്ട്രിയയിലെ ക്രൈസ്തവർക്ക് പ്രത്യേകം വി. ക്ലമന്റിനും ഒരിജനും വളരെയധികം വെളിച്ചം നൽകുകയും വി. ഗ്രന്ഥ വ്യാഖ്യാനത്തിന് നൂതനമായ പാതകൾ തുറന്നുനൽകുകയും ചെയ്തു. രൂപകാത്മക





വ്യാഖ്യാനം വി. ഗ്രന്ഥം ദൈവത്തിന്റെ മാനവീകരണത്തെ മനസ്സിലാക്കുവാൻ സഹായകമായി. യഹൂദരിൽ നിന്നു വ്യത്യസ്തമായി വി.ഗ്രന്ഥത്തെ മുഴുവൻ മനസ്സിലാക്കാനുള്ള സൂചകപദമായി ക്രിസ്തുവിനെ കണ്ട് ക്രിസ്തു കേന്ദ്രീകൃതമായ വ്യാഖ്യാനമാണ് അവർ നൽകിയത്. രണ്ടുവാദഗതികൾക്കെതിരെ ക്രൈസ്തവ പിതാക്കന്മാർക്ക് തങ്ങളുടെ വി. ഗ്രന്ഥവ്യാഖ്യനം നൽകേണ്ടിയിരുന്നു. യേശുവിനെ മിശിഹായി അംഗീകരിക്കാതിരുന്ന യഹൂദരുടെ വാദങ്ങൾക്കെതിരെയും ജ്ഞാനവാദികളുടെ തെറ്റായ വി.ഗ്രന്ഥ വ്യാഖ്യാനത്തിനെതിരെയും.

പ്രതിരൂപാത്മക വ്യാഖ്യാനത്തിന്റെയും രൂപകാത്മക വ്യാഖ്യാനത്തിന്റെയും ചക്രവാളങ്ങളെ വ്യാപിപ്പിക്കുന്നതിനൊപ്പം തത്വശാസ്ത്രത്തിന്റെയും പ്രാപഞ്ചിക ശാസ്ത്രത്തിന്റെയും മന:ശാസ്ത്രത്തിന്റെയും നരവംശശാസ്ത്രത്തിന്റെയും മിസ്റ്റിസിസത്തിന്റെയും സാധ്യതകളെ കൂടി അലക്സാണ്ട്രിയായിലെ വ്യാഖ്യാതാക്കൾ ഉപയോഗപ്പെടുത്തി. എങ്കിലും രൂപകാത്മക വ്യാഖ്യാനത്തിനായിരുന്നു പ്രാധാന്യം കൂടുതൽ നൽകിയിരുന്നത്.

ക്രൈസ്തവ സഭാചരിത്രത്തിലെ ആദ്യത്തെ പ്രമുഖ ബൗദ്ധിക കേന്ദ്രമാണ് രണ്ടാം നൂറ്റാണ്ടിൽ (ca 185 എ.ഡി) ഈജിപ്തിലെ അലക്സാണ്ട്രിയായിൽ സ്ഥാപിതമായ ദൈവശാസ്ത്രവിദ്യാലയം. ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വിജാതീയരെ വിശ്വാസസംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണിതു സ്ഥാപിച്ചത്. പുതുതായി വിശ്വാസത്തിലേക്ക് കടന്നുവന്ന സ്റ്റോയിക് തത്ത്വചിന്തകനായിരുന്ന പന്തേനൂസാണ് ഇവിടുത്തെ ആദ്യ അദ്ധ്യാപകൻ. എന്നാൽ അദ്ദേഹത്തിന്റെ പേരിൽ യാതൊരു വിധ കൃതികളും ഇന്നുവരെ നമുക്ക് ലഭിച്ചിട്ടില്ല. ഒരു പ്രേഷിതനായി അദ്ദേഹം ഇന്ത്യയിലെത്തിയത് എവുസേബിയൂസ് തന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അലക്സാണ്ട്രിയായിലെ ക്ലെമന്റ്, ഒരിജൻ, എന്നിവർ ഈ കാലഘട്ടത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരായിരുന്നു. അവരുടെ പ്രവർത്തനഫലമായിട്ടാണ് അതൊരു ബൗദ്ധിക കേന്ദ്രമായി വളർന്നുവന്നത്. തത്ത്വചിന്തയുടെ സഹായത്തോടെ ക്രൈസ്തവ വിശ്വാസത്തെ ശാസ്ത്രീയമായി അവർ വിശദീകരിച്ചു. പ്ലേറ്റോണിക് തത്ത്വചിന്തയെ സഭയുടെ മുഖ്യചിന്താധാരയിൽ എത്തിക്കുവാൻ അവർക്ക് കഴിഞ്ഞു. വിശ്വാസസമർത്ഥകർ രൂപപ്പെടുത്തിയ ദൈവശാസ്ത്രചിന്തകളുടെ തുടർച്ചയായിട്ടുവേണം അലക്സാണ്ട്രിയായിലെ വിദ്യാപീഠത്തിന്റെ സംഭാവനകളെ നമ്മൾ മനസ്സിലാക്കുവാൻ.

ക്രിസ്തുവിന് മുമ്പ് 332 ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി സ്ഥാപിച്ച തുറമുഖപട്ടണമായ അലക്സാണ്ട്രിയ ഗ്രീക്കു സംസ്ക്കാരത്തിന്റെയും തത്ത്വചിന്തകരുടെയും ഒരു പ്രധാനകേന്ദ്രമായിരുന്നു. യഹൂദർക്കു നിർണ്ണായകമായ സ്വാധീനമുണ്ടായിരുന്ന ഒരു പട്ടണമായിരുന്നു അത്. ബി.സി. മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഹീബ്രുവിൽ നിന്ന് ഗ്രീക്കുഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തത് (സെപ്ത്വജിന്ത്, LXX) അവിടെ ജീവിച്ചിരുന്ന യഹൂദപണ്ഡിതരായിരുന്നു.

ഒന്നാം നൂറ്റാണ്ടിൽ യഹൂദമതത്തിൽ പുതിയൊരു ചിന്താധാര രൂപപ്പെടുത്തുവാൻ അലക്സാണ്ട്രിയായ്ക്ക് കഴിഞ്ഞു. ഗ്രീക്കുതത്ത്വചിന്തയുടെ അടിസ്ഥാനത്തിൽ യഹൂദ മതവിശ്വാസത്തെ അവതരിപ്പിക്കുവാൻ അവർ ഉദ്യമിച്ചു. അലക്സാണ്ട്രിയായിലെ യഹൂദചിന്തകനായിരുന്ന ഫിലോയാണ് (Ca. 30 BC-45 AD) ഇതിന്റെ മുഖ്യവക്താവ്. ബൈബിളിൽ നിഗൂഢമായിരിക്കുന്ന സന്ദേശം കണ്ടെത്താനുള്ള ഒരു പരിശ്രമമായിരുന്നു അത്. ഗ്രീക്കുകാരുടെയിടയിൽ നിലവിലിരുന്ന അലഗോറിക്കൽ വ്യാഖ്യാനശൈലി തന്നെ ഈ ലക്ഷ്യത്തെ മുൻനിർത്തി അദ്ദേഹം സ്വീകരിച്ചു. പിന്നീട് ക്ലെമന്റും ഒരിജനും ഇതേ വ്യാഖ്യാനശൈലിതന്നെയാണ് വികസിപ്പിച്ചെടുത്തത്. പ്രസ്തുത വ്യാഖ്യാനശൈലിയിലൂടെ പഴയനിയമത്തിന്റെ മുഴുവൻ പൂർത്തീകരണമായി ക്രിസ്തു സംഭവത്തെ സഭാപിതാക്കന്മാർ അവതരിപ്പിച്ചു. ഇതിനെ ക്രിസ്തീയ അലഗോറിക്കൽ വ്യാഖ്യാനശൈലി എന്നാണ് ബൈബിൾ വ്യാഖ്യാതാക്കൾ വിശേഷിപ്പിക്കുന്നത്.

പ്ലേറ്റോണിക് ചിന്തയിൽ നിലവിലിരുന്ന വചനം എന്ന ആശയത്തിന് ഒരു പുതിയ നിർവ്വചനം നൽകുവാൻ ഫീലോ പരിശ്രമിച്ചു. പഴയനിയമത്തിലെ അടയാളങ്ങളും പ്രത്യക്ഷപ്പെടലുകളും വചനത്തിന്റെ വെളിപ്പെടുത്തലുകളാണെന്ന് അദ്ദേഹം സമർത്ഥിച്ചു. ഇതിന്റെ തുടർച്ചയായി വിശ്വാസസമർത്ഥകരും (ജസ്റ്റിൻ) അലക്സാണ്ട്രിയായിലെ ക്രൈസ്തവ പ്രബോധകരും (ക്ലെമന്റ്, ഒരിജൻ) പുതിയൊരു ക്രിസ്തീയ വിജ്ഞാനത്തിന് രൂപം നൽകി (Logos Christology). ദൈവശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് തികച്ചും അനുയോജ്യമായ ഒരു സാഹചര്യമാണ് അലക്സാണ്ട്രിയായിൽ നിലവിലിരുന്നത്.

### അലക്സാണ്ട്രിയായിലെ വി. ക്ലെമന്റ് (ca. 215)

പ്ലാറ്റോയുടെ ചിന്തകളെ ക്രൈസ്തവീകരിച്ചതിൽ പ്രമുഖനാണ് അലക്സാണ്ട്രിയായിലെ വി. ക്ലെമന്റ്. അദ്ദേഹത്തിന്റെ കൃതികളിലുടനീളം ക്രൈസ്തവ മതഗ്രന്ഥങ്ങൾക്ക് നല്കുന്ന പ്രാധാന്യം തെളിഞ്ഞുകാണാം. വി.ഗ്രന്ഥത്തിലെ മുഴുവൻ പുസ്തകങ്ങളും തന്നെ തന്റെ പഠനങ്ങളിൽ അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പഴയനിയമത്തിൽ നിന്നും ഏകദേശം 3200 ഉദ്ധരണികളും സൂചിതവാക്യങ്ങളും അദ്ദേഹം ഉപയോഗിക്കുമ്പോൾ പുതിയനിയമത്തിൽ നിന്ന് 5000 ഉദ്ധരണികളാണുള്ളത്.





### 1) വി. ഗ്രന്ഥകാനനും വി. ഗ്രന്ഥ പരാമർശങ്ങളും

പുരാതന ക്രൈസ്തവ എഴുത്തുകാരിൽ മുൻകാല ഉറവിടങ്ങളെ ഉപയോഗിക്കുന്നവരിൽ പ്രധാനിയാണ് വി. ക്ലെമന്റ്. അദ്ദേഹത്തിന്റെ കൃതികളിൽ 363 വിജാതീയ എഴുത്തുകാരെയും 32 ക്രൈസ്തവ ഗ്രന്ഥകർത്താക്കളെയും 42 പഴയനിയമ പുസ്തകങ്ങളും 32 പുതിയനിയമ പുസ്തകങ്ങളും കണ്ടെത്താനാകും.

പഴയ നിയമം, പുതിയ നിയമം എന്ന പ്രയോഗം ആധികാരിക ഗ്രന്ഥങ്ങളുടെ സമാഹാരത്തിന് നൽകുന്നത് വി. ക്ലെമന്റാണെന്നു കരുതപ്പെടുന്നു. എങ്കിലും വി. ഗ്രന്ഥപുസ്തകങ്ങളുടെ ഒരു സൂചികയോ അവയുടെ മാനദണ്ഡമോ വി. ക്ലെമന്റ് നൽകുന്നില്ല. വി. പൗലോസിനെയും മറ്റ് പുതിയ നിയമഗ്രന്ഥകാരന്മാരെയുംപോലെ പഴയനിയമത്തിന്റെ സെപ്ത്വജിന്ത് വിവർത്തനത്തിൽ നിന്നാണ് ക്ലെമന്റും ഉദ്ദരിക്കുന്നത്. മറ്റു സഭാപിതാക്കന്മാരെപ്പോലെ ഉൽപത്തി, പുറപ്പാട്, നിയമാവർത്തനം, സങ്കീർത്തനം, ഏശയ്യ എന്നീ പുസ്തകങ്ങൾക്ക് അതിയായ പ്രാധാന്യം ക്ലെമന്റും നൽകുന്നുണ്ട്. എങ്കിലും ജ്ഞാനത്തിന്റെ പുസ്തകവും സുഭാഷിത പുസ്തകവും ക്ലമെന്റ് ഇഷ്ടപ്പെട്ടിരുന്നു.

പുതിയനിയമത്തിലെ എല്ലാ പുസ്തകങ്ങളും തന്നെ, ഫിലോമോന്റെ ലേഖനവും യോഹന്നാന്റെ മൂന്നാം ലേഖനവും ഒഴികെ, 25 പുസ്തകങ്ങളും വി. ക്ലെമന്റ് ഉപയോഗപ്പെടുത്തുന്നത് പുതിയ നിയമ കാനന് എറ്റവും പ്രധാനപ്പെട്ട സാക്ഷ്യമാണ്. ഇവയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വി. പൗലോസിന്റെ ലേഖനങ്ങളാണ്. പിതാക്കന്മാർ വി. പൗലോസിന്റേതായി കരുതിയിരുന്ന പതിനാലു ലേഖനങ്ങളിൽ 13 എണ്ണവും ക്ലമെന്റ് സൂചിപ്പിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടത് കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനവും എഫേസൂസിലെ സഭയ്ക്കെഴുതിയ ലേഖനമുമാണ്. വി. മത്തായിയുടെ സുവിശേഷത്തിന് പ്രത്യേക പരിഗണന നൽകുന്നതായി കാണാം.

വി. ഗ്രന്ഥത്തിലെ ആധികാരിക ഗ്രന്ഥങ്ങൾക്ക് പരിധിയുണ്ടെന്ന് ക്ലെമന്റ് വിശ്വസിച്ചിരുന്നു. വി. ക്ലമെന്റിന്റെ ഹൈപ്പോടൈപ്പോസിസ്

എന്ന ഗ്രന്ഥത്തിന്റെ ലഭ്യമായ രേഖകളിൽ നാലു സുവിശേഷങ്ങളുടെ ക്രമം നൽകിയിട്ടുള്ളതിനെക്കുറിച്ച് എവുസേബിയൂസ് പരാമർശിക്കുന്നുണ്ട് (സഭാ VI 14,5-7). മർക്കോസിന്റെ സുവിശേഷത്തെപ്പറ്റിയുള്ള പരാമർശത്തിൽ മറ്റു സുവിശേഷങ്ങളെപ്പറ്റിയും സൂചിപ്പിക്കുന്നുണ്ട് (Quis..5.1).

ചില സന്ദർഭങ്ങളിൽ വി. ഗ്രന്ഥച്ചുരുളുകൾ തന്റെ കൺമുമ്പിലുണ്ട് എന്നതുപോലെ വാക്കുകളോരോന്നും ഒന്നിനു പുറകെ ഒന്നായി ഉദ്ധരിക്കുമ്പോൾ മറ്റു ചിലപ്പോൾ ഓർമ്മയിൽ നിന്ന് ഉദ്ധരിക്കുന്നത് പോലെ തോന്നും. ചില വി. ഗ്രന്ഥ വാക്യങ്ങൾ ഫീലോ, ബാർണബാസ് തുടങ്ങിയവരുടെ കൃതികളിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്. പഴയനിയമ ഭാഗങ്ങളെ ക്രൈസ്തവ ജീവിതവുമായി ബന്ധപ്പെടുത്തി വിവരിച്ചിരുന്ന ആദിമ സഭയുടെ "ടെസ്റ്റിമണീസി"ൽ നിന്നുള്ള ഉദ്ധരണികളും ക്ലമെന്റിൽ കണ്ടെത്താം എന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നുണ്ട്.

പാഠഭേദങ്ങളെ (Textual Criticism) പ്രധാനമായി കണ്ടിരുന്ന ഒരിജനിൽ നിന്നും തീർത്തും വ്യത്യസ്തമായാണ് വി. ക്ലമെന്റ് വ്യാഖ്യാനം നടത്തിയിരുന്നത്. തന്റെ വ്യാഖ്യാനങ്ങൾക്കായി അദ്ദേഹം ഉപയോഗിച്ച മൂലകൃതി ഏതെന്നു തെളിയിക്കുക ശ്രമകരമാണ്. പലപ്പോഴും വത്തിക്കാൻ കോഡെക്സിൽ നിന്നും വ്യത്യസ്തമായുള്ള ഉദ്ധരണികളാണ് ക്ലെമെന്റിൽ നാം കണ്ടെത്തുക. ബാർത്ത് ഏർവാൻ രൂപീകരിച്ച രീതിശാസ്ത്രം കൊണ്ട് പരിശോധിക്കുമ്പോൾ മത്തായി, യോഹന്നാൻ, എന്നീ സുവിശേഷങ്ങളിൽ അലക്സാണ്ട്രിയൻ ടെസ്റ്റ് ടൈപ്പുകളോടും ബന്ധപ്പെട്ടിരിക്കുന്നു. വി. പൗലോസിന്റെ ലേഖനങ്ങൾ ഉദ്ധരിക്കുമ്പോൾ അക്കാലത്ത് ഏറ്റവും കൂടുതൽ ഉപയോഗിച്ചിരുന്ന ടെക്സ്റ്റ് ടൈപ്പുകൾ തന്നെയാണ് ക്ലെമെന്റും ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ സുവിശേഷങ്ങളിൽ നിന്നുദ്ധരിക്കുമ്പോൾ തന്റെ ഓർമ്മയിൽ നിന്നുതന്നെ ക്ലെമെന്റ് ഉദ്ധരിച്ചിരിക്കാനാണ് കൂടുതൽ സാധ്യത. ക്രിസ്തുവചനങ്ങൾക്ക് അത്രയെറെ ആധികാരികത ഉണ്ടായിരുന്നതിനാൽ സുവിശേഷങ്ങൾ അദ്ദേഹത്തിന് ഹൃദിസ്ഥമാക്കിയിരിക്കാം.

### 2) വി. ഗ്രന്ഥത്തിന്റെ സ്വഭാവം

വി. ഗ്രന്ഥത്തിന്റെ സ്വഭാവത്തെക്കുറിച്ചും അവയെ എപ്രകാരം വ്യാഖ്യാനിക്കാമെന്നും താത്വികമായി വാദഗതി നിരത്തിയ ആദ്യ ക്രൈസ്തവ എഴുത്തുകാരൻ വി. ക്ലെമെന്റ് ആണ്. ഒരിജന്റെ On the First Principles ഉം അഗസ്റ്റ്യന്റെ On Christian Teaching ലും വ്യാഖ്യാനരീതികളെക്കുറിച്ചുള്ള പ്രബന്ധങ്ങളുടെയെല്ലാം മുന്നോ





ടിയായി ക്ലെമെന്റിന്റെ സ്ട്രോമാറ്റെയ്സ്നെ കണക്കാക്കാം. വി. ഗ്രന്ഥത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ക്ലെമെന്റിന്റെ മനസ്സിലാക്കലുകൾ രണ്ടു അടിസ്ഥാന തത്വങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ്. i. അഭൂതപൂർവ്വകമായ ആധികാരികത, ii. നിഗൂഢമായ രൂപഘടന (form).

ഫീലോയിൽ നിന്നും മറ്റ് ഗ്രീക്ക് തത്വചിന്തകരിൽ നിന്നും ഉദ്ധരിക്കുമ്പോഴും ക്രൈസ്തവ വി. ഗ്രന്ഥത്തിന് മറ്റൊരു പുസ്തകത്തിനും ഇല്ലാത്ത ആധികാരികത ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. വി. ഗ്രന്ഥം ദൈവനിവേശിതമാണ് എന്ന തിമോത്തിയൂസ് ലേഖനത്തിന്റെ (2 തിമോ 3:15 –16) വിവരണത്തെ അടിസ്ഥാനമാക്കി വി.ഗ്രന്ഥം മുഴുവനും ദൈവം നേരിട്ടു നൽകിയതാണ് എന്ന് ക്ലെമെന്റ് വിശ്വസിച്ചിരുന്നു (Strom V 13.85). മനുഷ്യാവതാരത്തിൽ മാത്രമല്ല, വചനം അവതീർണ്ണനായത്, കത്തുന്ന മുൾപ്പടർപ്പിലൂടെയും മേഘത്തിലൂടെയും മോശയ്ക്കും പ്രവാചക വചനങ്ങളിലൂടെയും ഈ വചനം തന്നെയാണ് അവതീർണ്ണമായത്. ആദ്യനിയമത്തിന്റെ (OT) പൗരാണികത്വം വി. ഗ്രന്ഥത്തിന്റെ ആധികാരികതയ്ക്ക് ആധാരമായി അദ്ദേഹം കണക്കാക്കുന്നു.

വി.ഗ്രന്ഥം വളരെ നിഗൂഢമായി പഠിപ്പിക്കുന്നുവെന്നതാണ് രണ്ടാമത്തെ അടിസ്ഥാനപരമായ ആശയം. ദൈവീകമായവയെപ്പറ്റി പഠിപ്പിക്കുവാൻ പ്രാചീനരും ഗ്രീക്കുകാരുമെല്ലാം ആശയങ്ങളും, പ്രതീകങ്ങളും രൂപകങ്ങളും അടയാളങ്ങളുമെല്ലാം ഉപയോഗിച്ചാണ് പരിശ്രമിച്ചിട്ടുള്ളത്. വി. ഗ്രന്ഥം മുഴുവനും പ്രഹേളികകളും സമസ്യകളുമാണ്. അവ മനസ്സിലാക്കുവാൻ ശ്രദ്ധാപൂർവ്വമായ പഠനമാണ് ആവശ്യം. ഇവയാണ് യഥാർത്ഥ തത്വചിന്തയുടേയും സത്യപൂർവ്വമായ ദൈവശാസ്ത്രത്തിന്റെയും ഉറവിടം. വിശ്വാസത്തിലൂടെയും തങ്ങളുടെ ജീവിതത്തിലൂടെയും അവയെ നിരന്തരം സമീപിക്കുകയും പരീക്ഷിച്ചറിയുകയും ചെയ്യുന്നവർക്കാണതു വെളിപ്പെടുക (Strom 5.9,56). രണ്ടു കാരണങ്ങളാൽ വി. ഗ്രന്ഥം സമസ്യയാണ്. ഒന്ന് അത് ദൈവീക കാര്യങ്ങളാണ് വെളിപ്പെടുത്തുന്നത്. പക്ഷേ ദൈവത്തെ മാനുഷിക വാക്കുകൾ കൊണ്ട് പൂർണ്ണമായി വെളിപ്പെടുത്തുവാൻ സാധിക്കുകയില്ല. അതിനാൽ പ്രതീകാത്മകമായി സംസാരിക്കാനേ സാധിക്കൂ (Strom II 16, 72: V 12,78). രണ്ടാമതായി വി. ഗ്രന്ഥം സമസ്യയാണെന്നു പറയുമ്പോൾ അതിന്റെ രൂപകൽപനതന്നെ ശ്രദ്ധാപൂർവ്വകമായ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും (മത്താ 7:7) എന്ന വചനത്തെ ഉദ്ധരിച്ച് പലപ്പോഴും ക്ലെമെന്റ് ഈ ആശയത്തെ വിവരിക്കുന്നുണ്ട്. തങ്ങളെ തന്നെ ശുദ്ധീകരിക്കുകയും ദൈവഭക്തിയിൽ നിലനിർത്തുകയും

ചെയ്യുന്നവർക്ക് അനുക്രമമായി ലഭിക്കുന്നതാണ് ദൈവീക കാര്യങ്ങളെക്കുറിച്ചുള്ള അറിവ് (Strom V 4,19-21).

മാർസിയോണിന്റെയും കൂട്ടരുടേയും വാദങ്ങൾക്കെതിരായി പഴയ, പുതിയ നിയമങ്ങളുടെ ഗാഢമായ ഐക്യത്തെ ക്ലെമെന്റ് ഊന്നിപ്പറഞ്ഞു. ഈ ഐക്യത്തെ സഭയുടെ നിയമം (rule of the church) എന്നാണ് ക്ലമെന്റ് വിളിച്ചത്. പഴയനിയമത്തിലെ തോറായിലും പ്രവാചകന്മാരിലും നിഗൂഢമായവ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ വെളിവാക്കപ്പെട്ടു (Strom V 14,90). ഈ യാഥാർത്ഥ്യങ്ങളെല്ലാം മനസ്സിലാക്കണമെങ്കിൽ വിശ്വാസത്തിലധിഷ്ഠിതമായ ശ്രദ്ധാപൂർവ്വമായ പഠനമാണാവശ്യം.

### 3) ക്ലമെന്റിന്റെ വ്യാഖ്യാനരീതികൾ

ഫീലോയുടെയും ഒരിജന്റെയും വ്യാഖ്യാനരീതികളുമായി വളരെയേറെ സാമ്യം ക്ലെമെന്റിനുണ്ട്. പഞ്ചഗ്രന്ഥിയുടെ വ്യാഖ്യാനത്തിനായി ഫീലോ ഉപയാഗിക്കുന്ന രീതികൾ ക്ലെമെന്റ് ഉപയോഗപ്പെടുത്തുന്നുണ്ട്. ക്ലെമെന്റിന്റെ കൃതികൾ വി. ഗ്രന്ഥ ഉദ്ധരണികളെ നിർലോഭം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഓരോ അദ്ധ്യായങ്ങൾക്കനുസരിച്ചുള്ള വ്യാഖ്യാനം അദ്ദേഹം നൽകുന്നില്ല. ഒരു പ്രത്യേക ആശയത്തെപ്പറ്റി സംസാരിക്കുമ്പോൾ അതിനെ പിന്താങ്ങുന്ന മറ്റനേകം വി. ഗ്രന്ഥഭാഗങ്ങളെ പഴയ-പുതിയ നിയമ ഭാഗങ്ങളെ ക്ലെമെന്റ് ഉപയോഗിക്കുന്നു. ഇത് അദ്ദേഹത്തിന്റെ വി. ഗ്രന്ഥത്തെപ്പറ്റിയുള്ള ബൃഹത്തായ ജ്ഞാനമാണ് വെളിപ്പെടുത്തുന്നത്. വി. ഗ്രന്ഥത്തിലെ ചില ഭാഗങ്ങളെക്കുറിച്ചുള്ള വിശദമായ വ്യാഖ്യാനങ്ങളും ക്ലെമെന്റ് നൽകുന്നുണ്ട്. ഉദാഹരണമായി "Who is the rich man who will be saved" എന്ന പ്രബന്ധം മർക്കോ10:17-31 നെക്കുറിച്ചുള്ള പഠനമാണ്. സങ്കീർത്തനം 19 (18 LXX) നെക്കുറിച്ചുള്ള വിശദമായ പഠനം Prophetic Eclogues ൽ കാണാം. Stromateis ന്റെ അവസാന നാലുപുസ്തകങ്ങൾ വി. ഗ്രന്ഥഭാഗങ്ങളെക്കുറിച്ചുള്ള വിശദമായ വ്യാഖ്യാനങ്ങളാണ്. Stromateis ന്റെ 5,6 പുസ്തകങ്ങളിൽ പ്രതീകാത്മകമായ വ്യാഖ്യാനങ്ങളാണ് കാണുന്നത്. 5-ാം പുസ്തകത്തിൽ സമാഗമ കൂടാരത്തെയും പ്രധാനപുരോഹിതന്റെ തിരുവസ്ത്രത്തെയും കുറിച്ച് പുറ 26-28 ൽ പറഞ്ഞിരിക്കുന്നവയെക്കുറിച്ചുള്ള പ്രതീകാത്മക വ്യാഖ്യാനമാണ്. 6-ൽ പത്തുകൽപനകളുടെ ആഴമായ അർത്ഥതലങ്ങളെപ്പറ്റിയുള്ള പഠനമാണ് (പുറ 20:1-17). നല്കുന്നത്. പുതിയനിയമ ഭാഗങ്ങളെക്കുറിച്ചുള്ള രൂപകാത്മക വ്യാഖ്യാനമാണ് മറ്റ് രണ്ടദ്ധ്യായങ്ങളിലുള്ളത്. എപ്രകാരമാണ് ഒരാത്മാവ് പൂർണ്ണത പ്രാപിക്കുകയും ദൈവത്തിലേക്കുയരുകയും





ചെയ്യുന്നത് എന്ന് സുവിശേഷ ഭാഗ്യങ്ങളുടെ വിവരണം (Strom 4) വിശദമാക്കുന്നു. വി. ഗ്രന്ഥത്തിലെ ചില പ്രത്യേക ഭാഗങ്ങളെക്കുറിച്ച് വിശദമായി എഴുതുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവെന്ന് ചില പരാമർശങ്ങളിൽ നിന്നും മനസ്സിലാക്കാം.

### 4. വി. ഗ്രന്ഥത്തിന്റെ വ്യത്യസ്ത അർത്ഥങ്ങൾ (Senses)

ക്ലെമെന്റിന്റെ വ്യാഖ്യാനരീതിയിലെ ഒരു സവിശേഷത വി. ഗ്രന്ഥത്തിന്റെ രണ്ടു രീതിയിലുള്ള അർത്ഥങ്ങളാണ്. 1. ലളിതമായ അല്ലെങ്കിൽ ചരിത്രപരമായ അർത്ഥം. 2) വി. ഗ്രന്ഥത്തിന്റെ അൽപം കൂടി ഉയർന്ന രൂപകാത്മകമായ അർത്ഥം. ചരിത്രപരമായ അർത്ഥത്തെ വി. ഗ്രന്ഥത്തിന്റെ ശരീരമായി കാണാമെങ്കിൽ രണ്ടാമത്തേത് അതിന്റെ ആത്മാവാണ്. സ്ട്രോമറ്റെയ്സ് മൂന്നാം പുസ്തകത്തിൽ പത്തുകൽപനകളുടെ ലളിതമായ വ്യക്തമായ അർത്ഥം ക്ലെമെന്റ് നൽകുന്നുണ്ട് (III 12,89). എന്നാൽ ആറാം പുസ്തകത്തിൽ അതിന്റെ രൂപാത്മക വ്യാഖ്യാനവും നൽകുന്നത് (VI 16, 133-148) ഒരുദാഹരണമാണ്.

ക്ലെമെന്റ് പിന്നീടുള്ള വ്യാഖ്യാനങ്ങളിൽ വി. ഗ്രന്ഥത്തിന്റെ നാല് അർത്ഥങ്ങളെ വ്യക്തമാക്കുന്നുണ്ട്. 1) ലളിതം - ചരിത്രപരം (Literal Or Historical) അല്ലഗോറിക്കൽ (രൂപകാത്മകം) എന്താണ് വിശ്വസിക്കേണ്ടത് 3. ധാർമ്മികം (ആലങ്കാരികം) എപ്രകാരമാണ് പ്രവർത്തിക്കേണ്ടത് 4. അനഗോജിക്കൽ (ആത്മീയ/ അതീന്ദ്രിയാർത്ഥം) ഭാവി സൗഭാഗ്യവുമായി ബന്ധപ്പെട്ടത്. Strom 128,179 ൽ ഈ നാലു രീതികളിലുമുള്ള അർത്ഥതലങ്ങളെ ക്ലെമെന്റ് സൂചിപ്പിക്കുന്നുണ്ട്. വി. ഗ്രന്ഥം ജീവിതത്തിന്റെ എല്ലാ മേഖലയേയും ഉൾക്കൊള്ളുന്നതിനാൽ ഒരേ വി. ഗ്രന്ഥഭാഗത്തിന് പല രീതിയിൽ പ്രവർത്തിക്കാനുള്ള ക്രിയാത്മകത ഉണ്ട് എന്ന് ക്ലെമെന്റ് വിശ്വസിക്കുന്നു. മാനുഷിക യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുന്ന തിരുവചനത്തിന്റെ സവിശേഷതയാണത്. ദൈവീക വെളിപാടുകൾ അനുക്രമമായി വളരുന്നതുപോലെ ഒരു വ്യക്തിയുടെ വളർച്ചയുടെ വിവിധതലങ്ങളെയും വി. ഗ്രന്ഥം പരിപോഷിപ്പിക്കുന്നുണ്ട്. ക്ലമെന്റിന്റെ വി. ഗ്രന്ഥപഠനങ്ങളെ വാചികം, രൂപകാത്മകം എന്ന വിശാലമായ രണ്ട് അർത്ഥതലങ്ങളിൽക്കൂടി മനസ്സിലാക്കാവുന്നതാണ്.

ക്ലമെന്റിന്റെ എല്ലാ കൃതികളും വി. ഗ്രന്ഥത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഫീലോയുടെയും മറ്റ് ഗ്രീക്ക് തത്വചിന്തകരുടെയും കൃതികൾ ഉപയോഗപ്പെടുത്തുമ്പോഴും തനതാത്മകമായ രൂപകാത്മകശൈലി വി. ഗ്രന്ഥ വ്യാഖ്യാനത്തിൽ അദ്ദേഹം ഉപയോഗപ്പെടുത്തുന്നു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ നിഗൂഢമായ

അർത്ഥതലങ്ങൾ കണ്ടെത്തുവാൻ വി. ഗ്രന്ഥത്തിന്റെ അനുവാചകരെ ക്ലെമെന്റ് ക്ഷണിക്കുന്നു.

**ഒരിജനും വി. ഗ്രന്ഥവ്യാഖ്യാനവും (d. 254)**

ആദിമസഭയിൽ ഗ്രീക്കുഭാഷയിൽ ദൈവശാസ്ത്ര കൃതികൾ രചിച്ച സഭാപിതാക്കന്മാരിൽ വച്ച് ഏറ്റവും പ്രമുഖനാണ് അലക്സാണ്ട്രിയായിലെ ഒരിജൻ. എവുസേബിയൂസ് തന്റെ സഭാചരിത്രത്തിന്റെ ആറാം പുസ്തകത്തിൽ മുഖ്യമായും വിവരിക്കുന്നത് ഒരിജനെക്കുറിച്ചാണ്. അദ്ദേഹത്തിന്റെ കാലത്താണ് അലക്സാണ്ട്രിയായിലെ ദൈവശാസ്ത്ര വിദ്യാലയം കീർത്തിയുടെ പാരമ്യത്തിൽ എത്തിച്ചേർന്നത്. ക്രൈസ്തവ മാതാപിതാക്കളിൽ നിന്നു ജനിച്ച ഒരിജൻ ചെറുപ്പം മുതലേ വി. ഗ്രന്ഥവും സഭാപാരമ്പര്യങ്ങളും മനസ്സിലാക്കിയിരുന്നു. മാത്രമല്ല ഗ്രീക്കുതത്ത്വചിന്തകളിലും ശാസ്ത്രവിഷയങ്ങളിലും അദ്ദേഹം അവഗാഹം നേടിയിരുന്നു. പതിനെട്ടു വയസ്സുമാത്രമുള്ളപ്പോഴാണ് പ്രസ്തുത വിദ്യാപീഠത്തിന്റെ പ്രധാനാദ്ധ്യാപകനായി അദ്ദേഹം നിയമിക്കപ്പെടുന്നത്. അലക്സാണ്ട്രിയായിലെ അന്നത്തെ മെത്രാനായിരുന്ന ദെമേത്രിയൂസാണ് ഈ ഉത്തരവാദിത്വം അദ്ദേഹത്തെ ഭരമേൽപിച്ചത്. ഇതോടുകൂടി സഭയുടെ നിയന്ത്രണത്തിലുള്ള ഒരു ഔദ്യോഗിക വിദ്യാപീഠമായി ഇത് ഉയർത്തപ്പെട്ടു. ക്രൈസ്തവവിശ്വാസം കൂടുതലായി മനസ്സിലാക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി റോമാ, അറേബ്യ തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ അദ്ദേഹം യാത്ര ചെയ്തിട്ടുണ്ട്. അലക്സാണ്ട്രിയൻ വിദ്യാപീഠത്തിന്റെ നേതൃത്വം വഹിച്ചിരുന്ന കാലത്ത് നെയോപ്ലേറ്റോണിക് തത്ത്വചിന്തകരുടെ പ്രഭാഷണങ്ങൾ അദ്ദേഹം പതിവായി ശ്രവിച്ചിരുന്നു.

ശുശ്രൂഷാ പൗരോഹിത്യമില്ലാത്ത ഒരിജൻ പാലസ്തീനായിലെ മെത്രാന്മാരുടെ സദസിൽ പഠിപ്പിച്ചപ്പോൾ (ഏ.ഡി 216) ദെമേത്രിയൂസ് ഒരിജനെതിരെ ഉയർത്തി. സ്വർഗ്ഗരാജ്യത്തെപ്രതി ഷണ്ഡനാക്കപ്പെടണം (മത്താ 19:12) എന്ന ബൈബിൾ വാക്യം വാച്യാർത്ഥത്തിൽ മാത്രം മനസ്സിലാക്കിയതിനാലാണ് ഒരിജന്റെ ജീവിതത്തിൽ അപ്രകാരമൊരു തെറ്റുസംഭവിച്ചത്. ഇക്കാരണത്താൽ ദെമേത്രിയൂസ് അദ്ദേഹത്തെ പുറത്താക്കുകയും 231 ൽ ഒരു സിനഡു വിളിച്ചുകൂട്ടി അദ്ദേഹത്തിന്റെ പൗരോഹിത്യം അസാധുവാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ദെമേത്രിയൂസിന്റെ മരണശേഷം (232 ഏ.ഡി) അദ്ദേഹം അലക്സാണ്ട്രിയായിലേക്ക് തിരികെ വന്നുവെങ്കിലും അലക്സാണ്ട്രിയായിലെ അന്നത്തെ മെത്രാൻ അദ്ദേഹത്തെ സ്വീകരിക്കുവാൻ തയ്യാറായില്ല. കേസറിയായിൽ തിരിച്ചെത്തിയ ഒരിജൻ





സ്ഥലത്തെ മെത്രാന്റെ സഹായത്തോടുകൂടി ഒരു പുതിയ ദൈവശാസ്ത്ര വിദ്യാലയം അവിടെ ആരംഭിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലെ രണ്ടാമത്തെ ഘട്ടം ഇവിടെയാണ് ആരംഭിക്കുന്നത്. ഇരുപതുവർഷം അദ്ദേഹം കേസറിയായിൽ പഠിപ്പിച്ചു. ഒരിജന്റെ ശിഷ്യന്മാരിൽ പ്രധാനിയാണ് അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസ് (ca. 270). കേസറിയായിലെ വിദ്യാപീഠത്തിൽ അഞ്ചുവർഷം ഒരിജന്റെ കീഴിൽ അദ്ദേഹം ദൈവശാസ്ത്രം പഠിച്ചു. ഒരിജന്റെ ചിന്തകൾ കപ്പദോച്ചിയായിൽ പ്രചരിച്ചത് ഗ്രിഗോറിയോസിലൂടെയാണ്. ഒരിജൻ രൂപപ്പെടുത്തിയ ദൈവശാസ്ത്ര അടിസ്ഥാനം പിൽക്കാലത്ത് കപ്പദോച്ചിയൻ പിതാക്കന്മാരാണ് വളർത്തിയെടുത്തത്.

ബൈബിൾ വിജ്ഞാനീയം, ആദ്ധ്യാത്മിക ശാസ്ത്രം, ദൈവശാസ്ത്രം എന്നിങ്ങനെ മൂന്നുവിഭാഗങ്ങളായി അദ്ദേഹത്തിന്റെ പഠനങ്ങളെ തരംതിരിക്കാം. അദ്ദേഹത്തിന്റെ ദൈവശാസ്ത്രം മുഴുവനും വി. ഗ്രന്ഥത്തിൽ അധിഷ്ഠിതമാണ്. എന്നാൽ ഗ്രീക്കുതത്ത്വചിന്തയുടെ പ്രകടമായ സ്വാധീനം അദ്ദേഹത്തിന്റെ കൃതികളിലുടനീളം കാണുവാൻ കഴിയും. ഗ്രീക്കുതത്ത്വചിന്തയുടെ മകുടമായ പ്ലേറ്റോണിക് തത്ത്വചിന്തയോടാണ് ഒരിജൻ പ്രധാനമായും കടപ്പെട്ടിരിക്കുന്നത്. എന്നാൽ തത്ത്വചിന്തയുടെ അപര്യാപ്തതയെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. ദൈവിക വെളിപാടിനു തത്തുല്യമായോ രക്ഷയ്ക്കുള്ള ഉപാധിയായോ തത്ത്വചിന്തയെ അദ്ദേഹം കണക്കാക്കിയിരുന്നില്ല. ഗ്രീക്കുതത്ത്വചിന്തയെ വേണ്ടവിധം ഉപയോഗപ്പെടുത്തി വിശ്വാസത്തെ വിശദീകരിക്കുവാനാണ് അദ്ദേഹം ഉദ്യമിച്ചത്. ഇതിലൂടെ വിശ്വാസികളുടെ ബൗദ്ധിക തൃഷ്ണയ്ക്ക് അദ്ദേഹം ഉത്തരം നൽകി. വിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെ (Rule of Faith) പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് ഈ ലക്ഷ്യം അദ്ദേഹം സാക്ഷാത്കരിച്ചത്.

**ബൈബിൾ വിജ്ഞാനീയം**

ശാസ്ത്രീയമായ ബൈബിൾ പഠനം വളർത്തിയെടുത്ത പണ്ഡിതനാണ് ഒരിജൻ. പഴയനിയമത്തിന്റെ നിലവിലുള്ള വിവിധ പതിപ്പുകളെ (versions) സമാഹരിച്ച് ആറു സമാന്തരകോളങ്ങളിലായി അദ്ദേഹം അവ തയ്യാറാക്കി. ഗ്രീക്കുഭാഷയിൽ അതിനെ 'ഹെക്സപ്ള' (hexapla = ആറുകോളങ്ങൾ) എന്നാണു വിളിക്കുന്നത്. ബൈബിളിന്റെ വാച്യാർത്ഥം അതിന്റെ തനിമയിൽ മനസ്സിലാക്കാനുള്ള ഒരു ഉദ്യമമായിരുന്നു അത്. ഇപ്രകാരം പഴയനിയമത്തിന്റെ വിമർശനപരമായ ഒരു പതിപ്പ് (a critical text) അദ്ദേഹം തയ്യാറാക്കി. കേസറിയായിലെ ഗ്രന്ഥശേഖരത്തിൽ അതിന്റെ കൈയ്യെഴു

ത്തുപ്രതി വളരെക്കാലം സൂക്ഷിച്ചിരുന്നു. എന്നാൽ അതിന്റെ ചുരുക്കം ചില ഭാഗങ്ങൾ മാത്രമേ ഇന്നു നിലവിലുള്ളൂ.

ആദിമസഭയിലെ പ്രമുഖനായ ഒരു ബൈബിൾ വ്യാഖ്യാതാവു കൂടിയാണ് ഒരിജൻ. ക്രിസ്തീയ അലഗോറിക്കൽ വ്യാഖ്യാനശൈലിയുടെ (Christian allegory) പിതാവായിട്ടാണ് അദ്ദേഹം അറിയപ്പെടുന്നത്. യഹൂദ റബ്ബിമാരുടെ വ്യാഖ്യാനശൈലി അദ്ദേഹം കൃത്യമായി മനസ്സിലാക്കിയിരുന്നു. ഉത്തമഗീതത്തിന് പത്തു പുസ്തകങ്ങളിലായി എഴുതിയ വ്യാഖ്യാനം അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ദർശനം (Mystical Approach) വെളിപ്പെടുത്തുന്ന ഒരു കൃതിയാണ്. ഒരിജൻ രചിച്ച മത്തായിയുടെ സുവിശേഷത്തിന്റെ ഭാഷ്യം, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം, റോമാ ലേഖനത്തിന്റെ ഭാഷ്യം, എന്നിവയുടെ കുറേ ഭാഗങ്ങൾ നമുക്ക് കിട്ടിയിട്ടുണ്ട്.

ബൈബിളിലെ ആദ്ധ്യാത്മിക സന്ദേശം (spiritual meaning) കണ്ടെത്തുകയാണ് അലഗോറിക്കൽ വ്യാഖ്യാനശൈലിയുടെ ലക്ഷ്യം. വാച്യാർത്ഥത്തിനിവിടെ (literal meaning) വലിയ പ്രസക്തിയില്ല. പുരാതന ഗ്രീക്കുകാർ തങ്ങളുടെ സാഹിത്യകൃതികൾ വ്യാഖ്യാനിക്കുന്നതിനായി അവലംബിച്ചിരുന്ന ഒരു ശൈലിയാണിത്. വി. ഗ്രന്ഥ വ്യാഖ്യാനത്തിനായി ഈ ശൈലി ആദ്യമായി ഉപയോഗപ്പെടുത്തിയത് അലക്സാണ്ട്രിയായിലെ യഹൂദ പണ്ഡിതനായിരുന്ന ഫീലോ ആണ്. എന്നാൽ ഒരിജന്റെ അലഗോറിക്കൽ വ്യാഖ്യാനശൈലി പൂർണ്ണമായും മിശിഹാസംഭവത്തിൽ കേന്ദ്രീകൃതമാണ്. പഴയനിയമം മുഴുവനും മിശിഹാസംഭവം ഉൾക്കൊള്ളുന്നുവെന്ന് തന്റെ വ്യാഖ്യാനത്തിലൂടെ അദ്ദേഹം സമർത്ഥിച്ചു. അതുകൊണ്ടാണ് ഒരിജന്റെ വ്യാഖ്യാനത്തെ ക്രിസ്തീയ അലഗോറിക്കൽ ശൈലി എന്നു വിളിക്കുന്നത്. ഇപ്രകാരം പഴയനിയമത്തിൽ നിഗൂഢമായിരിക്കുന്ന സന്ദേശം അദ്ദേഹം വിശദീകരിച്ചു. പഴയനിയമത്തെ മുഴുവനായും നിഷേധിച്ച മാർസിയന്റെയും ജ്ഞാനവാദികളുടെയും വാദമുഖങ്ങളെ ഇതിലൂടെ അദ്ദേഹം ഖണ്ഡിച്ചു. അതായത് ബൈബിളിന്റെ യഥാർത്ഥ അർത്ഥം വാക്കുകൾക്ക് അതീതമാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ബൈബിളിന്റെ ഏറ്റവും ഉന്നതമായ തലമാണ് അതിൽ നിഗൂഢമായിരിക്കുന്ന ആത്മീയ തലം. മനുഷ്യനെപ്പോലെ ബൈബിളിനും ശരീരം, ആത്മാവ്, അരൂപി എന്നിങ്ങനെ മൂന്നുതലങ്ങളുണ്ടെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ബൈബിളിന്റെ വാച്യാർത്ഥത്തെ (Literal sense) ശരീരത്തോടാണ് അദ്ദേഹം താദാത്മ്യപ്പെടുന്നത്. എന്നാൽ മനുഷ്യന്റെ ഈ ലോകജീവിതത്തോട് ബന്ധപ്പെടുത്തിയാണ് ബൈബിളിനെ അദ്ദേഹം വ്യാഖ്യാനിച്ചത്. അതിലൂടെ ബൈബിളിൽ അന്തർലീനമായിരിക്കുന്ന ധാർമ്മിക സന്ദേശത്തെ





(Moral sense) അദ്ദേഹം പുറത്തുകൊണ്ടുവന്നു. രണ്ടാമത്തെ തലത്തെ ഒരിജൻ ബന്ധപ്പെടുത്തുന്നത് മനുഷ്യന്റെ ആത്മാവിനോടാണ്. മൂന്നാമത്തെ തലത്തെ മനുഷ്യനിൽ പ്രവർത്തനനിരതമായ അരൂപിയോടാണ് അദ്ദേഹം ബന്ധപ്പെടുത്തുന്നത്. ഈ അരൂപിയുടെ സാന്നിധ്യമാണ് മനുഷ്യനെ പൂർണ്ണനാക്കുന്നത്. ബൈബിളിലെ അരൂപിയെ, അതായത് ബൈബിളിൽ നിഗൂഢമായിരിക്കുന്ന അർത്ഥത്തെ കണ്ടെത്തുകയാണ് ഒരു വ്യാഖ്യാതാവിന്റെ പ്രധാന ദൗത്യം. അതാണ് അലഗോറിക്കൽ വ്യാഖ്യാനശൈലി എന്നതിലൂടെ ഒരിജൻ അർത്ഥമാക്കുന്നത്. യഥാർത്ഥ അർത്ഥം വാക്കുകൾക്കപ്പുറത്താണ് എന്ന തത്ത്വം തന്നെ പ്ലറ്റോണിക് തത്ത്വചിന്തയുടെ വ്യക്തമായ പ്രതിഫലനമാണ്.

### അലക്സാണ്ട്രിയായിലെ പിൽക്കാല വ്യാഖ്യാതാക്കൾ

### അന്ധനായ ദീദിമൂസ് (ca. 398)

അലക്സാണ്ട്രിയായിലെ വിദ്യാപീഠത്തിന്റെ ചരിത്രത്തിലെ പ്രധാന ദൈവശാസ്ത്രജ്ഞന്മാരിലൊരാളാണ് ദിദീമൂസ്. 313-ൽ അലക്സാണ്ട്രിയയിലാണ് അദ്ദേഹം ജനിച്ചത്. നാലു വയസ്സു മാത്രം പ്രായമുള്ളപ്പോൾ കാഴ്ച നഷ്ടപ്പെട്ടു. അതുകൊണ്ട് അന്ധനായ ദിദീമൂസ് എന്ന പേരിലാണ് ചരിത്രത്തിൽ അദ്ദേഹം അറിയപ്പെടുന്നത്. ആഴമായ ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അതു മനസ്സിലാക്കിയ അത്തനാസ്യോസ് അലക്സാണ്ട്രിയായിലെ വിദ്യാകേന്ദ്രത്തിന്റെ പ്രധാനാദ്ധ്യാപകനായി ദീദിമൂസിനെ നിയമിച്ചു. താപസജീവിതം നയിച്ചിരുന്ന ഒരു അല്മായൻ മാത്രമായിരുന്നു ദീദിമൂസ്. പാശ്ചാത്യ സഭാപിതാക്കന്മാരായ ജെറോമും റൂഫിനോസും അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും നിരവധി ഗ്രന്ഥങ്ങൾക്ക് ദീദിമൂസ് ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്. ഒരിജന്റെ അലഗോറിക്കൽ വ്യാഖ്യാനശൈലി തന്നെയാണ് അദ്ദേഹം പിന്തുടർന്നുപോന്നത്. നിരവധി ദൈവശാസ്ത്ര കൃതികളും രചിച്ചിട്ടുണ്ട്. രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിനുശേഷം അദ്ദേഹത്തിന്റെ കൃതികൾ മിക്കവയും വിസ്മരിക്കപ്പെട്ടു. എന്നാൽ അദ്ദേഹം രചിച്ച 'പരിശുദ്ധാത്മാവ്,' 'ത്രിത്വം,' 'മാനിക്കേയർക്കെതിരെ,' എന്നീ മൂന്നു കൃതികൾ ഇന്നും നിലവിലുണ്ട്.

ബസ്സേലിയോസിനുശേഷം പരിശുദ്ധാത്മാവിനെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്ന ഒരു കൃതി തയ്യാറാക്കിയത് ദീദിമൂസാണ്. ദൈവശാസ്ത്രപരമായി വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രസ്തുത കൃതി. ഉദ്ദേശം 375-ലാണ് അതു വിരചിതമാ

യത്. അതിനെ അടിസ്ഥാനമാക്കിയാണ് പാശ്ചാത്യ സഭാപിതാവായ അംബ്രോസ് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തന്റെ കൃതി തയ്യാറാക്കിയത്. ദമാസൂസ് പാപ്പായുടെ നിർദ്ദേശാനുസരണം ദിദീമൂസിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള കൃതി ജറോം ലത്തീനിലേക്ക് വിവർത്തനം ചെയ്തു. ലത്തീൻ വിവർത്തനത്തിന്റെ പ്രതി മാത്രമാണ് ഇന്നു നമുക്ക് ലഭിച്ചിട്ടുള്ളത്. ഈ വിവർത്തനത്തിലൂടെയാണ് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ദിദീമൂസിന്റെ ദർശനങ്ങൾ പാശ്ചാത്യസഭയിൽ പ്രചരിക്കുവാനിടയായത്. ഒരിജന്റെ ചിന്തകളുടെ പ്രചാരകനായിരുന്ന ദീദിമൂസ് ആ ദൈവശാസ്ത്ര പാരമ്പര്യത്തിന്റെ അവസാന കണ്ണികളിൽ ഒരാളായി നിലകൊള്ളുന്നു.

ഒരിജന്റെ അലഗോറിക്കൽ വ്യാഖ്യാനശൈലി തന്നെയാണ് ദീദിമൂസും പിൻതുടർന്നത്. പഴയ, പുതിയ നിയമങ്ങൾ അവയിൽത്തന്നെ അഭൗമികമായ നിഗൂഢതകൾ/ രഹസ്യങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ അർത്ഥതലങ്ങൾ മനസ്സിലാക്കുവാൻ അലഗോറിക്കൽ വ്യാഖ്യാനത്തിലൂടെയേ സാധിക്കുന്നുവെന്നും അദ്ദേഹം കരുതി. അതിനാൽ അലക്സാണ്ഡ്രിയായിലെ വ്യാഖ്യാതാക്കളെപ്പോലെ തന്നെ വാചികാർത്ഥത്തിന്റെ പോരായ്മകൾ, യഹൂദപേരുകളുടെ ഉത്ഭവം, അക്കങ്ങളുടെ പ്രതീകാത്മകത, ജന്തുക്കൾ, സസ്യങ്ങൾ, ലോഹങ്ങൾ, ശരീരാവയവങ്ങൾ, എന്നിവയുടെ പ്രതീകാത്മകത തുടങ്ങിയവ പ്രധാനപ്പെട്ടതായി അദ്ദേഹം കരുതിയിരുന്നു.

### പൗരസ്ത്യ ഗ്രീസിലെ വ്യാഖ്യാനകൃതികൾ

ക്രൈസ്തവ മതത്തിന്റെ വ്യാപനത്തോടെ സാധാരണക്കാരായ ജനങ്ങൾ ക്രൈസ്തവമതം സ്വീകരിച്ചു. അതോടെ വി. ഗ്രന്ഥത്തിന്റെ ജനസമ്മതിയുള്ള വ്യാഖ്യാനത്തിന്റെയും ബൗദ്ധികമായ വ്യാഖ്യാനത്തിന്റെയും ആവശ്യകത ഉയർന്നുവന്നു. ഒരിജന്റെ വി. ഗ്രന്ഥ വ്യാഖ്യാനത്തിൽ ഹോമിലികളും വ്യാഖ്യാനങ്ങളും ഉണ്ടെന്നു നാം കണ്ടുവല്ലോ. ഇതിൽ ഹോമിലികൾ ജനപ്രിയതരത്തിലും വ്യാഖ്യാനങ്ങൾ ബൗദ്ധികതലത്തിലുമുള്ള ആവശ്യങ്ങൾക്ക് ഒരു പരിധി വരെ സഹായകമായി. മതപരവും ധാർമ്മികവും പ്രബോധനപരവുമായ ഹോമിലികൾ വ്യാഖ്യാനപരമായ (exegetical) വിശദാംശങ്ങളേക്കാൾ മുൻഗണനനേടി. പാഷാണ്ഡതകൾക്കെതിരെ പോരാടുകയും വിശ്വാസസത്യങ്ങൾ വിശദീകരിക്കുകയുമായിരുന്നു ഇക്കാലഘട്ടത്തിലെ പ്രധാന ആവശ്യം. അതോടൊപ്പം തന്നെ ഒരിജന്റെ അമിതമായ അലഗോറിക്കൽ ശൈലി വിമർശനത്തിനിടയായി. അലഗോറിക്കൽ വ്യാഖ്യാനം സ്വയംപ്രേരിത വ്യാഖ്യാനത്തിനിടനൽകാ





മെന്നതിനാൽ വാചികാർത്ഥത്തിലേക്കുള്ള ഒരു ചുവടുവയ്പ്പ് ഇക്കാലഘട്ടത്തിലുണ്ടായി. അത്തരത്തിലുള്ള ഒരു വിമർശനാത്മക വ്യാഖ്യാനരീതിയാണ് അന്തോക്യൻ വ്യാഖ്യാതാക്കളിൽ നിന്നുരുവായത്.

അലഗോറിക്കൽ അല്ലാത്ത വ്യാഖ്യാനരീതികളിലേക്ക് പതിയെ വ്യാഖ്യാതാക്കൾ ശ്രദ്ധപതിപ്പിക്കുവാൻ തുടങ്ങി. ക്രിസ്തു കേന്ദ്രീകൃതമായ വ്യാഖ്യാനങ്ങൾക്കുപരി ഇസ്രായേലിന്റെ മുഴുവൻ ചരിത്രത്തിലൂന്നി നിന്നുകൊണ്ടുള്ള ഒരു വ്യാഖ്യാനശൈലി രൂപപ്പെട്ടു. വി. ഗ്രന്ഥത്തിലെ ചരിത്രവും സംഭവങ്ങളും അവയുടെ സാഹിത്യ വിവരണങ്ങളും കൂടുതൽ പ്രാധാന്യം നേടി. പുതിയ നിയമത്തിലെ വിവരണങ്ങൾക്ക് വാചികാർത്ഥ വാഖ്യാനമാണ് നൽകപ്പെട്ടത്.

### കേസറിയായിലെ എവുസേബിയൂസ് (d 339)

സഭാചരിത്രത്തിന്റെ പിതാവെന്ന അപരനാമത്തിൽ അറിയപ്പെടുന്ന കേസറിയായിലെ മെത്രാനായിരുന്നു എവുസേബിയൂസ്. മതമർദ്ദന കാലത്തെ സഭയുടെ വ്യാഖ്യാനരീതിയെക്കുറിച്ചെഴുതാൻ എവുസേബിയൂസിനായി. പഴയ, പുതിയ രീതികളെ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി അദ്ദേഹം നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ Demonstratio Evangelica (1:5) ൽ സെപ്ത്വജിന്ത് വിവർത്തനത്തിനാണ് താൻ പ്രാധാന്യം നൽകുന്നതെന്ന് അദ്ദേഹം സമർത്ഥിച്ചു. അലഗോറിക്കൽ രീതിയെ പ്രായോഗികമായി അംഗീകരിക്കുമ്പോഴും വാചിക വ്യാഖ്യാനത്തിന് അദ്ദേഹം കൂടുതൽ പ്രാധാന്യം നൽകി. അതിനാൽ വചനങ്ങൾക്ക് (logoi) പ്രതിരൂപങ്ങളേക്കാൾ (topoi) പ്രാധാന്യം അദ്ദേഹം നൽകി. ഇതിനുദാഹരണമാണ് സങ്കീർത്തനങ്ങൾക്ക് അദ്ദേഹമെഴുതിയ വ്യാഖ്യാനം. വിശ്വാസസമർത്ഥനത്തിനായി പഴയനിയമത്തിലുള്ള ക്രൈസ്തവ വേരുകളെ അദ്ദേഹം കണ്ടെത്തി വ്യാഖ്യാനിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ ഒരിജന്റെ വ്യാഖ്യാനത്തിൽ നിന്നുമുള്ള ഒരു വ്യതിരിക്തത വ്യക്തമാക്കുന്നുണ്ട്.

### കപ്പദോച്ചിയായിലെ പിതാക്കന്മാർ

മഹാനായ ബസ്സേലിയോസ്, നസിയാൻസൂസിലെ ഗ്രിഗറിയോസ് നിസ്സായിലെ ഗ്രിഗറിയോസ് എന്നിവരാണ് കപ്പദോച്ചിയൻ പിതാക്കന്മാർ എന്നറിയപ്പെടുന്നത്. ഏഷ്യാമൈനറിലെ ഭൂപ്രദേശമാണ് കപ്പദോച്ചിയ. ഇക്കാലഘട്ടത്തിൽ ആരിയൻ പാഷണ്ഡത സഭയെ ഉലക്കുകയും ഇവരുടെ ശ്രമഫലമായി പാഷണ്ഡത അപ്രത്യക്ഷമാവുകയും ചെയ്തു. ഒരു ദൈവം മൂന്നു ദൈവീക ആളുകൾ എന്ന

വിശ്വാസസത്യം അവർ സമർത്ഥിച്ചു. ബസേലിയൂസിന്റെ വി. ഗ്രന്ഥ വ്യാഖ്യാനം കൂടുതലും ഹോമിലി രീതിയാണ്. ഒരിജന്റെ പഠനങ്ങളെ അവർ പ്രധാനമായി കരുതി. ബസേലിയോസും സുഹൃത്തായ ഗ്രിഗറിയോസും ചേർന്ന് ഒരിജന്റെ പഠനങ്ങളുടെ ഭാഗങ്ങൾ ചേർത്ത് ഫിലോക്കാലിയ എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. പ്രബോധനത്തിനും ശിക്ഷണത്തിനുമായുള്ള വ്യാഖ്യാനത്തിന് കൂടുതൽ സ്വതന്ത്രമായ വ്യാഖ്യാനശൈലിയാണ് ബസേലിയൂസ് തിരഞ്ഞെടുത്തത്. ഗ്രിഗോറിയോസ് ഒരിജനെപ്പോലെ അലഗോറിക്കൽ ശൈലിയാണ് പിന്തുടർന്നത്. കാരണം വി.ഗ്രന്ഥ ഭാഗങ്ങൾ നമ്മുടെ അറിവ് വർദ്ധമാനമാക്കുവാനല്ല മറിച്ച് പുണ്യത്തിൽ വളരുവാനാണ് സഹായിക്കുന്നത്. അവയിൽ അന്തർലീനമായിരിക്കുന്ന അർത്ഥത്തിന് കൂടുതൽ പ്രാധാന്യമുള്ളതിനാൽ അതിനുതകുന്ന വ്യാഖ്യാനശൈലികൾ സ്വീകരിക്കാൻ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. ഉത്തമഗീതത്തിന്റെ വ്യാഖ്യാനത്തിന് അലഗോറിക്കൽ വ്യാഖ്യാനശൈലിയാണ് അദ്ദേഹം ഉപയോഗിച്ചത്. ആത്മാവിന്റെ ലോഗോസിലേക്കുള്ള (വചനത്തിലേക്കുള്ള) ഉയരലായി അദ്ദേഹം ഉത്തമഗീതത്തെ വ്യാഖ്യാനിക്കുന്നു. The Life of Moses എന്ന കൃതിയുടെ ഒന്നാംഭാഗത്ത് മോശയുടെ ജീവിതത്തെ ചരിത്രപരമായി നോക്കിക്കാണുന്നു. അതിനെ *historia* എന്നാണ് അദ്ദേഹം വിളിക്കുന്നത്. രണ്ടാം ഭാഗത്ത് ദൈവത്തിലേക്കുള്ള മനസ്സിന്റെ യാത്രയായി മോശയുടെ ജീവിതത്തെ ചിത്രീകരിക്കുന്നു. അതിനെ *theoria* എന്നും വിളിക്കുന്നു. ചെങ്കടൽ കടക്കുന്നതിനെ ജ്ഞാനസ്നാനത്തിന്റെ പ്രതിരൂപമായും പുറ 15:27 ലെ 12 അരുവികളെയും 12 പനകളെയും പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രതിരൂപമായും വ്യാഖ്യാനിക്കുന്നു. കർത്തൃപ്രാർത്ഥനയെ വ്യാഖ്യാനിച്ചുകൊണ്ട് അഞ്ചു പ്രഭാഷണങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

ഒരിജന്റെ അമിതമായ അലഗോറിക്കൽ വ്യാഖ്യാനരീതിയിൽ നിന്നും മറ്റൊരു വ്യാഖ്യാനരീതിയിലേക്കുള്ള പ്രയാണം ഇക്കാലഘട്ടത്തിൽ സാവധാനം വളർന്നുവരുവാനിടയായി.



# 09

## അന്ത്യോക്യൻ സഭാപിതാക്കന്മാരും വി. ഗ്രന്ഥ വ്യാഖ്യാനവും

സഭാരംഭകാലത്ത് അന്ത്യോക്യയിൽ വളരെ പ്രശസ്തമായ ഒരു ദൈവശാസ്ത്രകലാലയം ഉയർന്നുവന്നു. ഒന്നാം കലാലയത്തിന്റെ സ്ഥാപകൻ സാമോസാട്ടക്കാരൻ ലൂസിയനും (+312) കുറേക്കൂടി പ്രശസ്തമായ രണ്ടാമത്തേതിന്റെ സ്ഥാപകൻ ദിയാദോറുമാണ് അലക്സാണ്ട്രിയൻ വിദ്യാപാഠശാലയോട് കിടപിടക്കത്തക്ക ചിന്താസരണി ആ കലാലയത്തിൽ ഉടലെടുത്തു. ഒരിജനും മറ്റ് അലക്സാണ്ട്രിയൻ ചിന്തകരും വ്യംഗാർത്ഥ ഭാഷ്യത്തിന് (അല്ലഗോറിക്കൽ വ്യാഖ്യാനത്തിന്) മുൻതൂക്കം നൽകുന്ന ദൈവശാസ്ത്രം വളർത്തിയെടുത്തപ്പോൾ അതിലെ കുറവ് നികത്താനുള്ള സംരംഭം എന്ന നിലയിൽ ചരിത്രപരവും വാച്യാർത്ഥപരവും ആയ അശയങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് അവർ ദൈവശാസ്ത്രം വികസിപ്പിച്ചു. അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രത്തിൽ പദമൂന്നി ഒരുതരം റാഷണലിസത്തിന് അവർ മുൻതൂക്കം കൊടുത്തു. അലക്സാണ്ട്രിയ പ്ലേറ്റോയുടെ മിസ്റ്റിസിസത്തിലത്രേ അടിസ്ഥാനമുറപ്പിച്ചത്. ക്രിസ്തുശാസ്ത്രത്തിലും ഈ വൈവിധ്യം ദൃശ്യമായിരുന്നു. അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞർ വേദപുസ്തകത്തിലും ചരി

ത്രത്തിലും അധിഷ്ഠിതമായി ചരിത്രപുരുഷനായ യേശുക്രിസ്തുവിൽ നിന്നാണ് ക്രിസ്തുശാസ്ത്രം പണിതുയർത്തി മുകളിലേക്ക് കയറുന്നത്. അലക്സാണ്ട്രിയൻ ദൈവശാസ്ത്രജ്ഞർ വചനമായ ദൈവത്തിൽ ആരംഭിച്ച് താഴേക്കു വന്ന് ചരിത്രത്തിൽ പ്രവേശിക്കുന്നു. വചനമായ ദൈവത്തിന് അലക്സാണ്ട്രിയക്കാർ പ്രാധാന്യം കൊടുക്കുമ്പോൾ വചനം എപ്രകാരം മനുഷ്യരക്ഷ മനുഷ്യനിലൂടെ നിർവഹിക്കുന്നു എന്ന വസ്തുത അന്ത്യോക്യയിലെ പണ്ഡിതർ പ്രസ്പഷ്ടമാക്കുന്നു. അതായത് യേശുക്രിസ്തുവിന്റെ മാനുഷികവശത്തിന് പ്രാധാന്യം നൽകുന്നു. ദിയദോർ, തിയഡോർ, നെസ്തോറിയസ്, തിയൊഡോറെറ്റ്, ജോൺ ക്രിസോസ്തോം, എന്നിവർ ഈ വിദ്യാപാഠശാലയിലെ പ്രഗത്ഭന്മാരാണ്. സീറോ പലസ്തീനായിലെ എല്ലാ ചിന്തകരും അന്തോക്യൻ ചിന്താസ്വാധീനത്തിൽ വരുന്നില്ല.

അലക്സാണ്ട്രിയായുടേതിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് ആദ്യകാല അന്ത്യോക്യൻ വ്യാഖ്യാനരീതി വളർന്നുവന്നത്. എന്നാൽ പിന്നീട് പല മേഖലകളിലും അന്ത്യോക്യായിലെ വ്യാഖ്യാനരീതികൾ അലക്സാണ്ട്രിയായുടേതിന് സമാനമായ ചിന്താരീതി പുലർത്തിയിരുന്നു. അന്ത്യോക്യയിലെ ശൈലി പ്രധാനമായും ചരിത്രപരവും വാചികവുമായിരുന്നെങ്കിലും അപ്രകാരമല്ലാത്ത കൃതികളും ഇവിടെ ഉത്ഭവമെടുത്തിട്ടുണ്ട്.

### താർസൂസിലെ തിയദോർ (ca 394)

അന്തോക്യൻ സഭയിലെ പ്രഗത്ഭനും ശ്രേഷ്ഠനുമായ ആചാര്യനായിരുന്നു താർസൂസിലെ മെത്രാനായിരുന്ന ദിയദോർ. ആഥൻസിൽവച്ച് വളരെ പ്രശസ്തമാം വിധം ക്ലാസിക്കൽ പഠനം നടത്തിയ അദ്ദേഹം പിന്നീട് അന്തോക്യായിലെ സിൽവാനോസിന്റെയും എമേസിയിലെ എവുസേബിയൂസിന്റെയും കീഴിൽ ദൈവശാസ്ത്രപരിശീലനം നേടി. അന്തോക്യായിലെ രണ്ടാമത്തെ കലാലയം തുടങ്ങിയത് അദ്ദേഹമാണ്.

ആദിമസഭയിലെ അറിയപ്പെടുന്ന ഒരു ബൈബിൾ വ്യാഖ്യാതാവാണ് തിയദോർ. അലഗോറിക്കൽ വ്യാഖ്യാനശൈലിയിൽ നിന്നും വ്യത്യസ്തമായി സ്വന്തമായൊരു ബൈബിൾ വ്യാഖ്യാനശൈലി അദ്ദേഹം വികസിപ്പിച്ചെടുത്തു. അലഗോറിക്കൽ വ്യാഖ്യാനശൈലി ബൈബിളിന്റെ യഥാർത്ഥ അർത്ഥത്തെ നിഷേധിക്കുന്നു എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ബൈബിളിന്റെ സന്ദേശം എഴുതപ്പെട്ട വാക്കുകൾക്ക് അതീതമല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. അതായത് ബൈബിളിലെ വാക്കുകൾ അതിന്റെ സന്ദേശം കൂടി





ഉൾക്കൊള്ളുന്നു. ബൈബിളിന്റെ വാച്യാർത്ഥത്തിന് (Literal Interpretation) ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു വ്യാഖ്യാനശൈലിയാണ് തിയദോർ രൂപപ്പെടുത്തിയത്. ബൈബിളിലെ വാക്കുകൾ സംവഹിക്കുന്ന സന്ദേശത്തെ (Spiritual meaning) സൂചിപ്പിക്കുവാൻ (Theoria) prophecy എന്ന പദമാണ് അദ്ദേഹം ഉപയോഗിച്ചത്. വി. ഗ്രന്ഥം മിശിഹായേയും അവിടുത്തെ സഭയേയും സംബന്ധിച്ച പ്രവചനങ്ങൾ ഉൾക്കൊള്ളുന്നുവെന്നതാണ് ഇതിലൂടെ അർത്ഥമാക്കുന്നത്. ദൈവിക വെളിപാടിന്റെ ചരിത്രപരമായ സ്വഭാവം വ്യക്തമാക്കുന്ന ഒരു വ്യാഖ്യാനശൈലിയാണത്. 118 -ാം (119 LXX) സങ്കീർത്തനത്തിന് അദ്ദേഹം നൽകിയിരിക്കുന്ന വ്യാഖ്യാനത്തിന്റെ ആമുഖത്തിൽ അലഗറിയും തെയോറിയായും തമ്മിലുള്ള വ്യത്യാസം എടുത്തുകാട്ടുന്നുണ്ട്. വി. ഗ്രന്ഥഭാഗങ്ങളുടെ ചരിത്രപശ്ചാത്തലം വിശദമാക്കിയതിനുശേഷം അതിന്റെ ലക്ഷ്യങ്ങളെക്കൂടി (skopos) സൂചിപ്പിക്കുവാൻ അദ്ദേഹം മറക്കുന്നില്ല. തെയോറിയ വാചികാർത്ഥത്തേക്കാൾ ഉയർന്ന ഒരർത്ഥം നൽകുന്നുവെന്ന് തിയദോർ സമർത്ഥിക്കുന്നു.

### മൊപ്സുവെസ്തിയായിലെ തിയഡോർ (ca 428)

അന്ത്യോക്യൻ വിദ്യാപീഠത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രമുഖ ദൈവശാസ്ത്രജ്ഞനാണ് തിയഡോർ. തിയദോറും ജോൺ ക്രിസോസ്തോമും ആജീവനാന്തം ആത്മസുഹൃത്തുക്കളായിരുന്നു. രണ്ടുപേരും ഒരുമിച്ച് ലിബാനിയോസ് എന്ന പണ്ഡിതന്റെ കീഴിൽ സാഹിത്യവും തിയദോറിന്റെ കീഴിൽ ദൈവശാസ്ത്രവും പഠിച്ചു. 392 ൽ അദ്ദേഹം സിലീഷ്യായിലെ മൊപ്സുവെസ്തിയായിലെ മെത്രാനായി നിയമിതനായി. ആഴമായ പാണ്ഡിത്യം, തനിമയാർന്ന ദൈവശാസ്ത്ര ദർശനങ്ങൾ, ബൈബിളിൽ അധിഷ്ഠിതമായ ചിന്തകൾ എന്നിവ തിയഡോറിന്റെ സവിശേഷതകളാണ്.

വി.ഗ്രന്ഥത്തിന്റെ വ്യാഖ്യാതാവായിരുന്ന തിയഡോർ ബൈബിളിലെ മിക്കവാറും പുസ്തകങ്ങൾക്ക് ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്. പൗരസ്ത്യ സുറിയാനി സഭയുടെ (കിഴക്കിന്റെ സഭ) പാരമ്പര്യത്തിൽ വ്യാഖ്യാതാവ് (Interpreter) എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെടുന്നത്. സങ്കീർത്തനഭാഷ്യം, പന്ത്രണ്ടുചെറിയ പ്രവാചകന്മാരുടെ ഭാഷ്യം, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം എന്നിവ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള കൃതികളാണ്.

തന്റെ ഗുരുവായ തിയദോർ രൂപം നൽകിയ വ്യാഖ്യാനശൈലി തന്നെയാണ് വി. ഗ്രന്ഥത്തിന്റെ വലിയ വ്യാഖ്യാതാവായിരുന്ന തിയാഡോർ പിന്തുടർന്നുപോന്നത്. രക്ഷാകര ചരിത്രത്തിൽ പ്രവാചക

ന്മാർക്കുള്ള സ്ഥാനം എന്താണെന്ന് ദിയദോറിനെപ്പോലെ തന്നെ തിയഡോറും സ്പഷ്ടമാക്കുന്നുണ്ട്. വി. ഗ്രന്ഥത്തിൽ നിഗൂഢമായിരിക്കുന്ന പ്രവചനങ്ങളുടെ (Theoria) യഥാർത്ഥ അർത്ഥം കണ്ടെത്തുകയാണ് ഒരു വ്യാഖ്യാതാവിന്റെ കടമയെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത രീതികളിലാണ് ബൈബിളിലെ പ്രവചനങ്ങളെ ദൈവജനം മനസ്സിലാക്കിയിരുന്നത്. വെളിപാടിന്റെ കാലാനുസൃതമായ പുരോഗതിയേയാണ് ഇതു സൂചിപ്പിക്കുന്നത്. തിയഡോറിന്റെ വീക്ഷണത്തിൽ എല്ലാ വ്യാഖ്യാനങ്ങളുടെയും (Theoria) അടിസ്ഥാനമായി നിലകൊള്ളുന്നത് വാച്യാർത്ഥം തന്നെയാണ്. വാച്യാർത്ഥം, ചരിത്രപശ്ചാത്തലം, ചരിത്രപരമായ വ്യാഖ്യാനം, എന്നീ പദങ്ങൾ അദ്ദേഹം തന്റെ വ്യാഖ്യാനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഗ്രീക്കുസാഹിത്യശൈലികളും വി. ഗ്രന്ഥ വ്യാഖ്യാനത്തിനായി തിയഡോർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

രക്ഷാകര ചരിത്രത്തെ അടിസ്ഥാനപ്പെടുത്തിയാണ് തിയഡോർ പരിത്രാണത്തെ മനസ്സിലാക്കുന്നത്. ആത്മാവും ശരീരവുമുള്ള സമ്പൂർണ്ണ മനുഷ്യന്റെ വിമോചനമായിട്ടാണ് അന്ത്യോക്യൻ പിതാക്കന്മാർ പരിത്രാണത്തെ കാണുന്നത്. രക്ഷാകരചരിത്രത്തെ മർത്ത്യതയുടെ യുഗമെന്നും (age of mortality) അമർത്യതയുടെ യുഗമെന്നും അദ്ദേഹം രണ്ടായി വേർതിരിക്കുന്നു. രണ്ടാം ആദമായ മിശിഹായുടെ വരവോടുകൂടിയാണ് അമർത്യതയുടെ യുഗം ഉദയം ചെയ്തത്. ഒന്നാം ആദം (പഴയനിയമ കാലഘട്ടം) മർത്യതയുടെ യുഗത്തേയും രണ്ടാം ആദം (പുതിയനിയമ കാലഘട്ടം) അമർത്യതയുടെ യുഗത്തേയും പ്രതിനിധീകരിക്കുന്നു. ഒന്നാം ആദം രണ്ടാം ആദത്തിന്റെ യുഗത്തേയും പ്രതിനിധീകരിക്കുന്നു. ഒന്നാം ആദത്തെ രണ്ടാം ആദത്തിന്റെ പ്രതീകമായിട്ടാണ് (type) തിയഡോർ അവതരിപ്പിക്കുന്നത്. അതായത് പഴയനിയമം പുതിയനിയമത്തെ ഉൾക്കൊള്ളുകയും പുതിയനിയമം പഴയനിയമത്തെ പൂർത്തീകരിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ എല്ലാ വി. ഗ്രന്ഥ ഭാഷ്യങ്ങളിലും വി. ഗ്രന്ഥ ഭാഗങ്ങളുടെ കൃത്യമായ ചരിത്രപശ്ചാത്തലത്തിൽ നിന്നു വ്യാഖ്യാനിക്കുവാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. ഇത്തരമൊരു സംരംഭം ഇസ്രായേൽ ചരിത്രത്തോടുള്ള ഒരു താൽപര്യം വളർത്തുവാനിടയായി. ചരിത്രപരവും വ്യാകരണസംബന്ധവും സാഹിത്യപരവുമായ വിശദാംശങ്ങളെ പഠിച്ചുകൊണ്ട് വി. ഗ്രന്ഥ ഭാഗങ്ങളുടെ കൃത്യവും വ്യക്തവുമായ വാചിക വ്യാഖ്യാനത്തിനായി തിയഡോർ പരിശ്രമിച്ചു.





### ജോൺ ക്രിസോസ്തോം (d. 407)

അഞ്ചാം നൂറ്റാണ്ടിലെ പ്രമുഖ ഗ്രീക്കുപിതാക്കന്മാരിലൊരാളാണ് കോൺസ്റ്റാന്റിനോപ്പിളിലെ ജോൺ ക്രിസോസ്തോം. അന്ത്യോക്യൻ ദൈവശാസ്ത്ര വിദ്യാപീഠത്തിന്റെ സ്ഥാപകനായ ദിയദോറിന്റെ ശിഷ്യനും പ്രമുഖ അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞനായ തിയഡോറിന്റെ ആത്മസുഹൃത്തുമായിരുന്നു ജോൺ. മൂന്നു സാർവ്വത്രിക പിതാക്കന്മാരുടെ ഗണത്തിലും നാലു പ്രമുഖ പൗരസ്ത്യ പിതാക്കന്മാരുടെ ഗണത്തിലും അദ്ദേഹം ഉൾപ്പെടുന്നു.

പഴയനിയമത്തിലേയും പുതിയനിയമത്തിലേയും വിവിധ ഗ്രന്ഥങ്ങൾക്ക് ജോൺ ഭാഷ്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ബൈബിളിലെ വിവിധ പ്രമേയങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം നടത്തിയിട്ടുള്ള പ്രഭാഷണങ്ങളുടെ സമാഹാരമാണിത്. അന്ത്യോക്യായിലും കോൺസ്റ്റാന്റിനോപ്പിളിലും വച്ചുനടത്തിയിട്ടുള്ളവയാണ് പ്രസ്തുത പ്രഭാഷണങ്ങൾ.

#### വി. ഗ്രന്ഥ വ്യാഖ്യാനം

പഴയനിയമത്തിലെയും പുതിയനിയമത്തിലെയും വിവിധ ഗ്രന്ഥങ്ങൾക്ക് ജോൺ ഭാഷ്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ബൈബിളിലെ വിവിധ പ്രമേയങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം നടത്തിയിട്ടുള്ള പ്രഭാഷണങ്ങളുടെ സമാഹാരമാണിത്. അന്ത്യോക്യായിലും കോൺസ്റ്റാന്റിനോപ്പിളിലും വച്ചുനടത്തിയിട്ടുള്ളവയാണ് പ്രസ്തുത പ്രഭാഷണങ്ങൾ. ദിയദോർ ആരംഭംകുറിച്ച വ്യാഖ്യാനശൈലി (Theoria) തന്നെയാണ് അദ്ദേഹത്തിന്റെ ശിഷ്യനായ ജോണും പിന്തുടർന്നുപോന്നത്. മനുഷ്യന്റെ അനുദിന ജീവിതപ്രശ്നങ്ങളോടു ബന്ധപ്പെടുത്തിയാണ് വി. ഗ്രന്ഥം അദ്ദേഹം വ്യാഖ്യാനിച്ചിരുന്നത്. ആരിയനിസം, അപ്പോളിനാരിസം, മനിക്കേയിസം എന്നീ പാഷണ്ഡതകളെ തന്റെ വ്യാഖ്യാനങ്ങളിലൂടെ അദ്ദേഹം ഖണ്ഡിച്ചു.

ബൈബിളിലെ ദർശനങ്ങൾ, അടയാളങ്ങൾ എന്നിവയെ മനുഷ്യന്റെ തലത്തിലേക്കുള്ള ദൈവത്തിന്റെ ഇറങ്ങി വരവുകളായിട്ടാണ് (Sugkatabasis; Divine Condescensions) ജോൺ വ്യാഖ്യാനിക്കുന്നത്. ഇപ്രകാരമുള്ള ദൈവത്തിന്റെ ഇറങ്ങിവരവുകളുടെ പരമകാഷ്ഠയായിട്ടാണ് മനുഷ്യാവതാരത്തെയും കുർബ്ബാനയിലുള്ള ദൈവസാന്നിധ്യത്തെയും അദ്ദേഹം അവതരിപ്പിക്കുന്നത്. അന്ത്യോക്യൻ വ്യാഖ്യാതാക്കളിൽ കാണുന്ന പൊതുവായ ഒരു വ്യാഖ്യാനശൈലിയാണിത് (Sugkatabasis). ജോണിന്റെ പഴയനിയമ ഭാഷ്യങ്ങളിൽ വച്ച് ഏറ്റവും മികച്ചതായി കണക്കാക്കപ്പെടുന്നത് തെര

ഞ്ഞെടുത്ത 58 സങ്കീർത്തനങ്ങൾക്ക് നൽകുന്ന വ്യാഖ്യാനങ്ങളാണ്. റോമാക്കാർക്കുള്ള ലേഖനത്തെ ആധാരമാക്കിയുള്ള 32 പ്രഭാഷണങ്ങളാണ് അദ്ദേഹത്തിന്റെ ഏറ്റവും സമുന്നതമായ കൃതി. മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കി 90 പ്രഭാഷണങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ആരിയൻ പാഷണ്ഡതയെ ഖണ്ഡിച്ചുകൊണ്ട് പുത്രനായ ദൈവത്തിന്റെ ദൈവത്വം ഇതിലുടനീളം അദ്ദേഹം ഉയർത്തിക്കാട്ടുന്നു. യോഹന്നാന്റെ സുവിശേഷത്തെ അടിസ്ഥാനമാക്കി നടത്തിയിട്ടുള്ള 88 പ്രഭാഷണങ്ങളിൽ പുത്രൻ യഥാർത്ഥ ദൈവമാകുന്നുവെന്ന് അദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നു.

ക്രിസോസ്തോമിന്റെ വ്യാഖ്യാനങ്ങൾ പ്രബോധനപരവും ധാർമ്മികവും അനുശാസനപരവുമാണ്. വി. ഗ്രന്ഥഭാഗങ്ങളുടെ വാചിക വ്യാഖ്യാനത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്.

### സൈറസ്സിലെ തിയഡോറെറ്റ് (d. 466)

അന്ത്യോക്യൻ വിദ്യാപീഠത്തിലെ അവസാനത്തെ പ്രമുഖ ദൈവശാസ്ത്രജ്ഞനും സൈറസ് എന്ന പട്ടണത്തിലെ മെത്രാനുമായിരുന്നു തിയഡോറെറ്റ്. 393 ൽ അന്ത്യോക്യയിലാണ് അദ്ദേഹം ജനിച്ചത്.

മികച്ച ഒരു ബൈബിൾ വ്യാഖ്യാതാവായിരുന്നു തിയഡോറെറ്റ്. അടിസ്ഥാനപരമായി അന്ത്യോക്യൻ വ്യാഖ്യാനശൈലിയാണ് അദ്ദേഹം സ്വീകരിച്ചിരുന്നതെങ്കിലും അലഗോറിക്കൽ വ്യാഖ്യാനശൈലിയും അദ്ദേഹം അംഗീകരിച്ചിരുന്നു. ഉദാഹരണമായി, യാക്കോബിനെ ഇസഹാക്ക് അനുഗ്രഹിക്കുന്നതിനെ (ഉല്പ 27:27) ക്രിസ്തുവിന്റെ മനുഷ്യാവതാരവുമായി അദ്ദേഹം ബന്ധപ്പെടുത്തുന്നു. മോശയുടെ വിജാതീയ ഭാര്യ, സഭയിലേക്ക് മാനസാന്തരപ്പെട്ടുവന്ന വിജാതീയരുടെ പ്രതിരൂപം ആണ് . ഉത്തമഗീതത്തിന് ആത്മീയമായൊരു അർത്ഥമേ അദ്ദേഹം കണ്ടെത്തുന്നുള്ളൂ. തിയഡോറാകട്ടെ ഒരു മതേതര വിജാതീയ അർത്ഥമേ ഉത്തമഗീതത്തിന് നൽകുന്നുള്ളൂ. ഒരിജൻ വാചികവും ആത്മീയവുമായ അർത്ഥം ഇതിനു നൽകുന്നുണ്ട്. അലക്സാണ്ട്രിയായിലെ വ്യാഖ്യാനരീതികളിൽ നിന്നും വ്യത്യസ്തമായ വാച്യാർത്ഥ വ്യാഖ്യാനങ്ങൾക്ക് അന്ത്യോക്യൻ പിതാക്കന്മാർ പ്രാമുഖ്യം നൽകിയിരുന്നെങ്കിലും ചിലപ്പോഴെങ്കിലും ചില പിതാക്കന്മാർ അലഗോറിക്കൽ രീതിയും സ്വീകരിച്ചുവെന്ന് തിയഡോറെറ്റിന്റെ വ്യാഖ്യാനം സാക്ഷിക്കുന്നു.



# 10

## ലത്തീൻ സഭാപിതാക്കന്മാരും ബൈബിൾ വ്യാഖ്യാനവും

ലത്തീൻ ക്രൈസ്തവ ചിന്തകർ പ്രധാനമായും ജസ്റ്റിന്റെയും ഇരണേവൂസിന്റെയും ടൈപ്പോളജിക്കൽ വ്യാഖ്യാനരീതിയാണ് പിന്തുടർന്നത്. യാഥാർത്ഥ്യത്തിന്റെ വിവിധക്രമങ്ങളെക്കുറിച്ചുള്ള വ്യതിരിക്തത ചിന്തകളിൽ അവർ സൂക്ഷിച്ചിരുന്നു. അതിനാൽ അധികാരശ്രേണികളാൽ നയിക്കപ്പെട്ട ഒരു ചിന്താരീതിയാണ് അവരുടെ സവിശേഷത. സുസ്ഥാപിതമായ ആചാരങ്ങളും ക്രമവുമെല്ലാം ഇവിടെ പ്രധാനപ്പെട്ടതാകുന്നു. അതുകൊണ്ട് സഭാവിജ്ഞാനീയം, കൂദാശകൾ എന്നിവയ്ക്കെല്ലാം കൂടുതൽ പ്രാധാന്യം നൽകുന്നു.

### തെർത്തുല്യൻ

ആഫ്രിക്കയിൽ നിന്നുള്ള ഒരു ക്രൈസ്തവ സാഹിത്യകാരനാണ് തെർത്തുല്യൻ. ആഫ്രിക്കൻ വൻകരയുടെ ഏതാണ്ട് വടക്കുപടിഞ്ഞാറ് ഭാഗത്തുണ്ടായിരുന്ന 'ആഫ്രിക്ക പ്രോകോൺസുളാരിസ്' എന്ന റോമൻ പ്രവിശ്യയാണ് ആഫ്രിക്ക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തെർത്തുല്യൻ ജനിച്ചത് ഈ റോമൻ പ്രവിശ്യയിലെ പ്രധാനനഗരമായിരുന്ന കാർത്തേജിലാണ്. തികച്ചും പാശ്ചാത്യമായിരുന്നു ആഫ്രിക്കൻ സഭ. അലക്സാണ്ട്രിയായും കാർത്തേജും

ആഫ്രിക്കൻ വൻകരയിലാണെങ്കിലും ആദ്യത്തേതിനെ പൗരസ്ത്യ സഭകളുടെയും രണ്ടാമത്തേതിനെ പാശ്ചാത്യസഭകളുടെയും ഗണത്തിലാണ് ഉൾപ്പെടുത്തുക. അലക്സാണ്ട്രിയക്കാർ വചനമായ ദൈവം മനുഷ്യന് എന്തുചെയ്തുവെന്ന് ചിന്തിച്ചപ്പോൾ കാർത്തേജിലെ ചിന്തകർ ക്രിസ്തു നേടിത്തന്ന രക്ഷ ഓരോ വ്യക്തിയും എപ്രകാരം സ്വന്തമാക്കണം എന്നതിനെപ്പറ്റി ചിന്തിച്ചു. ക്രിസ്ത്യാനി പാപത്തിൽ നിന്നകലുകയും പുണ്യം അഭ്യസിക്കുകയും വേണം.

ആദിമസഭയിൽ അഗസ്തീനോസു കഴിഞ്ഞാൽ ലത്തീൻ ഭാഷയിലെ പ്രമുഖ എഴുത്തുകാരനാണ് കാർത്തേജിലെ തെർത്തുല്യൻ. ലത്തീൻ ദൈവശാസ്ത്രപദങ്ങൾ മെനഞ്ഞെടുത്ത് അതിനെ ദൈവശാസ്ത്ര ഭാഷയാക്കി രൂപപ്പെടുത്തിയത് അദ്ദേഹമാണ്. അന്നുവരെ ഗ്രീക്കിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ദൈവശാസ്ത്രത്തിന് പുതിയൊരു പാത ഇതോടുകൂടി തുറക്കപ്പെട്ടു.

**തെർത്തുല്യന്റെ വി, ഗ്രന്ഥവ്യാഖ്യാനം**

സാർദീസിലെ മെലിറ്റോയുടെ വ്യാഖ്യാനശൈലി തെർത്തുല്യനെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ആദിമ ക്രൈസ്തവരുടെ പഴയനിയമത്തിൽ നിന്നുള്ള പല ടെസ്റ്റിമോണിയകളും തെർത്തുല്യൻ ഉപയോഗപ്പെടുത്തുന്നുണ്ട്.

തെർത്തുല്യനെ സംബന്ധിച്ചിടത്തോളം വി. ഗ്രന്ഥം ആധികാരികമാണ്. അദ്ദേഹം വി. ഗ്രന്ഥത്തിന് ഭാഷ്യങ്ങൾ എഴുതിയില്ലെങ്കിലും അദ്ദേഹത്തിന്റെ കൃതികളിലെ ഓരോ അദ്ധ്യായത്തിന്റെയും പ്രധാന ഉറവിടം വി. ഗ്രന്ഥമാണ്. വി. ഗ്രന്ഥത്തിലെ എല്ലാ പുസ്തകങ്ങളും പഴയനിയമവും പുതിയനിയമവും അപ്പോക്രിഫൽ പുസ്തകങ്ങളും, ഉത്തരകാനോനിക പുസ്തകങ്ങളും തെർത്തുല്യൻ ഉദ്ദരിക്കുന്നുണ്ട്. 1 ദിനവൃത്താന്തം, എസ്തേർ, 2 മക്കബായർ, 3 യോഹന്നാൻ, റൂത്ത്, ഒബാദിയ എന്നീ പുസ്തകങ്ങൾ മാത്രം നാം തെർത്തുല്യനിൽ കാണുന്നില്ല. ഏനോക്കിന്റെ പുസ്തകം ഹെബ്രായ ബൈബിളിൽ ഉൾപ്പെടുന്നില്ല എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. കാരണം പ്രളയത്തിനു മുമ്പുള്ളതൊന്നും അതിജീവിക്കുകയില്ല എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. നോഹ തന്റെ ഓർമ്മയിൽ നിന്നെഴുതിയതാകയാൽ ഏനോക്ക് വിശ്വസനീയമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു (On the Apparel of Women 1.3.1). അതിനാൽ 'വിഗ്രഹാരാധനയെക്കുറിച്ച്' 4.5: മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ച് 32.1 എന്നീ പുസ്തകങ്ങളിൽ ഏനോക്കിന്റെ പുസ്തകം ഉപയോഗിച്ചിരിക്കുന്നു. ക്രൈസ്തവർ കൂട്ടിച്ചേർത്ത പുസ്തകങ്ങളെല്ലാം അപ്പസ്തോലന്മാരാലും അവരുടെ സഹകാരികളാലും എഴുതപ്പെട്ടതിനാൽ ആധികാരികമാണെന്ന് അദ്ദേഹം പഠിപ്പിച്ചു (On the Prescriptions of Heretics 36.1). അതിനാൽ യോഹന്നാന്റെയും മത്തായിയുടെയും സുവിശേഷങ്ങൾക്ക് മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങളെക്കാൾ പ്രാധാന്യം ഉണ്ട്. ബാർണബാസ് രചിച്ചു എന്നു കരുതുന്ന ഹെബ്രായ ലേഖനം ഉപയോഗിക്കേണ്ടി വന്നപ്പോൾ അതിനെ ന്യായീകരിക്കുവാൻ വേണ്ടി ചില പ്രസ്താവനകൾ നൽകുന്നതായി കാണാം. പൗലോസിന്റെ സഹപ്രവർത്തകനായിരുന്നു ബാർണബാസെന്നും 'ഷെപ്പേർഡ് ഓഫ് ഹെർമാസിനേ'ക്കാൾ പ്രചാരം ഹെബ്രായ ലേഖനത്തിന് ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു (On Modesty 20.2). ഷെപ്പേർഡ് ഓഫ് ഹെർമാസ് സ്വീകരിക്കപ്പെട്ട ഒരു കൃതിയാണെങ്കിലും തെർത്തുല്യൻ അതിനെ അംഗീകരിച്ചില്ല. Acts of Paul എന്ന കൃതിയും തെർത്തുല്യൻ വിലപ്പെട്ടതായി കണ്ടില്ല (On Baptism 17.5).

തെർത്തുല്യന്റെ സമയത്ത് വി. ഗ്രന്ഥത്തിന്റെ ലത്തീൻ വിവർത്തനങ്ങൾ നിലനിന്നിരുന്നുവെന്ന് പല പരാമർശങ്ങളും സാക്ഷിക്കുന്നുണ്ട്. ജെറോമിന്റെ വുൾഗാത്തയ്ക്കുമുമ്പോ അതിനെ ആശ്രയിക്കാതെയോ ഉണ്ടായ ലത്തീൻ ബൈബിൾ പതിപ്പുകൾ (d. 4-13c) രണ്ടുതരത്തിലുള്ള രൂപങ്ങളിൽ നിലനിന്നിരുന്നു. ആഫ്രിക്കൻ പതിപ്പും യൂറോപ്യൻ പതിപ്പും അവയുടെ പുതിയനിയമ വിവർത്തനത്തിനായി ഉപയോഗിച്ചിരിക്കുന്നത് വെസ്റ്റേൺ ടൈപ്പ് മൂലകൃതികളാണ് (Codex Beaze). പഴയനിയമത്തിന് ലൂസിയാന്റെ സെപ്ത്വജിന്ത് വിവർത്തനവും. ആഫ്രിക്കൻ പതിപ്പായിരിക്കണം യൂറോപ്യൻ പതിപ്പിനേക്കാൾ പഴക്കമേറിയത് എന്ന അഭിപ്രായമാണ് പണ്ഡിതർക്കുള്ളത്.

ലത്തീൻ വി. ഗ്രന്ഥത്തിന്റെ പുരാതനമായ സാക്ഷ്യങ്ങൾക്ക് തെർത്തുല്യന്റെ ഉദ്ദരണികളാണ് ആധാരം. തെർത്തുല്യൻ ഗ്രീക്ക് ലത്തീനിയിലേക്ക് വിവർത്തനം ചെയ്യുകയായിരുന്നോ അതോ ലത്തീൻ ബൈബിൾ ഉപയോഗിക്കുകയായിരുന്നോ എന്നത് തർക്കവിഷയമാണ്.

എപ്രകാരമാണ് തെർത്തുല്യൻ വി. ഗ്രന്ഥത്തെ വ്യാഖ്യാനിച്ചത്? വി. ഗ്രന്ഥം സഭയുടേതാണ്, അബദ്ധപഠനക്കാരുടേതെല്ലായെന്നും അതിനാൽ വി. ഗ്രന്ഥ വ്യാഖ്യാനം സഭയുടെ അധികാരമാണെന്നും തെർത്തുല്യൻ വിശ്വസിച്ചിരുന്നു (Pr. Her. 15.3). ഒരു ക്രൈസ്തവൻ അബദ്ധപഠനക്കാരനുമായി വാഗ്വാദത്തിൽ ഏർപ്പെടാതിരിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹം ഉപദേശിച്ചു. കാരണം, ഇരുകൂട്ടരും

തങ്ങളുടെ വാദമാണ് ശരിയെന്നു തെളിയിക്കുവാൻ ശ്രമിക്കുകയും കേൾവിക്കാർ ഏതാണ് യഥാർത്ഥ പഠനമെന്ന് വിവേചിക്കാനാവാതെ വിഷമാവസ്ഥയിലാവുകയും ചെയ്യും. (Pr. Her 17.2-18.3). വി. ഗ്രന്ഥത്തിന്റെ ആധികാരികതയ്ക്ക് നിദാനം വിശ്വാസത്തിന്റെ നിയമം എഴുതപ്പെട്ട വിശ്വാസത്തിനുമുമ്പേ നിലനിൽക്കുന്നുവെന്നതാണ്. അങ്ങനെ വി. ഗ്രന്ഥത്തെക്കാളും പ്രാധാന്യം പാരമ്പര്യത്തിന് തെർത്തുല്യൻ നൽകുന്നു. (Pr. Her 38.6).

വി. ഗ്രന്ഥം അതിൽത്തന്നെ ലളിതമാണെന്നും വി. ഗ്രന്ഥത്തിലെ ഒരു ഭാഗം മറ്റ് അനേകം ഭാഗങ്ങൾ കൊണ്ടാണ് വ്യാഖ്യാനിക്കപ്പെടേണ്ടത് എന്നും അദ്ദേഹം സമർത്ഥിച്ചു. അപ്രകാരം വി. ഗ്രന്ഥത്തിലെ പൊരുത്തക്കേടുകളെ വിശദീകരിക്കാനാവുമെന്നും തെർത്തുല്യൻ അവകാശപ്പെടുന്നു (Against Praxeas, 18.2; 20.2; 20:3).

വ്യത്യസ്തമായ വ്യാഖ്യാനരീതികൾ തെർത്തുല്യൻ ഉപയോഗപ്പെടുത്തിയിരുന്നു. അല്ലഗോറിക്കൽ, ടൈപ്പോളജിക്കൽ, ആത്മീയ വ്യാഖ്യാനത്തിനുള്ള സാധ്യതകൾ എന്നിവ വി. ഗ്രന്ഥ ഭാഗങ്ങളിൽ കണ്ടെത്തിയിരുന്നു (Against Marcion 3.5.3, 3.14. 5,7: 3.24.2 etc., Against the Jews 9:20, On the Soul 35:2, On Modesty 8.11 On the Resurrection of the Flesh 37.4). എന്നാൽ മറ്റുചിലപ്പോൾ വാച്യാർത്ഥ വ്യാഖ്യാനരീതി ഉപയോഗിച്ചു. (On the Resurrection of the Dead 19-20; 26.1; Against Valentinians 1.3; Against Praxeas 13-4; Antidote for the Scorpion's Sting 13.4). ഉപമകൾക്ക് വ്യക്തമായ ഒരർത്ഥമുണ്ടെങ്കിലും ആത്മീയമായ അർത്ഥവുമുണ്ട്. എല്ലായിടത്തും അലഗോറിക്കൽ അർത്ഥം കണ്ടെത്താൻ ശ്രമിക്കരുതെന്നും തെർത്തുല്യൻ ഓർമ്മപ്പെടുത്തുന്നു. യഹൂദർക്കെതിരേ എന്ന കൃതി റബേയ്ക്കായ്ക്ക് ദൈവം നൽകുന്ന വാഗ്ദാനം മുതൽ (ഉല്പ 25:23) രണ്ടുതരം ആടുകളെക്കുറിച്ചുള്ള പരാമർശം (ലേവ്യ 16:5-29) വരെയുള്ള വേദഭാഗങ്ങളെ ടൈപ്പോളജിക്കലായി വ്യാഖ്യാനിക്കുന്നു.

തന്റെ പ്രതിയോഗികളെ തോൽപ്പിക്കുവാനായി ഏതു വ്യാഖ്യാനരീതിയും തെർത്തുല്യൻ സ്വീകരിച്ചിരുന്നു. തെർത്തുല്യന്റെ എല്ലാ കൃതികളും വചന ഉദ്ധരണികളാൽ സമൃദ്ധമാണ്.

### ജെറോം (d 373)

നാലു പ്രമുഖ പാശ്ചാത്യ പിതാക്കന്മാരിൽ ഒരാളാണ് ജെറോം. ലത്തീൻ സാസ്ക്കാരിക ലോകത്തിന്റെ അതിർത്തി പ്രദേശത്തുള്ള സ്ട്രീദോൻ (Croatia) എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത് (ca. 347). പ്രമുഖ സാംസ്ക്കാരിക കേന്ദ്രമായ അകിലേയ്യ എന്ന പട്ടണത്തിനടുത്താണ് ഈ സ്ഥലം. ജെറോമിന്റെ മാതാപിതാക്കൾ ക്രൈസ്തവരായിരുന്നു. ബൈബിൾ വിവർത്തകൻ, വ്യാഖ്യാതാവ്, എന്നീ നിലകളിലാണ് അദ്ദേഹം മുഖ്യമായും സഭാചരിത്രത്തിൽ അറിയപ്പെടുന്നത്. ലത്തീനിലേക്ക് ബൈബിൾ വിവർത്തനം ചെയ്തതോടുകൂടിയാണ് ജെറോം ചരിത്രത്തിൽ അനശ്വരനായിത്തീർന്നത്. 382-ൽ ദമാസൂസ് പാപ്പായുടെ ക്ഷണപ്രകാരം ഒരു സിനഡിൽ പങ്കെടുക്കുവാൻ ജെറോം റോമിലെത്തി. 383-ൽ ലത്തീൻ ഭാഷയിലേക്കു ബൈബിൾ വിവർത്തനം ചെയ്യുവാനുള്ള ഉത്തരവാദിത്വം ദമാസൂസ് പാപ്പാ ജെറോമിനെ ഏൽപിച്ചു. ലത്തീൻ ഭാഷയിൽ ബൈബിളിന്റെ വിവിധ പരിഭാഷകൾ അന്നു നിലവിലുണ്ടായിരുന്നു.

390-ൽ, പഴയനിയമ ഗ്രന്ഥങ്ങളുടെ വിവർത്തനം ജെറോം ആരംഭിച്ചു. പഴയനിയമത്തിന്റെ നിലവിലുള്ള ആറുപതിപ്പുകൾ സമാഹരിച്ച് ഒരിജൻ തയ്യാറാക്കിയ ഗ്രന്ഥം (Hexapla) ഇക്കാര്യത്തിൽ അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 393 മുതൽ ഹീബ്രു ബൈബിളിനെ മാത്രം അടിസ്ഥാനമാക്കിയാണ് വിവർത്തനം നിർവ്വഹിച്ചത്. 405-ൽ ഈ ജോലി പൂർത്തിയാക്കി 13-ാം നൂറ്റാണ്ടുമുതൽ 'വുൾഗാത്ത' (Common language) എന്ന പേരിലാണ് പ്രസ്തുത വിവർത്തനം അറിയപ്പെടുന്നത്. പാശ്ചാത്യസഭയ്ക്ക് ജെറോം നൽകിയ എറ്റവും വലിയ സംഭാവനയാണിത്.

തനതായ ഒരു ബൈബിൾ വ്യാഖ്യാനശൈലിയുടെ ഉടമയായിരുന്നു ജെറോം. പുതിയനിയമ ഗ്രന്ഥങ്ങളേക്കാൾ കൂടുതലായി പഴയനിയമ ഗ്രന്ഥങ്ങൾക്കാണ് അദ്ദേഹം ഭാഷ്യങ്ങൾ രചിച്ചിട്ടുള്ളത്. പ്രവാചകന്മാരുടെ ഗ്രന്ഥങ്ങൾക്കു നൽകിയിരിക്കുന്ന വ്യാഖ്യാനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. മിശിഹാ സംഭവം മുൻകൂട്ടി ദർശിച്ചവരാണ് പ്രവാചകന്മാർ എന്നാണദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. ആരംഭത്തിൽ അലഗോറിക്കൽ വ്യാഖ്യാനശൈലി മാത്രമാണ് അദ്ദേഹം പിൻതുടർന്നുപോന്നത്. ക്രമേണ ചരിത്രപശ്ചാത്തലവും വാച്യാർത്ഥവും കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു വ്യാഖ്യാനശൈലി വികസിപ്പിച്ചെടുത്തു. ബൈബിളിലെ ആത്മീയ സന്ദേശത്തിന്റെ അടിത്തറയായി നിലകൊള്ളുന്നത് ചരിത്രപരമായ അർത്ഥമാണെന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത് (In Zachariam 14,16).

### ബൈബിൾ വിവർത്തകനായ ജെറോം

ഭാഷയോടുള്ള അഭിനിവേശം ജെറോമിൽ രൂഢമൂലമായിരുന്നു. ലാറ്റിൻ, ഗ്രീക്ക്, ഹീബ്രൂ എന്നീ മൂന്നുഭാഷകളിൽ ജെറോമിന്

പ്രാവീണ്യം ഉണ്ടായിരുന്നു. ഒരു യുവാവായിരിക്കുമ്പോൾത്തന്നെ അദ്ദേഹം അറമായിക് ഭാഷയിൽ പ്രാവീണ്യം നേടിയിരുന്നു.

ജെറോമിന്റെ ആദ്യ വിവർത്തന കൃതിയെന്നു പറയാവുന്നത് എവുസേബിയൂസിന്റെ 'ദിനവൃത്താന്തവും' ഒരിജന്റെ എസക്കിയേൽ, ജറമിയാ എന്നിവയുടെ ഹോമിലികളുമാണ്. ദീദിമൂസിന്റെ On the Holy Spirit, പക്കോമിയൂസിന്റെ Rule, മറ്റ് പതിനൊന്ന് എഴുത്തുകൾ, ഹെബ്രായർ അറിയിച്ച ഗ്രീക്കു സുവിശേഷങ്ങൾ എന്നിവയുടെയും വിവർത്തനങ്ങൾ അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്.

ലത്തീനിലേക്കുള്ള വി. ഗ്രന്ഥത്തിന്റെ വിവർത്തനമാണ് ജെറോമിനെ പ്രശസ്തനാക്കുന്നത്. ജെറോമിന്റെ വി. ഗ്രന്ഥമായിട്ടാണ് വുൾഗാത്ത അറിയപ്പെടുന്നത്. പഴയ ലത്തീൻ സുവിശേഷങ്ങൾ വിവർത്തനം ചെയ്യാനാണ് ദമാസൂസ് ജെറോമിനോട് ആവശ്യപ്പെട്ടതെങ്കിലും ജെറോം പിന്നീട് സങ്കീർത്തനങ്ങളുടെയും തുടർന്ന് എല്ലാ പഴയനിയമ പുസ്തകങ്ങളുടെയും വിവർത്തനങ്ങൾ നിർവ്വഹിച്ചു. സെപ്ത്വജിന്തായിരുന്നു അദ്ദേഹം ഉപയോഗിച്ച കൃതി. പക്ഷേ പിന്നീട് സെപ്ത്വജിന്തും തൃപ്തികരമായി തോന്നാത്തതിനാൽ ഹെബ്രായ ബൈബിളിൽ നിന്നുതന്നെ അദ്ദേഹം വിവർത്തനം ചെയ്യാൻ ആരംഭിച്ചു. 20 വർഷത്തോളം നീണ്ട ഒരു പദ്ധതിയായിരുന്നു ഈ വിവർത്തനം.

എവുസേബിയൂസിന്റെ ക്രോണിക്കിളിന് (Chronicle) ജറോം ചെയ്ത വിവർത്തനത്തിന്റെ ആമുഖത്തിൽ വിവർത്തനത്തിന്റെ അടിസ്ഥാനതത്ത്വങ്ങളേയും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെയും കുറിച്ച് വിശദമാക്കുന്നുണ്ട്. വിവർത്തനം ബുദ്ധിമുട്ടുനിറഞ്ഞതും മുഴുവൻ കീഴടക്കാൻ പറ്റാത്തതുമായ ശ്രമകരമായ ജോലിയായി ജെറോം കണക്കാക്കുന്നു. ഭാഷകൾ വ്യത്യസ്തങ്ങളാകയാൽ വാക്കുകളുടെ ക്രമം, പദശൈലികൾ തനതായ പ്രയോഗങ്ങൾ, രൂപകങ്ങൾ എന്നിവയുടെ വിവർത്തനം ബുദ്ധിമുട്ടേറിയതാണ്. അതിനാൽ വിവർത്തകനു മുമ്പിൽ രണ്ടു തിരഞ്ഞെടുപ്പാണ് ഉള്ളത്. 1.വാക്കുവാക്കാന്തരമുള്ള വിവർത്തനം. 2. സ്വതന്ത്രമായ വിവർത്തനം. ഈ ബുദ്ധിമുട്ടുകളെയെല്ലാം കണക്കിലെടുക്കുമ്പോൾ ആശയത്തോടനുബന്ധിച്ച വിവർത്തനമാണ് കൂടുതൽ അഭികാമ്യം എന്നാണ് ജെറോം അഭിപ്രായപ്പെടുന്നത്. ചിലപ്പോൾ യാഥാസ്ഥിതിക മനോഭാവവും മറ്റുചിലപ്പോൾ വാചികമായ വിവർത്തനവും അതിശയോക്തിപരമായ വിവർത്തനവുമെല്ലാം ഇടകലർന്നു നിൽക്കുന്നു.





വിവർത്തനങ്ങളിൽ എഴുത്തുകാരിൽ നിന്നും സംഭവിക്കാവുന്ന തെറ്റുകളെയും കൂട്ടിച്ചേർക്കലുകളെയും നവീകരിക്കലിനെയും വിട്ടുകളയലിനെയും കുറിച്ചെല്ലാം ജെറോം ബോധവാനായിരുന്നു. അതിനാൽ വിവർത്തകർ വി. ഗ്രന്ഥ ഭാഗത്തിന്റെ മൂലകൃതിയോട് അതീവ വിശ്വസ്തത പുലർത്തണമെന്ന് അദ്ദേഹം ഉപദേശിക്കുന്നുണ്ട്. തന്റെ വിവർത്തനങ്ങളിലും കൃതികളിലും പാഠഭേദങ്ങളുടെ (Textual variations) പ്രസക്തിയെപ്പറ്റിയും ജെറോം സൂചിപ്പിക്കുന്നുണ്ട്.

**ഹിപ്പോയിലെ അഗസ്റ്റ്യൻ**

ലത്തീൻ സഭാപാരമ്പര്യത്തിലെ ഏറ്റവും വലിയ സഭാപിതാവാണ് അഗസ്തീനോസ്. തന്റെ ജീവിത കാലത്ത് മാനിക്കേയിസം, ഡോണറ്റിസം, പെലാജിയനിസം, ആരിയനിസം, പേഗനിസം എന്നീ അബദ്ധ പ്രബോധനങ്ങളെ അദ്ദേഹം നേരിട്ടു. തനിക്കുമുമ്പു ജീവിച്ചിരുന്ന ലത്തീൻ ദൈവശാസ്ത്രജ്ഞന്മാരായ തെർത്തുല്യൻ, സിപ്രിയാൻ, തിക്കോണിയൂസ്, ഹിലരി, അംബ്രോസ്, അംബ്രോസിയാസ്റ്റർ, ജെറോം എന്നിവരുടെ ചിന്തകൾ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. 250 -ൽപരം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അഗസ്തീനോസിന്റെ ജീവിതകാലത്ത് ഇന്നസെന്റ് ഒന്നാമൻ പാപ്പായും മരണശേഷം ഒരു വർഷം കഴിഞ്ഞ് അന്നത്തെ പാപ്പാ സെലസ്റ്റീൻ ഒന്നാമനും അദ്ദേഹത്തിന്റെ പഠനങ്ങൾ സത്യപ്രബോധനങ്ങളാണെന്നു പ്രഖ്യാപിച്ചു.

യുവാവായ അഗസ്തീനോസ് സിസറോയുടെ ഹോർത്തെൻസ്യൂസ് വായിക്കുകയും അതിന്റെ മനോഹാരിതയിൽ ആകൃഷ്ടനാകുകയും ചെയ്തു. അതിനുശേഷം വി. ഗ്രന്ഥം വായിച്ച അഗസ്തീനോസിന് സിസറോയുടെ കൃതിയോട് യാതൊരു തരത്തിലും താരത്മ്യം ചെയ്യാനാകാത്ത വിലകുറഞ്ഞ കൃതിയായിട്ടാണ് അനുഭവപ്പെട്ടതെന്ന് ആത്മാനുതാപത്തിൽ (Confession 3.5.9) സൂചിപ്പിക്കുന്നുണ്ട്. മിലാനിലെ മെത്രാനായിരുന്ന അംബ്രോസിന്റെ വി. ഗ്രന്ഥത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ വി. ഗ്രന്ഥത്തിന്റെ സമ്പന്നതയിലേക്ക് അഗസ്തീനോസിനെ നയിച്ചു. ദൈവത്തിന്റെ അനന്തസ്വഭാവവും ബൈബിളിൽ നിഗൂഢമായിരിക്കുന്ന ആദ്ധ്യാത്മിക സന്ദേശവും ഗ്രഹിക്കുവാൻ അംബ്രോസിന്റെ പ്രഭാഷണങ്ങൾ അദ്ദേഹത്തെ സഹായിച്ചു. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ വായിച്ചതോടുകൂടി ഈശോമിശിഹാ ഒരു പ്രബോധകൻ മാത്രമല്ലെന്നും മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷകനാണെന്നുമുള്ള അവബോധം അദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിച്ചു. തന്റെ മാനസാന്തരത്തിനു ശേഷം വിശ്വാസസമർത്ഥനത്തിലും വിശ്വാസോപദേശ തർക്ക

ങ്ങൾക്കും വിശ്വാസസത്യങ്ങൾ പഠിപ്പിക്കുവാനും ഉപദേശിക്കുവാനും അതീന്ദ്രീയമായ വിശ്വാസാനുഭവങ്ങൾ വിവരിക്കുവാനും വി. ഗ്രന്ഥം ധാരാളമായി അദ്ദേഹം ഉപയോഗിച്ചു. ഒത്തിരിയേറെ വി. ഗ്രന്ഥ പഠനങ്ങൾ അഗസ്തീനോസ് എഴുതിയിട്ടുണ്ട്. ക്രൈസ്തവ ജീവിതത്തിൽ എപ്രകാരമാണ് വി. ഗ്രന്ഥം വ്യാഖ്യാനിക്കേണ്ടത് എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് De Doctrina Christiana. മധ്യകാല ക്രൈസ്തവ പണ്ഡിതരെ അഗസ്തീനോസിന്റെ പഠനങ്ങൾ സ്വാധീനിച്ചിട്ടുണ്ട്.

വിശ്വാസത്താൽ സമീപിക്കേണ്ട കൃപയായിട്ടാണ് (Grace) അഗസ്തീനോസ് വി. ഗ്രന്ഥത്തെ കാണുന്നത്. വചനം നാം ഗ്രഹിക്കുകയല്ല മറിച്ച് വചനം നമ്മെ ഗ്രഹിക്കുകയാണ് ചെയ്യുന്നത്. നാം എത്രമാത്രം തുറവിയുള്ളവരായിത്തീരുന്നുവോ അത്രമാത്രം വചനം നമുക്ക് സമീപസ്ഥമാകുകയും നമ്മിൽ പ്രവർത്തനനിരതമാവുകയും ചെയ്യും. ഈ കൃപാദാനത്തിനും പ്രകാശത്തിനും ഒരൊറ്റ ലക്ഷ്യമേയുള്ളൂ ക്രിസ്തുവിൽ പ്രവർത്തനനിരതമായ കൃപയെ മനസ്സിലാക്കുക.

ക്രൈസ്തവ സമൂഹത്തെ വചനസമൂഹമാക്കുന്നത് 'വചനം' തന്നെയാണ്. താപസജീവിതശൈലി വചനബദ്ധമാണ്. അതിന്റെ ജീവിത നിയമവും വചനമാണ്. ഒരു ഹൃദയത്തോടും ഒരാത്മാവോടും കൂടി ദൈവത്തെ അന്വേഷിക്കുന്നവരുടെ സമൂഹമാക്കി അതിനെ രൂപാന്തരപ്പെടുത്തുന്നതും (അപ്പ 4:32) വചനമാണ്. ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നതിന്റെ അർത്ഥം സഭയിൽ ദൈവവചനത്തെ ആഘോഷിക്കുക എന്നതാണ് (Enarrationes in Psalmos). മനിക്കേയൻ പാഷണ്ഡതയുമായുള്ള ഏറ്റുമുട്ടലിൽ തെറ്റായ പഠനങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ അഗസ്തീനോസിനുണ്ടായിരുന്നു. വി. ഗ്രന്ഥത്തിന്റെ സംരക്ഷകനും ഉടമയും, വ്യാഖ്യാതാവും സഭയാണെന്ന് അഗ്സ്റ്റ്യൻ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു. ക്രൈസ്തവ ജീവിതത്തിൽ എങ്ങനെ സഞ്ചരിക്കണമെന്ന വഴികാട്ടിയാണ് വി. ഗ്രന്ഥം എന്നുമാത്രമല്ല ആ യാത്രയിലെ ഇരുട്ടിൽ വഴികാട്ടുന്ന വെളിച്ചവും കൂടിയാണ് വി. ഗ്രന്ഥം എന്നദ്ദേഹം പഠിപ്പിച്ചു.

കാവ്യാത്മകവും ആലങ്കാരികവും രൂപകാത്മകവുമായ വി. ഗ്രന്ഥത്തിന്റെ ഭാഷയെ അഗസ്തീനോസ് ശ്ലാഘിച്ചു. വി. ഗ്രന്ഥം നൽകുന്ന അടയാളങ്ങൾ അവയിൽ അന്തർലീനമായിരിക്കുന്ന അർത്ഥാന്തരങ്ങളെ കണ്ടെത്താൻ സഹായകമാണ്. വി.ഗ്രന്ഥം അതിന്റെ സമ്പൂർണ്ണതയിൽ പല അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. നാലു





തരത്തിലുള്ള അർത്ഥങ്ങളാണ് അഗസ്തീനോസ് കണ്ടെത്തിയത്. ചരിത്രപരം, ഉത്ഭവപരം, സാധർമ്മ്യപരം, രൂപകാത്മകപരം (history, aetiology, analogy, allegory).

അലഗോറിക്കൽ വ്യാഖ്യാനശൈലിയിലൂടെ വി. ഗ്രന്ഥത്തിന്റെ മിസ്റ്റിക്കൽ അർത്ഥതലങ്ങൾ കണ്ടെത്താനാണ് അദ്ദേഹം ശ്രമിച്ചത്. സഭ അംഗീകരിച്ച വിശ്വാസസത്യങ്ങൾക്കും ചരിത്രപരമായ അർത്ഥത്തിനും അദ്ദേഹം ഗൗരവമായ ശ്രദ്ധനൽകി. ക്രൈസ്തവ പഠനങ്ങൾക്ക് വിരുദ്ധമെന്നു തോന്നാവുന്ന വി. ഗ്രന്ഥ ഭാഗങ്ങളെ വ്യാഖ്യാനിക്കുവാൻ അലഗോറിക്കൽ വ്യാഖ്യാനം സഹായകമാണ്. ഉദാഹരണമായി നിന്റെ കുഞ്ഞുങ്ങളെ പിടിച്ച് പാറമേലടിക്കുന്നവർ ഭാഗ്യവാൻ എന്ന സങ്കീർത്തന വചനത്തെ (137:9) അഗസ്റ്റ്യൻ വ്യാഖ്യാനിക്കുന്നതിപ്രകാരമാണ്. മലിനമാക്കപ്പെട്ട ആത്മാവിൽ നിന്നുദിക്കുന്ന കൂദാശകളാണ് കുഞ്ഞുങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ അവ വളർന്ന് ബലം പ്രാപിക്കുന്നതിനു മുമ്പേ അവയെ നശിപ്പിക്കണം. അലഗോറിക്കൽ വ്യാഖ്യാനത്തിന്റെ ഒരുദാഹരണമാണ് പറുദീസായിലെ നാലുനദികൾ. അവ നാലു സുവിശേഷങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഫലവൃക്ഷങ്ങളെ വിശുദ്ധരായും ഫലങ്ങളെ അവരുടെ നേട്ടങ്ങളായും ജീവവൃക്ഷത്തെ അതിവിശുദ്ധസ്ഥലമായും ക്രിസ്തുവായും വ്യാഖ്യാനിക്കുന്നു. നന്മതിന്മകളുടെ മരം മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയിൽ നിന്നുമുള്ള നന്മയോ, തിന്മയോ ആയ തെരഞ്ഞെടുപ്പുകളെ സൂചിപ്പിക്കുന്നു.

അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ പഴയ, പുതിയ നിയമത്തിന്റെ ഒറ്റ ലക്ഷ്യത്തെ അദ്ദേഹം അവതരിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. അതിനാൽ പഴയനിയമത്തിലെ പ്രതീകങ്ങളും അടയാളങ്ങളും പുതിയനിയമത്തിൽ നിറവേറ്റപ്പെടുന്നതായി അദ്ദേഹം കാണുന്നു. പഴയനിയമത്തിലെ സംഭവങ്ങളും ആളുകളുമെല്ലാം നിറവേറ്റപ്പെടാനുള്ള യാഥാർത്ഥ്യങ്ങളായിട്ടാണ് അദ്ദേഹം വ്യാഖ്യാനിക്കുന്നത്. യേശുവിൽ അവയെല്ലാം പൂർത്തീകരിക്കപ്പെടുന്നു. പുതിയനിയമത്തിന്റെ പ്രകാശത്താൽ പഴയനിയമത്തെ നോക്കുമ്പോൾ പ്രതീകങ്ങളുടെ ശക്തി വെളിപ്പെടുന്നു. ഈ പ്രതീകങ്ങൾ പുതിയ ദൈവശാസ്ത്ര ചിന്തകൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. പഴയനിയമസംഭവങ്ങൾക്ക് പുതിയ അർത്ഥതലങ്ങൾ കൈവരുന്നു. അപ്രകാരം പഴയനിയമത്തിലെ അനേകം പ്രതിരൂപങ്ങൾ (types) ദൈവിക വെളിപാടിന്റെ മാദ്ധ്യമങ്ങളാണെന്നു മനസ്സിലാക്കുകയും ചെയ്യാം. മിശിഹാ പ്രവചനങ്ങൾ മാത്രമല്ല മിശിഹായുടെ പ്രതിരൂപങ്ങളും പഴയനിയമത്തിലുണ്ട്. ജോഷ്വാ, സോളമൻ എന്നിവർ ക്രിസ്തുവിന്റെയും ക്രിസ്തുസംഭവത്തിന്റെയും പ്രതിരൂപങ്ങളാണ്.

ആരാധനാക്രമമാണ് വചനത്തെ കണ്ടുമുട്ടുവാനും മനസ്സിലാക്കുവാനുമുള്ള സവിശേഷമായ സ്ഥലം. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ വചനത്തെ ഭക്ഷണമായും വചനവ്യാഖ്യാനത്തെ ഭക്ഷണം വിളമ്പുന്നതിനോടും ഉപമിക്കുന്നുണ്ട്: "ഞാൻ നിങ്ങൾക്കായി വി. ഗ്രന്ഥം വ്യാഖ്യാനിക്കുമ്പോൾ അത് ഞാൻ നിങ്ങൾക്കായി അപ്പം മുറിക്കുന്നതുപോലെയാണ് നിങ്ങളുടെ ഭാഗത്തുനിന്നും വിശപ്പോടെ അതു സ്വീകരിക്കുകയും നിങ്ങളുടെ ഹൃദയത്തിൽ നിന്നും വളരെ വലുതായ സ്തുതി കീർത്തനം ഉയരുകയും ചെയ്യട്ടെ" (Sermons 95.1).

De Doctrina യിൽ വി. ഗ്രന്ഥം ഭൂതകാലത്തിന്റെ ഒരു വിവരണമായും ഭാവിയെക്കുറിച്ചുള്ള പ്രവചനമായും വർത്തമാനകാലത്തിന്റെ വ്യാഖ്യാനമായുമാണ് വിവരിക്കുക. വി. ഗ്രന്ഥം മുഴുവനും അതീവ ശ്രദ്ധയോടെ വായിക്കണം. ഓരോ പ്രഭാഷണത്തിനും മുമ്പ് അദ്ദേഹം തന്നെതന്നെ ഒരുക്കിയിരുന്നു. താൻ ഭുജിച്ചാലോ ഭക്ഷിക്കാൻ കൊടുക്കാൻ തനിക്കാകുകയുള്ളൂ എന്നും താൻ ഭക്ഷണം കൊണ്ടുവരുന്ന ദാസൻ മാത്രമാണെന്നുമാണ് തന്റെ വ്യാഖ്യാനത്തെപ്പറ്റി അഗസ്തീനോസ് അഭിപ്രായപ്പെടുന്നത്. അങ്ങിനെ വി. ഗ്രന്ഥ വ്യാഖ്യാനം വഴി അനേകരെ സ്വാധീനിക്കുകയും വി. ഗ്രന്ഥ വ്യാഖ്യാനത്തിനായി തനതായ ഒരു പാത തുറക്കുകയുമാണ് അദ്ദേഹം ചെയ്തത്.

### അഗസ്തീനോസിന്റെ വ്യാഖ്യാനരീതികൾ

സെമിയോട്ടിക് തത്വങ്ങളാണ് (സംജ്ഞാശാസ്ത്രം) തന്റെ വ്യാഖ്യാനത്തിനായി അഗസ്തീനോസ് കൈകൊണ്ടത്. അടയാളങ്ങളേയും അവയുടെ സൂചിതാർത്ഥത്തേയും ശാസ്ത്രീയമായി പഠിക്കുന്ന വിജ്ഞാന ശാഖയാണ് സംജ്ഞാശാസ്ത്രം. അദ്ദേഹത്തിന്റെ മൂന്നുകൃതികളെ ആധാരമാക്കി ഇതു നമുക്ക് മനസ്സിലാക്കാം.

### 1. De Dialectica (ഡയലെക്റ്റിക)

സംവാദങ്ങളുടെ കാര്യകാരണമായ പ്രത്യേകതകളെക്കുറിച്ച് De Dialectica യിൽ അഗസ്തീനോസ് അന്വേഷിക്കുന്നു. സ്റ്റോയിക് ചിന്തകരുടെ അർത്ഥവിജ്ഞാന ശാസ്ത്രത്തിൽ ആകൃഷ്ടനായ അദ്ദേഹം എങ്ങിനെയാണ് ഭൗതീകമായ ലോകത്തുനിന്നും ബൗദ്ധികമായ മേഖലയിലേക്കുയരാൻ സാധിക്കുക എന്നതാണിവിടെ കൈകാര്യം ചെയ്തത്. വാക്കുകൾ അടയാളങ്ങളാണ്. അതിനാൽത്തന്നെ വാക്കുകൾ വിഷയങ്ങൾക്കപ്പുറത്തേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഈ സത്യം വി. ഗ്രന്ഥവ്യാഖ്യാനത്തെ യഥാർത്ഥത്തിൽ സ്വാധീനിക്കുകയും നയിക്കുകയും ചെയ്യുന്നു.





അപ്രകാരമൊരു സംജ്ഞാശാസ്ത്രരീതി അഗസ്തീനോസ് മുൻപോട്ട് വച്ചു. ഈ രീതി നാലു ഘടകങ്ങളായാണ് ഉൾക്കൊള്ളുന്നത്. ചരിത്രം, അലഗറി, സാദൃശ്യം, ഉത്ഭവം എന്നിവയാണ് അവ. വാക്കുകൾ അടയാളങ്ങളാകുമ്പോൾ അടയാളങ്ങൾക്കല്ല പ്രസക്തി മറിച്ച് അടയാളങ്ങൾ സൂചിപ്പിക്കുന്ന കാര്യങ്ങൾക്കാണ്. ഒരടയാളം മനസ്സിനു നൽകുന്നത് ആ അടയാളം മാത്രമല്ല അടയാളങ്ങൾക്കപ്പുറത്തുള്ള യാഥാർത്ഥ്യങ്ങളാണ്. വാക്കുകൾ അടയാളങ്ങളാണ് എന്നുപറയുമ്പോൾ അതിൽ നാലുകാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1) വാക്കുകൾ 2) മനസ്സിലാകുന്ന അർത്ഥം ഇത് മനസ്സിൽ നേരത്തേ തന്നെ ഉണ്ട് എന്ന അഭിപ്രായമാണ് അഗസ്തീനോസിനുള്ളത്. 3) പറയപ്പെട്ട വാക്ക് 4) പറയപ്പെട്ട വാക്ക് സൂചിപ്പിക്കുന്ന അർത്ഥം (Verbum, Dicible, Diction res). വ്യാഖ്യാതാവിന്റെ ജോലി പറയപ്പെട്ട വാക്കുകളുടെ സൂചിതാർത്ഥത്തെ വെളിപ്പെടുത്തുകയാണ്.

### 2. De Magistro (ദെ മജിസ്ത്രോ)

മകൻ അദെയോദാത്തൂസുമായുള്ള സംഭാഷണമാണ് De Magistro യുടെ ഉള്ളടക്കം (b. Vita 1.6; Conf 9.6. 14). വാക്കുകൾ അടയാളങ്ങളാണ് എന്ന തിരിച്ചറിവ് അറിവുനേടുന്നതിൽ ഒരാൾക്ക് എങ്ങനെ സഹായകമാകുന്നു എന്നതാണ് ഇവിടെ വിവരിക്കുക. വ്യക്തമായി കൂട്ടിച്ചേർക്കപ്പെട്ട സൂചിതാർത്ഥം പേറുന്ന ശബ്ദങ്ങളാൽ ഉച്ചരിക്കപ്പെടുന്ന ശബ്ദമാണ് വാക്ക് എന്ന് അഗസ്തീനോസ് നിർവചിച്ചു ("A word is that which is uttered by means of an articulated sound accompanied by some significance"). വാക്കും ചിന്തയും സൂചിതമായ കാര്യവും കൂടിച്ചേരുന്നവയാണ് വാക്കുകൾ. വാക്കുകൾ അതിൽത്തന്നെ അറിവു നൽകുന്നില്ല എന്നാൽ വാക്കുകൾ കാര്യങ്ങളെപ്പറ്റി അറിവു നേടാനുള്ള പ്രേരണ നല്കുന്നു. അടയാളങ്ങളിലൂടെയല്ലാതെ ഒന്നും പഠിപ്പിക്കപ്പെടുന്നില്ല അവയിലൂടെയല്ലാതെ ഒന്നും പഠിക്കുന്നുമില്ല (Mag 3.6.60). യഥാർത്ഥ അറിവ് ലഭിക്കുന്നത് മനസ്സിന്റെ കാണലിൽ കൂടിയാണ്. ഈ കാണൽ ക്രിസ്തു നൽകുന്ന ആന്തരിക ഉദ്ബോധനമാണ്. ക്രിസ്തുവാകുന്ന പ്രകാശം ബൗദ്ധികമായി സത്യമറിയുവാൻ മനക്കണ്ണുകളെ പ്രകാശിപ്പിക്കുന്നു. ലൂക്ക 24:45 ൽ പറയുന്നതുപോലെ വചനം ഗ്രഹിക്കുവാൻ അവൻ അവരുടെ മനസ്സുകളെ തുറന്നു. അതിനാൽ ദൈവമാണ് യഥാർത്ഥ ജ്ഞാനം നൽകുന്നത്.

### 3) De Doctrina Christiana (ദെ ദൊക്ത്രീന ക്രിസ്ത്യാന)

വാക്കുകൾ അടയാളങ്ങളാണ് എന്ന ആശയം വി. ഗ്രന്ഥ വ്യാഖ്യാന രംഗത്ത് ആദ്യമായി കൊണ്ടുവരുന്നത് അഗസ്തീനോസാണ്.

De Doctrina Christiana യിൽ വി. ഗ്രന്ഥത്തിൽ മറയപ്പെട്ടിരിക്കുന്ന അർത്ഥങ്ങൾ കണ്ടെത്തുവാൻ ചില വ്യാഖ്യാന നിയമങ്ങളുണ്ട് എന്ന ദ്ദേഹം സമർത്ഥിക്കുന്നു. ഭൗതീകവും അനിത്വവുമായവയിൽ നിന്നും നിത്യവും ആത്മീയവുമായതെന്തെന്നു തിരിച്ചറിയാൻ അടയാളങ്ങ ളായ വാക്കുകൾ സഹായിക്കുന്നു. വി. ഗ്രന്ഥം മുഴുവനും ഉൾക്കൊ ള്ളുക രണ്ടു നിയമങ്ങളാണ് അഥവാ രണ്ടു സ്നേഹമാണ്: ദൈവ സ്നേഹവും പരസ്നേഹവും (1.26.27). അങ്ങനെയെങ്കിൽ ഏതു വ്യാഖ്യാനവും ഈ രണ്ടു സ്നേഹത്തിലധിഷ്ഠിതമായിരിക്കണം. ഈ രണ്ടു സ്നേഹത്തെ വളർത്തുന്നതാകണം.

വി. ഗ്രന്ഥത്തിൽ പലതരത്തിലുള്ള വാക്കുകളും അടയാളങ്ങ ളുമുണ്ട്. നൽകപ്പെട്ട അടയാളങ്ങൾ എഴുത്തുകാരന്റെ ഉദ്ദേശങ്ങളെ വ്യക്തമാക്കുന്നുണ്ട്. വി. ഗ്രന്ഥം രണ്ട് എഴുത്തുകാരുടെ സൃഷ്ടി യാണ്. വെളിപാടിന്റെ സംഭവങ്ങളെ ആധാരമാക്കി തങ്ങളുടെ കഴി വുപയോഗിച്ച് മാനുഷിക എഴുത്തുകാരാണ് വി. ഗ്രന്ഥം എഴുതിയ തെങ്കിലും വി. ഗ്രന്ഥത്തിന്റെ വാക്കുകൾക്ക് മാനുഷിക എഴുത്തു കാർ ഉദ്ദേശിച്ചതിലുമധികം അർത്ഥതലങ്ങളുണ്ട്. ദൈവത്തിന്റെ പരി ശുദ്ധാത്മാവാണ് ഈ അർത്ഥങ്ങൾ അവയിൽ നിക്ഷേപിച്ചിട്ടുള്ളത്.

പുരാതന ഭാഷകൾ പഠിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അഗ സ്തീനോസ് 2.10.15 ൽ വിവരിക്കുന്നുണ്ട്. വി. ഗ്രന്ഥത്തിൽ അറിയ പ്പെടാത്തതും വ്യക്തതയില്ലാത്തതുമായ അടയാളങ്ങളുമുണ്ട്. അറി യപ്പെടാത്ത വാചിക അടയാളങ്ങളെ മനസ്സിലാക്കണമെങ്കിൽ ഭാഷയും ആ ഭാഷയുടെ പ്രത്യേകതകളും പഠിച്ചറിയണം. കൃത്യത യില്ലാത്ത അടയാളങ്ങൾ കൃത്യതയുള്ള മറ്റു വി. ഗ്രന്ഥ ഭാഗങ്ങ ളാൽ മനസ്സിലാക്കപ്പെടണം. കാരണം വി. ഗ്രന്ഥം അതിൽത്തന്നെ ഏകതാനമാണ്. വാചികമായി വ്യാഖ്യാനിക്കേണ്ട ഒരുഭാഗത്തെ പ്രതീകാത്മകമായി വ്യാഖ്യാനിക്കരുതെന്ന് അഗസ്തീനോസ് ഓർമ്മ പ്പെടുത്തുന്നുണ്ട്. പ്രതീകാത്മകം എന്നതുകൊണ്ട് അഗസ്തീനോസ് ഉദ്ദേശിക്കുന്നത് സ്നേഹത്തിന്റെ രണ്ടുനിയമങ്ങൾക്കും - ദൈവ ത്തിനും അയൽക്കാരനും - ഉചിതമായ പരിഗണന നൽകാത്തതു മായ എല്ലാ വചനഭാഗങ്ങളെയുമാണ്.

വാച്യവും പ്രതീകാത്മകവുമായ അടയാളങ്ങളിലൂടെ ഗോചരവും അഗോചരവുമായ യാഥാർത്ഥ്യങ്ങൾ തമ്മിലുള്ള വ്യത്യസ്തത മന സ്സിലാക്കാം. പ്ലേറ്റോയുടെ രണ്ടുതരം യാഥാർത്ഥ്യങ്ങളെക്കുറിച്ചു ള്ള പ്രത്യക്ഷവും ഗ്രഹിക്കാവുന്നതുമായ ആശയത്തെ അടിസ്ഥാ നമാക്കിയുള്ള വേർതിരിവാണത്. ദൈവികമായ, ആത്യന്തികമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വ്യാഖ്യാനങ്ങൾ വി. ഗ്രന്ഥത്തിന് നൽകുക എന്നത് വ്യാഖ്യാതാവിന്റെ കടമയാണ്.





മറ്റൊരു വ്യത്യാസം അഗസ്തീനോസ് നൽകുന്നത് ഭൗതീകമായ വായനയും വാച്യാർത്ഥ വായനയുമാണ്. വാച്യാർത്ഥ വായനയിൽ നിന്നും ആത്മീയമായ ഒരുഫലവും കിട്ടാതെ ഒരാൾ നടത്തുന്ന വായനയാണ്. ഭൗതീകമായ (carnal) അഥവാ ജഢമായ വായന. ഉ ദാഹരണമായി വാച്യാർത്ഥ വായനയിൽ ലഭിക്കുന്ന അർത്ഥങ്ങൾ യുക്തിരഹിതമായി തോന്നുമ്പോൾ വ്യാഖ്യാതാവ് ആഴമേറിയ ആന്ത രീക അർത്ഥങ്ങൾക്കായി തേടണം എന്ന് അഗസ്തീനോസ് പഠി പ്പിക്കുന്നു. യുക്തിരഹിതമാനദണ്ഡം (absurdity criterion) എന്നാണ് ഈ വായനയെ അദ്ദേഹം വിളിക്കുന്നത്. അടിസ്ഥാനപരമായി വി. ഗ്രന്ഥ വ്യാഖ്യാനത്തിന് വ്യാഖ്യാതാക്കൾ ദൈവത്തിന്റെ സുഹൃ ത്തായിരിക്കുകയും ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും വിശു ദ്ധിയും സമഗ്രതയും കാത്തുസൂക്ഷിക്കുന്നവരായിരിക്കുകയും വേണം. അതുതന്നെയാണ് ആത്യന്തികമായി വചനവ്യാഖ്യാന ത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും.

പഴയനിയമത്തിലെയും പുതിയനിയമത്തിലെയും നിരവധി ഗ്ര ന്ഥങ്ങൾക്ക് അഗസ്തീനോസ് ഭാഷ്യങ്ങൾ രചിച്ചിട്ടുണ്ട്. ബൈബി ളിൽ നിഗൂഢമായിരിക്കുന്ന അർത്ഥം കണ്ടെത്തുവാനുള്ള ഒരു ഉദ്യ മമായിരുന്നു അത്. അതിലൂടെ മാനിക്കേയരുടെ വാച്യാർത്ഥപര മായ വാഖ്യാനങ്ങളെ അദ്ദേഹം ഖണ്ഡിച്ചു. മാനിക്കേയിസത്തി നെതിരായി പല താത്ത്വികകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. ദൈവം സ്രഷ്ടാവാണെന്നും മിശിഹാ രക്ഷകനാണെന്നുമുള്ള വസ്തുത തന്റെ വ്യാഖ്യാനങ്ങളിലൂടെ അദ്ദേഹം സമർത്ഥിക്കുന്നു. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധവും ആത്മീയ, ഭൗതീകലോകവും തമ്മിലുള്ള വ്യത്യാസവും മാനിക്കേയർക്കെതി രായി തന്റെ ഭാഷ്യങ്ങളിൽ എടുത്തുകാട്ടുന്നുണ്ട്. പഴയനിയമത്തിൽ നിഗൂഢമായിരിക്കുന്ന മിശിഹായേയും പുതിയനിയമത്തിൽ നിഗൂ ഢമായിരിക്കുന്ന സഭയേയും കണ്ടെത്തുവാൻ അദ്ദേഹം പരിശ്രമി ച്ചു. ബൈബിളിലെ സന്ദേശം സ്നേഹമാകയാൽ അതിനെ അടി സ്ഥാനപ്രമാണമാക്കി വേണം വി.ഗ്രന്ഥം വ്യാഖ്യാനിക്കുവാൻ. സ്നേഹത്തിന്റെ പ്രമാണം സ്വായത്തമാക്കികഴിയുമ്പോൾ വി. ഗ്രന്ഥ ത്തിലെ ദുർഗ്രഹങ്ങളായ വാക്യങ്ങൾപോലും നമുക്ക് സുഗ്രാഹ്യ ങ്ങളായിത്തീരുന്നുവെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

**ഉപസംഹാരം**

സഭാപിതാക്കന്മാർ വി.ഗ്രന്ഥത്തിനു നൽകിയിരുന്ന ഗുണപര മായ വ്യതിരിക്തത ആധുനിക വിമർശകർക്ക് ഒരു വെല്ലുവിളിയാ ണ്. വ്യാഖ്യാനം വ്യാഖ്യാതാവിന്റെ പ്രകൃതത്തിനും മനോഭാവ ത്തിനും അനുസരിച്ചായിരിക്കണമെന്ന് ആധുനിക വിമർശകർ

ചിന്തിക്കുമ്പോൾ സഭാപിതാക്കന്മാർക്ക് വ്യാഖ്യാനം വി. ഗ്രന്ഥത്തിന്റെ നിക്ഷ്പക്ഷമായ ദൈവീക സ്വഭാവത്തിനും ശക്തിക്കും അനുസരിച്ചാണ്. അലക്സാണ്ട്രിയായിലെ വിജാതീയ പണ്ഡിതർക്ക് ഹോമറിന്റെ ക്ലാസിക്കുകൾ എന്നതുപോലെയല്ല, സഭാപിതാക്കന്മാർക്ക് വി. ഗ്രന്ഥം നിത്യവും, എപ്പോഴും സന്നിഹിതവുമായ ജീവിക്കുന്ന ദൈവത്തിന്റെ വെളിപാടുകളാണ്. ആധുനിക വ്യാഖ്യാതാക്കൾ അത്തരത്തിലൊരു മുൻവിധിയെ മാറ്റിനിർത്തും. കാരണം വി. ഗ്രന്ഥഭാഗങ്ങളുടെ ദൈവീകമായ സ്വഭാവത്തെ അവർ പരിഗണനയിലെടുത്തു എന്നുവരില്ല. എങ്കിലും സഭാപിതാക്കന്മാരുടെ വ്യാഖ്യാനത്തിന്റെ ഉൾകാമ്പ് മനസ്സിലാക്കണമെങ്കിൽ അവർ ഏതൊരു വിശ്വാസത്തിൽ നിലയുറപ്പിച്ചുകൊണ്ടാണ് വ്യാഖ്യാനം നടത്തിയത് എന്നു മനസ്സിലാക്കുക പ്രധാനപ്പെട്ടതാണ്.

## ആധാരഗ്രന്ഥങ്ങൾ

Chediyath, George. *The Fathers of the Church*. Vol I & II . Kottayam: OIRSI.

Froehlich, Karlfried. *Biblical Interpretation in the Early Church*. Sources of Early Christian Thought. Philedelphia : Fortress Press, 1984.

Kannengiesser, Charles. *Handbook of Patristic Exegesis*. The Bible in Ancient Christianity. Vol I. Leiden- Boston : Brill, 2006.

Kollamparabil Thomas. *Patristic Biblical Interpretations*. Study Materials. Bangalore: DVK.

Kuzhuppil, Thomas. *The Fathers of the Church*. Kunnoth : Good Shepherd Books, 2016.

Young, Frances. *Biblical Exegesis and the Formation of Christian Culture.* Cambridge : Cambridge University Press, 1997.